2020 ഓഗസ്റ്റ്
14
വെള്ളി
1195 കർക്കിടകം 30

മെട്രൊ വാർത്ത

www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ   14 പേജ് ₹ 7.00   KOZHIKODE

നികുതി നടപടികളിൽ പരിഷ്കാരം, 'മുഖമില്ലാത്ത' അസസ്മെന്റ്

പുതിയ പ്ലാറ്റ്ഫോം പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു

ന്യൂഡൽഹി: പ്രത്യക്ഷ നികുതി നടപടികളിൽ സമൂലമായ പരിഷ്കാരത്തിനു വഴിതുറക്കുന്ന പുതിയ പ്ലാറ്റ്ഫോം രാജ്യത്തിനു സമർപ്പിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. 'മുഖമില്ലാത്ത' നികുതി അസസ്മെന്റും അപ്പീലുകളും, സത്യസന്ധർക്ക് ആദരം, നികുതിദായകരുടെ ചാർട്ടർ എന്നിവയാണു സവിശേഷതകൾ. ഉദ്യോഗസ്ഥ ഇടപെടലുകൾ നിയന്ത്രിച്ച് അഴിമതി തടയുന്നതിനു പ്ലാറ്റ്ഫോം ഉപകരിക്കുമെന്ന് ഇതിന്റെ ഉദ്ഘാടനം വിഡിയോ കോൺഫറൻസിലൂടെ നിർവഹിച്ചുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. സ്വതന്ത്രവും സത്യസന്ധവും സുതാര്യവുമായ നികുതി സമ്പ്രദായമാണു നിലവിൽ വരുന്നതെന്നും അദ്ദേഹം.

സത്യസന്ധമായി നികുതി നൽകുന്നവരെ സഹായിക്കുകയാണു ലക്ഷ്യം. അത്തരം കേസുകളിൽ ഉദ്യോഗസ്ഥ ഇടപെടൽ ഉണ്ടാവില്ല. ഇ- അസസ്മെന്റ് ഉദ്യോഗസ്ഥരുമായി നേരിട്ട് ഇടപെടുന്നത് ഒഴിവാക്കും. പൂർണമായും കംപ്യൂട്ടർ അധിഷ്ഠിത സംവിധാനമാകുമ്പോൾ സമയലാഭവും ഉദ്യോഗസ്ഥ തലത്തിലെ അഴിമതിയും ഒഴിവാകുകയാണ്. പുതിയ ചാർട്ടറും 'ഫേസ് ലെസ്' അസസ്മെന്റും ഇന്നലെത്തന്നെ നിലവിൽ വന്നു. ഏതെങ്കിലും ഓഫിസിൽ പോകുകയോ ഉദ്യോഗസ്ഥരെ കാണുകയോ വേണ്ട എന്നതാണ് 'ഫേസ് ലെസ്' എന്നതു കൊണ്ട് ഉദ്ദേശിക്കുന്നത്. 'ഫേസ് ലെസ്' അപ്പീൽ സംവിധാനം സെപ്റ്റംബർ 25ന് നിലവിൽ വരും.

ഓഫിസിൽ പോകേണ്ട, ഓഫിസറെ കാണേണ്ട

നികുതിദായകർ ഉൾപ്പെടുന്ന പരിധിയിലെ നികുതി ഉദ്യോഗസ്ഥരാണ് ഇതുവരെ പരിശോധനയും അപ്പീലും നോട്ടീസുകളും എല്ലാം കൈകാര്യം ചെയ്യുന്നത്. ഇനി ഒരു സെൻട്രൽ കംപ്യൂട്ടർ നികുതി റിട്ടേണുകൾ പരിശോധിക്കും. റിസ്ക് ഘടകങ്ങളും മിസ്മാച്ചുകളുമെല്ലാം അടിസ്ഥാനമാക്കിയാവും പരിശോധന. അതിനുശേഷം നിശ്ചിത ക്രമമൊന്നുമില്ലാതെ ഏതെങ്കിലും നഗരങ്ങളിലെ ഉദ്യോഗസ്ഥ സംഘങ്ങൾക്ക് അലോട്ട് ചെയ്യും. അവരുടെ പരിശോധന മറ്റൊരു സംഘം ഉദ്യോഗസ്ഥർ വേറൊരിടത്തിരുന്നു റിവ്യൂ ചെയ്യും. പരിശോധിക്കാനുള്ള ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നത് റാൻഡം സെലക്ഷനിലൂടെയാണ്. നികുതിദായകർക്ക് നോട്ടീസ് അയയ്ക്കുന്നതും സെൻട്രൽ കംപ്യൂട്ടറായിരിക്കും. നികുതിദായകൻ അതിനു മറുപടി നൽകേണ്ടതും കംപ്യൂട്ടറിലൂടെയാണ്. ഓഫിസിൽ പോകുകയോ ഓഫിസറെ കാണുകയോ വേണ്ട- മോദി വിശദീകരിച്ചു.

നികുതിദായകരും ഉദ്യോഗസ്ഥരും പാലിക്കേണ്ട നടപടികളാണ് ചാർട്ടറിൽ. അവകാശങ്ങളും കടമകളും ഇതു വ്യക്തമാക്കുന്നു. സത്യസന്ധവും ബഹുമാനവുമുള്ള സമീപനം ഉറപ്പുനൽകുന്നു. 130 കോടി ജനങ്ങളുള്ള രാജ്യത്ത് 1.5 കോടി പേർ മാത്രമാണ് ആദായ നികുതി നൽകുന്നതെന്നു മോദി ചൂണ്ടിക്കാട്ടി. ഇതു വളരെ കുറവാണ്. ശേഷിയുള്ളവർ സ്വയം മുന്നോട്ടുവന്ന് രാജ്യവികസനത്തിനായി നികുതി നൽകണം- അദ്ദേഹം അഭ്യർഥിച്ചു. 2014ൽ താൻ അധികാരമേറ്റ ശേഷം നിരവധി നികുതി പരിഷ്കാരങ്ങൾ നടപ്പാക്കിയെന്നു മോദി ചൂണ്ടിക്കാട്ടി. നികുതി നിരക്കും കുറച്ചിട്ടുണ്ട്. ഏറ്റവും കുറവ് കോർപ്പറേറ്റ് നികുതിയുള്ള രാജ്യമാണ് ഇപ്പോൾ ഇന്ത്യയെന്നും അദ്ദേഹം.

പുതിയ നികുതി ചാർട്ടർ കൊണ്ടുവരുമെന്ന് കഴിഞ്ഞ കേന്ദ്ര ബജറ്റ് അവതരിപ്പിച്ചപ്പോൾ ധനമന്ത്രി നിർമല സീതാരാമൻ വ്യക്തമാക്കിയിരുന്നു. കോർപ്പറേറ്റ് നികുതി 30 ശതമാനത്തിൽനിന്ന് കഴിഞ്ഞവർഷം 22 ശതമാനമായി കുറയ്ക്കുകയും ചെയ്തിരുന്നു. ആദായനികുതി വകുപ്പിന്റെ ഭൂരിഭാഗം ജോലികളും ഇപ്പോൾ തന്നെ ഇലക്ട്രോണിക് സംവിധാനത്തിലാണ്. റിട്ടേൺ ഫയൽ ചെയ്യുന്നതും അതിന്റെ പ്രോസസിങ്ങും റീഫണ്ടും അസസ്മെന്റുമെല്ലാം ഇങ്ങനെ ചെയ്യുന്നുണ്ട്.

പെട്ടിമുടിയിൽ പുനരധിവാസം ഉടൻ

വീട് നഷ്ടപ്പെട്ടവർക്ക് സ്ഥലം കണ്ടെത്തി വീട് നിർമിച്ച് നൽകും

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ എന്നവർ ഇന്നലെ മൂന്നാർ രാജമല പെട്ടിമുടിയിലെ ഉരുൾപൊട്ടൽ പ്രദേശം സന്ദർശിച്ച ശേഷം പ്രദേശവാസികളുമായി സംസാരിക്കുന്നു.

മൂന്നാർ: ഉരുൾപൊട്ടലിൽ അമ്പതിലേറെപ്പേർക്കു ജീവൻ നഷ്ടമായ രാജമല പെട്ടിമുടിയിൽ പുനരധിവാസം ഉടൻ നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഗവർണർആരിഫ് മുഹമ്മദ് ഖാനോടൊപ്പം ദുരന്തബാധിത പ്രദേശം സന്ദർശിച്ചതിനു പിന്നാലെ ചേർന്ന അവലോകന യോഗത്തിനു ശേഷം മാധ്യമങ്ങളോടു സംസാരിക്കുകയായിരുന്നു അദ്ദേഹം. പെട്ടിമുടിയിൽ വീടുകളുടെ നിർമാണം ഉടൻ ആരംഭിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വയനാട്ടിലെ കവളപ്പാറയിലും പുത്തുമലയിലും കഴിഞ്ഞവർഷം ഉരുൾപൊട്ടലുണ്ടായ സ്ഥലത്തേതു പോലെ പെട്ടിമുടിയിലും വീടുകൾ നഷ്ടപ്പെട്ടവർക്ക് പുതിയ സ്ഥലത്ത് വീടുകൾ നിർമിക്കും. ടാറ്റാ കണ്ണൻദേവൻ കമ്പനി കാര്യമായി സഹായിക്കുമെന്ന് കരുതുന്നു. സർക്കാരും വേണ്ടത് ചെയ്യും. കുട്ടികളുടെ തുടർവിദ്യാഭ്യാസച്ചെലവു മുഴുവൻ സർക്കാർ വഹിക്കും. വരുമാനമില്ലാത്തവരെ കമ്പനി സഹായിക്കണം- മുഖ്യമന്ത്രി പറഞ്ഞു. തേയില ത്തോട്ടങ്ങളിൽ പണിയെടുക്കുന്നവർ താമസിക്കുന്ന ലയങ്ങളുടെ പൊതു പ്രശ്നം പരിഹരിക്കും.

കുട്ടികളുടെ തുടർ വിദ്യാഭ്യാസ ചെലവ് സർക്കാർ വഹിക്കും

തിരുവനന്തപുരത്ത് നിന്ന് ഹെലികോപ്റ്റർ മാർഗം രാവിലെ എട്ടു മണിക്ക് മൂന്നാറിലേക്കു തിരിച്ച ഗവർണർക്കും മുഖ്യമന്ത്രിക്കും ഒപ്പം റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരനും ചീഫ് സെക്രട്ടറി വിശ്വാസ് മേത്തയും ഡിജിപി ലോക്നാഥ് ബെഹ്റയും ഉണ്ടായിരുന്നു. ആനച്ചാലിൽ നിന്ന് റോഡ് മാർഗമാണ് പെട്ടിമുടിയിൽ എത്തിയത്.

പഴയ തേയില കമ്പനിക്കു സമീപം കാത്തു നിന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ കേൾക്കുന്നതിനായി മൂന്നാർ ടീകൗണ്ടിയിലേക്ക് അവരെ കൊണ്ടുവരാൻ മുഖ്യമന്ത്രി നിർദേശം നൽകി. മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, എം.എം. മണി, ടി.പി. രാമകൃഷ്ണൻ, ഡീൻ കുര്യാക്കോസ് എംപി, എംഎൽഎമാരായ എസ്. രാജേന്ദ്രൻ, ഇ.എസ്. ബിജിമോൾ, ദക്ഷിണമേഖലാ ഐജി ഹർഷിത അട്ടല്ലൂരി, ഐജി യോഗേഷ് അഗർവാൾ, ജില്ലാ കലക്റ്റർ എച്ച്. ദിനേശൻ, ജില്ലാ പൊലീസ് മേധാവി ആർ. കറുപ്പസ്വാമി എന്നിവരും ഒപ്പമുണ്ടായിരുന്നു.

കോൺഗ്രസ് ഇതര പ്രധാനമന്ത്രിമാരിൽ മോദി ഇനി ഒന്നാമൻ

ന്യൂഡൽഹി: രാജ്യത്ത് കൂടുതൽകാലം പ്രധാനമന്ത്രി പദം വഹിക്കുന്ന നാലാമത്തെ നേതാവായി നരേന്ദ്ര മോദി. ജവഹർലാൽ നെഹ്റു, ഇന്ദിര ഗാന്ധി, ഡോ. മൻമോഹൻസിങ് എന്നിവരാണ് ഈ പട്ടികയിൽ മോദിക്കു മുന്നിൽ. കൂടുതൽ കാലം അധികാരത്തിൽ ഇരിക്കുന്ന കോൺഗ്രസ് ഇതര പ്രധാനമന്ത്രിയെന്ന പദവി വാജ്പേയിയിൽ നിന്നു മോദിയിലേക്കു മാറുകയും ചെയ്തു. 2268 ദിവസമാണു വാജ്പേയി പ്രധാനമന്ത്രി പദം വഹിച്ചത്. ഇന്നലെ മോദി ഈ റെക്കോഡ് മറികടന്നു.

14ാം പ്രധാനമന്ത്രിയായി 2014 മേയ് 24നാണു മോദി അധികാരമേറ്റത്. 2019 മേയ് 30നാണ് തുടർച്ചയായി മോദി രണ്ടാം വട്ടവും അധികാരമേറ്റത്. 17 വർഷമാണു നെഹ്റു പ്രധാനമന്ത്രിയായി അധികാരത്തിലിരുന്നത്. മകൾ ഇന്ദിര ഗാന്ധി 11 വർഷവും മൻമോഹൻ സിങ് രണ്ടു തവണയും പ്രധാനമന്ത്രിയായി.

"രാജ്യത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ കാലം രാജ്യത്തെ സേവിക്കുന്ന നാലാമത്തെ പ്രധാനമന്ത്രിയായി നരേന്ദ്ര മോദി. മൂന്നു ടേമുകളിലായി വാജ്പേയി ജി 2268 ദിവസം പ്രധാനമന്ത്രിയായിരുന്നു. ഈ റെക്കോഡ് മോദി മറികടന്നതോടെ കൂടുതൽ കാലം പദവിയിലിരിക്കുന്ന കോൺഗ്രസിതര നേതാവായി മോദി"- ബിജെപി ഐടി സെല്ലിന്റെ ചുമതലയുള്ള അമിത് മാളവ്യ ട്വീറ്റ് ചെയ്തു.

മൊറാർജി ദേശായ് (1977, മാർച്ച് 24 -1979 ജൂലൈ 28), ചരൺ സിങ് (1979 ജൂലൈ 28 - 1980 ജനുവരി 14), വി.പി. സിങ് (1989 ഡിസംബർ 2 - 1990 നവംബർ 10), ചന്ദ്ര ശേഖർ (1990 നവംബർ 10 - 1991 ജൂൺ 21), എച്ച്.ഡി.ദേവഗൗഡ (1996 ജൂൺ 1 -1997 ഏപ്രിൽ 21), ഐ.കെ. ഗുജ്റാൾ (1997 ഏപ്രിൽ 21 -1998 മാർച്ച് 19) എന്നിവരാണ് രാജ്യത്തെ നയിച്ച കോൺഗ്രസ് ഇതര പ്രധാനമന്ത്രിമാർ.

ഗൾഫിൽ പുതുചരിത്രം

ഇസ്രയേലുമായി നയതന്ത്രബന്ധം സ്ഥാപിച്ച് യുഎഇ

ദുബായ്: ഇസ്രയേലുമായി പൂർണ നയതന്ത്ര ബന്ധം സ്ഥാപിക്കാൻ വഴിയൊരുക്കി സമാധാനകരാർ ഒപ്പുവച്ചു യുഎഇ. യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപാണ് ഇക്കാര്യം പ്രഖ്യാപിച്ചത്. ഭാവിയിൽ പലസ്തീൻ പ്രദേശങ്ങളിൽ അധിനിവേശം നടത്തില്ലെന്ന ഇസ്രയേലിന്റെ ഉറപ്പിനെത്തുടർന്നാണ് ഉഭയകക്ഷി ബന്ധം സ്ഥാപിക്കാനുള്ള തീരുമാനം. ഗൾഫ് മേഖലയിലെ ഒരു അറബ് രാഷ്ട്രവും ഇസ്രയേലും നയതന്ത്ര ബന്ധം സ്ഥാപിക്കുന്നത് ഇതാദ്യമാണ്. ട്രംപിന്റെ പ്രഖ്യാപനത്തിനു പിന്നാലെ ഇതുസംബന്ധിച്ച് യുഎസ്, യുഎഇ, ഇസ്രയേൽ രാജ്യങ്ങളുടെ സംയുക്ത പ്രസ്താവന പുറത്തിറങ്ങി. നേരിട്ടു വിമാന സർവീസ് അനുവദിക്കാനും സുരക്ഷ, ടെലികമ്യൂണിക്കേഷൻ, ടൂറിസം, ഊർജം, ആരോഗ്യം തുടങ്ങിയ രംഗങ്ങളിൽ സഹകരിക്കാനും ഇരുരാജ്യങ്ങളുടെ പ്രതിനിധികൾ ഉടൻ കൂടിക്കാഴ്ച നടത്തും.

സ്വർണം

ഗ്രാം	- 4,935
പവൻ	- 39,480

മെട്രൊ മാധ്യമം

മുഖ്യമന്ത്രിയെ അനുകരിക്കുക മാത്രമാണ് അണികൾ ചെയ്യുന്നത്: ചെന്നിത്തല.

മുൻപേ ഗമിക്കുന്ന ഗോവുതന്റെ...!

www.facebook.com/metrovaarthaofficial

സ്വപ്ന ഉന്നത സ്വാധീനമുള്ള സ്ത്രീ: കോടതി

കൊച്ചി: സ്വർണക്കടത്ത് കേസിൽ അധികാര ഇടനാഴിയിൽ സ്വപ്ന സുരേഷിന്റെ സ്വാധീനം പ്രകടമെന്ന് കോടതി. സ്വപ്നയുടെ ജാമ്യാപേക്ഷ തള്ളിക്കൊണ്ടാണ് സാമ്പത്തിക കുറ്റകൃത്യ കോടതിയുടെ നിരീക്ഷണം. കോൺസുലേറ്റിലെ രാജിക്ക് ശേഷവും സ്വപ്ന ഉന്നത ഉദ്യോഗസ്ഥരെ സഹായിച്ചതായും പറയുന്നു.

യുഎഇ കോൺസുലേറ്റിലെ ജോലി വിട്ടതിന് ശേഷവും പ്രതിക്ക് അവിടെയുള്ള ഉന്നത ഉദ്യോഗസ്ഥരുമായി ബന്ധമുണ്ടായിരുന്നു. ഇതിനുശേഷം സംസ്ഥാന സർക്കാരിന്റെ പ്രോജക്റ്റിൽ അവർക്ക് ജോലി നേടാനും സാധിച്ചു. പ്രതിയുടെ അധികാര ഇടനാഴിയിലെ സ്വാധീനം പ്രകടമാണ്. അതിനാൽ ഒരു സ്ത്രീയെന്ന നിലയിലുള്ള പ്രത്യേക ആനുകൂല്യം പ്രതി അർഹിക്കുന്നില്ലെന്നും കോടതി വിലയിരുത്തി. ജാമ്യാപേക്ഷയിൽ നടന്ന വാദത്തിന്റെയും ലഭ്യമായ രേഖകളുടെയും അടിസ്ഥാനത്തിലാണ് നിരീക്ഷണമെന്നും കോടതി വ്യക്തമാക്കി.

സെപ്റ്റംബർ നിർണായകം

തിരുവനന്തപുരം: സംസ്ഥാനത്തു സെപ്റ്റംബർ മാസത്തോടെ കൊവിഡ് വ്യാപനം കൂടുമെന്ന വിദഗ്ധ അഭിപ്രായത്തെ തുടർന്നു പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കിയതായി ആരോഗ്യമന്ത്രി കെ.കെ. ശൈലജ. ഈ സാഹചര്യത്തിൽ കൊവിഡ് ബ്രിഗേഡ് എന്ന ആശയത്തിന് രൂപം നൽകിയെന്നും മന്ത്രി വ്യക്തമാക്കി.

ആരോഗ്യ സംവിധാനങ്ങൾക്ക് താങ്ങാൻ കഴിയാത്ത വിധം വൈറസ് വ്യാപനം ഉണ്ടായാൽ മരണ നിരക്ക് കൂടുമെന്നാണ് അനുഭവങ്ങൾ പഠിപ്പിക്കുന്നത്. അതിനാൽ ആരോഗ്യ സംവിധാനങ്ങൾ വിപുലപ്പെടുത്തണം. ഡോക്റ്റർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും സേവനം കൂടുതലായി ആവശ്യമുണ്ട്. പ്രതിദിനം 10,000 - 20,000 രോഗികൾ വരെ ഉണ്ടാകാനുള്ള സാധ്യതയാണു നമുക്കു മുന്നിലുള്ളത്.

ഇതിനോടകം എണ്ണായിരത്തിലധികം ആരോഗ്യ പ്രവർത്തകരെ നിയമിച്ചു. എണ്ണൂറിലധികം സിഎഫ്എൽടിസികൾ ഒരുക്കി. കൊവിഡ് ആശുപത്രികളും അടിസ്ഥാന സൗകര്യങ്ങളും വർധിപ്പിച്ചു. ഇതോടൊപ്പം മതിയായ ആരോഗ്യ പ്രവർത്തകർ ഉൾപ്പെടെയുള്ള സന്നദ്ധ പ്രവർത്തകരെ സജ്ജമാക്കാനാണ് കൊവിഡ് ബ്രിഗേഡ് ആവിഷ്ക്കരിച്ചിരിക്കുന്നത്.

അലോപ്പതി, ആയുർവേദ, ഡെന്റൽ, ഹോമിയോ ഡോക്റ്റർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ്, എംഎസ്ഡബ്ല്യു., എംബിഎ, എംഎസ്സി., എംഎച്ച്എ ബിരുദധാരികളും സന്നദ്ധ സേവകർ തുടങ്ങിയവരെയെല്ലാം ഉൾപ്പെടുത്തി കൊണ്ടാണ് കോവിഡ് ബ്രിഗേഡ് രൂപീകരിക്കുന്നത്.

1,564 പേർക്ക് കൊവിഡ്

544 ഹോട്ട് സ്പോട്ട്

തിരുവനന്തപുരം: കേരളത്തിൽ 1,380 പേർക്ക് സമ്പർക്കത്തിലൂടെ ഉൾപ്പെടെ ഇന്നലെ 1,564 പേർക്ക് കൊവിഡ് സ്ഥിരീകരിച്ചതായി ആരോഗ്യ മന്ത്രി കെ.കെ. ശൈലജ. രോഗം സ്ഥിരീകരിച്ചവരിൽ 60 പേർ വിദേശ രാജ്യങ്ങളിൽ നിന്നും 100 പേർ ഇതരസംസ്ഥാനങ്ങളിൽ നിന്നും വന്നതാണ്. രോഗം സ്ഥിരീകരിച്ച 98 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 15 ആരോഗ്യ പ്രവർത്തകർക്കാണ് ഇന്നലെ രോഗം ബാധിച്ചത്. 766 പേർ കൊവിഡ് മുക്തരായി.

തിരുവനന്തപുരം 434 , പാലക്കാട്, മലപ്പുറം 202 വീതം, എറണാകുളം 115 , കോഴിക്കോട് 98 , കാസർഗോഡ് 79 , പത്തനംതിട്ട, തൃശൂർ 75 , കൊല്ലം 74, ആലപ്പുഴ 72 , കോട്ടയം 53 , ഇടുക്കി31 , കണ്ണൂർ, വയനാട് 27 എന്നിങ്ങനെയാണ് ജില്ലാതല കൊവിഡ് കണക്ക്.

ഇന്നലെ മൂന്ന് കൊവിഡ് മരണം സ്ഥിരീകരിച്ചു. തിരുവനന്തപുരം മുക്കോല സ്വദേശിനി ലിസി സാജൻ (55), കോഴിക്കോട് രാമനാട്ടുകര സ്വദേശി രാധാകൃഷ്ണൻ (80), മലപ്പുറം സ്വദേശി അബ്ദുൾ റഹ്മാൻ (63) എന്നിവരുടേതാണ് ഇന്നലെ ആലപ്പുഴ എൻഐവി സ്ഥിരീകരിച്ചത്. ഇതോടെ സംസ്ഥാനത്തെ കൊവിഡ് മരണം 129 ആയി.

വിവിധ ജില്ലകളിലായി 1,53,061 പേരാണ് നിരീക്ഷണത്തിലുള്ളത്. 1,670 പേരെ ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.കഴിഞ്ഞ 24 മണിക്കൂറിനിടെ 31,270 സാംപിളുകളാണ് പരിശോധിച്ചത്. 544 ഹോട്ട് സ്പോട്ടുകൾ നിലവിലുണ്ട്.

766 പേർക്ക് രോഗമുക്തി | **1,380 സമ്പർക്കം**

ബംഗളൂരു ശാന്തം; നിർണായക വിവരങ്ങൾ ലഭിച്ചെന്നു മന്ത്രി

ബംഗളൂരു: കർണാടക തലസ്ഥാനത്ത് ചൊവ്വാഴ്ച രാത്രിയുണ്ടായ അക്രമങ്ങൾക്കു പിന്നിൽ എസ്ഡിപിഐ ആണെന്ന് സംസ്ഥാന ആഭ്യന്തര മന്ത്രി ബസവരാജ് ബൊമ്മെ. പാർട്ടിയുടെ ജില്ലാ സെക്രട്ടറി മുസാമിൽ പാഷയാണ് ഇവരിൽ പ്രധാനി. ഇയാൾ ഉൾപ്പെടെ എസ്ഡിപിഐയുടെ നാല് സജീവ പ്രവർത്തകർ അറസ്റ്റിലായവരിൽ ഉൾപ്പെടുന്നുവെന്നും ബൊമ്മെ.

സംഘർഷമുണ്ടായ കെജി ഹള്ളി, ഡിജെ ഹള്ളി മേഖല ഇന്നലെ ശാന്തമായിരുന്നു. കലാപകാരികളെക്കുറിച്ചു നിർണായക വിവരങ്ങൾ ലഭിച്ചിട്ടുണ്ടെന്നും ഇക്കാര്യങ്ങൾ ഇപ്പോൾ പുറത്തുവിടാനാവില്ലെന്നും മന്ത്രി. സമയം വരുമ്പോൾ ഇക്കാര്യം അക്രമത്തിന്റെ വിഡിയൊ ദൃശ്യങ്ങൾ പൂർണമായി ശേഖരിച്ചിട്ടുണ്ട്. ജില്ലാ മജിസ്ട്രേറ്റിന്റെ നേതൃത്വത്തിൽ സമഗ്ര അന്വേഷണമുണ്ടാകുമെന്നും ബൊമ്മെ പറഞ്ഞു. എന്നാൽ,ആരോപണങ്ങൾ എസ്ഡിപിഐ നിഷേധിച്ചു.

പുലികേശി നഗറിലെ കോൺഗ്രസ് എംഎൽഎ അഖണ്ഡ ശ്രീനിവാസ മൂർത്തിയുടെ അനന്തരവൻ നവീന്റെ ഫെയ്സ്ബുക്ക് പോസ്റ്റ് മതവിദ്വേഷം പുലർത്തുന്നതാണെന്നാരോപിച്ചായിരുന്നു ചൊവ്വാഴ്ച രാത്രി മുതൽ ബുധനാഴ്ച പുലർച്ചെ നഗരത്തെ ഭീതിയിലാഴ്ത്തിയ അക്രമം. മൂവായിരത്തിലേറെ പേർ സംഘടിച്ച് ശ്രീനിവാസ മൂർത്തിയുടെ വീട് തകർക്കുകയും പൊലീസ് സ്റ്റേഷൻ ആക്രമിക്കുകയും ചെയ്തു.

നിരവധി വീടുകൾ തകർക്കുകയും വാഹനങ്ങൾക്ക് തീവയ്ക്കുകയും ചെയ്ത സംഘം വ്യാപകമായി കൊള്ളയടിക്കുകയും ചെയ്തു. ലാത്തിയും കണ്ണീർവാതകവും പ്രയോഗിച്ചിട്ടും പിരിഞ്ഞുപോകാത്ത അക്രമികൾക്കെതിരേ ഒടുവിൽ പൊലീസ് വെടിവയ്ക്കേണ്ടി വന്നു. മൂന്നു പേരാണ് വെടിവയ്പ്പിൽ മരിച്ചത്.

യൂണിഫോം കൈമാറി

തിരൂരങ്ങാടി: തിരൂരങ്ങാടി യൂണിറ്റ് പൊലീസ് വൊളന്റിയർ അംഗങ്ങളുടെ യൂണിഫോം കൈമാറി പൊലീസ് യൂണിറ്റിലെ പരിതിയിൽ സേവനം ചെയ്യാൻ തയ്യാറുള്ള ടീം അംഗങ്ങളെ തിരുരങ്ങാടി പൊലീസ് അഭിനന്ദിച്ചു. അവർക്കുള്ള യൂണിഫോം പൊലീസ് സ്റ്റേഷനിൽ വച്ച് തിരൂരങ്ങാടി സിഐ വിനോദ് ടീം കേപ്റ്റൻ ഇബ്രാഹിം കാരാടന് കൈമാറിക്കൊണ്ട് നിർവഹിച്ചു. തിരുരങ്ങാടി എസ്ഐ. നൗഷാദ് ഇബ്രാഹിം ചടങ്ങിന് നേതൃത്വം നൽകി. രക്ഷാധികാരികളായ എ.കെ. ബാവ മമ്പുറം, മൊയ്തീൻ കുട്ടി പാറപ്പുറം എന്നിവർ പങ്കെടുത്തു. വൊളന്റിയേഴ്സ് അംഗങ്ങളും എൽസിഎം പ്രവർത്തകരും പരിപാടിയിൽ സംബന്ധിച്ചു. നിയമാനുസരണം അകലം പാലിച്ചായിരുന്നു ചടങ്ങുകൾ നടന്നത്.

പ്രതിഷേധിച്ചു

തലശേരി : പരിസ്ഥിതി ആഘാത വിഞ്ജാപനത്തിന്റെ കരട് ഇന്ന് എല്ലാവരും ചർച്ച ചെയ്തു കൊണ്ടിരിക്കുകയാണെന്ന് മുൻ മന്ത്രി കെ.പി മോഹനൻ. വിഞ്ജാപനത്തെ എതിർക്കാൻ എല്ലാവരും മുന്നോട്ടു വരണം. സംസ്ഥാന തലത്തിൽ എൽജെഡി ഇതിനെതിരെയുള്ള സമരവുമായി മുന്നോട്ടു പോകുമ്പോൾ സോഷ്യലിസ്റ്റ് നേതാക്കളും ഈ അടുത്ത കാലത്ത് നമ്മെ വിട്ടുപിരിഞ്ഞ വീരേന്ദ്രകുമാറടക്കം രാജ്യത്ത് പ്രത്യേകിച്ച് കേരളത്തിൽ നിലനിന്നിരുന്ന പരിസ്ഥിതി ഉന്നതിയെ നിലനിർത്താൻ വേണ്ടി ഇടപെട്ടവരാണ്. വിഞ്ജാപനം പരിസ്ഥിതിക്ക് കോട്ടം തട്ടുന്നതും കൊള്ളയടിക്കുന്നതുമാണ്. തലശേരിയിൽ നടന്ന എൽ.ജെ.ഡി ജില്ലാ പ്രതിഷേധ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാ സെക്രട്ടറി കെ.കെ ജയപ്രകാശ് അധ്യക്ഷനായി. ടി. ഉണ്ണികൃഷ്ണൻ, വെള്ളോറ നാരായണൻ, കരിമ്പിൻ രാമദാസ്, ബാബു ഡിക്രൂസ്, വിക്ടർ നേതൃത്വം നൽകി.

ഇഐഎ 2020 കരട് വിജ്ഞാപനം പിൻവലിക്കുകയെന്ന്

മഞ്ചേരി : മണ്ണിനെയും മരങ്ങളെയും നശിപ്പിച്ച് കൊണ്ട് പ്രകൃതിയെ യഥേഷ്ടം ചൂഷണം ചെയ്യുന്ന കേന്ദ്ര സർക്കാറിന്റെ നീക്കത്തിനെതിരെ ലോക് താന്ത്രിക് ജനതാദൾ സമരം സംഘടിപ്പിച്ചു. ഇഐഎ 2020 കരട് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പിൻവലിക്കുക എന്നാവശ്യപ്പെട്ട് സംസ്ഥാന വ്യാപകമായി നടത്തുന്ന സമരത്തിന്റെ ഭാഗമായി മഞ്ചേരിയിലെ വിവിധ കേന്ദ്രങ്ങളിൽ നടന്ന സമരത്തിന് അലവി പുതുശേരി, എൻപി മോഹൻ രാജ്, മുക്താർ നിഹാസ്, എൻടി ഉമ്മർ, ടിപി സാഗർ, ടികെ ബാലകൃഷ്ണൻ, റസാഖ് പയ്യപ്പറമ്പ്, മൂസാൻ, കുട്ടിപ്പ എന്നിവർ നേതൃത്വം നൽകി.

ചാലക്കുടിയിൽ രോഗികൾ വർധിക്കുന്നു

ചാലക്കുടി:കൊറോണ രോഗികളുടെ എണ്ണം ചാലക്കുടിയിൽ വർധിക്കുന്നു.പൊലീസ് കടുത്ത നടപടികളിലേക്ക്.കഴിഞ്ഞ ദിവസം കൊറോണയെ തുടർന്ന് കോട്ടാറ്റ് സ്വദേശിയായ ചായക്കടക്കാരന് എവിടെ നിന്ന് രോഗം വന്നു എന്നറിയുവാൻ കഴിഞ്ഞിട്ടില്ല. ചുമട്ടു തൊഴിലാളിയുടേയും മറ്റും സമ്പർക്കത്തിലും രോഗം പടരുന്നതിനാൽ കുടുതൽ വാർഡുകളിൽ അതി നിയന്ത്രണം ഏർപ്പെടുത്തി. കോട്ടാറ്റ് 27,28,പൂർണ്ണമായും, 14,20,21 വാർഡുകളിൽ മാർക്കറ്റുമായി ചേർന്ന് കിടക്കുന്ന മുഴുവൻ കടകളും അതി നിയന്ത്രണത്തിന്റെ ഭാഗമായി നിയന്ത്രണം ഏർപ്പെടുത്തി. കൊരട്ടി പഞ്ചായത്തിന്റെ 1, 19 വാർഡുകളിൽ കുടുതൽ മേഖലയിലേക്കും നിയന്ത്രണം ഏർപ്പെടുത്തി.

ഫ്ലാറ്റ് സമുച്ചയം ഉദ്ഘാടനം ചെയ്തു

തലശേരി : ഇല്ലത്തുതാഴെ ഉക്കണ്ടൻ പീടികയ്ക്ക് സമീപം നഗരസഭ നിർമിച്ച എസ്. സി ഫ്ലാറ്റ് സമുച്ചയം മന്ത്രി എ. കെ ബാലൻ വീഡിയോ കോൺഫറൻസിലൂടെ ഉദ്ഘാടനം ചെയ്തു.ചടങ്ങിൽ അഡ്വ. എ. എൻ ഷംസീർ എം എൽ എ അധ്യക്ഷനായി. നഗരസഭ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 3600000 ചെലവഴിച്ച് വാങ്ങിയ 30 സെന്റ് സ്ഥലത്ത് 12 കുടുംബങ്ങൾക്ക് താമസിക്കാനാണ് ഫ്ലാറ്റ് നിർമിച്ചത്. ആദ്യ ഘട്ടത്തിൽ ആറ് കുടുംബങ്ങൾക്കുള്ള ഫ്ലാറ്റിന്റെ നിർമാണമാണ് പൂർത്തിയായത്. 6800000 രൂപ ചെലവായി. കിടപ്പുമുറി, ഹാൾ, അടുക്കള, ശൗചാലയം എന്നീ സൗകര്യങ്ങളുണ്ട്. രണ്ടാം ഘട്ടം 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ബാക്കി ആറ് കുടുംബങ്ങൾക്കു കൂടി കെട്ടിടം നിർമ്മിക്കും. നഗരസഭ ചെയർമാൻ സി. കെ രമേശൻ, ഉപാധ്യക്ഷ നജ്മ ഹാഷിം, വാഴയിൽ വാസു, കെ. വിനയരാജ്, എ. വി ശൈലജ, എം. എ സുധീഷ് എന്നിവർ സംസാരിച്ചു.

കോഴിക്കോട് മലാപ്പറമ്പ് റേഷൻ കടയിൽ ഓണക്കിറ്റ് വാങ്ങാനെത്തിയവരുടെ തിരക്ക്.

ടിടിക്യുടി സംവിധാനം കോഴിക്കോട് ജില്ലയിൽ ഫലപ്രദം

ലാർജ് ക്ലസ്റ്ററുകളിൽ രോഗികൾ കുറയുന്നു

കോഴിക്കോട്: ടെസ്റ്റിങ് - ട്രേസിങ്- ക്വാറന്റൈൻ - ട്രീറ്റ്മെന്റ് (ടിടിക്യുടി) എന്നിവയിൽ ഊന്നൽ നൽകി ജില്ലാ കലക്ടർ സാംബശിവ റാവുവിന്റെ നേതൃത്വത്തിൽ ആവിഷ്ക്കരിച്ച കൊവിഡ് പ്രതിരോധ സംവിധാനം ജില്ലയിൽ ഫലം കാണുന്നു. വിപുലമായ ടെസ്റ്റിംഗിലൂടെ രോഗബാധ ഉള്ളവരെ കണ്ടെത്തി വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നതാണ് ആദ്യഘട്ടം. വിശദമായ കോൺടാക്റ്റ് ട്രേസിംഗിലൂടെ അവരുടെ സമ്പർക്ക പട്ടിക തയ്യാറാക്കുന്നത് രണ്ടാം ഘട്ടം. സമ്പർക്കത്തിൽ ഉൾപ്പെടുന്നവരേ ക്വാറന്റൈനിലാക്കി ടെലിമെഡിസിൻ വഴി ആവശ്യമായ മാർഗനിർദേശം നൽകുന്നു.കൂടുതൽ കൊവിഡ് കേസുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശത്ത് ക്ലസ്റ്റർ കെയർ ഒരുക്കും. ഇത്തരം സ്ഥലങ്ങളിൽ അതീവ ജാഗ്രതായോടുള്ള നടപടികളാണ് ആരോഗ്യവകുപ്പിന്റെ ന്യേതൃത്തിൽ സ്വീകരിക്കുന്നത്. ഫലപ്രദമായ നടപടികളിലൂടെ, നിലവിലുള്ള ലാർജ് ക്ലസ്റ്ററുകളായ ഒളവണ്ണ, വടകര, നാദാപുരം, ഏറാമല എന്നിവിടങ്ങളിൽ രോഗികളുടെ എണ്ണം കുറഞ്ഞു. ഒളവണ്ണയിൽ 90 പേർക്ക് രോഗം സ്ഥിരീകരിച്ചതിൽ 23 പേരാണ് ചികിത്സയിലുള്ളത്. വടകരയിൽ 78 രോഗികളിൽ ഒൻപത് പേരും നാദാപുരത്ത് 66 പേരിൽ എട്ടുപേരും ഏറാമലയിൽ 61 പേരിൽ 13 പേരുമാണ് ചികിത്സയിലുള്ളത്. മുൻപ് ലാർജ് ക്ലസ്റ്ററായിരുന്ന തൂണേരിയിൽ മുഴുവൻ പേർക്കും രോഗം ഭേദമായിരുന്നു.ആദ്യ കേസ് റിപ്പോർട്ട് ചെയ്തതുമുതൽ ക്രമാനുഗതമായാണ് ടെസ്റ്റുകളുടെ എണ്ണം വർധിപ്പിച്ചത്. ജില്ലയിൽ കൊവിഡ് ടെസ്റ്റിന് വിധേയമാക്കിയവരുടെ എണ്ണം ഒരു ലക്ഷം കവിഞ്ഞു. സംസ്ഥാനതലത്തിൽ തന്നെ ഈ നേട്ടം കൈവരിക്കുന്ന അപൂർവം ജില്ലകളിലൊന്നാണ് കോഴിക്കോട്. ഒരുദിവസം പരിശോധിക്കുന്നവരുടെ എണ്ണം 5000 വരെ ആണ്. ക്ലസ്റ്ററുകളിൽ വീടുകൾ കേന്ദ്രീകരിച്ച് കൂടുതൽ പേരെ ടെസ്റ്റിന് വിധേയമാക്കി. കൂടുതൽ മേഖലകളിലേക്ക് രോഗം വ്യാപിക്കാതിരിക്കാൻ സമ്പർക്ക പട്ടിക സസൂക്ഷ്മം നിരീക്ഷിച്ച് ആളുകളെ നിയന്ത്രണത്തിലാക്കുന്നതിനാൽ ജില്ലയിൽ രോഗികൾ കുറഞ്ഞുവരുന്ന സാഹചര്യമുണ്ട്. സ്വകാര്യ മേഖലയെ കൂടി ഉൾപ്പെടുത്തി കൊണ്ട് ടെസ്റ്റിങ് വിപുലമാക്കിയിട്ടുണ്ട്.കൊവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനും ലംഘനം കണ്ടാൽ നിയമ നടപടിയെടുക്കാനും വിവിധ സ്ക്വാഡുകളെ നിയോഗിച്ചു. വില്ലേജ് ഓഫീസർമാരുടെ നേതൃത്വത്തിൽ 118 സ്ക്വാഡുകളും പൊലീസിന്റെ നേതൃത്വത്തിൽ 10 ക്വിക്ക് റെസ്പോൺസ് ടീമും പ്രവർത്തിക്കുന്നുണ്ട്. സമ്പർക്കത്തിലൂടെയുള്ള കേസുകൾ കുറയ്ക്കുന്നതിനും ഓരോ കേസും അവരുടെ പ്രാഥമിക, ദ്വിതീയ കോൺടാക്റ്റുകൾ കണ്ടെത്തുന്നതിനും വിപുലമായ പരിശോധന നടത്തുന്നുണ്ട്.കണ്ടെയ്ൻമെന്റ് സോണുകളിൽ നിയന്ത്രണങ്ങൾ കർശനമായി നടപ്പാക്കി.ഇക്കാര്യം വിശദമായി പരിശോധിക്കാൻ താലൂക്ക് ലെവൽ ഇൻസിഡന്റ് കമാൻഡർമാരേയും ക്ലസ്റ്റർ ലെവൽ കമാൻഡർമാരെയും നിയമിച്ചു. വാർഡ് തലങ്ങളിൽ ആർ.ആർ.ടി പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുണ്ട്.രോഗം സ്ഥിരീകരിക്കുന്നവർക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ജില്ലാ ആരോഗ്യവിഭാഗത്തിന്റെ നേതൃത്വത്തിൽ ആസൂത്രണം ചെയ്തിട്ടുണ്ട്. മെഡിക്കൽ കോളെജ് ആശുപത്രിക്ക് പുറമേ ബീച്ച് ജനറൽ ആശുപത്രിയും കൊവിഡ് ആശുപത്രിയാക്കി മാറ്റി. എരഞ്ഞിപ്പാലം ഇഖ്റ കൗൺസിലിങ് സെന്റർ, മലാപറമ്പ് ഇഖ്റ പുതിയ ബ്ലോക്ക്, ഉള്ളിയേരി എം.എം.സി ആശുപത്രി നഴ്സിങ് കോളെജ് ബ്ലോക്ക്, മുക്കം കെ.എം.സി.ടി മെഡിക്കൽ കോളെജ് നഴ്സിങ് ഹോസ്റ്റൽ ബ്ലോക്ക്, കോഴിക്കോട് മെഡിക്കൽ കോളെജ് പി.എം.എസ്.എസ്.വൈ ബിൽഡിങ് എന്നിവയും ചികിത്സയ്ക്കായി പ്രവർത്തന സജ്ജമാണ്.

98 പേർക്ക് കൊവിഡ്

കോഴിക്കോട് ജില്ലയിൽ ഇന്നലെ 98 പേർക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.വിദേശത്ത് നിന്ന് എത്തിയ മൂന്ന് പേർക്കും ഇതര സംസ്ഥാനങ്ങളിൽനിന്ന് എത്തിയ 11 പേർക്കും കേസ് റിപ്പോർട്ട് ചെയ്തു.സമ്പർക്കം വഴി 80 പേർക്കാണ് രോഗം ബാധിച്ചത്. നാലു പേരുടെ ഉറവിടം വ്യക്തമല്ല. കോർപ്പറേഷൻ പരിധിയിൽ ആറു അതിഥി തൊഴിലാളികൾക്ക് കൂടി പോസിറ്റീവായി. കോർപ്പറേഷൻ പരിധിയിൽ സമ്പർക്കം വഴി 17 പേർക്കും ഉറവിടം വ്യക്തമല്ലാത്ത രണ്ട്പേർക്കും കൊവിഡ് സ്ഥിരീകരിച്ചു. പുറമേരിയിൽ 11 പേർക്കും ഫറോക്കിൽ എട്ടുപേർക്കും ചെറുവണ്ണൂരിൽ (പേരാമ്പ്ര) ഒൻപത് പേർക്കും ചോറോട് ഏഴ് പേർക്കും രോഗം ബാധിച്ചു. ഇതോടെ ചികിത്സയിലുള്ള കോഴിക്കോട് സ്വദേശികളുടെ എണ്ണം 1228 ആയി. 12 പേർ രോഗമുക്തരായി. പുതുതായി വന്ന 388 പേർ ഉൾപ്പെടെ ജില്ലയിൽ 14502 പേർ നിരീക്ഷണത്തിലുണ്ട്.

മലബാർ വന്യജീവി സങ്കേതത്തിലെ സെൻസിറ്റീവ് സോൺ വിജ്ഞാപനം കരിനിയമവും ജനദ്രോഹവും: എം.കെ രാഘവൻ

കോഴിക്കോട്: ജില്ലയിലെ മലബാർ വൈൽഡ് ലൈഫ് സാങ്ച്ചറിക്കു ചുറ്റിനും ഇക്കോ സെൻസിറ്റീവ് ബഫർസോണായി പ്രഖ്യാപിക്കുന്നതിന് മുന്നോടിയായി പുറത്തിറക്കിയ കരട് വിജ്ഞാപനം അശാസ്ത്രീയവും കർഷക വിരുദ്ധവുമാണെന്ന് എം കെ രാഘവൻ എംപി. കൊയിലാണ്ടി താലൂക്കിൽ ചക്കിട്ടപാറ- ചെമ്പനോട വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന, പലയിടത്തും അതിർത്തികൾ ഇതുവരെ കൃത്യമായി നിർണയിക്കപ്പെടാത്ത, 74.22 സ്ക്വയർ കിലോമീറ്റർ വിസ്തൃതിയുണ്ടെന്നു വനം വകുപ്പ് അവകാശപ്പെടുന്ന പ്രദേശമാണ് മലബാർ വൈൽഡ് ലൈഫ് സാങ്ച്ചറി. ഇതിനു ചുറ്റും ഒരു കിലോമീറ്റർ വായു ദൂരത്തുള്ള ജനവാസകേന്ദ്രങ്ങൾ ഇ എസ് ഇസഡ് ആയി പ്രഖ്യാപിക്കാനാണ് സംസ്ഥാന വനം വകുപ്പ് ഈ കരട് വിജ്ഞാപനം തയ്യാറാക്കിയത്. പരിസ്ഥിതിലോല പ്രദേശങ്ങൾക്ക് വേണ്ടി കരടുവിജ്ഞാപനം തയ്യാറാക്കുമ്പോൾ പാലിക്കേണ്ട എല്ലാ നിയമവശങ്ങളും പരിഗണിക്കാതെയാണ് കരടുവിജ്ഞാപനത്തിന് രൂപംകൊടുത്തത്. സംസ്ഥാന സർക്കാർ ഇ എസ് ഇസഡ് ഏരിയയെപ്പറ്റി ജനങ്ങളുമായി സംസാരിച്ച് നിബന്ധനകൾ മനസിലാക്കി കൊടുത്തശേഷം രണ്ടുവർഷം കഴിഞ്ഞ് വിജ്ഞാപനം ഇറക്കി എന്നു പറയുന്നത് തികച്ചും അവാസ്തവമാണ്.കേവലം 72.54 ചതുരശ്ര കിലോമീറ്റർ മാത്രം വരുന്ന ഈ വൈൽഡ് ലൈഫ് സാങ്ച്ചറിക്ക് ചുറ്റുമായി 53.86 സ്ക്വയർ കിലോമീറ്ററിൽ, മതിയായ രേഖകളോടെ ജനങ്ങൾ തിങ്ങിപ്പാർക്കുകയും കൃഷി ചെയ്തു ഉപജീവനം നയിക്കുകയും ചെയ്യുന്ന റവന്യൂ ഭൂമി പ്രദേശങ്ങളാണ് ഇ എസ് ഇസഡ് ആയി പ്രഖ്യാപിക്കുന്നതിന് നിർദേശിക്കുന്നത്. ഈ പരിസ്ഥിതിലോല പ്രദേശം കൊയിലാണ്ടി, താമരശേരി, വൈത്തിരി എന്നീ താലൂക്കുകളില്പ്പെടുന്ന ചെമ്പനോട, ചക്കിട്ടപ്പാറ, ചങ്ങരോത്ത്, പേരാമ്പ്ര, കൂരാച്ചുണ്ട്, കാന്തലാട്, കട്ടിപ്പാറ, കെടവൂർ, പുതുപ്പാടി, തരിയോട്, പൊഴുതന, അച്ചൂരാനം, കുന്നത്തിടവക എന്നീ 13 റവന്യൂ വില്ലേജുകളിലെ കാർഷിക മലയോര മേഖലകൾ പൂർണ്ണമായി ഇ എസ് ഇസഡിൽ വരുന്ന രീതിയിലാണ്.5500ൽ താഴെ ജനങ്ങൾ മാത്രമേ ഈ പ്രദേശങ്ങളിൽ നിലവിൽ താമസിക്കുന്നുള്ളൂ എന്നാണ് കരടിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ നാല്പത്തയ്യായിരത്തിലധികം ജനങ്ങളും വീടുകളും സ്ഥാപനങ്ങളും, ആരാധനാലയങ്ങളും കൂടാതെ റബർ, തേങ്ങ, കൊക്കോ, ഇഞ്ചി, കുരുമുളക്, കപ്പ തുടങ്ങിയ കൃഷികളും വളർത്തുമൃഗങ്ങളും ഈ സ്ഥലങ്ങളിൽ ഇപ്പോൾ ഉണ്ട് എന്ന് പരിശോധനയിൽ വ്യക്തമാകും. ഇതു മുഴുവൻ ഇടതൂർന്ന കൃഷിയിടങ്ങൾ ആണെന്നും റബ്ബർ തെങ്ങ് എന്നിവയാണ് ഇവിടുത്തെ പ്രധാന കൃഷിയെന്നും ജനങ്ങളുടെ വരുമാനമാർഗം കൃഷിയും,കൃഷി ചെയ്തിട്ടുള്ള കൂലിയുമാണെന്നും കരടിൽ തന്നെ പറയുന്നുണ്ട്. കേരളത്തിലെ മലയോരങ്ങളിലെ കർഷകരെയും മറ്റ് അനുബന്ധ മേഖലയിലെ ജനങ്ങളെയും കൃഷി മേഖലയെയും ബാധിക്കുന്ന ഈ വിഷയത്തിൽ സംസ്ഥാന സർക്കാറിന്റെ ഉദാസീനത അവസാനിപ്പിക്കാൻ അടിയന്തിരമായി കേന്ദ്രം ഇടപെടണമെന്നും നിലവിൽ ഇറക്കിയിരിക്കുന്ന കരട് വിജ്ഞാപനം നടപ്പാക്കുന്നതിൽ നിന്ന് ഗവൺമെന്റ് പിന്തിരിയണമെന്നും ജോയിന്റ് വെരിഫിക്കേഷൻ നടത്തി, അതിർത്തി കൃത്യത വരുത്തി, ബഫർസോൺ ഇ എസ് ഇസഡ് 50മീറ്ററിനുള്ളിലേക്ക് കുറച്ചു ജനങ്ങളെ രക്ഷിക്കണമെന്നും എം പി ആവശ്യപ്പെട്ടു.

ജില്ലയിൽ സൗജന്യ ഓണകിറ്റ് വിതരണം തുടങ്ങി 11,472 പേർ കൈപ്പറ്റി

കോഴിക്കോട്: കൊവിഡുമായി ബന്ധപ്പെട്ട് ആശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ വിതരണം ചെയ്യുന്ന സൗജന്യ ഓണകിറ്റ് വിതരണം ജില്ലയിൽ തുടങ്ങി. എ.എ.വൈ കാർഡുടമകൾക്കാണ് ആദ്യഘട്ടത്തിൽ കിറ്റുകൾ വിതരണം ചെയ്യുന്നത്. ജില്ലയിലെ ആകെയുള്ള 38,849 എ.എ.വൈ (മഞ്ഞ) കാർഡുടമകളിൽ 11,472 പേർ വ്യാഴാഴ്ച കിറ്റുകൾ കൈപ്പറ്റി. വെള്ളി, ഞായർ ദിവസങ്ങളിലും എ.എ.വൈ.കാർഡുടമകൾക്കുള്ള കിറ്റ് വിതരണം തുടരും. റേഷൻകടകൾ വഴിയാണ് കിറ്റുകൾ വിതരണം ചെയ്യുന്നത്.പഞ്ചസാര (1 കി.ഗ്രാം), ചെറുപയർ/വൻപയർ (500 ഗ്രാം), ശർക്കര (1 കി.ഗ്രാം), മുളക്പൊടി (100 ഗ്രാം), മല്ലിപ്പൊടി (100 ഗ്രാം). മഞ്ഞൾപ്പൊടി (100 ഗ്രാം), സാമ്പാർപൊടി (100 ഗ്രാം), വെളിച്ചണ്ണ (500 മി.ലി)/സൺഫ്ളവർ ഓയിൽ (1 ലി.), പപ്പടം (1 പാക്കറ്റ്), സേമിയ/പാലട (1 പാക്കറ്റ്), ഗോതമ്പ് നുറുക്ക് (1 കി. ഗ്രാം) എന്നീ 11 ഇനങ്ങൾ അടങ്ങുന്നതാണ് ഭക്ഷ്യവിഭവ കിറ്റ്. സപ്ലൈകോയുടെ നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിൽ തയ്യാറാക്കിയ കിറ്റുകൾ കഴിഞ്ഞ ദിവസം റേഷൻകടകളിൽ എത്തിച്ചിരുന്നു. ജില്ലയിൽ വിവിധ വിഭാഗങ്ങളിലായി 7,68,889 കാർഡുടമകൾക്കാണ് ഓണക്കാലത്ത് സർക്കാറിന്റെ സൗജന്യകിറ്റ് ലഭിക്കുക.പി.എച്ച്.എച്ച് (പിങ്ക്) റേഷൻ കാർഡുടമകൾക്ക് 19 മുതൽ 22 വരെയും നീല, വെള്ള കാർഡുടമകൾക്ക് ഓണത്തിന് മുമ്പായും കിറ്റ് വിതരണം ചെയ്യുമെന്ന് ജില്ലാ സപ്ലൈ ഓഫീസർ അറിയിച്ചു. കിറ്റ് വിതരണം നടക്കുന്നതിനാൽ ഞായറാഴ്ചത്തെ സമ്പൂർണ ലോക്ഡൗണിൽ നിന്ന് റേഷൻ കടകളെ ഒഴിവാക്കിയതായി ജില്ലാ കലക്റ്റർ അറിയിച്ചിട്ടുണ്ട്.

ശോചനീയാവസ്ഥയിലായ കുയ്യാലി പാലം

പാലം അപകടാവസ്ഥയിൽ; അധികൃതർ സ്ഥലം സന്ദർശിച്ചു

തലശേരി : കുയ്യാലി പാലത്തിന്റെ പുഴയിലെ തൂണിന്റെ കോൺക്രീറ്റടക്കം ഇളകി അപകടാവസ്ഥയിൽ. ഭാരമേറിയ വാഹനങ്ങൾ കടന്ന് പോകുമ്പോൾ കോൺക്രീറ്റ് പാളികൾ ഇളകിയാടുകയാണ്. പലയിടത്തും കോൺക്രീറ്റ് കമ്പികൾ പുറത്തായ നിലയിലാണ്.കൊളശേരി തലശേരി ഭാഗത്തേക്കായി നിത്യേന ആയിരത്തിലധികം വാഹനങ്ങൾ കടന്ന് പോകുന്ന പാലമാണിത്. അമിതഭാരം പേറിയാണ് പാലം നിലനില്ക്കുന്നത്. അഡ്വ. എ. എൻ ഷംസീർ എം.എൽ.എ, അസി. എഞ്ചിനീയർ വിന്ധ്യ, അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കമലാസനൻ, വാർഡ് കൗൺസിലർ സി. ദിവാകരൻ തുടങ്ങിയവർ ഇന്നലെ പാലം സന്ദർശിച്ചു. ഏകദേശം 60 വർഷത്തെ പഴക്കമാണ് പാലത്തിനുള്ളത്.തകർച്ച നേരിടാൻ തുടങ്ങിയിട്ട് വർഷങ്ങളായി2017ൽ താലൂക്ക് വികസന സമിതി യോഗത്തിൽ പുതിയ കുയ്യാലി പാലം ചർച്ചയായിരുന്നു. തുടർ നടപടികൾ ഒന്നും ഉണ്ടായില്ല. ഒരേ സമയം വാഹനങ്ങൾക്ക് കഷ്ടിച്ച് പോകാനുള്ള വീതിയേ പാലത്തിനുള്ള റെയിൽവേ ഗേറ്റ് അടയ്ക്കുമ്പോൾ പാലത്തിലേക്കാണ് വാഹനങ്ങളുടെ നിരയാണ് .പലപ്പോഴും വാഹനങ്ങൾ റെയിൽവേ ഗേറ്റിൽ കുടുങ്ങുന്നത് പതിവാണ്. പുതിയ പാലത്തിനായുള്ള ആവശ്യം ഉയരാൻ തുടങ്ങി തുടങ്ങിയിട്ട് വർഷങ്ങളായി.

കർഷകന്റെ കസ്റ്റഡി മരണം; ചിങ്ങം ഒന്നിന് ഉപവാസ സമരം നടത്തും

പേരാമ്പ്ര: ജൂലായ് 28 ന് വീട്ടിൽ നിന്നും പത്തനംതിട്ട ചിറ്റാർ ഫോറെസ്റ്റ് റേഞ്ച് ഡെപ്യൂട്ടി ഓഫീസറും ഏഴു പേരടങ്ങുന്ന ഉദ്യോഗസ്ഥരും കസ്റ്റഡിയിൽ എടുത്ത കർഷകൻ കുടപ്പനക്കുളം പടിഞ്ഞാറേ ചെരുവിൽ പി.വി മത്തായിയെ കിണറ്റിൽ മരിച്ചനിലയിൽ കണ്ട സംഭവത്തിൽ വനം വകുപ്പ് ഉദ്യോഗസ്ഥരെ രക്ഷിക്കാൻ മുഖ്യമന്ത്രി ശ്രമിക്കുകയാണെന്ന് ആരോപിച്ച് ചിങ്ങം ഒന്ന് കർഷകദിനത്തിൽ ഉപവാസം നടത്താൻ മലയോര കർഷക ആക്ഷൻ കമ്മിറ്റി ഓൺലൈൻ യോഗം തീരുമാനിച്ചു.വീട്ടിൽ നിന്നും മത്തായിയെ ബലമായി പിടിച്ചു കൊണ്ട് പോയതിന് അമ്മയും ഭാര്യയും മക്കളും അയൽവാസികളുമടക്കം ദൃസാക്ഷികൾ ആണ്. വനം വകുപ്പ് ഉദ്യോഗസ്ഥർക്കെതിരെ കേസെടുക്കാൻ തെളിവില്ലെന്നാണ് പൊലീസ് പറയുന്നത്. നീതിക്കി വേണ്ടി മത്തായിയുടെ കുടുംബം മൃതദേഹം സംസ്കരിക്കാതെ പതിനഞ്ച് ദിവസത്തിലധികമായ് മോർച്ചറിയിൽ സൂക്ഷിച്ച് സമരം നടത്തുകയാണ്. കൊലപാതകികളെ അറസ്റ്റ് ചെയ്യാൻ മുഖ്യമന്ത്രി നിർദ്ദേശം നൽകണം. മലയോര കർഷക ആക്ഷൻ കമ്മിറ്റി സംസ്ഥാന ചെയർമാൻ ഓ.ഡി തോമസ് അധ്യക്ഷം വഹിച്ചു. കെ.ആർ അശോകൻ, ജോയ് കരുമത്തിൽ, ബാബു തിരുവമ്പാടി, അബ്ദുൽ അസീസ്, ജമീല ചേരിക്കതോട്ടത്തിൽ, ജോൺ തൊട്ടിൽപ്പാലം, മേരി ഒറ്റപ്ലാക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

ജില്ലയിലെ ജയിലുകളിൽ വെർച്ച്വൽ ലീഗൽ എയ്ഡ് ക്ലിനിക്ക്

മഞ്ചേരി : ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ജില്ലയിലെ ജയിലുകളിൽ വെർച്ച്വൽ ലീഗൽ എയ്ഡ് ക്ലിനിക്കുകൾ പ്രവർത്തനമാരംഭിച്ചു. തടവുകാർക്കു സൗജന്യമായി നിയമ സേവനങ്ങൾ ലഭ്യമാക്കുക എന്നതാണ് ക്ലിനിക്കുകളുടെ ലക്ഷ്യം. നേരത്തെയുണ്ടായിരുന്ന ലീഗൽ എയ്ഡ് ക്ലിനിക്കുകളുടെ പ്രവർത്തനം കൊവിഡ് പശ്ചാത്തലത്തിൽ നിലച്ചു പോയതിനാലാണ് വെർച്ച്വൽ രീതിയിൽ ക്ലിനിക്കുകൾ പുനരാരംഭിച്ചത്. കേരളത്തിൽ ഇത്തരത്തിലുള്ള ആദ്യ സംരംഭമാണിത്. ക്ലിനിക്കിന്റെ ഉദ്ഘാടനം കെൽസ മെമ്പർ സെക്രട്ടറി കെ ടി നിസാർ അഹമ്മദ് നിർവഹിച്ചു. ജില്ലാ ജഡ്ജ് കെ പി ജോൺ ആമുഖ പ്രഭാഷണം നടത്തി. ഋഷിരാജ് സിങ് ഐ.പി.എസ്. ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തി. ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി കെ പ്രിയ സ്വാഗതവും ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് ഉദയ് കുമാർ നന്ദിയും പറഞ്ഞു. ജില്ലയിലെ ന്യായാധിപന്മാർ, അഭിഭാഷകർ, ജയിൽ സൂപ്രണ്ടുമാർ, പാരാ ലിഗൽ വൊളന്റിയർമാർ, കോടതി ജീവനക്കാർ പങ്കെടുത്തു.

മഞ്ചേരിയിൽ ഇന്നലെയുണ്ടായ അഗ്നിബാധ

നഗരത്തിൽ തീപ്പിടുത്തം : വൻദുരന്തം ഒഴിവായി

മഞ്ചേരി : ഇന്റസ്ട്രിയൽ എസ്റ്റേറ്റ് റോഡിൽ ഗേൾസ് ഹൈസ്കൂളിനു സമീപം പ്രവർത്തിക്കുന്ന ഇരുമ്പു കടയിൽ തീപ്പിടുത്തം. അഗ്നിസുരക്ഷാ സേനയുടെ അവസരോചിത ഇടപെടൽ വൻദുരന്തം ഒഴിവായി. ഇന്നലെ ഉച്ചക്ക് ഒന്നര മണിയോടെ പി മൊയ്തീൻകുട്ടിയുടെ ഉടമസ്ഥതയിലുള്ള മിഡ്ലാന്റ് മെറ്റൽസിലാണ് സംഭവം. കെട്ടിടത്തിന്റെ ഇലക്ട്രിക് പാനൽ ബോർഡിൽ നിന്നുമുണ്ടായ ഷോർട് സർക്യൂട്ടാണ് അഗ്നി ബാധക്ക് കാരണമെന്ന് കരുതുന്നു. ഉടൻ മഞ്ചേരി അഗ്നിസുരക്ഷാ സേന സീനിയർ ഓഫീസർ എം അബ്ദുൽകരീമിന്റെ നേതൃത്വത്തിലെത്തിയ സംഘം തീയണയ്ക്കുകയായിരുന്നു. സ്റ്റേഷൻ ഓഫീസർമാരാ വി സി രഘുരാജ്, അരുൺ, ജയ്കിഷ്, ഹോംഗാർഡുമാരായ രാജേഷ്, കെ ബിനീഷ് നേതൃത്വം നൽകി.

ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ തകർച്ച :

നിവേദനം നൽകും

മഞ്ചേരി : കൊവിഡ്-19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായുള്ള ലോക്ഡൗൺ പ്രഖ്യാപന ശേഷം കേരളത്തിലെ ലൈറ്റ് ആന്റ് സൗണ്ട് അടക്കമുള്ള വാടക സാധന വിതരണ സ്ഥാപനങ്ങൾ രൂക്ഷമായ പ്രതിസന്ധിയിൽ. സംസ്ഥാനത്ത് 16500 ലേറെ സ്ഥാപനങ്ങളാണ് പൂട്ടിയത്. ഇത് പന്തൽ, ഡെക്കറേഷൻ, ലൈറ്റ് & സൗണ്ട്, മറ്റു വാടക സാധന വിതരണം ചെയ്ത് ജീവിക്കുന്ന രണ്ടു ലക്ഷത്തിലേറെ പേരുടെ ഉപജീവന മാർഗ്ഗമാണ് ഇല്ലാതാക്കിയത്. മേഖലയെ സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാനത്തെ എല്ലാ നിയമസഭാ, പാർലമെന്റ്, രാജ്യ സഭാ അംഗങ്ങൾക്കും നിവേദനം നൽകുമെന്ന് കേരള സ്റ്റേറ്റ് ഹയർ ഗുഡ്സ് ഓണേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മറ്റി പറഞ്ഞു. അതതു ജില്ലാ കമ്മറ്റി ഭാരവാഹികളുടെ നേതൃത്വത്തിൽ ഈ മാസം 15ന് നിവേദനം നൽകും.

മാലിന്യം തള്ളിയ നിലയിൽ

തേഞ്ഞിപ്പലം: ദേശീയ പാത കോഹിനൂരിൽ മാലിന്യം തള്ളിയ നിലയിൽ. ദേശീയപാതയിലെ കോ ഹിനൂർ ഇറക്കത്തിൽ 25-ൽ പരം ചാക്കുകളിൽ നിറച്ച മാലിന്യ മാണ് അനധികൃതമായി പൊതുജന ആരോഗ്യത്തെ ബാധിക്കുന്ന വിധത്തിൽ നിക്ഷേപിച്ചിരിക്കുന്നത്. രാത്രിയുടെ മറവിൽ ഏതോ സാമൂഹ്യ ദ്രോഹികളാണ് മാലിന്യം തള്ളിയതായ് നാട്ടുകാരുടെ ആക്ഷേപം. മലിന്യം തള്ളിയവർക്കെതിരെ ശക്തമായ നടപടി വേണമെന്ന് നാട്ടുകാഭടെ ആവശ്യം ശക്തമാണ്.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No. 220 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് സ്വാതന്ത്ര ദിനാഘോഷത്തിനുള്ള പരേഡിൽ പങ്കെടുക്കാനുള്ള വനിതാ പൊലീസ് പരിശീലനത്തിൽ / കെ.കെ. നജീബ്

ശക്തൻ പച്ചക്കറി മാർക്കറ്റ് 15 ന് ശേഷം തുറക്കും

തൃശൂർ : കൊവിഡ് 19 സമൂഹവ്യാപന പ്രതിരോധത്തിന്റെ ഭാഗമായി അടച്ചിട്ട ശക്തൻ പച്ചക്കറി മാർക്കറ്റ് 15 ന് ശേഷം തുറക്കാൻ തീരുമാനം. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി എ സി മൊയ്തീന്റെ സാന്നിദ്ധ്യത്തിൽ ചേർന്ന വ്യാപാരി-തൊഴിലാളി പ്രതിനിധികളുടെ യോഗത്തിലാണ് ഇക്കാര്യം തീരുമാനിച്ചത്. മാർക്കറ്റ് കമ്മറ്റി രൂപീകരിച്ച ശേഷം വ്യാപാരികളുടെയും തൊഴിലാളികളുടെ പട്ടിക തയ്യാറാക്കി അധികാരികൾക്ക് സമർപ്പിക്കും. അതിന് ശേഷം നിബന്ധനകൾക്ക് വിധേയമാണ് പച്ചക്കറി മാർക്കറ്റ് തുറക്കുക. മേയർ, ജില്ലാ കലക്റ്റർ, സിറ്റി കമ്മീഷണർ, ഡിഎംഒ, വ്യാപാരി-തൊഴിലാളി പ്രതിനിധികൾ എന്നിവരടങ്ങിയ കമ്മിറ്റി ഒരുക്കങ്ങൾ വിലയിരുത്തിയതിന് ശേഷം മാത്രമാവും പച്ചക്കറിമാർക്കറ്റ് തുറക്കുക. ആദ്യഘട്ടത്തിൽ പച്ചക്കറി മാർക്കറ്റ് മാത്രമാണ് തുറക്കുക. ഇതിന്റെ പ്രവർത്തനങ്ങളും തിരക്കും പരിശോധിച്ച് അനുകൂല സാഹചര്യമാണെങ്കിൽ വരും ദിവസങ്ങളിൽ മത്സ്യ-ഇറച്ചി മാർക്കറ്റുകളും തുറക്കും.കർശനം നിബന്ധനകളുടെയാവും മാർക്കറ്റിന്റെ പ്രവർത്തനം.കടകളുടെ എണ്ണവും തൊഴിലാളികളുടെ എണ്ണവും പരിമിതപ്പെടുത്തും. കൊവിഡ് പരിശോധന കഴിഞ്ഞ് ഫലം നെഗറ്റീവ് ആയ വ്യാപാരികളേയും തൊഴിലാളികളേയ മാത്രമേ മാർക്കറ്റിലേക്ക് വരാൻ അനുവദിക്കുക. പൊലീസ്, വ്യാപാരി-തൊഴിലാളി സംഘടനാ പ്രതിനിധികൾ, വൊളന്റിയർമാർ എന്നിവരുൾപ്പെട്ട ക്ലോസ്ഡ് വാച്ച് ഗ്രൂപ്പിന്റെ നിരീക്ഷണത്തിലാവും മാർക്കറ്റിന്റെ പ്രവർത്തനം. ഇതരസംസ്ഥാനത്ത് നിന്നുള്ള ചരക്ക് സാധനങ്ങൾക്ക് ചരക്കിറക്കാൻ സമയക്രമം ഏർപ്പെടുത്തും. ചെറുകിട മാർക്കറ്റുകളിലേക്കുള്ള പച്ചക്കറി വിതരണത്തിലും നിയന്ത്രണങ്ങളുണ്ടാവും. അനൗൺസ്മെന്റിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തും. 60 വയസ് കഴിഞ്ഞവരെ മാർക്കറ്റിനകത്ത് അനുവദിക്കില്ല. മാർക്കറ്റ് കമ്മിറ്റി നൽകുന്ന വിശദമായ നിർദ്ദേശങ്ങൾ പരിഗണിച്ചാണ് മാർക്കറ്റ് തുറക്കുന്ന കാര്യം തീരുമാനിക്കുക. തൊഴിലാളികൾക്കും വ്യാപാരികൾക്കും ചുമട്ട് തൊഴിലാളികൾക്കും പ്രത്യേക തിരിച്ചറിയൽ കാർഡ് അനുവദിക്കും. ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കും.ക്വാറന്റൈനിൽ ഇരിക്കേണ്ട ചില വ്യാപാരികൾ ജില്ലയുടെ മറ്റ് ഭാഗങ്ങളിൽ പോയി കച്ചവടം നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും അത്തർക്കാർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി എ സി മൊയ്തീൻ പറഞ്ഞു. വഴിയോര തട്ടുകടകളും ആദ്യഘട്ടത്തിൽ അനുവദിക്കില്ല. ശക്തൻമാർക്കറ്റ് കേന്ദ്രീകരിച്ച് വ്യാപാരികൾക്കും തൊഴിലാളികൾക്കും മാത്രമായി ആവശ്യമെങ്കിൽ പ്രത്യേക ക്വാറന്റീൻ സൗകര്യം ഏർപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. സമൂഹവ്യാപനം കുറയ്ക്കാൻ ഇതുപകരിക്കുമെന്നും അദ്ദേഹം സൂചിപ്പിച്ചു. യോഗത്തിൽ ഗവ. ചീഫ് വിപ്പ് അഡ്വ. കെ രാജൻ, മേയർ അജിത ജയരാജൻ, സിറ്റി പൊലീസ് കമ്മീഷണർ ആർ ആദിത്യ, ഡിഎംഒ ഡോ. കെ ജെ റീന, ഡിഎസ്ഒ ടി അയ്യപ്പദാസ്, വ്യാപാരി-തൊഴിലാളി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.

ആന്റിജൻ ടെസ്റ്റ് നടത്തി

പുന്നയൂർക്കുളം: വടക്കേക്കാട് സി എച്ച് സി യുടെയും പുന്നയൂർ പി എച്ച് സി യുടെയും സംയുക്ത ആഭിമുഖ്യത്തിൽ പുന്നയൂർ പഞ്ചായത്തിലെ സാമൂഹിക മേഖലകളിൽ പ്രവർത്തിക്കുന്നവരെയും മൈക്രോ ഫിനാൻസ് മേഖലകളിൽ പ്രവർത്തിക്കുന്നവർക്കും സെന്റിനൽ സർവേയുടെ ഭാഗമായി ആന്റിജൻ ടെസ്റ്റ് നടത്തി. പുന്നയൂർ പി എച്ച് സി മെഡിക്കൽ ഓഫീസർ ഡോക്ടർ നിദ, ഡോക്ടർ കൃഷ്ണ എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന നടത്തിയത്. പുന്നയൂർ പഞ്ചായത്ത് പ്രസിഡന്റ് ബുഷറ കുന്നമ്പത്, വൈസ് പ്രസിഡന്റ് ഐ പി രാജേന്ദ്രൻ, മറ്റു മെമ്പർമാരും, ഹോമിയോ ഡോക്ടർ ജ്യോതി, ആയുർവേദ ഡോക്ടർ രാഗി, എന്നിവർ അടക്കം 119 പേരെ ടെസ്റ്റ് നടത്തിയതിൽ എല്ലാവരുടെയും ഫലം നെഗറ്റീവാണ്.

ധർണ നടത്തി

മാള: ഇഐഎ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട് എൽജെഡി കൊടുങ്ങല്ലൂർ നിയോജകമണ്ഡലം പ്രവർത്തകർ വിവിധ കേന്ദ്രങ്ങളിൽ ധർണ നടത്തി. മാളയിൽ നിയോജകമണ്ഡലം പ്രസിഡന്റ് ഡേവിസ് കണ്ണമ്പിള്ളി അധ്യക്ഷനായിരുന്നു. സംസ്ഥാന കൗൺസിൽ അംഗം കെ.സി.വർഗീസ് ഉദ്ഘാടനം ചെയ്തു. പുത്തൻചിറയിൽ പി.സി ബാബു, കൊടുങ്ങല്ലൂരിൽ സി.ആർ.ഉണ്ണികൃഷ്ണൻ, വെള്ളാങ്കല്ലൂരിൽ കെ.എം ഹരിലാൽ, കുഴൂർ വിലശ്ശേരിയിൽ ജോർജ് കുരിയാപ്പിള്ളി, അഷ്ടമിച്ചിറയിൽ ജീ മോഹൻദാസ്, കുഴൂരിൽ ജോയി പൂവേലി, അന്നമനടയിൽ കെ.പി.ബിജു, മാമ്പ്രയിൽ ടി.കെ വാസു, പൊയ്യയിൽ കെ.പി. ഫ്രാൻസിസ് എന്നിവർ നേതൃത്വം നൽകി.

ഇല്ലംനിറ നടത്തി

കുന്നംകുളം: പുതുശ്ശേരി അയ്യംകുളങ്ങര ഭഗവതി ക്ഷേത്രത്തിൽ ഇല്ലംനിറ നടന്നു. വ്യാഴാഴ്ച രാവിലെ പുതുശേരി പാടശേഖരത്തിൽ ആൽത്തറയിൽ ലെത്തിച്ച കതിർ കറ്റകൾ പ്രത്യേക പൂജകൾക്ക് ശേഷം ക്ഷേത്രം മേൽശാന്തി പട്ടം ഇല്ലത്ത് ഭേശ് ഭട്ട് തലയിലേറ്റി പ്രദക്ഷിണത്തിനു ശേഷം ക്ഷേത്രത്തിലെത്തിച്ചു. വിശേഷാൽ പൂജകൾക്കു ശേഷം നെൽക്കതിരുകൾ ഭക്തർക്ക് വീടുകളിലേക്ക് കൊണ്ടുപോകുന്നതിനായി വിതരണം ചെയ്തു. ഇല്ലം നിറയോടനുബന്ധിച്ചുള്ള തൃപ്പുത്തരി പായസ വിതരണം ഞായറാഴ്ച നടക്കും. കൊവിഡ് പ്രോട്ടോക്കോൾ പാലിച്ചു കൊണ്ടാണ് ക്ഷേത്രത്തിൽ ഇല്ലംനിറയുടെ ചടങ്ങുകൾ നടത്തിയത്. ക്ഷേത്രം പ്രസിഡണ്ട് ചന്ദ്രശേഖരൻ പുതുശ്ശേരി, സെക്രട്ടറി യു.കെ.ബിനീഷ് തുടങ്ങിയവർ നേതൃത്വം നൽകി.

ആര്യ അരവിന്ദിന് ആദരം

കേച്ചേരി: ഗിന്നസ് റെക്കോർഡ് നേടിയ ആര്യ അരവിന്ദിന് ആദരവുമായി ആളൂർ യുവജന സമാജം വായനശാല പ്രവർത്തകർ.പുവേഴ്സ് ചാനൽ സംപ്രേഷണം ചെയ്ത കോമഡി ഉത്സവം ഷോയുടെ ഭാഗമായി ഗിന്നസ് വേൾഡ് റെക്കോഡിൽ ഇടം നേടിയ ആളൂർ സ്വദേശിനി ആര്യ അരവിന്ദിനെ, യുവജന സമാജം വായനശാലയുടെ നേതൃത്വത്തിൽ ആദരിച്ചു. വായനശാല ഹാളിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് നടന്ന ചടങ്ങിൽ വായനശാല പ്രസിഡണ്ട് വടക്കുമ്പാട് നാരായണൻ മാഷ് ആര്യ അരവിന്ദിന് ഉപഹാരം നൽകി ആദരിച്ചു. ഗ്രാമപഞ്ചായത്ത് അംഗവും വായനശാല സെക്രട്ടറിയുമായ എ.കെ.സതീഷ്, അഡ്വ . സിന്ധു ഷാജു, രമേഷ് പാമ്പുംപടിക്കൽ എന്നിവർ സംസാരിച്ചു.

തിരുന്നാളിന് കൊടിയേറി

കുന്നംകുളം: കുന്നമൂച്ചി സെന്റ് ഫ്രാൻസിസ് സേവിയേഴ്സ് ദേവാലയത്തിലെ സംയുക്ത തിരുന്നാളിന് കൊടിയേറി. ഇടവക മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് സേവിയറിന്റെയും പരിശുദ്ധ കന്യാമറിയത്തിന്റെ സ്വർഗാരോഹണ തിരുനാളിന്റെയും കൊടിയേറ്റമാണ് നടന്നത്. ആഗസ്ത് 14, 15 തിയ്യതികളിലാണ് തിരുന്നാൾ ആഘോഷിക്കുന്നത്. വ്യാഴാഴ്ച നടന്ന ചടങ്ങിൽ വികാരി ഫാ.ഫ്രാൻസിസ് മുട്ടത്ത് തിരുനാൾ ആഘോഷത്തിന് തുടക്കം കുറിച്ചു കൊണ്ട് കൊടിയേറ്റം നിർവ്വഹിച്ചു. തുടർന്ന് ദിവ്യബലി , ലദീഞ്ഞ്, നൊവേന എന്നിവ നടന്നു. വെള്ളിയാഴ്ച രാവിലെ ലദീഞ്ഞ്, നൊവേന, ദിവ്യബലി എന്നിവക്കു ശേഷം, വിശ്വാസികൾക്ക് തിരുസ്വരൂപം വണങ്ങാനുള്ള സൗകര്യം ഒരുക്കും. തിരുന്നാൾ ദിവസം രാവിലെ 6.30 നും 8.30 നും ദിവ്യബലിയും,10.30 ന് ആഘോഷമായ പാട്ടു കുർബ്ബാനയും നടക്കും. ഇടവക വികാരി ഫാ.ഫ്രാൻസിസ് മുട്ടത്ത് മുഖ്യ കാർമികനാകും. തിരുനാൾ ചടങ്ങുകൾക്ക്, കൈക്കാരൻമാരായ ടി.എൽ.ജെയ്സൺ, ടി.ജെ. വിൻസെന്റ്, എ.എൽ.ജെയിംസ്, കെ.ടി. ഫ്രാൻസിസ്,കുടുംബ കൂട്ടായ്മ കേന്ദ്രസമിതി കൺവീനർ പി. വി. തോമസ്, സെക്രട്ടറി ഷാജു തരകൻ,,പ്രതിനിധി സെക്രട്ടറി കെ.എൽ. ഡേവിസ് എന്നിവർ നേതൃത്വം നല്കുന്ന കമ്മിറ്റിയും, നേതൃത്വം നല്കും.

ചാപ്പാറയിൽ അർബൻ ഹെൽത്ത് സബ് സെന്റർ തുറന്നു

കൊടുങ്ങല്ലൂർ: നഗരസഭയിലെ ചാപ്പാറയിൽ അർബൻ ഹെൽത്ത് സബ് സെന്റർ തുറന്നു. മുൻ നഗരസഭ ചെയർമാൻ പി.എ.ഗോപിയുടെ പേരാണ് സബ് സെന്ററിന് നൽകിയിട്ടുള്ളത്. ഇവിടെ ഒരു ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സിനെ നിയമിച്ചിട്ടുണ്ട്. കുഞ്ഞുങ്ങൾക്ക് പ്രതിരോധ മരുന്നുകൾ, കുത്തിവെപ്പുകൾ, വയോജനങ്ങൾക്കുള്ള പരിശോധനകൾ,മരുന്നുകൾ, ഗർഭിണികൾക്ക് പരിശോധനകൾ, നിർദ്ദേശങ്ങൾ, ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നു വിതരണം, കൗമാര പ്രായക്കാർക്ക് ബോധവൽക്കരണം, ആർഎസ്ബിവൈ രജിസ്ട്രേഷൻ, വാർഡിലെ ആശാ പ്രവർത്തകയുടെ സേവനങ്ങൾ തുടങ്ങി ധാരാളം സേവനങ്ങൾ ഇവിടെ ലഭ്യമാകും. ഏഴ് സബ് സെന്ററുകളാണ് നഗരസഭയിൽ ഇപ്പോൾ ആരംഭിക്കുന്നത്. മൂന്നെണ്ണം ലോകമലേശ്വരം വില്ലേജിലും നാലെണ്ണം പുല്ലൂറ്റ് വില്ലേജിലും. താലൂക്ക് ആശുപത്രിയിലേയ്ക്ക് വരാതെ തന്നെ ജനങ്ങൾക്ക് വിവിധ സേവനങ്ങൾ സബ് സെന്ററുകളിൽ ലഭിക്കുമെന്നതാണ് ഇതിന്റെ സവിശേഷത. ചാപ്പാറയിൽ സെന്ററിന്റെ ഉദ്ഘാടനം അഡ്വ.വി.ആർ സുനിൽ കുമാർ എം എൽ എ നിർവ്വഹിച്ചു.

സർക്കാർ മാലിന്യ സംസ്കരണത്തിന് പുതിയരീതി സ്വീകരിച്ചു: ധനമന്ത്രി ഡോ. തോമസ് ഐസക്ക്

കുന്നംകുളം: മാലിന്യ നിർമാർജനത്തിലും മാലിന്യ സംസ്കരണത്തിലും തദ്ദേശ സ്ഥാപനങ്ങൾ പുതിയ രീതി സ്വീകരിച്ചെന്ന് ധനകാര്യ വകുപ്പു മന്ത്രി ഡോ. ടി എം തോമസ് ഐസക്. കുന്നംകുളം നഗരസഭ കുറുക്കൻപാറ - ഗ്രീൻ പാർക്ക് മാലിന്യ സംസ്കരണ സമുച്ചയത്തിന്റെ ഉദ്ഘാടനം വീഡിയോ കോൺഫറൻസിലൂടെ നിർവഹിക്കുകയായിരുന്നു ധനമന്ത്രി.എൽ ഡി എഫ് സർക്കാർ അധികാരത്തിൽ വന്നതോടെ കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യ നിർമാർജന രംഗത്ത് ഉചിതവും സാങ്കേതികവുമായ പദ്ധതികളാണ് വികസിപ്പിച്ചെടുത്തത്. മാലിന്യ നിർമാർജനത്തിലും സംസ്കരണത്തിലുമെല്ലാം ജനകീയമായ ഇടപെടലുകൾ നടത്തിയാണ് ഇതുണ്ടായത്. മാലിന്യ നിർമാർജനത്തിലൂടെ തൊഴിൽപരമായ നേട്ടങ്ങളുണ്ടാക്കാനും സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.മാലിന്യ ശേഖരണവും സംസ്കരണവുമെല്ലാം സംരംഭകത്വ അടിസ്ഥാനത്തിൽ വികസിപ്പിച്ച് ലാഭകരമായ വിപണന സാധ്യതയും തേടണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കുന്നംകുളം നഗരസഭ കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി എ സി മൊയ്തീൻ അധ്യക്ഷത വഹിച്ചു. ഹരിത കേരള മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൻ ടി എൻ സീമ , തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശാരദ മുരളീധരൻ എന്നിവർ വീഡിയോ കോൺഫറൻസിലൂടെ പങ്കെടുത്തു.കുന്നംകുളം നഗരസഭ ചെയർപേഴ്സൻ സീതാ രവീന്ദ്രൻ, നഗരസഭ മാലിന്യ സംസ്കരണ അംബാസിഡർ വി കെ ശ്രീരാമൻ, നഗരസഭ വൈസ് ചെയർമാൻ പി എം സുരേഷ്, സ്ഥിരം സമിതി അധ്യക്ഷന്മാർ, കൗൺസിലർമാർ, ഐ ആർ ടി സി ഡയറക്ടർ ഡോ. എസ് ശ്രീകുമാർ തുടങ്ങിയവർ സംസാരിച്ചു. നഗരസഭ ഹെൽത്ത് സൂപ്പർവൈസർ കെ എസ് ലക്ഷ്മണൻ റിപ്പോർട്ട് അവതരിപ്പിച്ചു.

ചാലക്കുടിയിൽ രോഗികൾ വർധിക്കുന്നു

ചാലക്കുടി:കൊറോണ രോഗികളുടെ എണ്ണം ചാലക്കുടിയിൽ വർധിക്കുന്നു.പൊലീസ് കടുത്ത നടപടികളിലേക്ക്.കഴിഞ്ഞ ദിവസം കൊറോണയെ തുടർന്ന് കോട്ടാറ്റ് സ്വദേശിയായ ചായക്കടക്കാരന് എവിടെ നിന്ന് രോഗം വന്നു എന്നറിയുവാൻ കഴിഞ്ഞിട്ടില്ല. ചുമട്ടു തൊഴിലാളിയുടേയും മറ്റും സമ്പർക്കത്തിലും രോഗം പടരുന്നതിനാൽ കുടുതൽ വാർഡുകളിൽ അതി നിയന്ത്രണം ഏർപ്പെടുത്തി. കോട്ടാറ്റ് 27,28,പൂർണ്ണമായും, 14,20,21 വാർഡുകളിൽ മാർക്കറ്റുമായി ചേർന്ന് കിടക്കുന്ന മുഴുവൻ കടകളും അതി നിയന്ത്രണത്തിന്റെ ഭാഗമായി നിയന്ത്രണം ഏർപ്പെടുത്തി. കൊരട്ടി പഞ്ചായത്തിന്റെ 1, 19 വാർഡുകളിൽ കുടുതൽ മേഖലയിലേക്കും നിയന്ത്രണം ഏർപ്പെടുത്തി.

പ്രോസിക്യൂട്ടർ നിയമന തർക്കം: കുന്നംകുളം പോക്സോ കോടതി പ്രവർത്തനം ഉദ്ഘാടനത്തിലൊതുങ്ങി

കുന്നംകുളം: സ്പെഷ്യൽ പബ്ലിക്ക് പ്രോസിക്യൂട്ടർ നിയമന തർക്കത്തെ തുടർന്ന് സംസ്ഥാന സർക്കാരിന്റെയും മന്ത്രി എ സി മൊയ്തീന്റെയും വികസന നേട്ടമായി ഉയർത്തിക്കാട്ടി മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത കുന്നംകുളം പോക്സോ കോടതിയുടെ പ്രവർത്തനം ഉദ്ഘാടനത്തിലൊതുങ്ങി. പബ്ലിക്ക് പ്രോസിക്യൂട്ടറെ നിയമിക്കുന്നതിന് ചൊല്ലി സി പി എമ്മിൽ നിലനിൽക്കുന്ന തർക്കമാണ് കോടതി പ്രവർത്തനം ആരംഭിക്കാൻ തടസമായിട്ടുള്ളത്. ജൂൺ 30 നാണ് സംസ്ഥാനത്തെ നിർമ്മാണം പൂർത്തീകരിച്ച് വിവിധ ജില്ലകളിലെ പോക്സോ കോടതികൾ ചീഫ് ജസ്റ്റിസും മുഖ്യമന്ത്രിയും സംയുക്തമായി വീഡിയോ കോൺഫറൻസ് വഴി ഉദ്ഘാടനം ചെയ്തത്. പ്രവർത്തനമാരംഭിക്കാൻ പോകുന്ന സംസ്ഥാനത്തെ പോക്സോ കോടതികളിൽ ഉൾപ്പെടെ സംസ്ഥാനത്ത് ഒമ്പത് പേരെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ മാരായി സർക്കാർ നിയമിച്ചിരുന്നു. എന്നാൽ കുന്നംകുളത്തു മാത്രം ഇതുവരെയും പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചിട്ടില്ല.പോക്സോ കേസുകൾ വളരെ വേഗം വിചാരണ ചെയ്ത് മാസത്തിൽ 15 കേസുകളിൽ വിധി പറയണമെന്ന് ഹൈക്കോടതി നിർദേശം നിലനിൽക്കുമ്പോഴാണ് പബ്ലിക്ക് പ്രോസിക്യൂട്ടർ നിയമന തർക്കം മൂലം കോടതി പ്രവർത്തിക്കാൻ കഴിയാതെ തടസപ്പെട്ട് കിടക്കുന്നത്.സിപിഎം അനുഭാവികളായ നിരവധി അഭിഭാഷകർ സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടറാകാൻ രംഗത്ത് വന്നതോടെയാണ് ആരെ നിയമിക്കണമെന്ന തർക്കത്തെ തുടർന്ന് നിയമനം വീണ്ടും പോകുന്നത്. കുന്നംകുളം ഫസ്റ്റ് ട്രാക്ക് പോക്സോ കോടതി ജഡ്ജിയായി എ.പി ഷിബുവിനെ സർക്കാർ നിയമിച്ചിരുന്നു. അദേഹം ഔദ്യോഗികമായി ചുമതല ഏറ്റെടുത്തെങ്കിലും ഇതുവരെയും പോക്സോ കേസുകൾ വിചാരണക്കെടുക്കുവാൻ കഴിഞ്ഞിട്ടില്ല. നിരവധി കേസുകൾ കുന്നംകുളം പോക്സോ കോടതിയിലേക്ക് മാറ്റിയിട്ടുണ്ടെങ്കിലും പബ്ലിക് പ്രോസിക്യൂട്ടർ ഇല്ലാത്ത സാഹചര്യത്തിൽ കോടതി നടപടികൾ കുരുങ്ങി കിടക്കുകയാണ്. അതേസമയം കുന്നംകുളം പോക്സോ കോടതിയിൽ തൃശൂർ കോടതിയിലുള്ള അഭിഭാഷക ലിജിക്കാണ് പബ്ലിക് പ്രോസിക്യൂട്ടറിന്റെ ചാർജ്ജ് നൽകിയിട്ടുള്ളത്. എന്നാൽ ജില്ലാ കോടതിയിൽ നിരവധി കേസുകളിൽ ഹാജരാകേണ്ടത് കൊണ്ട് അവർക്ക് കുന്നംകുളം കോടതിയിൽ ഹാജരാക്കാൽ കഴിയാറില്ല. പബ്ലിക്ക് പ്രോസിക്യൂട്ടർ നിയമനം നീണ്ടു പോകുന്ന സാഹചര്യത്തിൽ കോടതി പ്രവർത്തനം നടത്താൻ കഴിയാത്തത് നിരവധി പേർക്ക് നീതി വൈകുന്നതിന് കാരണമാകുന്നതായി അഭിഭാഷകർ ചൂണ്ടിക്കാട്ടി.

ഹൈക്കോടതി ഉത്തരവിന്റെ ലംഘനം; സമരം നടത്തിയവർക്കെതിരേ കേസെടുത്തു

കുന്നംകുളം: ഹൈക്കോടതി ഉത്തരവ് ലംഘിച്ച് കുന്നംകുളം താലൂക്ക് ഓഫീസിനു മുന്നിൽ പ്രതിഷേധ സമരം നടത്തിയ എൻജിഒ അസോസിയേഷൻ നേതാക്കൾക്കെതിരേ കുന്നംകുളം പൊലീസ് കേസെടുത്തു. സമരം ചെയ്ത എൻജിഒ അസോസിയേഷൻ നേതാക്കളായ വിവിധ ഉദ്യോഗസ്ഥരായ വകുപ്പിലെ സനൽകുമാർ, അശോക് കുമാർ, രതീഷ്, സുരേഷ്, ജയശ്രീ, വേണുഗോപാൽ, രവി എന്നിവർക്കെതിരേയാണ് കേസെടുത്തതെന്ന് കുന്നംകുളം സിഐ.കെ.ജി. സുരേഷ് അറിയിച്ചു. പുത്തൂർ വില്ലേജ് ഓഫീസറെഅപമാനിച്ച പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളെ അറസ്റ്റ് ചെയ്യണമെന്ന് ആവശ്യപ്പെട്ടാണ് എൻജിഒ അസോസിയേഷൻ താലൂക്ക് ഓഫീസിനു മുന്നിൽ കഴിഞ്ഞ ദിവസം സമരം നടത്തിയത്. കൊവിഡ് കാലത്ത് സർക്കാർ ജീവനക്കാരുടെ പരസ്യ പ്രതിഷേധ സമരങ്ങൾക്ക് സർക്കാർ തന്നെ നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ അഞ്ചിൽ കൂടുതൽ പേർ പങ്കെടുക്കാൻ പാടില്ലെന്ന കർശന ഉത്തരവും നിലവിലുണ്ട്.സർക്കാരിന്റെയും കോടതിയുടെയും എല്ലാ നിർദ്ദേശങ്ങളും അവഗണിച്ചാണ് എൻ.ജി.ഒ. അസോസിയേഷൻ അംഗങ്ങൾ കുന്നംകുളം താലൂക്കാ ഫിസിനു മുമ്പിൽ ജോലി സമയത്ത് സമരം ചെയ്തത്.

വ്യക്തമായ ആസൂത്രണത്തിലൂടെ ചാലക്കുടിയിലെ കഞ്ചാവ് വേട്ട

ചാലക്കുടി: വ്യക്തമായ ആസൂത്രണ പാടവം ആണ് ചാലക്കുടിയിലെ കഞ്ചാവ് വേട്ടക്ക് പുറകിലുള്ളത്. കൊറോണ രോഗവ്യാപനത്തിനടയിലും ഗ്രൂപ്പുകളായി തിരിച്ച് ആഴ്ചകൾ പരിശ്രമം നടത്തിയാണ് കഞ്ചാവ് പിടികൂടിയത്. മധ്യകേരളത്തിൽ വലിയ തോതിൽ കഞ്ചാവ് കച്ചവടം നടക്കുന്ന സൂചന ലഭിച്ചതിനെ തുടർന്ന് എങ്ങിനെയാണ് ഇവിടെ കഞ്ചാവ് എത്തുന്നതുള്ള നിരീക്ഷണത്തിലാണ് മീൻ കയറ്റിയ ലോറികൾ പരിശോധിച്ചത്. ഒറ്റ നോട്ടത്തിൽ സംശയിക്കാത്ത തരത്തിൽ മീൻ പെട്ടികൾ അടക്കി അതിന്റെ പുറകിം യിട്ടാണ് കഞ്ചാവ് കയറ്റി കൊണ്ടുവരുന്നത്.പ്രതികൾക്ക് ശക്തമായ ശിക്ഷ ലഭിക്കുന്ന തരത്തിലാണ് കേസുമായി മുന്നോട് പോകുന്നത്. ഇത്ര വലിയ അളവിൽ 140 കിലോയോളം കഞ്ചാവ് പിടിച്ച പൊലീസ് സംഘത്തിന് അഭിനന്ദനങ്ങളുടെ പ്രവാഹമാണ്.. കേരള പൊലീസിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ കഞ്ചാവ് വേട്ടയാണെന്ന് പറയുന്നു. കൃത്യമായ ആസൂത്രണ മായിരുന്നു റൂറൽ എസ്.പി. ആർ. വിശ്വനാഥ് നടത്തിയത്. എസ്.പി. നേരിട്ടെത്തി സഹപ്രവർത്തകരോട് സന്തോഷം അറിയിച്ചാണ് മടങ്ങിയത്. ഏതാനും ആഴ്ചകൾക്കു മുൻപ് കൊടുങ്ങല്ലൂരും 80 കിലോ കഞ്ചാവ് പിടിച്ചിരുന്നു. ജില്ലാ ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി. ഷാജ് ജോസ്, സ്പെഷ്യൽ ബ്രാഞ്ച് ഡി.വൈ എസ്.പി. എം കെ . ഗോപാലകൃഷ്ണൻ, ഇരിങ്ങാലക്കുട ഡി.വൈ എസ്.പി. ഫേമസ് വർഗീസ്, ചാലക്കുടി ഡി.വൈ എസ്.പി. സി.ആർ. സന്തോഷ്.. ഇൻസ്പെക്ടർ കെ. എസ്. സന്ദീപ്, എസ്.ഐ. എം.എസ്.ഷാജൻ,ക്രൈം ബ്രാഞ്ച് എസ്.ഐ. എം.പി.മുഹമ്മദ് റാഫി, എ.എസ്.ഐമാരായ ജയകൃഷ്ണൻ,സി.എ.ജോബ്, സതീശൻ മടപ്പാട്ടിൽ,, ,മുഹമ്മദ് അഷറഫ്, എം.കെ.ഗോപി, ടി.ആർ.ഷൈൻ, ലോകനാഥൻ , സീനിയർ പൊലീസുദ്യോഗസ്ഥരായ സൂരജ് വി. ദേവ്, ലിജു ഇയ്യാനി, കെ. എസ്. ഉമേഷ്, മിഥുൻ കൃഷ്ണ, ഇ.എസ്. ജീവൻ, സി.പി.ഒ മാരായ ഷറഫുദ്ദീൻ, എം വി. മാനുവൽ ചാലക്കുടി സ്റ്റേഷനിലെ എസ്.ഐ. സജി വർഗീസ്, ബിജു, എ എസ്.ഐ. ജെയ്സൺ സി.പി. ഒ മാരായ , അഭിലാഷ്, ആൻസൻ എന്നിവരാണ് അന്വേഷണ സംഘാംഗങ്ങൾ.

പ്രതിപക്ഷ കൗൺസിലർമാർ സത്യാഗ്രഹ സമരം നടത്തി

വടക്കാഞ്ചേരി. നഗരസഭയിലെ പി.എം.എ.വൈ ലൈഫ് പദ്ധതി പ്രകാരം ഗുണഭോക്തക്കൾക്ക് പണം ലഭിക്കാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കൌൺസിലർമാർ സത്യാഗ്രഹ സമരം നടത്തി.. നഗരസഭയിൽ നാലുഘട്ടങ്ങളിലായി 1442 ഗുണഭോക്താക്കൾ ആണ് കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ സംസ്ഥാന സർക്കാരും നഗരസഭയും സംയുക്തമായി നടപ്പിലാക്കുന്ന ഭവന പദ്ധതിയിലുള്ളത്. ഇതിൽ 1350 പേർ എഗ്രിമെന്റ് വെച്ചു 320 പേർ നിർമാണം പൂർത്തീകരിച്ചു. ബാക്കി ഉള്ളവരുടെ വീട് പണി പല ഘട്ടങ്ങളിലാണ്. ലോക് ഡൗൺപ്രഖ്യാപിച്ചതിന് ശേഷം കൃത്യമായ ജോലിയൊ വരുമാനമൊ ഇല്ലാത്തതുമൂലം വീട് പണി സ്തംഭനാവസ്ഥയിലാണ്. വിവിധ ഘട്ടങ്ങളിൽ ഉള്ളവർക്ക് നൽകാൻ പണം കൈവശം ഉണ്ടായിട്ടും കോടി കണക്കിന് രൂപ കൈകാര്യം ചെയ്യുന്ന സെക്ഷനിൽ ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടില്ല. ഇതു മൂലം പണി തീർന്ന് അപേക്ഷ നൽകിയവർക്കും പണം ലഭിച്ചിട്ടില്ല. ഒന്നാം ഘട്ടത്തിലുള്ളവർ ഗുണഭോക്ത്യവിഹിതമായി അടച്ച പണം തിരിച്ച് നൽകാൻ സർക്കാർ ഉത്തരവിട്ടത് ഇതുവരെ തിരിച്ച് നൽകിയില്ല. വീട് പൊളിച്ച് പുതിയതു് പണിയാൻ പുറപ്പെട്ടവർ രണ്ടു വർഷമായി വാടക കൊടുത്ത ഇനത്തിൽ വലിയ സംഖ്യ നഷ്ടമായി. വീട് പണി പൂർത്തീകരിച്ചവർക്ക് നഗരസഭ നൽകേണ്ട വിഹിതവും കൊടുത്തിട്ടില്ല. ഓണത്തിന് മുൻപ് മുഴുവൻ പണവും കൊടുത്തു തീർക്കണമെന്ന് ആവശ്യപ്പെട്ടു. സമരത്തിന് നഗരസഭ കോൺഗ്രസ് (ഐ) പാർലിമെന്ററി പാർട്ടി നേതാവ് കെ.അജിത് കുമാർ നേതൃത്വം നൽകി. അനിൽ അക്കര എംഎൽഎ. ഉദ്ഘാടനം ചെയ്തു. ബ്ലോക് പ്രസിഡന്റ് ജിജോ കുരിയൻ കൗൺസിലർമാരായ ടി.വി.സണ്ണി പ്രിൻസ് ചിറയത്ത് തുടങ്ങിയവർ പങ്കെടുത്തു.

വില്ലേജ് ഓഫീസർക്ക് നേരെ അതിക്രമം; ശിശു ക്ഷേമ മന്ത്രലയം ഇടപെടുന്നു

ചാലക്കുടി: പുത്തൂർ വില്ലെജ് ഓഫീസർക്ക് നേരെയുണ്ടായ അതിക്രമങ്ങളിൽ കേന്ദ്ര വനിത ശിശു ക്ഷേമ മന്ത്രലയം ഇടപെടുന്നു.മന്ത്രാലയത്തിന്റെ കീഴിലുള്ള സെൻട്രൽ സോഷ്യൽ വെൽഫയർ ബോർഡ് പ്രതിനിധി അഡ്വ. നിവേദിത സുബ്രഹ്മണ്യൻ ഇന്ന് വില്ലെജ് ഓഫീസർ സി. എൻ. സിമിയെ കണ്ട് വിവിരങ്ങൾ ശേഖരിക്കും.പൂത്തൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും പഞ്ചായത്തംഗങ്ങളും ചേർന്ന് വില്ലെജ് ഓഫീസറെ ഘരാവോ ചെയ്യുകയും വളരെ മോശമായി അധിക്ഷപ്പിക്കുകയും ചെയ്തത്തിനെ തുടർന്ന് ഉണ്ടായ മാനസീക പീഢനത്തെ തുടർന്ന് വില്ലെജ് ഓഫീസർ ആത്മഹത്യക്ക് ശ്രമിക്കുകയായിരുന്നു.ഈ വിഷയത്തിലാണ് കേന്ദ്ര ശിശി ക്ഷേമ മന്ത്രാലയത്തിന്റെ ഇടപെടൽ ഉണ്ടായിരിക്കുന്നത്.

നിർമാണം പൂർത്തിയായ പേരൊത് ഇബ്രാഹിമിന്റെ വീട്

അന്തിയുറങ്ങാൻ സുരക്ഷാ ഭവനം ഒരുക്കി സിപിഎം

പുന്നയൂർക്കുളം: അന്തിയുറങ്ങാൻ സുരക്ഷാ ഭവനം ഒരുക്കി സിപിഎം പുന്നയൂർക്കുളം ഈസ്റ്റ് ലോക്കൽ കമ്മിറ്റി. ആറ്റുപുറം പരൂരിൽ 2019 സെപ്റ്റംബറിൽ ഏരിയാ സെക്രട്ടറി എം കൃഷ്ണദാസാണ് വീടിനു തറക്കല്ലിട്ടത്. നവംബറിൽ ഗുരുവായൂർ എംഎൽഎ കെ വി അബ്ദുൾഖാദർ കട്ടിളവെപ്പ് കർമവും നിർവഹിച്ചു. ആറ്റുപുറം പരൂര് പേരോത്ത് ഇബ്രാഹിം എന്നവർക്കാണ് വീട് നിർമിച്ചു നൽകുന്നത്. പാർട്ടി പ്രവർത്തകരുടെയും കർഷകത്തൊഴിലാളികളുടെയും ഡിവൈഎഫ്ഐ സന്നദ്ധ സംഘടനാ പ്രവർത്തകരുടെയും ശാരീരിക സേവനങ്ങൾക്ക് പുറമേ പത്തുലക്ഷം രൂപ ചെലവിട്ടാണ് സ്നേഹഭവനം ഒരുക്കിയത്.നിർമാണം പൂർത്തിയാക്കിയ സ്നേഹ ഭവനത്തിന്റെ കൈമാറ്റം ചടങ്ങ് 19 ന് കൃഷ്ണപിള്ള ദിനത്തിൽ സിപിഎം സംസ്ഥാന സെക്രട്ടറിയേറ്റ് അംഗം ബേബി ജോൺ സ്നേഹഭവനം കൈമാറ്റം നടത്തും. കെ വി അബ്ദുൾ ഖാദർ എംഎൽഎയുടെ അധ്യക്ഷതയിൽ ഏരിയാ സെക്രട്ടറി എം കൃഷ്ണദാസ്, ജില്ലാ കമ്മിറ്റി മെമ്പർ സി സുമേഷ്, ചാവക്കാട് മുനിസിപ്പൽ ചെയർമാൻ എൻ കെ അക്ബർ, ഏരിയ കമ്മിറ്റി മെമ്പർ ഫാത്തിമ ലീനസ്, പുന്നയൂർക്കുളം പഞ്ചായത്ത് പ്രസിഡന്റ് എ ഡി ധനീപ്, തുടങ്ങിയവർ കോവിഡ് സുരക്ഷാനിയമം പാലിച്ചു കൊണ്ട് ചടങ്ങിൽ പങ്കെടുക്കും.

സർവേ ഉദ്യോഗസ്ഥരെ മാളയിൽ തടഞ്ഞു

മാള: മാള ടൗണിലെ ജൂത സിനഗോഗിന് മുന്നിലെ വ്യാപാര സ്ഥാപനങ്ങൾ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി സർവേ നടത്താൻ എത്തിയ ഉദ്യോഗസ്ഥരെ വ്യാപാരികളും പൊതു പ്രവർത്തകരും ചേർന്ന് തടഞ്ഞ് തിരിച്ചയച്ചു. സിനഗോഗിന് റോഡിൽ നിന്നും നോട്ടം കിട്ടുന്നതിന് വേണ്ടി എട്ട് വ്യാപാര സ്ഥാപനങ്ങൾ പൊളിച്ച് നീക്കുന്നതിനാണ് പഞ്ചായത്തും, സർക്കാരും ശ്രമങ്ങൾ നടത്തുന്നത്. ടൗൺ റോഡിനായി ഭൂമി വിട്ട് നല്കിയ വ്യാപാരികളെ വീണ്ടും ബുദ്ധിമുട്ടിക്കുന്ന നയം സർക്കാർ തിരുത്തണം എന്നതാണ് വ്യാപാരികളുടേയും നാട്ടുകാരുടേയും ആവശ്യം. കോൺഗ്രസ് നേതാക്കളായ സോയ് കോലഞ്ചേരി ,ദിലീപ് പരമേശ്വരൻ, ബി.ജെ.പി.നേതാക്കളായ കെ.എസ്.അനൂപ്, പ്രസ് റ്റോ

സർവേ ഉദ്യോഗസ്ഥരെ രാഷ്ട്രീയ നേതാക്കളും വ്യാപാരികളും ചേർന്ന് തടയുന്നു.

സെൽവൻ എന്നിവർ ഉദ്യോഗസ്ഥരുമായി സംസാരിച്ചു.മാള ടൗണിലെ വ്യാപാരികളെ തെരുവിലേക്ക് ഇറക്കിവിടുന്നത് അംഗീകരിക്കാൻ കഴിയില്ലെന്ന് പൊതുപ്രവർത്തകർ ഉദ്യോഗസ്ഥരെ ധരിപ്പിച്ചു. എതിപ്പ് ശക്തമായതോടെ സർവേ നടപടികൾ നിറുത്തിവച്ച് ഉദ്യോഗസ്ഥർ മടങ്ങുകയായിരുന്നു.

104 വീടുകൾ കൂടി നിർമിച്ചു നൽകും

കൊടുങ്ങല്ലൂർ: നഗരസഭയിൽ സമ്പൂർണ ഭവനപദ്ധതി പ്രകാരം 104 വീടുകൾ കൂടി നിർമിച്ചു നൽകുന്നു.നേരത്തെ അനുവദിച്ച 1 149 വീടുകൾക്ക് പുറമെയാണിത്. പി. എം.എ.വൈ - ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് വീടുകൾ നൽകുന്നത്. 104 ഗുണഭോക്താക്കളുടെ പേരുകൾ കേന്ദ്ര സർക്കാരിന്റെ പി.എം.എ.വൈ. അർബൻ മിഷൻ അംഗീകാരം നൽകിക്കഴിഞ്ഞു. ഇതു വരെ 1072 വീടുകളാണ് നിർമിച്ച് നൽകിയത്.104 പേർക്ക് കൂടി നൽകുമ്പോൾ 50 കോടി 12 ലക്ഷം രൂപയുടെ പദ്ധതിയാണ് പൂർത്തീകരിക്കുക. ഒരു വീടിന് 4 ലക്ഷം രൂപ കൂടാതെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 26000 രൂപ കൂടി നൽകും. നഗരസഭ ചെയർമാൻ കെ ആർ ജൈത്രൻ കുടുംബ സംഗമം ഉദ്ഘാടനം ചെയ്തു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.221 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1195 കർക്കിടകം 30 ദുൽ ഹജ്ജ് 23
2020 ഓഗസ്റ്റ് 14 വെള്ളി

ഓണക്കാലത്ത് പാലിക്കണം കൊവിഡ് പ്രോട്ടോക്കോൾ

കൊവിഡ് രോഗികളുടെ സംഖ്യയോടൊപ്പം രോഗമുക്തരുടെ എണ്ണം വർധിക്കുന്നതും കലിതുള്ളിയെത്തിയ കാലവർഷം പ്രളയമാകാതെ പെയ്തൊഴിഞ്ഞതും ചിങ്ങത്തിലേക്ക് കാലുകത്തുന്ന മലയാളക്കരയ്ക്ക് പ്രത്യാശ നൽകുന്ന വാർത്തകളാണ്. കഴിഞ്ഞ രണ്ടു വർഷവും ഓണക്കാലത്തെ പ്രളയം അപഹരിച്ചെങ്കിൽ ഇത്തവണ കൊറോണ വൈറസാണ് ആഘോഷത്തിന് മാറ്റു കാണില്ലെന്ന് ഉറപ്പിച്ചത്. ആഘോഷത്തിനുള്ള അവസരമാകുന്നില്ല ഇത്തവണയും ഓണം. സ്കൂളുകളും വിനോദ കേന്ദ്രങ്ങളും പൊതു ഇടങ്ങളും ഇനി ഏതാനും മാസങ്ങൾ കൂടി അടഞ്ഞുകിടക്കുമെന്ന കയ്പ്പുള്ള യാഥാർഥ്യം ഏവരും ഉൾക്കൊണ്ടിരിക്കുന്നു. പരമാവധി സുരക്ഷിതത്വവും ശുചിത്വവും പാലിച്ച് കൊവിഡിൽ നിന്ന് അകന്നുനിൽക്കാനും പഠിച്ചുവരികയാണ്. നമ്മെക്കാൾ മികവുള്ള നാടുകളെ വിസ്മയിപ്പിക്കുന്ന പ്രതിരോധമാണ് ഇതുവരേക്കും കേരളം നടത്തിയത്. ആ ഒരുമയുടെയും കരുതലിന്റെയും സന്ദേശം തന്നെയാണല്ലോ ഓണവും ഉദ്ഘോഷിക്കുന്നത്. ഇത്തവണ കൊവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടായിരിക്കും ഓണമെന്ന് സർക്കാരും ജനങ്ങളും ഏകമനസോടെ തീരുമനിക്കണം.

രോഗബാധയ്ക്ക് ശമനമായെന്ന മട്ടിൽ തിമിർത്തു കളയാമെന്ന് ചിന്തിക്കുന്നത് നന്നല്ല. കൊവിഡിന് ഇനിയും കാര്യമായ ശമനം വന്നിട്ടില്ലെന്നു തന്നെയാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ലോകത്ത് കൊവിഡ് കേസുകൾ രണ്ട് കോടി കവിഞ്ഞെങ്കിലും ആക്റ്റീവ് കേസുകൾ 64 ലക്ഷത്തോളമാണ്. ലോകത്ത് പ്രതിദിനം ഏറ്റവും കൂടുതൽ രോഗികളുണ്ടാകുന്ന രാജ്യം ഇന്ത്യയാണ്. യുകെ, ഇറ്റലി, സ്പെയിൻ, ജർമനി തുടങ്ങി ആദ്യഘട്ടത്തിൽ രോഗം പടർന്നുകയറിയ രാജ്യങ്ങളിൽ രോഗം പിൻവാങ്ങിയെങ്കിലും പുതിയ ചില രാജ്യങ്ങളിൽ പടരുകയാണ്. ടെസ്റ്റിന്റെയും രോഗമുക്തരുടെയും എണ്ണം കൂടുന്നുവെന്നതാണ് ആശ്വാസം പകരുന്നത്. രാജ്യത്ത് ഡൽഹിയിലും ഗുജറാത്തിലും രോഗത്തിന് ശമനമുണ്ടായപ്പോൾ പുതിയ ചില സംസ്ഥാനങ്ങളിലും നഗരങ്ങളിലും രോഗികളുടെ എണ്ണം വർധിക്കുകയാണ്. കേരളത്തിന്റെ പകുതിയോളം സ്ഥലങ്ങൾ കണ്ടെയ്ൻമെന്റ് മേഖലകളായി തുടരുന്നു. ഇതെല്ലാം മനസിലാക്കി ജാഗ്രത പാലിച്ചില്ലെങ്കിൽ മറ്റൊരു ഓണക്കാലം കൂടി കണ്ണീരിലാകും.

കൊറോണ വൈറസ് ലോക രാജ്യങ്ങളുടെ സമ്പദ്ഘടനയിലേൽപ്പിച്ച ആഘാതം വളരെ വലുതാണ്. അതിന്റെ ബലിയാടാണ് കേരളം. വിദേശ രാജ്യങ്ങളിൽ നിന്ന് പതിനായിരങ്ങളാണ് ജോലി നഷ്ടമായി തിരികെവന്നത്. നാട്ടിലും മറിച്ചല്ല അവസ്ഥ. ജോലി നൽകിയിരുന്ന സ്ഥാപനങ്ങളുടെ നില തന്നെ പരുങ്ങലിലായി. ജീവനക്കാരെ പറഞ്ഞു വിട്ടും ചെലവും ശമ്പളവും കുറച്ചും പിടിച്ചുനിൽക്കാനുള്ള ശ്രമത്തിലാണ് പല സ്ഥാപനങ്ങളും. ഈ അവസ്ഥയിലാണ് നമ്മുടെ ഓണക്കമ്പോളങ്ങൾ ഉണരുന്നത്. അന്യസംസ്ഥാനങ്ങളിൽ നിന്ന് ഓണം മുന്നിൽക്കണ്ട് ചരക്കുകളും എത്തിത്തുടങ്ങി. വ്യവസായ, വാണിജ്യ മേഖലയും കൈയകലെ എത്തിനിൽക്കുന്ന സീസണിനെ വരവേൽക്കാനാകുമെന്ന പ്രതീക്ഷയിൽതന്നെ.

കഴിഞ്ഞ മാസങ്ങളിൽ ഷോപ്പിങ്ങിൽ ചില പുതിയ ശീലങ്ങളുണ്ടായിരിക്കുന്നു. അയലത്തെ കടകൾ സൂപ്പർ മാർക്കറ്റുകളെക്കാൾ ഹൃദ്യമായി പലർക്കും തോന്നിയിട്ടുണ്ട്. സാങ്കേതിക വിദ്യയുടെ മുന്നേറ്റം സാധാരണ ജീവിതങ്ങളിൽ പോലും പ്രതിഫലിച്ചുതുടങ്ങി. ഹോം ഡെലിവറി ഏവർക്കും പരിചിതമായി. പല കടകളും സ്വന്തം ആപ്പും വാട്സപ്പ് ഗ്രൂപ്പുകളും വഴി ഉപഭോക്താവിലേക്ക് നേരിട്ടെത്തുന്നു. തുണിക്കടകളിൽ ചെന്ന് പഴയതുപോലെ വസ്ത്രങ്ങൾ എടുത്തണിഞ്ഞ് പരിശോധിക്കുന്നത് ഇനി നടപ്പില്ല. ഈ പുതിയ ഉപാധികൾക്ക് അടിവരയിടുന്നതാണ് സാമൂഹ്യ അകലം. തിക്കും തിരക്കുമുള്ള ഇടങ്ങളിൽ നിന്ന് കുറച്ചുകാലത്തേക്കു കൂടി മാറി നിൽക്കേണ്ടിവരും. ബന്ധുമിത്രാദികളെ കാണാൻ പോകുമ്പോഴും ഇക്കാര്യം മനസിലുണ്ടാകണം. ചിങ്ങമാസത്തിലാണ് വിവാഹ സീസൺ ആരംഭിക്കുന്നത്. അവിടെയും കൊവിഡ് പ്രോട്ടോക്കോൾ പാലിക്കുമെന്ന് സ്വയം ഉറപ്പിക്കണം.

പട്ടിണിയില്ലാത്ത ഓണത്തിനായാണ് ഇത്തവണ സർക്കാരും ശ്രമിക്കുന്നത്. ഓണത്തോടനുബന്ധിച്ച് സംസ്ഥാനത്തെ 88 ലക്ഷത്തോളം വരുന്ന റേഷൻകാർഡ് ഉടമകൾക്ക് പതിനൊന്നിനം പലവ്യഞ്ജനങ്ങൾ ഉൾപ്പെടുന്ന ഓണക്കിറ്റ് സർക്കാർ ഒരുക്കിയതായാണ് മുഖ്യമന്ത്രി വ്യക്തമാക്കിയത്. രണ്ടായിരത്തോളം പാക്കിങ് കേന്ദ്രങ്ങളിൽ ഗുണനിലവാരവും തൂക്കവുമെല്ലാം പരിശോധിച്ച് സന്നദ്ധപ്രവർത്തകർ അടക്കമുള്ളവരുടെ സഹായത്തോടെയുള്ള വമ്പൻ ഉദ്യമം. ഉദ്ദേശം അഞ്ഞൂറ് രൂപ വിലയുള്ള ഉൽപന്നങ്ങളാണ് സപ്ലൈകോ റേഷൻ കടകളിൽ എത്തിച്ച് വിതരണം ചെയ്യുക. അന്ത്യോദയ വിഭാഗത്തിൽപെട്ട 5.95 ലക്ഷം കുടുംബങ്ങൾക്ക് ഇന്നു മുതൽ അത് ലഭ്യമായി തുടങ്ങും. രോഗവ്യാപനം വർധിക്കുന്ന ഒന്നും ഉണ്ടായിക്കൂടാ. രോഗം മൂർച്ഛിച്ചു നിന്നാൽ അത് കാര്യങ്ങൾ തകിടം മറിക്കുമെന്ന് മറക്കരുത്. പൗരബോധമുള്ള ജനതയെന്ന നിലയിൽ വേണം ചിങ്ങമാസത്തെ സ്വാഗതം ചെയ്യാൻ.

നനയാനാവാത്ത മഴകൾ

അതീതം

എം.ബി. സന്തോഷ്

മിഥുനം - കർക്കിടകം കാലത്തെ മഴ അമ്മയെപ്പോലെയാണ് എന്നെഴുതിയത് മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരൻ എം.ടി. വാസുദേവൻ നായരാണ്. 'കർക്കിടകം' എന്ന അദ്ദേഹത്തിന്റെ പ്രശസ്തമായ കഥ തുടങ്ങുന്നതു തന്നെ ഈ വാചകത്തിലൂടെയാണല്ലോ. അതിന് കാരണവും കഥാകാരൻ പറയുന്നുണ്ട്: 'ഓർക്കാതിരിക്കുമ്പോഴാണ്, നല്ല നേരമാണെന്നു വിചാരിച്ച് അടുക്കുമ്പോഴാണ്, പൊട്ടിച്ചാടുക'.

'വൈകുന്നേരത്തെ മഴയത്തു നടക്കാൻ സാരമില്ല. വെള്ളം തട്ടിത്തെറിപ്പിച്ചുകൊണ്ട് ഉല്ലാസത്തിലാണ് യാത്ര' എന്ന് വേറൊരു മഴയെ പരിചയപ്പെടുത്തിയതും അതേ കഥയിലാണ്.

'പുറത്ത് വാഴക്കൂട്ടത്തിൽ വീഴുന്ന മഴത്തുള്ളികളുടെ ശബ്ദം ഒരു മേളമായി മാറുന്നു. കറുത്ത കർക്കിടക രാത്രിയുടെ മാളങ്ങളിൽ നിന്ന് ആയിരം സ്വരങ്ങൾ കേൾക്കുന്നു'- മറ്റൊരു മഴയിലാണ് ആ കഥ അവസാനിക്കുന്നത്.

'ചുമ്മാതെ കേണും ചിരിച്ചും വിതുമ്പിയും നിർത്താതെ പിറുപിറുത്തും നീണ്ട മുടിയിട്ടുലച്ചും കുനിഞ്ഞിരിക്കുന്നോരു യുവതിയാം ഭ്രാന്തിയെപ്പോലെ'യാണ് രാത്രിമഴയെന്ന് പറഞ്ഞുതന്നത് പ്രിയ കവി സുഗതകുമാരിയാണ്. അതേ, രാത്രിമഴ 'പണ്ടെന്റെ സൗഭാഗ്യരാത്രികളി- ലെന്നെച്ചിരിപ്പിച്ച കുളിർകോരിയണിയിച്ച, വെണ്ണിലാവേക്കാൾ പ്രിയംതന്നുറക്കിയോ- രന്നത്തെയെൻ പ്രേമസാക്ഷി'യാണെന്നും കവി തിരിച്ചറിയുന്നുണ്ട്.

മഴ പലതരമാണ്. കേരളത്തിലെ വലിയൊരു വിഭാഗത്തിന് ചേമ്പിലയും വാഴയിലയും കുടയാക്കി സ്കൂളിൽ യ ഒരു ബാല്യമുണ്ട്. കറുത്ത റബർ ബാൻഡിട്ട് നെഞ്ചോട് ചേർത്തുവച്ച പുസ്തകക്കെട്ട് പുറത്തെടുക്കുമ്പോൾ 'എന്നിട്ടും നനഞ്ഞുപോയല്ലോ' എന്ന് സങ്കടപ്പെട്ട് സാന്ത്വനിപ്പിച്ചിരുന്ന അധ്യാപികമാരുടെ കണ്ണിലെ കനിവ് തൊട്ടറിഞ്ഞ കാലം...

ഇന്ന് അത്തരം മഴകൾ കാണാനില്ലാതിരിക്കുന്നു...

പ്രമുഖ പരിസ്ഥിതി ശാസ്ത്രജ്ഞനോട് സംസാരിച്ചപ്പോഴാണ് അദ്ദേഹം ഇക്കാര്യം വിശദീകരിച്ചത്. കാലാവസ്ഥാ ശാസ്ത്രജ്ഞൻ അത് ഒന്നുകൂടി ഉറപ്പിച്ചു. ഇരുവരും അവരുടെ പേരുകൾ ഉപയോഗിക്കരുതെന്ന് സ്നേഹപൂർവം വിലക്കി. ഈയിടെ, ഒരു ചോദ്യത്തിനുത്തരമായി സത്യം പറഞ്ഞ ഒരു കസ്റ്റംസ് ഉദ്യോഗസ്ഥനെ 'പറത്തിച്ച' അനുഭവം ഓർമിപ്പിച്ചു. അതത് സ്ഥാപനത്തിന്റെ മേധാവിക്കാണ് ഇപ്പോൾ ഇത്തരം കാര്യങ്ങൾ പറയാനുള്ള അവകാശം. അല്ലെങ്കിൽ സ്ഥാപന മേധാവിയിൽനിന്ന് മുൻകൂട്ടി അനുമതി വാങ്ങണം. ഒരു മാധ്യമപ്രവർത്തകനുമായി സംസാരിക്കാൻ അനുമതി വാങ്ങിയാൽ, പിന്നീട്, ഏതെങ്കിലും മാധ്യമത്തിൽ സ്ഥാപനത്തിനെതിരെ എന്തെങ്കിലും വാർത്ത വന്നാൽ അതിന്റെ ഉത്തരവാദിത്തം തലയിലിരിക്കും എന്നറിയാവുന്നതിനാൽ ശാസ്ത്രജ്ഞർ ഇപ്പോൾ അത്തരം ഏടാകൂടങ്ങളിൽനിന്ന് ഒഴിഞ്ഞു നിൽക്കുകയാണ്. പേര് പരാമർശിക്കാതെ വസ്തുതകളും കണ്ടെത്തലുകളും ജനങ്ങളെ അറിയിക്കുന്നതിനായി വിശദീകരിക്കാൻ അവർ സന്നദ്ധരുമാണ്.

മുമ്പ് നമ്മുടെ സാഹിത്യനായകർ എഴുതിയതുപോലെ ചെറുതും വലുതുമായ ഒരുപാട് മഴകളുണ്ടായിരുന്നു. കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായി അത്തരം മഴകൾ ഇപ്പോൾ കുറഞ്ഞുവരികയാണ്. കൊച്ചുകൊച്ചു മഴകൾ തീരെ കുറഞ്ഞു. 'വെയിലും മഴയും... അക്കരെ കാട്ടിലെ കുറുക്കന്റെ കല്യാണം' എന്നു പറഞ്ഞുകളിച്ച ബാല്യകാല സന്തോഷങ്ങൾ ഓർമയില്ലേ? അത്തരം കൊച്ചു മഴകൾ ഇപ്പോൾ ഇല്ലാതായിരിക്കുന്നു. വലിയ തുള്ളികളുമായി പെരുമഴകൾ തകർക്കുന്നു. ചാറ്റൽ മഴകൾ കുറേ നാളായി തീരെ പെയ്യുന്നില്ല. മഴ പെയ്യുന്നത് ചിലപ്പോൾ ഏതാനും മിനിട്ടു മാത്രമായിരിക്കും. പക്ഷെ, അത് വലിയ തുള്ളികളോടു കൂടിയ ചെറിയ പെരുമഴകൾ. വെള്ളത്തുള്ളികൾ ശരീരത്തെ നോവിക്കും വിധം വീഴ്ത്തുന്ന മഴകൾ... പ്രണയത്തിന്റെയും വാത്സല്യത്തിന്റെയും മഴകളേയല്ല. ക്രോധത്തിന്റെയും രോഷത്തിന്റെയും പെയ്ത്തായി മാറിയിരിക്കുന്നു, മഴകൾ. പക്ഷെ, ആകെ പെയ്യുന്ന മഴയുടെ കണക്കിൽ കുറവില്ല. ചിലപ്പോൾ രാവിലെ മുതൽ മൂടിക്കെട്ടി പനിനീര് തളിക്കുന്നതുപോലെ ചാറിച്ചാറി നിന്ന ആ മഴക്കാലം ഓർമയില്ലേ? ഇപ്പോൾ എത്ര നാളായിട്ടുണ്ടാവും അത്തരമൊരു മഴ നനഞ്ഞിട്ട്? അത്തരമൊരു മഴ കണ്ടിട്ട്?

നേരത്തേ, സ്കൂൾ തുറക്കുന്നത് മഴയോടുകൂടിയായിരുന്നു. ആർക്കും പേടിയില്ല. കുട്ടികൾക്ക് മഴയും മാരിയും എന്തെന്ന് തിരിച്ചറിയാനാവുന്നത് അങ്ങനെയാണ്. ഇന്ന് ആഗസ്റ്റ് കേരളത്തിന്റെ പേടിക്കാലമായിരിക്കുന്നു. മഴക്കാലമായ കർക്കിടകം വറുതിക്കാലമാണെന്നത് പണ്ടേയുള്ളതാണ്. കഴിഞ്ഞ മൂന്നുവർഷമായി കേരളം പ്രളയത്തിൽ വിറങ്ങലിച്ചുനിൽക്കുകയാണ്. ഒരു മുന്നൊരുക്കത്തിനും വഴങ്ങാത്ത വിധം കലിപൂണ്ടുനിൽക്കുകയാണ് പ്രകൃതി. നമ്മൾ പ്രകൃതിയോട് ചെയ്തതിന് എണ്ണിയെണ്ണി കണക്കു പറയിക്കുകയാണ്.

'മഴ പെയ്യുന്നു. മഴ മാത്രമേയുള്ളു.
കാലവർഷത്തിന്റെ വെളുത്ത മഴ.
മഴ ഉറങ്ങി. മഴ ചെറുതായി. രവി ചാഞ്ഞു കിടന്നു.അയാൾ ചിരിച്ചു.
അനാദിയായ മഴവെള്ളത്തിന്റെ സ്പർശം. ചുറ്റും പുൽക്കൊടികൾ മുളപൊട്ടി.
രോമകൂപങ്ങളിലൂടെ പുൽക്കൊടികൾ വളർന്നു. മുകളിൽ വെളുത്ത
കാലവർഷം പെരുവിരലോളം ചുരുങ്ങി...''
- 'ഖസാക്കിന്റെ ഇതിഹാസം'
ഒ.വി. വിജയൻ

വനങ്ങൾ തലങ്ങും വിലങ്ങും വെട്ടിവീഴ്ത്തുന്നു. ഇത്രയും ഗുരുതരമായ പ്രളയവും കാലാവസ്ഥാ വ്യതിയാനവും വന്ന് പരിസ്ഥിതിയാകെ താളം തെറ്റിയിട്ടും എന്തെങ്കിലും പാഠം പഠിച്ചോ? സംസ്ഥാന വന ഗവേഷണ കേന്ദ്രം നടത്തിയ പഠനത്തിൽ ഈ കൊച്ചുകേരളത്തിൽ പ്രകൃതിയുടെ ഹൃദയം പിളർന്ന് പ്രവൃത്തിക്കുന്നത് 5,924 കരിങ്കൽ ക്വാറികളാണ്. സംസ്ഥാന മൈനിങ് ആൻഡ് ജിയോളജി വിഭാഗത്തിന്റെ അംഗീകാരം 750 ക്വാറികൾക്ക് മാത്രമേയുള്ളൂ. അംഗീകാരമില്ലാത്തത് പ്രവർത്തിപ്പിക്കുന്നതിലാണ് ഉദ്യോഗസ്ഥർക്ക് താത്പര്യം. കൈക്കൂലിയുടെ വലിയൊരു സാധ്യതയാണ് അവിടെയുള്ളത്. അതുകൊണ്ടുതന്നെ അവർ രഹസ്യമായി ഇതിനെ പ്രോത്സാഹിപ്പിക്കും. എന്തെങ്കിലും സംഭവിച്ചാൽ, അനുമതിയില്ലാത്തതാണെന്നു പറഞ്ഞ് മൈനിങ് ആൻഡ് ജിയോളജി വകുപ്പിലെ സാറന്മാർക്ക് കൈമലർത്തുകയും ചെയ്യാം. ഈ ക്വാറികളിൽ 354 എണ്ണം ഭൂകമ്പ മേഖലയുടെ ഒരു കിലോമീറ്റർ ചുറ്റളവിലാണ്. റിസർവ് വനത്തിന്റെ ഒരു കിലോമീറ്റർ പരിധിക്കുള്ളിൽ 1,378 ക്വാറികളാണ് പ്രവർത്തിക്കുന്നത്! 'പരിസ്ഥിതി സ്നേഹി'കളാണ് നമ്മളെന്നതിന് വേറെന്തു തെളിവാണ് വേണ്ടത്?!

59 പേരെയാണ് കവളപ്പാറ കവർന്നെടുത്തത്. അവിടെ എന്തുകൊണ്ട് ഉരുൾപൊട്ടി? കാരണം തേടിപ്പോവുമ്പോൾ മനുഷ്യർ വരുത്തിവച്ചതെന്നു തന്നെ പറയേണ്ടി വരും. ഒരു റോഡുവെട്ടി. അതിനിരുവശത്തും റബർ നട്ടുപിടിപ്പിച്ചു. കവളപ്പാറയ്ക്ക് മുകളിൽ റോഡിനായി നിരപ്പായ പ്രതലമൊരുക്കി.റബർ കുഴികളിലൂടെ വെള്ളം ഉള്ളിലേക്കൊഴുകി. അവിടെ ഉള്ളിലുള്ള പാറയുമായി മണ്ണ് പിടിച്ചിരുന്നത് ഈ വെള്ളം വീണ് കുതിർന്നു. ഫലം, ആ പ്രദേശമൊന്നാകെ തെന്നി താഴോട്ടൊഴുകി എന്നാണ് ശാസ്ത്രജ്ഞരുടെ വിശദീകരണം.

മനുഷ്യന്റെ ആർത്തി പല വനപ്രദേശങ്ങളിലും സമാനമായ അനുഭവം സൃഷ്ടിക്കുന്നതിലേക്ക് എത്തിച്ചിട്ടുണ്ടെന്ന് പരിസ്ഥിതി ശാസ്ത്രജ്ഞർ മുന്നറിയിപ്പു നൽകുന്നു. വനമേഖലയിൽ ജൈവ സമ്പുഷ്ടമായ മേൽമണ്ണാണുള്ളത്. ഇലകളും ചെടികളുടെ പൂവും കായും ശിഖരങ്ങളുമൊക്കെ വീണഴുകിയതാണിവ. മഴവെള്ളത്തെ ഇത് വലിയ തോതിൽ അകത്തേയ്ക്കു വിടില്ല. അത് സ്പോഞ്ചു പോലെ ഭൂമിക്ക് സംരക്ഷണ കവചമൊരുക്കും. മരങ്ങൾ വെട്ടിമാറ്റുമ്പോൾ നഷ്ടപ്പെടുന്നത് ഭൂമിക്കുള്ള ഈ ആവരണം കൂടിയാണ്.

മഴ പെയ്യുമ്പോൾ അന്തരീക്ഷത്തിലെ കാർബൺ ഡൈഓക്സൈഡുമായി ചേർന്ന് കോർബോളിക് ആസിഡ് ഉണ്ടാവുന്നു. പാറയിലെയും മണ്ണിലെയും ധാതുക്കൾ മഴവെള്ളവുമായി രാസപ്രവർത്തനം നടത്തി മണ്ണിലെ സോഡിയം, പൊട്ടാസ്യം, കാത്സ്യം, മഗ്നിഷ്യം എന്നിവ കാർബണേറ്റ്, ബൈകാർബണേറ്റ്, സൾഫേറ്റ് അയോണുകളുടെ രൂപത്തിൽ മണ്ണിൽ നിന്ന് വാർന്നുപോകും. മണ്ണിൽ ചുണ്ണാമ്പുള്ള ഇടങ്ങളിൽ കാർബണേറ്റായി മാറുന്ന പ്രക്രിയ വേഗത്തിൽ നടക്കും. വനനശീകരണ ഫലമായി മേൽമണ്ണിലെ ജൈവ സമ്പുഷ്ടത ഇല്ലാതാവുന്നതോടെ ഈ വെള്ളം ഉള്ളിലേക്കു പോകുന്നു. അവിടെ നടക്കുന്ന രാസപ്രവർത്തനങ്ങളുടെ ഫലമായി വലിയവലിയ മാളങ്ങളും സുഷിരങ്ങളും ഉണ്ടാവും. ഇതിനിടയിൽ ഖനനത്തിന്റെ ആഘാതങ്ങൾ കൂടിയാവുമ്പോൾ പാറകളുടെയും മണ്ണിന്റെയും അടരുകളുടെ ദൃഢത കുറയുകയും രാസഅപക്ഷയത്തിന്റെ വേഗത കൂടുകയും ചെയ്യും. രാസപ്രവർത്തനങ്ങളുടെ ഫലമായി അകം പൊള്ളയായിരിക്കുന്ന ഈ ഭാഗം ഖനനവും പുതിയ പ്ലാന്റേഷനുകൾ, നിർമാണങ്ങൾ എന്നിവയ്ക്കായി ഭൂമി നിരപ്പാക്കുക കൂടി ചെയ്യുമ്പോൾ ആന്തരികമായി മണ്ണും പാറയും തമ്മിലുള്ള ശക്തമായ ബന്ധം നഷ്ടമാവുന്നു. ഇത് ഉരുൾപൊട്ടലോ ഭൂമികുലുക്കമോ ഒക്കെ ആയി മാറുകയാണ്. വനനശീകരണത്തെ തുടർന്നുള്ള രാസഅപക്ഷയത്തിന്റെ വേഗതയാണിതിന് കാരണമെന്നാണ് ശാസ്ത്രജ്ഞരുടെ വിശദീകരണം.

മരം മുറിച്ചാൽ മഴ കിട്ടില്ലെന്നു പറഞ്ഞപ്പോൾ ''എങ്കിൽ കടലിൽ മഴ പെയ്യുന്നതെങ്ങനെ'' എന്നു ചോദിച്ച പ്രഗത്ഭരുടെ നാടാണിത്! ലാഭക്കണ്ണോടെ എന്തിനെയും വരിഞ്ഞുമുറുക്കി അവരുടേതായ നീതീസാരങ്ങളുണ്ടാക്കുമ്പോൾ ജൈവവൈവിധ്യവും കാടും മരവും പ്രകൃതിയും ഒക്കെ ഇത്തരക്കാരുടെ ജീവിത സുഭിക്ഷതയ്ക്കുള്ള വഴികൾ മാത്രമായി മാറുന്നു. അതിന് അരുനിക്കാത്തവർക്കെല്ലാം വികസന ശത്രുക്കളെന്ന 'ഓമനപ്പേരു' വീഴും. പരിസ്ഥിതിയെയും ജൈവ വൈവിധ്യത്തെത്തയും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബോധവത്കരിക്കുന്നവർ നക്സലൈറ്റുകളാവും. പൊലീസ് ജീപ്പിൽ പ്രളയത്തിനിടയിൽ വേട്ട നടത്തി മൃഗത്തെ കയറ്റിയ കാക്കിക്കാരെ പുറത്തുകൊണ്ടുവന്നതിന് മാധ്യമപ്രവർത്തകനെ അറസ്റ്റു ചെയ്ത നാടാണ് ഈ സാക്ഷര കേരളം എന്നും മറന്നുപോവരുത്.

അതുകൊണ്ട് നമുക്കിനിയും മഴ മാറിയാൽ പരിസ്ഥിതി അതിലോല മേഖലയുടെ ഹൃദയം തുരന്ന് പാറമടകൾ പ്രവർത്തിപ്പിക്കാം. ജെസിബി കൊണ്ടുവന്ന് കുന്നിടിക്കാം. ഒടുവിൽ, ഇതിലൊന്നും പെടാത്ത കുറേ പാവങ്ങൾ ജീവിതത്തിൽനിന്നേ ഒരു പെരുമഴയത്ത് ഒലിച്ചുപോവുമ്പോൾ അതേ ജെസിബി കൊണ്ടുവന്ന് അവരുടെ ജീവനില്ലാത്ത ശരീരങ്ങൾക്കായി തെരയാം. എന്നിട്ട്, ദൃശ്യമാധ്യമങ്ങൾക്കു മുന്നിൽ കള്ളക്കണ്ണീരൊഴുക്കാം. തെരച്ചിൽ നടത്തുന്നവർക്ക് വെള്ളവും ബ്രഡും മഴക്കോട്ടും വാങ്ങി നൽകിയ കാരുണ്യത്തിന് പുരസ്കാരം കിട്ടുമോ എന്നാരായാം... ഇല്ലെങ്കിൽ വേണ്ടപ്പെട്ടവരെക്കൊണ്ട് ഒരു ഹരിത പുരസ്കാരം പ്രഖ്യാപിപ്പിക്കാം...!

ഇരമ്പിയെത്തും മുൻപേ... *തുടർച്ചയായി പെയ്തിറങ്ങിയ കനത്ത മഴയും കിഴക്കൻ മേഖലയിൽ നിന്നുള്ള പുഴകളിലെ വെള്ളവും വേമ്പനാട്ടു കായലിലേക്ക് ഒഴുകിയെത്തിയത് കുട്ടനാടൻ ജനതയെ ഒന്നടങ്കം ദുരിതത്തിലാഴ്ത്തിയിരിക്കുകയാണ്. ജനവാസമേഖലകളിൽ നിന്നു വെള്ളമിറങ്ങാത്തതിനാൽ പതിനായിരത്തോളം ആളുകൾ ദുരിതാശ്വാസ ക്യാംപുകളിൽ ഇപ്പോഴും കഴിയുന്നു. ഇതിനിടെ ആലപ്പുഴ ചുങ്കം പാലത്തിന് സമീപം ആകാശം വീണ്ടും മേഘാവൃതമായപ്പോഴുള്ള ദൃശ്യം.*

കമലയെ വാഴ്ത്തി ബൈഡൻ, അമ്മയെ ഓർത്ത് കമല

വാഷിങ്ടൺ: തന്റെ വൈസ്പ്രസിഡന്റ് സ്ഥാനാർഥി ഇന്ത്യൻ വംശജയായ കമല ഹാരിസിനെ മുക്തകണ്ഠം പ്രശംസിച്ച് യുഎസ് തെരഞ്ഞെടുപ്പിലെ പ്രസിഡന്റ് സ്ഥാനാർഥി ജോ ബൈഡൻ. വൈസ്പ്രസിഡന്റ് നോമിനിയുടെ പ്രഖ്യാപനത്തിനു ശേഷം ഇരുവരും ആദ്യമായി ഒന്നിച്ചു വേദിയിലെത്തിയപ്പോഴാണ് എഴുപത്തേഴുകാരനായ ഡെമൊക്രാറ്റിക് നേതാവിന്റെ ആവേശകരമായ പ്രസംഗം. തൊഴിലും ഉദാരമായ സുരക്ഷാപദ്ധതികളും ജനങ്ങൾക്കു വാഗ്ദാനം ചെയ്ത കമല ഹാരിസ്, ചെന്നൈയിൽ ജനിച്ചു വളർന്ന് അമെരിക്കയിൽ കുടിയേറിയ തന്റെ അമ്മയെ ഓർത്തുകൊണ്ടാണ് വിൽമിങ്ടണിലെ ഈ ചടങ്ങിൽ പ്രസംഗിച്ചത്. വെറുതേയിരുന്നു പരാതി പറയാതെ പ്രശ്നങ്ങൾക്കു പരിഹാരം കാണാൻ രംഗത്തിറങ്ങണമെന്ന് തന്നെ പഠിപ്പിച്ചത് അമ്മ ശ്യാമള ഗോപാലനാണെന്ന് കമല ഓർത്തു.

അമെരിക്കൻ പ്രസിഡന്റും നവംബറിലെ തെരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ സ്ഥാനാർഥിയുമായ ഡോണൾഡ് ട്രംപിനെ നിശിതമായി വിമർശിച്ചുകൊണ്ടായിരുന്നു ഇരുവരുടെയും പ്രസംഗം. കറുത്ത വർഗക്കാരിയായ വൈസ് പ്രസിഡന്റ് യുഎസ് ചരിത്രത്തിലെ അവിസ്മരണീയ മുഹൂർത്തമാകുമെന്ന് ബൈഡൻ പറഞ്ഞു. നിരവധി സവിശേഷതകളുള്ള പ്രഗത്ഭയായ നേതാവാണ് കമലയെന്നും അദ്ദേഹം വിവരിച്ചു. ട്രംപിനെ തോൽപ്പിക്കാൻ തനിക്കൊപ്പമുള്ളത് ഏറ്റവും മികച്ച ടീം അംഗമാണ്. മഹാമാരിയും മുറിവേറ്റ സാമ്പത്തിക വ്യവസ്ഥയും വർണവിവേചനവും തളർത്തിയ അമെരിക്കയെ മുന്നോട്ടു നയിക്കാൻ കമലയുടെ നേതൃശേഷിക്കു കഴിയുമെന്നും ബൈഡൻ പറഞ്ഞു.

കമല കർക്കശക്കാരിയാണ്, പരിചയസമ്പന്നയാണ്, വിട്ടുകൊടുക്കാത്ത പോരാളിയാണ്. എങ്ങനെ ഭരിക്കണമെന്ന് കമലയ്ക്കറിയാം. കടുത്ത തീരുമാനങ്ങൾ എങ്ങനെയെടുക്കണമെന്നും അറിയാം. ആദ്യ ദിവസം മുതൽ അവർക്കതിനു കഴിയും- ബൈഡൻ പറഞ്ഞു.

കൊവിഡ് സാഹചര്യത്തിൽ മാസ്ക് ധരിച്ചാണ് ഇരുവരും വേദിയിലെത്തിയത്. സംസാരിക്കുമ്പോൾ ഇരുവരും മാസ്ക് മാറ്റുകയും ചെയ്തു. സാമൂഹിക അകലം പാലിക്കാൻ തക്കവണ്ണം കുറച്ചു പേരേ പരിപാടി നടന്ന ഹൈസ്കൂൾ ജിമ്മിൽ ഉണ്ടായിരുന്നുള്ളൂ. സാധാരണ പതിവുള്ളതുപോലെ നിറഞ്ഞുകവിഞ്ഞ പാർട്ടി അനുയായികളും ആരവങ്ങളുമില്ലാതെ, പരസ്പര ആശ്ലേഷമില്ലാതെ പോരാട്ടത്തിൽ ആദ്യത്തെ ഒത്തുചേരൽ.

ഇന്നു രാവിലെ രാജ്യത്തെ പെൺകുട്ടികൾ, പ്രത്യേകിച്ചു കറുത്തവർഗക്കാരായവർ, എഴുന്നേറ്റത് വലിയ ആവേശത്തോടെയാണ്. സമൂഹത്തിൽ അവഗണിക്കപ്പെട്ടവരാകുന്നു എന്ന അവരുടെ തോന്നൽ ഇല്ലാതാവുന്നതിന്റെ ആവേശം. അവർ ആദ്യമായി പുതിയ വഴി കാണുന്നു- ബൈഡൻ പറഞ്ഞു.

ലിംഗസമത്വത്തിനു വേണ്ടി പോരാടിയ വനിതാ നേതാക്കളുടെ നിശ്ചയദാർഢ്യവും ത്യാഗവുമാണ് തന്നെ ഈ വേദിയിലെത്തിച്ചതെന്ന് പിന്നാലെ പ്രസംഗിച്ച കമല പറഞ്ഞു. തന്റെ ജീവിതം ഇവിടെവരെ എത്തിച്ചതിൽ അമ്മയുടെ പങ്ക് വളരെ വലുതാണെന്നും അവർ. പ്രവർത്തിച്ചു ലക്ഷ്യം നേടാൻ എന്നെയും സഹോദി മായയെയും പഠിപ്പിച്ചത് അമ്മയാണ്.

ലോകത്തിന്റെ എതിർ വശങ്ങളിൽ നിന്നു വന്നവരാണ് അമ്മയും അച്ഛനും; ഒരാൾ ഇന്ത്യയിൽ നിന്നും ഒരാൾ ജമൈക്കയിൽ നിന്നും. ലോക നിലവാരമുള്ള വിദ്യാഭ്യാസം തേടിയാണ് അവർ ഇവിടെ വന്നത്. അറുപതുകളിലെ പൗരാവകാശ പ്രക്ഷോഭങ്ങളാണ് അവരെ ഒന്നിപ്പിച്ചത്. വിദ്യാർഥികളെന്ന നിലയിൽ ഓക് ലൻഡിന്റെ തെരുവുകളിൽ അവർ ഒന്നിച്ചു കണ്ടു, ഒന്നിച്ചു മാർച്ച് ചെയ്തു, നീതിക്കുവേണ്ടി ശബ്ദമുയർത്തി. ആ പോരാട്ടം അമെരിക്ക ഇപ്പോഴും തുടരുകയാണ്- കമല പറഞ്ഞു. ഈ പ്രതിഷേധ പാതയിലേക്ക് എന്നെയും മായയെയും കൊണ്ടുവന്നത് മാതാപിതാക്കളാണ്. അമെരിക്കയിലെ എല്ലാ തലമുറയും ഈ പോരോട്ടം തുടരണമെന്ന് ഞങ്ങളെ പഠിപ്പിച്ചത് അമ്മയാണ്- കമല കൂട്ടിച്ചേർത്തു.

അമെരിക്കൻ സുപ്രീം കോടതിയിൽ വരെ ഞാൻ അവസര സമത്വത്തിനു വേണ്ടി വാദിച്ചു. കോടതികളിൽ ഇതിനു വേണ്ടി പൊരുതി- ഡിസ്ട്രിക്റ്റ് അറ്റോർണിയായിരുന്നപ്പോഴത്തെ പോരാട്ടങ്ങൾ ഓർത്തുകൊണ്ട് കമല പറഞ്ഞു. ട്രംപ് ഭരണകൂടത്തിലെ ഉദ്യോഗസ്ഥർ ജനങ്ങളോട് യാതൊരു ബാധ്യതയും കാണിക്കുന്നില്ലെന്നും കമല. കൊവിഡ് മഹാമാരി നേരിടുന്നതിൽ ട്രംപ് തികഞ്ഞ പരാജയമാണ്. പ്രതിസന്ധിയിൽ രാജ്യത്തെ നയിക്കാൻ ട്രംപിനു കഴിയില്ലെന്നു തെളിഞ്ഞിരിക്കുന്നു- കമല കുറ്റപ്പെടുത്തി. നമ്മുടെ സാമ്പത്തിക വ്യവസ്ഥ, നമ്മുടെ ആരോഗ്യം, നമ്മുടെ കുട്ടികൾ, നമ്മുടെ രാജ്യം... എല്ലാം പ്രതിസന്ധിയിലാണ്- കമല പറഞ്ഞു.

കമല വന്നപ്പോൾ ഫണ്ടൊഴുകുന്നു; ആവേശത്തിൽ ബൈഡൻ ക്യാംപ്

വാഷിങ്ടൺ: കമല ഹാരിസിനെ വൈസ് പ്രസിഡന്റ് സ്ഥാനാർഥിയായി പ്രഖ്യാപിച്ച് 24 മണിക്കൂറിനുള്ളിൽ ജോ ബൈഡൻ സമാഹരിച്ചത് 26 ദശലക്ഷം യുഎസ് ഡോളർ ഫണ്ട്. പ്രതിദിന ഫണ്ട് ശേഖരണത്തിൽ നിലവിലുണ്ടായിരുന്ന റെക്കോഡിന്റെ ഇരട്ടിയാണിത്. കറുത്തവർഗത്തിൽപ്പെട്ട ആദ്യ വനിത വൈസ് പ്രസിഡന്റ് സ്ഥാനാർഥിയായതിന്റെ ആവേശമാണ് ഡെമൊക്രറ്റുകളിലെന്ന് നിരീക്ഷകർ. സ്ഥാനാർഥികൾ എന്ന നിലയിൽ ഇരുവരും ആദ്യമായി വേദി പങ്കിട്ട വിൽമിങ്ടണിലെ ചടങ്ങിലും ഇതിന്റെ ആവേശം ബൈഡൻ മറച്ചുവച്ചില്ല. ആവേശം തൊട്ടറിയുന്നതാണ് ഈ ഫണ്ട് സമാഹരണമെന്ന് ബൈഡൻ പറഞ്ഞു.

ഫണ്ട് സമാഹരണത്തിൽ ഇനിയും വലിയ കുതിപ്പുണ്ടാകുമെന്നാണ് ബൈഡൻ ക്യാംപ് വിശ്വസിക്കുന്നത്. ഡോണൾഡ് ട്രംപിന്റെ ക്യാംപിൽ പണത്തിനൊരു കുറവുമില്ല. 300 ദശലക്ഷം ഡോളറിന്റെ ക്യാഷ് സ്റ്റോക്ക് റിപ്പബ്ലിക്കൻ ക്യാംപിലുണ്ടെന്ന് ജൂലൈയിൽ തന്നെ വ്യക്തമാക്കപ്പെട്ടിരുന്നു. ഇതിനോട് അടുത്തെങ്കിലും എത്താൻ ഡെമൊക്രറ്റുകൾക്കു കഴിയുമെന്നാണ് ഇപ്പോൾ പ്രതീക്ഷ. കമലയുടെ രംഗപ്രവേശം അതിനു സഹായിക്കും. ഫണ്ട് ശേഖരണത്തിൽ മുഖ്യ പങ്ക് കമല തന്നെയാവും വഹിക്കുക.

ഡെമൊക്രറ്റിക് പാർട്ടിയുടെ എടിഎം ആയാണ് കാലിഫോർണിയ അറിയപ്പെടുന്നത്. അവിടുത്തെ സെനറ്ററാണു കമല. സംഭാവന നൽകാൻ കഴിയുന്നവരുമായെല്ലാം നല്ല ബന്ധമുണ്ട് അവിടെ കമലയ്ക്ക്. ഏഷ്യൻ വംശജ എന്ന നിലയിൽ അവർക്കിടയിൽ നിന്നുള്ള ഫണ്ട് ശേഖരണവും കമലയ്ക്കു കഴിയും.

ഭോപ്പാലിലെ മലയാളം പഠനകേന്ദ്രങ്ങളിലേക്ക് 15ന് പ്രവേശനോത്സവം

ഭോപ്പാൽ: കേരള സർക്കാരിന്റെ മലയാളം മിഷനുമായി ചേർന്ന് യുണൈറ്റഡ് മലയാളി അസോസിയേഷൻ ഭോപ്പാൽ നടത്തുന്ന ഭോപ്പാലിലെ മാതൃഭാഷാ പഠന കേന്ദ്രങ്ങളുടെ ഉദ്ഘാടനവും ഓൺലൈൻ മലയാളം മിഷൻ ക്ലാസിന്റെ പ്രവേശനോത്സവം 15ന് ശനിയാഴ്ച അഞ്ചു മണി മുതൽ ഓൺലൈനായി സൂം പ്ലാറ്റ്ഫോമിലൂടെ നടക്കും.

സംവിധായകനും എഴുത്തുകാരനുമായ സൂര്യ കൃഷ്ണമൂർത്തി പഠന കേന്ദ്രങ്ങളുടെ ഉദ്ഘാടനം നിർവഹിക്കും. മലയാളം മിഷൻ ഡയറക്ടർ പ്രൊഫ. സുജ സൂസൻ ജോർജ് മുഖ്യാതിഥിയാകും.രജിസ്ട്രാർ സേതുമാധവൻ പ്രസംഗിക്കും. മുൻ മുഖ്യമന്ത്രി കമൽനാഥ്, സംസ്ഥാന കൃഷിമന്ത്രി കമൽ പട്ടേൽ, ഗായിക രഞ്ജിനി ജോസ് എന്നിവർ ആശംസകൾ നേരും.

സമാജം ഭാരവാഹികളും മലയാളം മിഷനിലെ അധ്യാപകരും 125ലധികം മലയാളം മിഷൻ വിദ്യാർഥികളും രക്ഷിതാക്കളും പങ്കെടുക്കുന്ന സമ്മേളനത്തിൽ കുട്ടികളുടെയും അധ്യാപകരുടെയും വിവിധ കലാപരിപാടികളും ഉണ്ടായിരിക്കും. തത്സമയ സംപ്രേഷണം united malayalee association youtube linkൽ ലഭിക്കും.

മലയാളം മിഷൻ ക്ലാസുകളിൽ ഇനിയും പേരുകൾ രജിസ്ട്രേഷൻ ചെയ്യാൻ ബാക്കിയുള്ള പഠിതാക്കളുടെ രക്ഷിതാക്കൾ ഭോപ്പാൽ മലയാളം മിഷൻ ഭാരവാഹികളുമായി ബന്ധപ്പെട്ട് തങ്ങളുടെ കുട്ടികളെ മലയാളം ഭാഷ ഭാഷ പഠിക്കാൻ ചേർക്കണം. കൊറോണ മഹാമാരി മൂലം ഈ മലയാളം ക്ലാസുകൾ ഓൺലൈനായി എല്ലാ ഞായറാഴ്ചയും ഗൂഗിൾ ക്ലാസ് റൂമിലൂടെ 40 മിനിറ്റ് വരെ ഉണ്ടാകും.

നിലവിൽ നാലു കോഴ്സുകളാണ് മലയാളം മിഷൻ നടത്തുന്നത്. പ്രാഥമിക കോഴ്സായ കണിക്കൊന്നയിലേക്കുള്ള പ്രവേശനമാണ് ഇപ്പോൾ നടക്കുന്നത്. ആറു വയസ് പൂർത്തിയായ ആർക്കും സർട്ടിഫിക്കറ്റ് കോഴ്സിന് ചേരാം. തുടർന്ന് ഡിപ്ലോമ (സൂര്യകാന്തി) ഹയർ ഡിപ്ലോമ (ആമ്പൽ), സീനിയർ ഹയർ ഡിപ്ലോമ (നീലക്കുറിഞ്ഞി) കോഴ്സുകൾ ക്രമാനുക്രമം ചെയ്യാം. ഈ കോഴ്സുകൾ പൂർത്തീകരിക്കുമ്പോൾ നാട്ടിലെ മലയാളം വിഷയത്തിൽ പത്താം ക്ലാസിന് തത്തുല്യമായ നിലവാരത്തിലേക്ക് ഈ കുട്ടികൾ എത്തിച്ചേരുകയും സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും. എല്ലാ കോഴ്സുകളും സൗജന്യമാണ്. പ്രവേശനത്തിനും മറ്റു വിവരങ്ങൾക്കും: 9826218796, 9893040366, 9755548844.

സമാധാനം ഉറപ്പാക്കേണ്ടത് ഇന്ത്യയെന്ന് ചൈന

ന്യൂഡൽഹി: അതിർത്തി പ്രദേശങ്ങളിൽ ശാന്തിയും സമാധാനവും സുസ്ഥിരതയും ഉറപ്പാക്കാൻ ഇന്ത്യ അനുകൂല സാഹചര്യമൊരുക്കണമെന്നു ചൈന. അതിർത്തിയിൽ സംഘർഷം കുറച്ചുകാലം കൂടി തുടരുമെന്ന് ഇന്ത്യ പറഞ്ഞത് എന്ത് അടിസ്ഥാനത്തിലാണെന്നും ചൈനീസ് എംബസി വക്താവ് ജി റോങ്.കിഴക്കൻ ലഡാഖിലെ ഗോഗ്ര, പാംഗോങ് ത്സോ തടാകം എന്നിവിടങ്ങളിൽ നിന്ന് സൈന്യത്തെ പിൻവലിക്കണമെന്ന ഇന്ത്യയുടെ ആവശ്യം അംഗീകരിക്കാൻ മടികാട്ടുന്നതിനിടെയാണ് എംബസി വക്താവിന്റെ പ്രസ്താവന. അതിർത്തിയിലെ സ്ഥിതി സങ്കീർണമാക്കുന്ന പ്രസ്താവനകൾ പാടില്ലെന്നും അവർ പറഞ്ഞു. സൈനിക പിന്മാറ്റം സംബന്ധിച്ചു കഴിഞ്ഞദിവസം കമാൻഡർമാർ നടത്തിയ ചർച്ചയിലും കാര്യമായ ഫലമുണ്ടായിരുന്നില്ല. യഥാർഥ നിയന്ത്രണ രേഖയിൽ ഇന്ത്യയുടെ അവസാന സൈനിക പോസ്റ്റായ ദൗലത് ബെഗ് ഓൾഡിയോടു ചേർന്ന ദെപ്സാങ് സമതലത്തിൽ ഇപ്പോഴും ചൈനീസ് സേന തുടരുന്നുണ്ട്.

കുവൈറ്റിൽ നിന്നെത്തിയ യുവതിക്ക് കൊവിഡ് 19; ഭൂട്ടാനിൽ ലോക്ഡൗൺ

ന്യൂഡൽഹി: ക്വാറന്റൈൻ കാലാവധിക്കുശേഷം പുറത്തുപോയ യുവതിക്കു കൊവിഡ് 19 സ്ഥിരീകരിച്ചതിനെത്തുടർന്നു ഭൂട്ടാനിൽ രാജ്യവ്യാപക ലോക്ഡൗൺ. ഏഴരലക്ഷത്തോളം വരുന്ന ഭൂട്ടാൻ ജനതയോടു വീടിനുള്ളിൽ തന്നെ കഴിയാൻ ഭരണകൂടം നിർദേശിച്ചു. അഞ്ചു മുതൽ 21 വരെ ദിവസത്തിനുള്ളിൽ കൊവിഡ് 19 ബാധിച്ചവരെ കണ്ടെത്തി ആശുപത്രിയിലാക്കാനും രോഗപ്പകർച്ചാ ശൃംഖല തടയാനുമാണ് നടപടി. കൊവിഡ് 19 ബാധിച്ചശേഷം ഇതാദ്യമാണു ഭൂട്ടാൻ രാജ്യവ്യാപക ലോക്ഡൗൺ പ്രഖ്യാപിക്കുന്നത്. കുവൈറ്റിൽ നിന്നെത്തിയ ഇരുപത്തേഴുകാരിക്കാണ് രോഗം സ്ഥിരീകരിച്ചത്. വിദേശത്തു നിന്നെത്തുന്നവർക്കുള്ള പതിവു ക്വാറന്റൈൻ കാലാവാധി പൂർത്തിയാക്കിയശേഷം പുറത്തുപോയ ഇവർക്കു പിന്നീട് കൊവിഡ് സ്ഥിരീകരിക്കുകയായിരുന്നു. ഇതിനിടെ ഇവർ നിരവധിയിടങ്ങളിലേക്കു യാത്ര ചെയ്തു. ഈ സാഹചര്യത്തിലാണ് രാജ്യവ്യാപക നിയന്ത്രണം.

കൈകോർത്ത് ഗെഹ്‌ലോട്ടും പൈലറ്റും

രാജസ്ഥാനിൽ ഇന്ന് അവിശ്വാസപ്രമേയം

ജയ്പുർ: ഒരു മാസത്തിലേറെ നീണ്ട കലാപത്തിനും രാഷ്ട്രീയ നാടകങ്ങൾക്കും വിരാമമിട്ട് രാജസ്ഥാനിൽ മുഖ്യമന്ത്രി അശോക് ഗെഹ്‌ലോട്ട് വിളിച്ച നിയമസഭാ കക്ഷിയോഗത്തിൽ വിമത നേതാവ് സച്ചിൻ പൈലറ്റ് പങ്കെടുത്തു. ഇന്നലെ വൈകിട്ട് അഞ്ചിനു ചേർന്ന യോഗത്തിനെത്തി സച്ചിനെ ഹസ്തദാനം നൽകിയാണു ഗെഹ്‌ലോട്ട് സ്വീകരിച്ചത്. യോഗത്തിൽ ഇരുവരും ഇരുന്നതാകട്ടെ തൊട്ടടുത്ത കസേരകളിൽ.

കഴിഞ്ഞദിവസം ഡൽഹിയിൽ പ്രിയങ്ക ഗാന്ധി വാദ്‌രയുടെ നേതൃത്വത്തിൽ നടന്ന ചർച്ചകളെത്തുടർന്നാണ് സച്ചിൻ പാർട്ടിയുടെ കുടക്കീഴിലേക്കു മടങ്ങിയെത്തിയത്. ഇന്നു നിയമസഭയുടെ പ്രത്യേക സമ്മേളനം ചേരാനിരിക്കെയായിരുന്നു ഇന്നലെ എംഎൽഎമാരുടെ യോഗം. മറക്കുകയും പൊറുക്കുകയും ചെയ്താണു മുന്നോട്ടുപോകേണ്ടതെന്ന് രാവിലെ ഗെഹ്‌ലോട്ട് ടീറ്റ് ചെയ്തിരുന്നു. ബിജെപി ഇന്ന് അവിശ്വാസ പ്രമേയം അവതരിപ്പിക്കുമെന്നു നേരത്തേ ടീറ്റ് ചെയ്തിരുന്നു.

200 അംഗ നിയമസഭയിൽ 107 അംഗങ്ങളാണ് കോൺഗ്രസിനുള്ളത്. സ്വതന്ത്രരും ചെറുകക്ഷികളും കൂടി ചേരുമ്പോൾ 125 പേരുടെ പിന്തുണയുണ്ട് പാർട്ടിക്ക്. ബിജെപിക്ക് 72 അംഗങ്ങളുണ്ട്. കോൺഗ്രസിലെ 18 എംഎൽഎമാരാണു സച്ചിൻ പൈലറ്റിനൊപ്പമുള്ളത്.

നീറ്റ് പരീക്ഷ ഓൺലൈനായി നടത്താൻ കഴിയില്ല

ന്യൂഡൽഹി: ജെഇഇ (മെയിൻ) പരീക്ഷാ മാതൃകയിൽ മെഡിക്കൽ പ്രവേശനത്തിനുള്ള നീറ്റ് പരീക്ഷ ഓൺലൈനായി നടത്താൻ കഴിയില്ലെന്ന് നാഷണൽ ടെസ്റ്റിങ് ഏജൻസി. സുപ്രീം കോടതിയിൽ ഫയൽ ചെയ്ത സത്യവാങ്മൂലത്തിലാണ് ഇക്കാര്യം വ്യക്തമാക്കിയത്. ഗൾഫ് രാജ്യങ്ങളിൽ നീറ്റ് പരീക്ഷയ്ക്ക് സെന്ററുകൾ അനുവദിക്കാൻ കഴിയില്ലെന്നും സത്യവാങ്മൂലത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ജസ്റ്റിസ് എൽ. നാഗേശ്വര റാവുവിന്റെ അധ്യക്ഷതയിലുള്ള ബെഞ്ച് സത്യവാങ്മൂലം ഇന്നു പരിഗണിക്കും.

നീറ്റ് പരീക്ഷയ്ക്ക് ഗൾഫ് രാജ്യങ്ങളിൽ സെന്ററുകൾ അനുവദിക്കണമെന്നവശ്യപ്പെട്ട് നൽകിയ ഹർജി പരിഗണിക്കവെയാണ് ഓൺലൈൻ ആയി പരീക്ഷ നടത്തിക്കൂടെ എന്ന് സുപ്രീം കോടതി ജൂലൈ 29ന് കേന്ദ്ര സർക്കാരിനോട് ആരാഞ്ഞിരുന്നത്. എന്നാൽ 2016 മുതൽ നീറ്റ് പ്രവേശന പരീക്ഷ ചോദ്യക്കടലാസ് നൽകിയാണ് നടത്തുന്നത്. ഓൺലൈൻ പ്രവേശന പരീക്ഷ എന്നത് പ്രായോഗികമല്ലെന്നും നാഷണൽ ടെസ്റ്റിങ് ഏജൻസി വ്യക്തമാക്കിയിട്ടുണ്ട്.ഒരേ ദിവസം, ഒരു ഷിഫ്റ്റിൽ ഒരേസമയമാണ് നീറ്റ് പരീക്ഷ നടത്തേണ്ടത്. പരീക്ഷയുടെ ഏകീകൃത സ്വഭാവം നിലനിർത്താൻ ഇത് അനിവാര്യമാണെന്നും സത്യവാങ്മൂലത്തിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

മെഡിക്കൽ കോഴ്സുകളിലേക്ക് നടക്കുന്ന പ്രവേശനപരീക്ഷയായ നീറ്റിനെയും മെഡിക്കൽ ഇതര കോഴ്സുകളുടെ പ്രവേശനത്തിന് ആയി നടക്കുന്ന ജെഇഇ പരീക്ഷയെയും തമ്മിൽ താരതമ്യം ചെയ്യാൻ കഴിയില്ലെന്നും നാഷണൽ ടെസ്റ്റിങ് ഏജൻസി വിശദീകരിച്ചിട്ടുണ്ട്.കൊവിഡിനെ തുടർന്ന് നാട്ടിൽ എത്താൻ ബുദ്ധിമുട്ടുന്ന വിദ്യാർഥികൾക്കായി ഗൾഫിൽ നീറ്റ് പരീക്ഷാകേന്ദ്രം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഖത്തർ കെഎംസിസിയും ഒമ്പതു രക്ഷാകർത്താക്കളുമാണ് സുപ്രീം കോടതിയെ സമീപിച്ചിരിക്കുന്നത്. നിലവിൽ നാലായിരത്തോളം വിദ്യാർഥികളാണ് നീറ്റ് പരീക്ഷ എഴുതാൻ വിവിധ ഗൾഫ് രാജ്യങ്ങളിൽനിന്ന് അപേക്ഷിച്ചിട്ടുള്ളത് എന്ന് ഹർജിക്കാർക്ക് വേണ്ടി ഹാജരായ ഹാരീസ് ബീരാനും പല്ലവി പ്രതാപും കഴിഞ്ഞതവണ കോടതിയിൽ ചൂണ്ടിക്കാട്ടിയിരുന്നു. ഇതിൽ പകുതിയിൽ അധികവും മലയാളികളാണ്.

സുപ്രീം കോടതിയിൽ സത്യവാങ്മൂലം

2036ൽ ഇന്ത്യയ്ക്ക് 'വയസാകും'

ന്യൂഡൽഹി: 2036ൽ രാജ്യത്തെ ജനസംഖ്യയുടെ വലിയൊരു ശതമാനം വയോധികരായിരിക്കുമെന്നു പഠനം. ജനനനിരക്ക് കുറയുകയും യുവാക്കളും വയോധികരും തമ്മിലുള്ള അനുപാതത്തിൽ ആരോഗ്യകരമല്ലാത്ത മാറ്റങ്ങളുണ്ടാകുകയും ചെയ്യുമെന്ന് ടെക്നിക്കൽ ഗ്രൂപ്പ് ഒഫ് പോപ്പുലേഷൻ പ്രൊജക്ഷന്റെ റിപ്പോർട്ടിൽ പറയുന്നു. 2011 മുതൽ 2036 വരെയുള്ള ജനസംഖ്യ വിലയിരുത്തിയാണു റിപ്പോർട്ട്.

2011ൽ 24 വയസിൽ താഴെയുള്ളവരാണ് ജനസംഖ്യയുടെ 50.2 ശതമാനം. 2036ൽ ഇത് 35.3 ആയി കുറയും. ജനന നിരക്ക് കുറയുന്നതിനൊപ്പം ആയുർദൈർഘ്യം വർധിക്കും. ഇതോടെ നിലവിൽ ജനസംഖ്യയുടെ 8.4 ശതമാനം മാത്രമുള്ള അറുപതു പിന്നിട്ടവർ 2036ൽ 14.9 ശതമാനമായി ഉയരും. അഥവാ 2011ൽ 10 കോടി പേരാണ് 60 പിന്നിട്ടവർ. ഇത് 23 കോടിയായി ഉയരും.

15-24 പ്രായപരിധിയിലുള്ളവർ 2011ലെ 19.3 ശതമാനത്തിൽ നിന്ന് 2036ൽ 15.1 ശതമാനമായി കുറയും. 15- 59 വിഭാഗം 60.7 ശതമാനത്തിൽ നിന്ന് 64.9 ശതമാനമായി ഉയരും.

2011ൽ 121.1 കോടിയായിരുന്നു ഇന്ത്യയുടെ ജനസംഖ്യ. ഇത് 152.2 കോടിയായി ഉയരും. ഒരു ചതുരശ്ര കിലോമീറ്ററിന് 368 പേർ എന്ന ജനസാന്ദ്രത 463 ആയി മാറും. മധ്യവയസിലുള്ളവരുടെ എണ്ണവും വർധിക്കും. 2011ൽ 15 വയസിൽ താഴെയുള്ളവർ 30.9 ശതമാനമുണ്ട്. ഇതു 2036ൽ 20.1 ശതമാനമായി കുറയും. സ്കൂൾ വിദ്യാർഥികൾ (5-14 പ്രായത്തിലുള്ളവർ) 2011ൽ 25.4 കോടിയായിരുന്നു. ഇത് 20.9 കോടിയായി കുറയുമെന്നും പഠനം പറയുന്നു.

രണ്ടര ലക്ഷം കടന്ന് ആന്ധ്ര,

രണ്ടു ലക്ഷം പിന്നിട്ട് കർണാടക

ചെന്നൈ: കൊവിഡ് വ്യാപന ആശങ്കയ്ക്ക് തെല്ലും ശമനമില്ലാതെ ദക്ഷിണേന്ത്യ. ഇരുപത്തോറായിരത്തിലേറെ പുതിയ കേസുകൾ ദിവസം റിപ്പോർട്ടു ചെയ്യുന്നു ഈ മേഖലയിൽ. ആന്ധ്രപ്രദേശിൽ മൊത്തം വൈറസ്ബാധിതർ രണ്ടര ലക്ഷം പിന്നിട്ടപ്പോൾ കർണാടകയിൽ സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ഇന്നലെ രാത്രിയിലെ കണക്കനുസരിച്ച് രോഗബാധിതർ രണ്ടു ലക്ഷം കടന്നു.

ഓഗസ്റ്റ് ഏഴിന് മൊത്തം വൈറസ്ബാധിതർ രണ്ടു ലക്ഷത്തിലെത്തിയ ആന്ധ്രയിൽ പിന്നീട് അഞ്ചു ദിവസം കൊണ്ടാണ് രണ്ടര ലക്ഷം പിന്നിട്ടത്. അടുത്തിടെ പല ദിവസങ്ങളിലും പതിനായിരത്തിലേറെ പുതിയ രോഗികളെ ആന്ധ്ര കണ്ടെത്തി. മഹാരാഷ്ട്രയ്ക്കും തമിഴ്നാടിനും പിന്നിൽ രാജ്യത്ത് മൂന്നാം സ്ഥാനത്തുമാണ് രോഗബാധിതരുടെ എണ്ണത്തിൽ ആന്ധ്ര.

കഴിഞ്ഞ ദിവസം 6,597 പേർക്കു കൂടിയാണ് ആന്ധ്രയിൽ രോഗം സ്ഥിരീകരിച്ചത്. പോസിറ്റിവിറ്റി നിരക്ക് 9.59 ശതമാനമായി ഉയർന്നിട്ടുണ്ട്. 93 പേർ കൂടി ആന്ധ്രയിൽ മരിച്ചു. ഇതോടെ സംസ്ഥാനത്തെ മൊത്തം കൊവിഡ് മരണം 2,296 ആയിട്ടുണ്ട്. മൊത്തം രോഗബാധിതർ 2,54,146. രോഗമുക്തരായത് 1,61,425 പേരാണ്. ആക്റ്റിവ് കേസുകൾ 90,000 പിന്നിട്ടു.

ബുധനാഴ്ച പ്രതിദിന വർധനയിൽ പുതിയ റെക്കോഡിട്ടു കർണാടക. 24 മണിക്കൂറിൽ സ്ഥിരീകരിച്ചത് 7,883 പുതിയ കേസുകൾ. ഇന്നലെ രാത്രിയോടെ സംസ്ഥാന ആരോഗ്യ മന്ത്രാലയത്തിൽ നിന്നു ലഭിച്ച കണക്കുപ്രകാരം 6,706 കേസുകൾ കൂടി സ്ഥിരീകരിച്ചിട്ടുണ്ട്. ഇതോടെ മൊത്തം രോഗബാധിതർ 2,03,200ലെത്തി. രണ്ടു ദിവസം കൊണ്ട് 206 പേരാണു കർണാടകയിൽ മരിച്ചിരിക്കുന്നത്. ഇതോടെ മൊത്തം മരണസംഖ്യ 3,613ലെത്തിയിട്ടുണ്ട്. 78,337 ആക്റ്റിവ് കേസുകളാണ് ഇപ്പോഴുള്ളത്. 1.21 ലക്ഷത്തിലേറെ പേർ രോഗമുക്തരായിട്ടുണ്ട്.

രണ്ടു ദിവസത്തിനിടെ 11,700ലേറെ പേർക്കാണ് തമിഴ്നാട്ടിൽ രോഗബാധ സ്ഥിരീകരിച്ചത്. 238 പേർ 48 മണിക്കൂറിൽ മരിച്ചു. ഇന്നലെ രാത്രിയിലെ സംസ്ഥാന ആരോഗ്യ മന്ത്രാലയത്തിന്റെ കണക്കുപ്രകാരം മൊത്തം രോഗബാധിതർ 3.20 ലക്ഷത്തിലെത്തിയിട്ടുണ്ട്. മരണസംഖ്യ 5400നു തൊട്ടടുത്ത്. 53,000ലേറെ പേർ ഇപ്പോൾ ചികിത്സയിലുണ്ട് തമിഴകത്ത്.

കേരളത്തിലും തെലങ്കാനയിലും ആയിരത്തിലേറെ കേസുകൾ റിപ്പോർട്ട് ചെയ്യുന്നതു തുടരുകയാണ്. കേരളത്തിൽ ഇന്നലെ 1,564 പേർക്കാണു രോഗം സ്ഥിരീകരിച്ചത്. പ്രതിദിന വർധനയിലെ റെക്കോഡ്. ഇതിൽ 1,380 പേർക്കും രോഗമുണ്ടായതു സമ്പർക്കത്തിലൂടെ.

ബുധനാഴ്ച 1,897 പുതിയ കേസുകൾ കണ്ടെത്തിയ തെലങ്കാനയിൽ ഇന്നലെ 1,931 പേർക്കു കൂടിയാണു രോഗം സ്ഥിരീകരിച്ചത്. സംസ്ഥാനത്തെ മൊത്തം രോഗബാധിതർ 86,000 കടന്നിട്ടുണ്ട്. ബുധനാഴ്ച 481 കേസുകളോടെ പ്രതിദിന വർധനയിൽ റെക്കോഡിട്ട പുതുച്ചേരിയിൽ ഇന്നലെ സ്ഥിരീകരിച്ചത് 305 കേസുകൾ കൂടിയാണ്. മൊത്തം രോഗബാധിതർ 6,400 കടന്നു.

പുതുച്ചേരിയിൽ കഴിഞ്ഞ ദിവസം കൊവിഡ് ബാധിച്ചു മരിച്ചവരിൽ മുൻ തദ്ദേശ സ്വയംഭരണ വകുപ്പു മന്ത്രി എ. ഏലുമലൈയും ഉൾപ്പെടുന്നുണ്ട്. ജിപ്മറിൽ ചികിത്സയിലായിരുന്നു അദ്ദേഹം. ശ്വാസതടസം മൂലം രണ്ടു ദിവസം മുൻപ് ആശുപത്രിയിൽ പ്രവേശിപ്പിച്ചതാണ് അമ്പത്തഞ്ചുകാരനായ മുൻ മന്ത്രിയെ. കൊവിഡ് പരിശോധനയിൽ പൊസിറ്റീവായി. രണ്ടായിരത്തിന്റെ തുടക്കത്തിൽ എൻ. രംഗസ്വാമിയുടെ കോൺഗ്രസ് സർക്കാരിൽ മന്ത്രിയായിരുന്ന ഇദ്ദേഹം അന്നു നിയമസഭയിലെത്തിയത് പുതുച്ചേരി മക്കൾ കോൺഗ്രസ് ടിക്കറ്റിലാണ്. പിന്നീടു കോൺഗ്രസിലെത്തി.

സിദ്ധരാമയ്യ ആശുപത്രി വിട്ടു

ബംഗളൂരു: കൊവിഡ് രോഗമുക്തി നേടിയ കർണാടക മുൻ മുഖ്യമന്ത്രി സിദ്ധരാമയ്യ ആശുപത്രി വിട്ടു. അദ്ദേഹത്തിന്റെ മകനും കോൺഗ്രസ് എംഎൽഎയുമായ ഡോ. യതീന്ദ്ര സിദ്ധരാമയ്യയും രോഗമുക്തനായി ആശുപത്രിയിൽ നിന്നു ഡിസ്ചാർജ് ചെയ്യപ്പെട്ടിട്ടുണ്ട്. രണ്ടു ടെസ്റ്റുകൾ നെഗറ്റീവായതിനെത്തുടർന്നാണ് സിദ്ധരാമയ്യയെ ഡിസ്ചാർജ് ചെയ്തതെന്ന് ആശുപത്രി വൃത്തങ്ങൾ. ഓഗസ്റ്റ് മൂന്നിനാണ് ഇദ്ദേഹത്തെ മണിപ്പാൽ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇതേ ആശുപത്രിയിൽ ചികിത്സയിലായിരുന്ന മുഖ്യമന്ത്രി ബി.എസ്. യെദിയൂരപ്പ നേരത്തേ രോഗമുക്തി നേടിയിരുന്നു.

ഇഐഎ കരട് പ്രാദേശിക ഭാഷകളിൽ പുറത്തിറക്കണം

ന്യൂഡൽഹി: പരിസ്ഥിതി ആഘാത പഠനത്തിന് പ്രാദേശിക ഭാഷകളിൽ കരട് വിജ്ഞാപനം പുറത്തിറക്കണമെന്ന ഉത്തരവ് നടപ്പാക്കാത്തത് ചൂണ്ടിക്കാട്ടി പരിസ്ഥിതി സെക്രട്ടറിക്കെതിരായ കോടതിയലക്ഷ്യ ഹർജി സുപ്രീം കോടതി സ്റ്റേ ചെയ്തു. കരട് വിജ്ഞാപനം പ്രാദേശിക ഭാഷകളിൽ പ്രസിദ്ധീകരിക്കണം എന്നായിരുന്നു ഹൈക്കോടതി ഉത്തരവ്. പ്രാദേശിക ഭാഷകളിൽ കരട് വിജ്ഞാപനം പുറത്തിറക്കി പൊതുജനാഭിപ്രായം തേടണമെന്ന് സുപ്രീം കോടതി നിർദ്ദേശിച്ചു.

ഹിന്ദിയിലും ഇംഗ്ലീഷിലും മാത്രമേ കരട് വിജ്ഞാപനം ഇറക്കാനാകൂ എന്നായിരുന്നു കേന്ദ്ര നിലപാട്. കേന്ദ്രത്തിന്റെ എതിർപ്പുകൾ ഹൈക്കോടതിയിൽ തന്നെ ഉന്നയിക്കണമെന്നും സുപ്രീം കോടതി പറഞ്ഞു.

പെട്ടിമുടി ദുരന്ത സ്ഥലം സന്ദർശിച്ചതിന് ശേഷം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ എന്നിവരുടെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗം. മന്ത്രിമാരായ എം.എം മണി, ഇ ചന്ദ്രശേഖരൻ എന്നിവർ സമീപം.

ഇന്നു നിങ്ങൾക്ക്

ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

- അശ്വതി : ആത്മവിശ്വാസം വർധിക്കും. പുതിയ വ്യാപാരം തുടങ്ങുവാൻ തീരുമാനിക്കും. സർവ്വകാര്യവിജയത്താൽ സമാധാന മുണ്ടാകും.
- ഭരണി : അന്യരുടെ ആവശ്യങ്ങൾ സാധിപ്പിക്കും. സുഖഭക്ഷണവും സുഖസുഷുപ്തി യും ഉണ്ടാകും. സ്നേഹബന്ധത്തിന് മൂല്യം പ്രകടമാകും.
- കാർത്തിക : അഭിപ്രായവ്യത്യാസങ്ങൾ പരിഹരിക്കും. ആശയങ്ങളും ആഗ്രഹങ്ങളും യാഥാർഥ്യമാകും. ജീവനക്കാർക്ക ഉപഹാരങ്ങൾ നൽകും.
- രോഹിണി : അമിതാവേശം നിയന്ത്രിയ്ക്കണം. പട്ടണവികസനം ഉണ്ടാകുമെന്നറിവു ല ഭിച്ചതിനാൽ ഭൂമി വില്പന തല്ക്കാലം ഉപേക്ഷിക്കും.
- മകയിരം : ആഗ്രഹിയ്ക്കുന്ന കാര്യങ്ങൾ സാധിക്കും. ഗൃഹപ്രവേശചടങ്ങ് നിർവ്വഹി ക്കും. സ്വസ്ഥതയും സമാധാനവും ഉണ്ടാകും.
- തിരുവാതിര : പരിശ്രമത്തിന് പൂർണഫലമുണ്ടാകും. പദ്ധതി സമർപ്പണത്തിന് അന്തിമ രൂപരേഖ തയാറാകും. വ്യവസ്ഥകൾ പാലിക്കും.
- പുണർതം : മംഗളകർമ്മങ്ങളിൽ പങ്കെടുക്കും. സാമ്പത്തികഅനിശ്ചിതാവസ്ഥ പരിഹരി യ്ക്കപ്പെടും. അനുകൂലമായ ഉദ്യോഗമാറ്റത്തിനു അനുമതി ലഭിക്കും
- പൂയ്യം : ആഗ്രഹങ്ങൾ സഫലമാകും. മനസ്സന്തോഷമുണ്ടാകും. ആരോഗ്യവും ഐശ്വര്യ വും സ്വസ്ഥതയും സമാധാനവും ഉണ്ടാകും.
- ആയില്യം : ദുസ്സംശയങ്ങൾ ആധിയ്ക്ക് വഴിയൊരുക്കും. മുൻകോപം നിയന്ത്രിയ്ക്ക ണം. വ്യവസ്ഥകൾ പൂർത്തീകരിയ്ക്കുവാൻ സാധിയ്ക്കുകയില്ല.
- മകം : അബദ്ധങ്ങളിൽനിന്നും ഒഴിഞ്ഞുമാറാൻ ഉൾപ്രേരണയുണ്ടാകും. ആത്മപ്രശംസ അരുത്. വ്യാപാര വിതരണരംഗങ്ങളിൽ മാന്ദ്യം അനുഭവപ്പെടും.
- പൂരം : കീഴ്ജീവനക്കാരുടെ സഹകരണമുണ്ടാകും. ഉത്സാഹവും ഉന്മേഷവും വർധി ക്കും. സാമ്പത്തിക സ്ഥിതി മെച്ചപ്പെടും. പ്രോത്സാഹന സമ്മാനം ലഭിക്കും.
- ഉത്രം : സംയുക്തസംരംഭത്തിൽ പങ്കു ചേരും. പ്രായോഗികവശം ചിന്തിച്ചു പ്രവർത്തി യ്ക്കുന്നതിനാൽ ലക്ഷ്യപ്രാപ്തി നേടും. സമ്പത്ത് വർധിക്കും.
- അത്തം : വസ്തുതർക്കം പരിഹരിക്കും. വ്യാപാരത്തിൽ നേട്ടമുണ്ടാകും. ആത്മവിശ്വാ സവും പ്രവർത്തനക്ഷമതയും വർധിക്കും.
- ചിത്ര : വരവും ചെലവും തുല്യമായിരിക്കും. പരസ്പരവിശ്വാസം നഷ്ടപ്പെട്ടതിനാൽ സംയുക്ത സംരംഭത്തിൽ നിന്നും പിന്മാറും. പ്രതീക്ഷിച്ച പണം ലഭിയ്ക്കുകയില്ല.
- ചോതി : കൂടുതൽ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുവാൻ തയാറാകും. കൂടുതൽ വിസ്തൃ തിയുള്ള ഭൂമിയിൽ പുരപണി ആരംഭിക്കും.
- വിശാഖം : സജീവസാന്നിദ്ധ്യത്താൽ പ്രവർത്തനരംഗം പുഷ്ടിപ്പെടും. മുടങ്ങിക്കിടപ്പുള്ള വഴിപാടുകൾ ചെയ്തുതീർക്കും.
- അനിഴം : നീതിപൂർവ്വമുള്ള സമീപനം സർവ്വകാര്യവിജയത്തിനു വഴിയൊരുക്കും. സ്തു ത്യർഹമായ സേവനം കാഴ്ചവെയ്ക്കുവാൻ സാധിക്കും. ഉന്നതാധികാരസിദ്ധിയുണ്ടാ കും.
- തൃക്കേട്ട : പ്രത്യുപകാരം ചെയ്യുവാൻ അവസരമുണ്ടാകും. ഗൃഹത്തിന്റെ അറ്റകുറ്റപണി കൾ തുടങ്ങിവെക്കും. കുടുംബത്തിൽ സ്വസ്ഥതയും സമാധാനവും ഉണ്ടാകും.
- മൂലം : മുടങ്ങിക്കിടപ്പുള്ള വഴിപാടുകൾ ചെയ്തുതീർക്കും. മംഗളവേളകളിൽ പങ്കെടുക്കുവാനവസരമുണ്ടാകും. പുത്രന്റെ പ്രകീർത്തിയിൽ സന്തോഷം തോന്നും.
- പൂരാടം : ആശയങ്ങൾ അന്തിമമായി അപരാധത്തിൽ കലാശിക്കും. കാര്യസാദ്ധ്യങ്ങൾ കാലതാമസമുണ്ടാകും. ചർച്ചകൾ പരാജയപ്പെടും. പണം നഷ്ടപ്പെടും.
- ഉത്രാടം : സത്യസന്ധമായി പ്രവർത്തിയ്ക്കുന്നതിൽ ആത്മാഭിമാനം തോന്നും. സുഖഭ ക്ഷണവും സുഖസുഷുപ്തിയും ഉണ്ടാകും. ഗൃഹം വാങ്ങുവാൻ തീരുമാനിക്കും.
- തിരുവോണം : പ്രതിസന്ധികളെ അതിജീവിയ്ക്കുവാൻ സാധിക്കും. മംഗളകർമ്മങ്ങൾക്ക് നേതൃത്വം നൽകും. സന്താനസംരക്ഷണത്താൽ ആശ്വാസം തോന്നും.
- അവിട്ടം : പുതിയ സ്നേഹബന്ധം ഉടലെടുക്കും. സഹോദരന്റെ നിർബന്ധത്താൽ പൂർവ്വീ കസ്വത്ത് ഭാഗം വെയ്ക്കുവാൻ തയാറാകും.
- ചതയം : പരസ്പരവിരുദ്ധമായ ആശയങ്ങൾ വന്നുചേരും. ജീവിതപങ്കാളിയുടെ നിർദേശങ്ങൾ സ്വീകരിയ്ക്കുകയാണു നല്ലത്. വാഹന ഉപയോഗം ഉപേക്ഷിയ്ക്കണം.
- പൂരോരുട്ടാതി : മുൻകോപം നിയന്ത്രിയ്ക്കണം. ചർച്ചകൾ പരാജയപ്പെടും. ആധി വർധിക്കും. അനാവശ്യചിന്തകൾ ഉപേക്ഷിക്കണം.
- ഉത്രട്ടാതി : പ്രവർത്തനക്ഷമത വർധിക്കും. വിദഗ്ദ്ധനിർദേശം തേടി പുതിയ പ്രവർത്തനങ്ങൾ പണം മുടക്കും. ബന്ധുക്കൾ വിരുന്നുവരും.
- രേവതി : സഹപാഠിയെ കാണുവാനും ഗതകാലസ്മരണകൾ പങ്കുവെയ്ക്കുവാനും അവസരമുണ്ടാകും. സഹപ്രവർത്തകരുടെ സഹായസഹകരണങ്ങളാൽ സമാധാനമുണ്ടാകും.

സ്വപ്നയ്ക്കും സെയ്തലവിക്കും ജാമ്യം നിഷേധിച്ചു; കസ്റ്റംസിന്റെ വാദം അംഗീകരിച്ചു

കൊച്ചി: സ്വർണക്കടത്തുമായി ബന്ധപ്പെട്ട കസ്റ്റംസ് കേസിൽ പ്രതികളായ സ്വപ്ന സുരേഷിനും സെയ്തലവിക്കും സാമ്പത്തിക കുറ്റകൃത്യ കോടതി ജാമ്യം നിഷേധിച്ചു. കഴിഞ്ഞ ദിവസം കസ്റ്റംസ് ഇവരുടെ ജാമ്യാപേക്ഷ എതിർത്ത് സ്വീകരിച്ച നിലപാട് അംഗീകരിച്ചുകൊണ്ട് നിലവിലുള്ള സാഹചര്യത്തിൽ പ്രതികൾക്ക് ജാമ്യം നൽകാനാവില്ലെന്ന് കോടതി അറിയിച്ചു.

നിയമ വിരുദ്ധമായി വ്യാവസായിക അടിസ്ഥാനത്തിലുള്ള കള്ളക്കടത്താണ് പ്രതികൾ നടത്തിവന്നത്. പലർ ചേർന്ന് പണം സ്വരൂപിച്ച് ഹവാല വഴി വിദേശത്ത് എത്തിച്ച് സ്വർണം കടത്തുകയായിരുന്നു. രാജ്യാന്തര തലത്തിൽ വലിയ ബന്ധമുള്ളവരാണ് പ്രതികൾ. അതുകൊണ്ടു തന്നെ വിദേശത്തുള്ള പ്രതികൾ പിടിയിലാകും വരെ ജാമ്യം അനുവദിക്കരുത് എന്നായിരുന്നു കസ്റ്റംസിന്റെ ആവശ്യം.

അതേസമയം സംജു ഉൾപ്പടെ മൂന്നു പേർ ഹൈക്കോടതിയിൽ ജാമ്യ ഹർജി നൽകിയിട്ടുള്ളതിനാൽ അതിൽ വിധി വരുന്ന മുറയ്ക്ക് 17ന് പരിഗണിക്കാമെന്ന് കോടതി നിലപാടെടുത്തു. നേരത്തെ സ്വപ്ന ഉൾപ്പടെയുള്ള പ്രതികളുടെ ജാമ്യാപേക്ഷ എൻഐഎ കോടതിയും തള്ളിയിരുന്നു. സ്വപ്നയ്ക്കെതിരെ പ്രഥമദൃഷ്ട്യാ തെളിവുണ്ടെന്ന നിരീക്ഷണത്തോടെയായിരുന്നു എൻഐഎ കോടതി ജാമ്യം നിഷേധിച്ചിരിക്കുന്നത്.

സൗജന്യ ഓണക്കിറ്റ് വിതരണം ആരംഭിച്ചു

തിരുവനന്തപുരം: കൊവിഡ് കാലത്ത് ജനങ്ങളുടെ ഭക്ഷ്യസുരക്ഷ സംരക്ഷിക്കാൻ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ ശ്ലാഘനീയമെന്നു മന്ത്രി കടകംപള്ളി സുരേന്ദ്രൻ. മഹാമാരി വരുത്തിവെച്ച കഷ്ടതയിൽ പെട്ട് സംസ്ഥാനത്തെ ഒരാൾ പോലും പട്ടിണിയിലാകരുതെന്ന് സംസ്ഥാന സർക്കാരിന് നിർബന്ധമുണ്ടെന്നും അതിന്റെ ഭാഗമായാണ് ഓണക്കിറ്റ് വിതരണമെന്നും മന്ത്രി. ഓണത്തോടനുബന്ധിച്ചു സർക്കാർ നൽകുന്ന സൗജന്യ ഭക്ഷ്യകിറ്റിന്റെ സംസ്ഥാനതല വിതരണോദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വട്ടിയൂർക്കാവ്, കാഞ്ഞിരംപാറ എആർഡി 32ൽ നടന്ന ചടങ്ങിൽ ഭക്ഷ്യപൊതുവിതരണ വകുപ്പ് മന്ത്രി പി. തിലോത്തമൻ അധ്യക്ഷത വഹിച്ച് കിറ്റുകളുടെ ആദ്യ വിതരണം നിർവഹിച്ചു. മഹാമാരിക്കു മുന്നിൽ പകച്ചു നിൽക്കാതെ ജനങ്ങളുടെ ഭക്ഷ്യസുരക്ഷക്ക് വേണ്ടി പ്രവർത്തിക്കുന്ന വകുപ്പ് ജീവനക്കാരെ അഭിനന്ദിക്കുന്നതായും മന്ത്രി പറഞ്ഞു.

11 ഇനങ്ങൾ ഉൾപ്പെട്ട 500 രൂപ വിലയുള്ള കിറ്റാണ് പദ്ധതി പ്രകാരം പൊതുവിതരണ കേന്ദ്രങ്ങൾ വഴി ജനങ്ങൾക്ക് ലഭ്യമാക്കുന്നത്. ആദ്യഘട്ടത്തിൽ അന്ത്യോദയ കാർഡുടമകൾക്കാണ് കിറ്റ് ലഭിക്കുക. 27നു മുൻപ് മറ്റു വിഭാഗങ്ങൾക്കും കിറ്റ് ലഭ്യമാക്കും. വി.കെ. പ്രശാന്ത് എംഎൽഎ മുഖ്യാതിഥിയായ ചടങ്ങിൽ ഡെപ്യൂട്ടി മേയർ രാഖി രവികുമാർ, വാർഡ് കൗൺസിലർ കാഞ്ഞിരംപാറ രവി, ഭക്ഷ്യവകുപ്പ് സെക്രട്ടറി പി. വേണുഗോപാൽ, ഭക്ഷ്യവകുപ്പ് ഡയറക്റ്റർ ഹരിത വി. കുമാർ, ജില്ലാ സപ്ലൈ ഓഫിസർ ജലജ റാണി തുടങ്ങിയവരും പങ്കെടുത്തു.

ഓണക്കാലത്തെ സൗജന്യ ഭക്ഷ്യസാധനങ്ങളുടെ സംസ്ഥാനതല വിതരണോത്ഘാടനം ഭക്ഷ്യ മന്ത്രി പി. തിലോത്തമൻ, സാംസ്കാരിക വകുപ്പ് മന്ത്രി കടകംപള്ളി സുരേന്ദ്രൻ എന്നിവർ തിരുവനന്തപുരത്തു നിർവഹിക്കുന്നു.

ലോക് ഡൗൺ: ഹോസ്റ്റൽ, ലോഡ്ജ് വാടകയിനത്തിൽ ഇളവ്

തിരുവനന്തപുരം: ലോക്ഡൗൺ സമയത്ത് ഹോസ്റ്റലുകളിലും ലോഡ്ജുകളിലും താമസിക്കാത്ത വിദ്യാർഥികൾക്കും വ്യക്തികൾക്കും വാടകയിനത്തിൽ ഇളവ് നൽകാൻ ചീഫ് സെക്രട്ടറിയുടെ ഉത്തരവ്. ലോക് ഡൗൺ തുടങ്ങിയ മാർച്ച് 23 മുതൽ ഒരു മാസത്തേക്ക് ഹോസ്റ്റൽ ഫീസുകൾ ഈടാക്കരുതെന്നാണ് നിർദ്ദേശം.

അതിനു ശേഷമുള്ള മാസങ്ങളിൽ തുടർച്ചയായി താമസിക്കാത്തവരിൽ നിന്നും 50 ശതമാനം വാടകയീടാക്കാം. കുറച്ച് ദിവസം മാത്രം താമസിച്ചവരിൽ നിന്ന് നിലവിലെ പ്രതിദിന നിരക്ക് അനുസരിച്ച് വാടക ഈടാക്കാം. 2015ലെ ദുരന്ത നിവാരണ ചട്ടത്തിലെ വകുപ്പ് 20(3) അനുസരിച്ചാണ് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി എക്സിക്യൂട്ടീവ് കമ്മിറ്റി അധ്യക്ഷനായ ചീഫ് സെക്രട്ടറി ഉത്തരവിറക്കിയത്.

വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതിയിലും ശിവശങ്കറിന്റെ ഇടപെടൽ

കൊച്ചി: വടക്കാഞ്ചേരിയിലെ ലൈഫ് മിഷൻ പദ്ധതിയിൽ മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി എം. ശിവശങ്കറിന്റെ ഇടപെടലുണ്ടായതിന് തെളിവുകൾ പുറത്ത്. തദ്ദേശഭരണ സെക്രട്ടറിക്ക് കുറിപ്പും കരാറും ശിവശങ്കർ അയച്ചു എന്നതിന്റെ തെളിവുകളാണ് പുറത്തുവന്നത്.

2019 ജൂലൈ 19നാണ് മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായിരുന്ന എം. ശിവശങ്കർ തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ടി.കെ. ജോസിന് കുറിപ്പ് നൽകിയത്. മുഖ്യമന്ത്രിയുടെ യുഎഇ സന്ദർശന വേളയിലുണ്ടാക്കിയ ധാരണ പ്രകാരം റെഡ്ക്രസന്റ് പ്രതിനിധികൾ വീട് വയ്ക്കാൻ ധനസഹായം നൽകാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. കരാറിലൊപ്പിടാൻ യുഎഇ രാജകുടുംബാംഗം എത്തുന്നു. അതുകൊണ്ട് തന്നെ കുറിപ്പിനൊപ്പം വച്ചിരിക്കുന്ന കരട് കരാർ ഒരു ദിവസം കൊണ്ട് തന്നെ നിയമ വകുപ്പിനെ കൊണ്ട് പരിശോധിപ്പിച്ച് നൽകണമെന്നായിരുന്നു ഉള്ളടക്കം.

തുടർന്ന് സെക്ഷൻ വഴി ഫയൽ അയയ്ക്കാതെ ജൂലായ് 11 ൻ തദ്ദേശവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി നേരിട്ട് ഫയൽ നിയമ സെക്രട്ടറിക്ക് കൈമാറി. വിദേശ രംഗത്തെ സംഘടനയുമായുള്ള പങ്കാളിത്തത്തിന് വേണ്ടിയുള്ള കരട് കരാർ വേഗത്തിൽ പരിശോധിച്ച് നിയമ സെക്രട്ടറി അന്ന് മൂന്നുമണിക്ക് മുമ്പു തന്നെ ഫയൽ മടക്കി നൽകി. കരാർ ഒപ്പിടും മുമ്പു നയപരമായ തീരുമാനം വേണമെന്നും നിയമ സെക്രട്ടറി ഫയലിൽ കുറിച്ചിരുന്നു. നിയമ വകുപ്പ് പരിശോധിച്ച കരാർ തദ്ദേശ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അന്ന് തന്നെ ശിവശങ്കറിന് മടക്കുകയും ചെയ്തു. ഇതിന് ശേഷമാണ് കരാറിലൊപ്പിടുന്നത്.

കരാറുമായി ബന്ധപ്പെട്ട നീക്കങ്ങളാരംഭിക്കുന്നത് എം. ശിവശങ്കറിന്റെ കുറിപ്പോടെയാണെന്ന് തദ്ദേശഭരണ വകുപ്പ് സ്ഥിരീകരിക്കുന്നുണ്ട്. എന്നാൽ നിയമ വകുപ്പ് അംഗീകരിച്ച് നൽകിയ കരാറിൽ പിന്നീട് മാറ്റം വരുത്തിയെന്നും സംശയിക്കുന്നുണ്ട്. സംശയം ബലപ്പെട്ടതോടെ ലൈഫ് മിഷൻ വകുപ്പിലെ ഉദ്യോഗസ്ഥർ ആശങ്കയിലാണ്.

ചുനക്കരയ്ക്ക് അന്ത്യാഞ്ജലി

തിരുവനന്തപുരം: ബുധനാഴ്ച രാത്രി അന്തരിച്ച കവിയും ഗാനരചയിതാവുമായ ചുനക്കര രാമൻ കുട്ടിയുടെ (84) ഭൗതികദേഹം ഇന്നലെ രാവിലെ 10ന് തൈക്കാട് ശാന്തികവാടത്തിൽ കൊവിഡ് പ്രോട്ടോകോൾ പൂർണമായും പാലിച്ച് സംസ്കരിച്ചു.

ചടങ്ങിൽ അടുത്ത ബന്ധുക്കൾ മാത്രമാണു പങ്കെടുത്തത്. രാവിലെ തിരുമലയിലെ വീട്ടിൽ മേയർ കെ. ശ്രീകുമാർ, മുൻ സ്പീക്കർ എം. വിജയകുമാർ എന്നിവർ ആദരാഞ്ജലി അർപ്പിച്ചു. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി സി. രവീന്ദ്രനാഥ്, ശ്രീകുമാരൻ തമ്പി, ബിച്ചു തിരുമല, ചലച്ചിത്ര അക്കാദമി ചെയർമാൻ കമൽ എന്നിവർ അനുശോചനമറിയിച്ചു.

1978 ൽ ആശ്രമം എന്ന ചിത്രത്തിലെ അപ്സരകന്യക എന്ന ഗാനവുമായാണ് ഇദ്ദേഹം സിനിമ രംഗത്തേക്ക് വന്നത്. ദേവീ നിൻ രൂപം, അനുരാഗസ്വപ്നങ്ങളുയർന്നൂ, സിന്ദൂര തിലകവുമായ്, പാതിരാ താരമേ, മുല്ലവള്ളിക്കുടിലിൽ (കുയിലിനെത്തേടി) ദേവദാരു പൂത്തു എൻ മനസിൻ താഴ്‌വരയിൽ, ശ്യാമമേഘമേ, ഹൃദയവനികയിലെ നായികയോ, ഈ നീല രാവിൽ സ്നേഹാർദ്രനായ്, മഞ്ഞണിഞ്ഞ മാമലകൾ തുടങ്ങി ഇരുന്നൂറോളം ഹിറ്റു ഗാനങ്ങളാണ് ചുനക്കര രചിച്ചത്.

ആകാശവാണി അദ്ദേഹത്തിന്റെ ധാരാളം ലളിതഗാനങ്ങൾ പ്രക്ഷേപണം ചെയ്തിട്ടുണ്ട്. കഴിഞ്ഞ ഒരാഴ്ചയായി കരമന പിആർഎസ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന അദ്ദേഹം ബുധനാഴ്ച രാത്രി 10.30യോടെ മരണപ്പെട്ടത്. ഭാര്യ: പരേതയായ തങ്കമ്മ. മക്കൾ: രേണുക, രാധിക, രാഗിണി. മരുമക്കൾ: സി. അശോക് കുമാർ (റിട്ട. ആരോഗ്യവകുപ്പ്) പി.ടി. സജി (റെയിൽവേ, മുംബൈ), കെ.എസ് ശ്രീകുമാർ (സിഐഎഫ്ടി).

നഴ്സിങ് സീറ്റ് 20% വർധിപ്പിക്കണം: ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: നഴ്സിങ് ബിരുദ പഠനത്തിന് നിലവിലുള്ള സീറ്റിന്റെ 11 മടങ്ങ് അപേക്ഷകൾ വന്നിരിക്കുന്ന സാഹചര്യത്തിൽ 20 ശതമാനം നഴ്സിങ് സീറ്റ് കൂട്ടണം എന്നാവശ്യപ്പെട്ട് മുൻമുഖ്യമന്ത്രി ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിക്കു കത്തു നൽകി.

നഴ്സിങ് ബിരുദപഠനത്തിന് ഇത്തവണ എഴുപതിനായിരത്തിലേറെ കുട്ടികളാണ് അപേക്ഷിച്ചിരിക്കുന്നത്. എന്നാൽ 6,265 സീറ്റുകൾ മാത്രമേയുള്ളൂ. മുൻ വർഷങ്ങളിൽ നല്ലൊരു ശതമാനം കുട്ടികൾ കേരളത്തിനു പുറത്തു പോയി പഠിക്കുകയായിരുന്നു പതിവ്. ഇത്തവണ കൊവിഡ് മൂലം കുട്ടികൾക്ക് പുറത്തുപോയി പഠിക്കാൻ ബുദ്ധിമുട്ടാണ്. ആർട്സ് ആൻഡ് സയൻസ്, എൻജിനീയറിങ് കോഴ്സുകൾക്ക് ഇത്തവണ 20 ശതമാനം സീറ്റ് കൂട്ടിയ മാതൃകയിൽ നഴ്സിങ് സീറ്റുകളുടെ എണ്ണവും സർക്കാരിനു കൂട്ടാവുന്നതേയുള്ളൂ. ഇതിന് പ്രത്യേക സാമ്പത്തിക ബാധ്യത ഉണ്ടാകില്ലെന്ന് അറിയുന്നു.

127 സ്വാശ്രയ കോളജുകളും 6 സർക്കാർ കോളജുകളുമാണ് കേരളത്തിലുള്ളത്. സ്വാശ്രയ കോളജുകളിലെ 50 ശതമാനം സീറ്റ് സർക്കാരിനാണ്. കേരളത്തെ വലിയ തോതിൽ ശാക്തീകരിച്ച തൊഴിൽമേഖലയാണ് നഴ്സിങ്. വിദേശത്ത് മലയാളി നഴ്മാർക്കു നല്ല ഡിമാൻഡുമുണ്ട്. ലക്ഷക്കണക്കിന് മലയാളി കുട്ടികളും അവരുടെ കുടുംബങ്ങളും നഴ്സിങ് ജോലിയിലൂടെ വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. പെൺകുട്ടികൾക്ക് സുരക്ഷിതമായി കടന്നു ചെല്ലാവുന്ന തൊഴിൽ മേഖല കൂടിയാണിതെന്ന് ഉമ്മൻ ചാണ്ടി ചൂണ്ടിക്കാട്ടി.

ഡോ. ആശയ്ക്ക് തുടരാം: ഹൈക്കോടതി

കൊച്ചി: ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജിയുടെ ഡയറക്റ്ററായി ഡോ. ആശ കിഷോറിന് തുടരാം. കാലാവധി നീട്ടിയത് സ്റ്റേ ചെയ്തുള്ള കേന്ദ്ര അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ വിധി ഹൈക്കോടതി റദ്ദ് ചെയ്തു. ഇതോടെ 2025 വരെ ആശ കിഷോറിന് ശ്രീചിത്ര ഡയറക്ടർ ആയി തുടരാനാവും.

അവധി റദ്ദാക്കി ഉടൻ തിരികെ ജോലിയിൽ പ്രവേശിക്കുമെന്ന് ആശ കിഷോർ വ്യക്തമാക്കി. ഇൻസ്റ്റിറ്റ്യൂട്ട് ബോഡിയാണ് ഡോ. ആശ കിഷോറിനെ ഡയറക്റ്റർ സ്ഥാനത്ത് തുടരാൻ നേരത്തേ അനുവദിച്ചത്. എന്നാൽ കേന്ദ്ര മന്ത്രിസഭയുടെ അംഗീകാരമില്ലെന്ന് ചൂണ്ടിക്കാട്ടി ശാസ്ത്ര സാങ്കേതിക മന്ത്രാലയം ഉത്തരവ് തടഞ്ഞു.

മത്തായിയുടെ മരണം: പൊലീസിന് ഹൈക്കോടതിയുടെ വിമർശം

കൊച്ചി: പത്തനംതിട്ട ചിറ്റാറിൽ ഫാം ഉടമ മത്തായി എക്സൈസ് കസ്റ്റഡിയിൽ ദുരൂഹ സാഹചര്യത്തിൽ മരിച്ച സംഭവത്തിൽ പൊലീസിനെതിരെ ഹൈക്കോടതിയുടെ രൂക്ഷ വിമർശനം.

ദുരൂഹത നിറഞ്ഞ ഈ സംഭവത്തിൽ എന്ത് അടിസ്ഥാനത്തിലാണ് ആത്മഹത്യയ്ക്ക് കേസെടുത്തതെന്ന് കോടതിക്ക് മനസിലാകുന്നില്ല. ഈ സംഭവത്തെപ്പറ്റി കോടതിക്ക് പത്തനംതിട്ട ജില്ലാ പൊലീസ് മേധാവി വിശദീകരണം നൽകണമെന്നും ഹൈക്കോടതി ഉത്തരവിട്ടു.

സിബിഐ അന്വേഷണം ആവശ്യപ്പെട്ട് മരിച്ച മത്തായിയുടെ ഭാര്യ ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജി പരിഗണിക്കുമ്പോഴാണ് ഹൈക്കോടതിയുടെ ഉത്തരവ്.

ജീവനക്കാരന്റെ പിതാവിന് കൊവിഡ്, ഹൈക്കോടതി കോപ്പി വിഭാഗം അടച്ചു

കൊച്ചി: കേരള ഹൈക്കോടതിയിലെ കോപ്പി സെക്ഷൻ അടച്ചു. ഈ വിഭാഗത്തിലെ ഒരു ജീവനക്കാരന്റെ പിതാവിന് ചൊവ്വാഴ്ച കൊവിഡ് സ്ഥിരീകരിച്ചിരുന്നു. ജീവനക്കാരൻ ബുധനാഴ്ചയും ഓഫിസിൽ ഡ്യൂട്ടിക്ക് എത്തിയിരുന്നു. ഇന്നലെയാണു പിതാവിനു കൊവിഡ് സ്ഥിരീകരിച്ചതായി അറിയിച്ചത്.

ഇന്നലെ മുതൽ ജീവനക്കാരൻ ക്വാറന്റൈനിൽ പ്രവേശിച്ചിരിക്കുകയാണ്. ഇതേത്തുടർന്നാണ് കോപ്പി സെക്ഷൻ അടച്ചു പൂട്ടിയത്. അഭിഭാഷകരും ഗുമസ്തൻമാരും കോടതി ഉത്തരവുകളുടെ പകർപ്പെടുക്കാൻ എത്തുന്ന വിഭാഗമാണ് ഇത്.

ഈ വിഭാഗവും ഫയലിങ് സെക്ഷനുമായി നേരിട്ടു ബന്ധമുണ്ട്. ജീവനക്കാരൻ ക്വാറന്റൈനിൽ പോയതോടെ കോപ്പി എടുക്കാൻ എത്തിയവർ പരിഭ്രാന്തരാണ്.

സ്വർണാഭരണ മൊത്ത വിൽപനശാലയിൽ റെയ്ഡ്; നാലു കിലോയോളം സ്വർണം പിടിച്ചെടുത്തു

കോഴിക്കോട് എംഎം അലി റോഡിലെ സിപി ബസാറിലെ മെറീന ജ്വല്ലറി വർക്ക്സിൽ നിന്ന് കസ്റ്റംസ് പിടിച്ചെടുത്ത സ്വർണം.

കോഴിക്കോട്: തിരുവനന്തപുരം സ്വർണക്കടത്തു കേസുമായി ബന്ധപ്പെട്ട് കോഴിക്കോട്ട് സ്വർണാഭരണമൊത്ത വിൽപനശാലയിൽ കസ്റ്റംസ് പ്രിവന്റീവ് വിഭാഗം നടത്തിയ റെയ്ഡിൽ കണക്കിൽപ്പെടാത്ത മൂന്നു കിലോ 820 ഗ്രാം സ്വർണാഭരണങ്ങൾ പിടിച്ചെടുത്തു.

പാളയം എംഎം അലി റോഡ് സിപി ബസാറിലെ മറീന ഗോൾഡിൽ നടത്തിയ റെയ്ഡിലാണ് ഒരു കോടി 89 ലക്ഷം രൂപ വിലവരുന്ന കണക്കിൽപ്പെടാത്ത സ്വർണം പിടിച്ചെടുത്തത്. രേഖകളില്ലാത്ത സ്വർണമാണ് പിടിച്ചെടുത്തത്. ഇന്നലെ രാവിലെ പത്തേകാലോടെ ആരംഭിച്ച റെയ്ഡ് വൈകീട്ട് നാലു മണിയോടെയാണ് അവസാനിച്ചത്. ഇവരുടെ തന്നെ സ്വർണാഭരണ നിർമാണ യൂണിറ്റിലും കസ്റ്റംസ് സംഘം റെയ്ഡ് നടത്തി. ഗോവിന്ദപുരത്തെ യൂണിറ്റിലാണ് റെയ്ഡ് നടത്തിയത്. അവിടെ നിന്ന് ഒന്നും പിടിച്ചെടുത്തിട്ടില്ല. ഒരാളെ കസ്റ്റഡിയിൽ എടുത്തതായും സൂചനയുണ്ട്.

തിരുവനന്തപുരം സ്വർണക്കടത്തുകേസുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തുന്ന റെയ്ഡിന്റെ ഭാഗമായിരുന്നു റെയ്ഡ്. ചോദ്യംചെയ്യലിനിടെ കസ്റ്റംസിന് ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് റെയ്ഡ്. വരുംദിവസങ്ങളിലും റെയ്ഡുകൾ തുടരുമെന്നാണ് ലഭിക്കുന്ന സൂചന. കസ്റ്റംസ് അസിസ്റ്റന്റ് കമ്മീഷണർ എൻ.എസ്. ദേവിന്റെ നേതൃത്വത്തിലായിരുന്നു റെയ്ഡ്.

സഹോദരിയെ കൊന്നു, മാതാപിതാക്കൾക്കും വിഷം കൊടുത്തു, യുവാവ് കസ്റ്റഡിയിൽ

സ്വന്തം ലേഖകൻ

കാസർഗോഡ്: ബളാൽ അരിങ്കല്ലിലെ ഓലിക്കൽ ബെന്നിയുടെ മകൾ ആൻ മേരിയുടെ (16) മരണം കൊലപാതകം. ഐസ്ക്രീമിൽ വിഷം കലർത്തി കുടുംബത്തെ മുഴുവൻ കൊല്ലാൻ ശ്രമിച്ച മൂത്ത സഹോദരൻ ആൽബിൻ ബെന്നി (22) വെള്ളരിക്കുണ്ട് പൊലീസ് കസ്റ്റഡിയിൽ. പിതാവ് ബെന്നി, മാതാവ് ബെസി എന്നിവരും വിഷം കലർത്തിയ ഐസ്ക്രീം കഴിച്ച് ചികിത്സയിലാണ്. ബെന്നി അതീവ ഗുരുതരനിലയിൽ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും മാതാവ് ബെസി കണ്ണൂർ മിംസിലുമാണ് ചികിത്സയിൽ കഴിയുന്നത്.

മദ്യവും കഞ്ചാവും ഉപയോഗിക്കുന്ന പ്രകൃതക്കാരനാണ് ആൽബിൻ. ദളിത് വിഭാഗത്തിൽപ്പെട്ട യുവതിയുമായി ആൽബിന് അടുപ്പമുണ്ടായിരുന്നത് സഹോദരി ആൻ മേരിക്ക് അറിയാമായിരുന്നു. കൂടാതെ ആൻ മേരിയോടും ആൽബിൻ മോശമായി പെരുമാറിയിരുന്നു. ഇതെല്ലാം മാതാപിതാക്കളോട് പറയുമെന്ന സംശയം മൂലം ഐസ്ക്രീമിൽ വിഷം കലർത്തിയെന്നാണ് സംശയിക്കുന്നത്. ആൽബിനെ ഇന്നലെ രാത്രി വീട്ടിൽ നിന്നും പൊലീസ് കസ്റ്റഡിയിലെടുത്തു. കാഞ്ഞങ്ങാട് ഡിവൈഎസ്പിയുടെ നേതൃത്വത്തിലുള്ള അന്വേഷണ സംഘമാണ് കേസന്വേഷിക്കുന്നത്. ചോദ്യം ചെയ്യലിൽ ആൽബിൻ കുറ്റം സമ്മതിച്ചതായി സൂചനയുണ്ട്.



വീട്ടുകാരെ ഒന്നാകെ വകവരുത്തുകയായിരുന്നു യുവാവിന്റെ ലക്ഷ്യമെന്നു കരുതുന്നു. ഐസ്ക്രീം കഴിച്ച തനിക്കും ദേഹാസ്വാസ്ഥ്യം ഉണ്ടെന്ന് ആൽബിൻ പറഞ്ഞിരുന്നു. തുടർന്ന് ചികിത്സ തേടുകയും ചെയ്തിരുന്നു. എന്നാൽ ആൽബിന് വിഷം അകത്തു ചെന്നതിന്റെ ലക്ഷണങ്ങളില്ലെന്ന് ഡോക്റ്റർമാർ നേരത്തെ തന്നെ വെളിപ്പെടുത്തി.

ഒരാഴ്ച മുമ്പ് വീട്ടിലുണ്ടാക്കിയ ഐസ്ക്രീം അന്നു തന്നെ ആൻ മേരിയും ബെന്നിയും ധാരാളം കഴിച്ചു. ആൽബിനും മാതാവ് ബെസിയും ഫ്രിഡ്ജിൽ വച്ച ശേഷം പിറ്റേ ദിവസമാണ് കഴിച്ചത്. അന്നുമുതൽ തന്നെ ആൻ മേരിക്ക് ഛർദ്ദിയും വയറിളക്കവും തുടങ്ങി. എന്നാൽ അത് ഐസ്ക്രീം കഴിച്ചതു കൊണ്ടാണെന്ന് മനസിലായില്ല. കട്ടൻചായയും ചെറുനാരങ്ങാനീരും രണ്ടു ദിവസം കഴിച്ചു. എന്നാൽ ഛർദ്ദിയും വയറിളക്കവും കലശലായി തുടർന്നു. തുടർന്നാണ് ചെറുപുഴയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇതിനിടെ ബെന്നിക്കും അസുഖം തുടങ്ങി. ചികിത്സയ്ക്കിടയിൽ ആൻ മേരിക്ക് മഞ്ഞപ്പിത്തം പിടിപെടുകയും ഓഗസ്റ്റ് അഞ്ചിന് വൈകീട്ട് അഞ്ചു മണിയോടെ മരണപ്പെടുകയുമായിരുന്നു.

ഓഗസ്റ്റ് ആറിന് ബെന്നിയുടെ നിലഗുരുതരമാവുകയും പയ്യന്നൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു. ഇവിടെ നിന്നും രോഗ കാരണം ഭക്ഷ്യവിഷബാധ മൂലമാണെന്ന് കണ്ടെത്തിയിരുന്നു. പിന്നീട് കണ്ണൂർ ചാലയിലെ മിംസ് ആശുപത്രിയിലും അവിടെ നിന്നും കോഴിക്കോട് മിംസിലേക്കും മാറ്റി. ബെന്നിയുടെ കിഡ്നിയുടെ പ്രവർത്തനം നിലച്ചിട്ടുണ്ട്. ബോധം തിരിച്ചു കിട്ടിയിട്ടില്ല. തുടർന്നാണ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേക്ക് കൊണ്ടു വന്നത്.

ആൻ മേരിയുടെ മറ്റൊരു സഹോദരൻ ബിബിൻ ബെന്നി താമരശേരി സെമിനാരിയിൽ വൈദിക വിദ്യാർഥിയാണ്. കാഞ്ഞങ്ങാട് ഡിവൈഎസ്പി എം.പി. വിനോദ് കുമാർ, വെള്ളരിക്കുണ്ട് സർക്കിൾ ഇൻസ്പെക്റ്റർ പ്രേം സദനൻ, എസ്ഐ ശ്രീദാസ് പുത്തൂർ എന്നിവരുടെ നേതൃത്വത്തിലുള്ള സംഘമാണ് കേസ് അന്വേഷിക്കുന്നത് .

സ്വാതന്ത്ര്യദിനം: മുഖ്യമന്ത്രി പതാക ഉയർത്തും



തിരുവനന്തപുരം: സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികളുടെ ഭാഗമായി 15ന് രാവിലെ ഒമ്പതിന് തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ദേശീയ പതാക ഉയർത്തും. വിവിധ സായുധസേനാ വിഭാഗങ്ങളുടെയും സായുധരല്ലാത്ത മറ്റ് സേനാവിഭാഗങ്ങളുടെയും എൻസിസി തുടങ്ങിയ വിഭാഗങ്ങളുടെയും അഭിവാദ്യം മുഖ്യമന്ത്രി സ്വീകരിക്കും.

തുടർന്ന് മുഖ്യമന്ത്രി സ്വാതന്ത്ര്യ ദിന സന്ദേശം നൽകും. മുൻ വർഷങ്ങളിലേതു പോലെ ഭാരതീയ വായുസേന ഹെലികോപ്റ്ററിൽ പുഷ്പവൃഷ്ടി നടത്തും. പരേഡിനുശേഷം പൊലീസ് ഓർക്കസ്ട്ര അവതരിപ്പിക്കുന്ന ദേശഭക്തിഗാനങ്ങൾ. കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ സ്വാതന്ത്ര്യ ദിനാഘോഷ പരിപാടികളിൽ പൊതുജനങ്ങൾക്ക് പ്രവേശനമില്ല.

MBBS
യൂറോപ്പിൽ വർഷം 4000 USD ഫീസിൽ
No. Donation
GEORGIA
Kutaisi University

PARAMEDICAL
B Pharm, Pharm D BPT
RADIOLOGY,FORENSIC
DIALYSIS NUERO SCIENCE,
CARDIO VASCULAROT
&ANAESTHESIA,MLT RESPIRATORY

BSC NURSING
Full package including Food & Hostel
St. PETER'S MEDICAL COLLEGE HOSUR
(150000x4)
SAMBHRAM MEDICAL COLLEGE, KOLAR
[550000]
SRI RAGHAVENDRA HOSPITAL, TUMKUR
[4,50,000]
Also other reputed colleges in Tamil Nadu & Karnataka

AYYAPPA COLLEGE
Affiliated to MG University, Kottayam
56th Mile, Peermade, Idukki
BBA + Aviation+ AI +Digital Marketing, BCA+ Cyber Forensic/Colud Computing, B.Sc. PETROCHEMICAL, B.Sc.Geology, B.Com. LOGISTICS MANAGEMENT + AVIATION, M.Com. INTERNATIONAL BUSSINESS+Fin Tech.

St. Mary's Associates Career Guidance,
Br. Ernakulam, Kollam, Trissur, Calicut, Kannur, Trivandrum, Alapuzha,Pathanamthitta
Ph. 8593977000, 9744625332

മാഞ്ഞത് പാട്ടിന്റെ ശരത്കാല സന്ധ്യ

ഋതുഭേദങ്ങളായി മലയാളി മനയിൽ പെയ്തിറങ്ങിയ ഒരുപിടി ഗാനങ്ങളുടെ ശില്പി... അതായിരുന്നു ചുനക്കര രാമൻ കുട്ടി. കവിത്വം തുളുമ്പുന്ന വരികൾക്കൊപ്പം ഹൃദയഹാരിയായ ഈണങ്ങൾ ചേർന്നപ്പോൾ ചുനക്കരയുടെ പാട്ടുകൾ ഹിറ്റുകളുടെ പട്ടികയിലേക്കുയർന്നു. ചലച്ചിത്രാസ്വാദകരുടെ മനസിലേക്ക് ദേവദാരുവായി പൂത്തിറങ്ങിയും കുളിർ തൂകി നിന്ന ശരത്കാല സന്ധ്യയായും ഹൃദയവനിയിലെ ഗായകനായി ചുനക്കര സിനിമാഗാനശാഖയിലെ നിറദീപമായി തെളിഞ്ഞു കത്തി.

1978ൽ ആശ്രമം എന്ന ചിത്രത്തിലെ 'അപ്സരകന്യക' എന്ന ഗാനം എഴുതിയാണ് ചുനക്കര സിനിമയിലേക്കു പ്രവേശിച്ചത്. പിന്നീട് നിരവധി ഹിറ്റുകളുടെ ഭാഗമായി. സംഗീത സംവിധായകൻ ശ്യാമിനൊപ്പമാണ് കൂടുതൽ പാട്ടുകളൊരുക്കിയത്. എല്ലാം മലയാളി മനസിൽ എന്നും പൂത്തുലഞ്ഞ് നിൽക്കുന്ന വരികൾ. 'കൗമാരപ്രായം' എന്ന ചിത്രത്തിലൂടെയാണ് ഇരുവരും ഒരുമിക്കുന്നത്. 'സിന്ദൂര തിലകവുമായ് പുള്ളിക്കുയിലേ പോരൂ നീ..' (കുയിലിനെത്തേടി), 'ധനുമാസക്കാറ്റേ വായോ...' (മുത്തോടു മുത്ത്..), 'അത്തിമരക്കൊമ്പത്തെ തത്തക്കിളി വന്നല്ലോ...' (പച്ച വെളിച്ചം), 'ഹൃദയവനിയിലെ ഗായികയോ...' (കോട്ടയം കുഞ്ഞച്ചൻ), 'പാതിരാ താരമേ സ്നേഹപൂക്കൾ ഞാൻ ചോദിച്ചു' (കുയിലിനെ തേടി), 'ശരത്കാല സന്ധ്യ കുളിർതൂകി നിന്നു' (എങ്ങനെ നീ മറക്കും), 'ചന്ദനക്കുറിയുമായി വാ സുകൃതവനിയിൽ' (ഒരു നോക്കു കാണാൻ) തുടങ്ങിയ എത്രയോ ഗാനങ്ങൾ ഈ കൂട്ടുകെട്ടിൽ പിറന്നു.

നാടകത്തിലൂടെയായിരുന്നു ചുനക്കര ആദ്യം ഗാനരചയിതാവിന്റെ റോൾ അണിഞ്ഞത്. കൊല്ലം അസീസി, മലങ്കര തിയറ്റേഴ്സ്, കൊല്ലം ഗായത്രി, കേരള തിയെറ്റേഴ്സ്, നാഷനൽ തിയെറ്റേഴ്സ് തുടങ്ങിയ സമിതികൾക്ക് നൂറുകണക്കിന് നാടകഗാനങ്ങൾ എഴുതി. ഇതിനിടെയാണ് സ്വന്തമായൊരു നാടകസിമിതി തന്നെയാകാമെന്ന് ചുനക്കരക്ക് തോന്നിയത്. 'മലയാള നാടകവേദി' ക്ക് അദ്ദേഹം തുടക്കമിട്ടു. പിന്നീട് ആകാശവാണിയിലെ ലളിതസംഗീത പാഠങ്ങളിലൂടെ ശ്രോതാക്കളെ ആകർഷിച്ചു. 'ഒരു തിര പിന്നെയും തിര' എന്ന സിനിമയിലെ 'ദേവീ നിൻ രൂപം ഒരു ശിശിരമാസക്കുളിർരാവിൽ', 'ഒരു തിര പിന്നെയും തിര' എന്നീ ഗാനങ്ങൾ എം.ജി. രാധാകൃഷ്ണന്റെ ഈണത്തിൽ സൂപ്പർ ഹിറ്റായി. ചുനക്കരയ്ക്ക് ഏറ്റവും പ്രിയപ്പെട്ട ഒരു ഗാനം 'ആ ദിവസം' എന്ന സിനിമയിലെ അത്ര ഹിറ്റാകാത്ത 'പ്രവാഹമേ നദി പ്രവാഹമേ' എന്ന ഗാനവും ചൂതാട്ടം എന്ന സിനിമയിലെ 'വാരിധിയിൽ തിര പോലെ വഹ്നിയിൽ പുക പോലെ' എന്ന ഗാനവും. അധിപൻ എന്ന ചിത്രത്തിലെ 'ശ്യാമമേഘമേ നീ' എന്ന ഗാനം ഏറെ ഹിറ്റായി.

ഗാനരചയിതാവായി പേരെടുത്തെങ്കിലും ചുനക്കരയ്ക്ക് ഗായകനായി അറിയാനായിരുന്നു ആഗ്രഹം. ദേവരാജൻ മാഷും ചുനക്കരയുടെ സഹോദരനും സുഹൃത്തുക്കളായിരുന്നു. കുട്ടിക്കാലത്ത് കെപിഎസി പരിപാടിക്ക് ചേട്ടന്റെ കൂടെ ചുനക്കരയും പോകും. വേദികളിൽ പാടും. സിനിമയിലേക്കു വന്നതിനു ശേഷവും ഏതു പാട്ടു ചെയ്താലും ആദ്യം കേൾപ്പിച്ചിരുന്നത് ദേവരാജൻ മാഷിനെയാണ്. ഭാര്യയുടെ മരണവും ബൈപാസ് സർജറിയും കഴിഞ്ഞതോടെ ചലച്ചിത്ര ഗാനരചനയിൽനിന്നു വിട്ടുനിന്ന ചുനക്കരയെ കവിതാരചനയിലേക്കു വഴിതിരിച്ചുവിട്ടതും ദേവരാജൻ മാഷായിരുന്നു. 2004ൽ അഗ്നിസന്ധ്യ എന്ന കവിതാ സമാഹാരം പ്രസിദ്ധീകരിച്ചു.

40 വർഷം നീണ്ട കാവ്യസപര്യയിൽ പ്രമുഖ സംഗീത സംവിധായകർക്കൊപ്പം പ്രവർത്തിച്ചു. യേശുദാസ് മുതൽ മോഹൻലാലും മാള അരവിന്ദനും വരെ അദ്ദേഹത്തിന്റെ വരികൾ പാടി. 1994 വരെ തുടർച്ചയായി ചുനക്കര പാട്ടെഴുതി. 2001ൽ നിന്നെയും തേടി എന്ന സിനിമയിലൂടെ രണ്ടാം വരവും നടത്തി. 75 സിനിമകളിൽ ഇരുന്നൂറിലേറെ പാട്ടുകൾക്ക് വരികളെഴുതിയ ചുനക്കര രാമൻകുട്ടി 2004ൽ അഗ്നിസന്ധ്യ എന്ന കവിതാ സമാഹാരം പ്രസിദ്ധീകരിച്ചു. 2015ൽ സംഗീത നാടക അക്കാദമിയുടെ ഗുരുശ്രേഷ്ഠ പുരസ്കാരം ലഭിച്ചു.

ബിജെപിയോടടുത്ത എംഎൽഎയെ ഡിഎംകെ പുറത്താക്കി

ചെന്നൈ: ഫലത്തിൽ ബിജെപിയിലെത്തിക്കഴിഞ്ഞ എംഎൽഎ കു.ക. ശെൽവത്തെ ഡിഎംകെ പാർട്ടിയിൽ നിന്നു പുറത്താക്കി. ഓഗസ്റ്റ് അഞ്ചിനു സസ്പെൻഡ് ചെയ്തിരുന്ന എംഎൽഎയുടെ വിശദീകരണം തൃപ്തികരമല്ലെന്നു ചൂണ്ടിക്കാണിച്ചാണ് ഇന്നലെ പ്രാഥമികാംഗത്വത്തിൽ നിന്നു പുറത്താക്കിയത്. പാർട്ടി പ്രസിഡന്റ് എം.കെ. സ്റ്റാലിൻ ഇതു സംബന്ധിച്ചു വാർത്താകുറിപ്പ് ഇറക്കിയിട്ടുണ്ട്. തന്റെ അഭിഭാഷകരുമായി ബന്ധപ്പെട്ടു വരികയാണെന്നും അഭിപ്രായങ്ങൾ പിന്നീടു പറയാമെന്നും ശെൽവം.

അടുത്തിടെ ഡൽഹിയിൽ വച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയെയും ബിജെപി അധ്യക്ഷൻ ജെ.പി. നഡ്ഡയെയും പ്രശംസിച്ച് ശ്രദ്ധ നേടിയതാണ് ശെൽവം. ജനങ്ങൾ ബിജെപിയിൽ ചേരണമെന്നും അദ്ദേഹം പറയുകയുണ്ടായി. ചെന്നൈയിലെ ബിജെപി ആസ്ഥാനം കമലാലയം സന്ദർശിച്ച അദ്ദേഹം ഡിഎംകെയിൽ കുടുംബരാഷ്ട്രീയമാണെന്നും കുറ്റപ്പെടുത്തിയിരുന്നു.

എൺപതുകളുടെ അവസാനം മുഖ്യമന്ത്രി എംജിആർ അന്തരിച്ച ശേഷം അണ്ണാ ഡിഎംകെ ജാനകി വിഭാഗത്തിലായിരുന്നു ശെൽവം. പിന്നീടാണു ഡിഎംകെയിലെത്തിയത്. പാർട്ടി ആസ്ഥാനത്തെ ഓഫിസ് സെക്രട്ടറിയും എക്സിക്യൂട്ടിവ് കമ്മിറ്റി അംഗവുമായിരുന്നിട്ടുണ്ട്. രണ്ടു ദശകത്തിലേറെ കാലമായി പാർട്ടിക്കു വേണ്ടി പ്രവർത്തിക്കുന്ന തന്നെ പരിഗണിക്കാതെയാണ് വെസ്റ്റ് ഡിസ്ട്രിക്റ്റ് സെക്രട്ടറി സ്ഥാനത്തേക്ക് നിയമനം നടന്നതെന്ന് ശെൽവം ആരോപിക്കുന്നു. പാർട്ടിക്കകത്ത് തെരഞ്ഞെടുപ്പു വേണമെന്നും ശെൽവം ആവശ്യപ്പെട്ടിരുന്നു.

ഡിഎംകെ മുൻ നേതാവും തമിഴ്നാട് നിയമസഭാ ഡെപ്യൂട്ടി സ്പീക്കറുമായിരുന്ന വി.പി. ദൊരൈസ്വാമിയും അടുത്തിടെ ബിജെപിയിൽ ചേർന്നിരുന്നു.

റെക്കോഡ് കേസുകൾ; പ്രതിദിന വർധന 66,999

ന്യൂഡൽഹി: രാജ്യത്ത് പുതുതായി കൊവിഡ് സ്ഥിരീകരിച്ചവരുടെ പ്രതിദിന കണക്കിൽ റെക്കോഡ് വർധന. ഒരു ദിവസത്തിനിടെ രോഗം സ്ഥിരീകരിച്ചവർ 66,999. ഇതോടെ ഇന്ത്യയിലെ മൊത്തം രോഗബാധിതർ 23,96,637. മരണസംഖ്യ 47,033. ഇരുപത്തിനാലു മണിക്കൂറിനിടെ രാജ്യത്തു കൊവിഡ് ബാധിച്ചു മരിച്ചത് 942 പേരാണ്. ഇതുവരെ രോഗമുക്തരായത് 16.95 ലക്ഷത്തിലേറെ പേർ. ഇപ്പോൾ ചികിത്സയിലുള്ള രോഗികൾ 6,53,622.

പന്ത്രണ്ടു ദിവസത്തിനിടെ 6.33 ലക്ഷം കേസുകളാണ് രാജ്യത്തുണ്ടായത്. കഴിഞ്ഞ ഒരാഴ്ചയിൽ ശരാശരി 58,000 കേസുകൾ. ലോകത്തു തന്നെ ഏറ്റവുമധികം പുതിയ രോഗബാധിതരുണ്ടായത് ഈ ശരാശരി പ്രകാരം ഇന്ത്യയിലാണ്. മൊത്തം രോഗബാധിതരിൽ അമെരിക്കയ്ക്കും ബ്രസീലിനും പിന്നിൽ മൂന്നാം സ്ഥാനത്താണ് ഇന്ത്യ. അമെരിക്കയിൽ 53.60 ലക്ഷത്തിലേറെ രോഗബാധിതർ; ബ്രസീലിൽ 31.70 ലക്ഷവും. ഒമ്പതു ലക്ഷം കടന്ന റഷ്യയാണു നാലാമത്. ഇന്ത്യ 20 ലക്ഷം പിന്നിട്ടത് ഓഗസ്റ്റ് ഏഴിന്.

മരണനിരക്ക് 1.96 ശതമാനമായി കുറഞ്ഞിട്ടുണ്ട് എന്നതാണ് ആശ്വാസം. റിക്കവറി നിരക്ക് 70 ശതമാനം കടന്നു എന്നതും ആരോഗ്യ മന്ത്രാലയത്തിന് ആശ്വാസമാകുന്നുണ്ട്. മഹാരാഷ്ട്രയും ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളും രോഗബാധയിൽ കുറവില്ലാതെ തുടരുന്നു. 12,712 കേസുകളാണ് മഹാരാഷ്ട്രയിൽ പുതുതായി കണ്ടെത്തിയത്. 344 പേർ കൂടി മരിച്ചു. സംസ്ഥാനത്തെ രോഗബാധിതർ 5.48 ലക്ഷം പിന്നിട്ടു. മരണസംഖ്യ 18,650.

ഓഗസ്റ്റ് എട്ടിന് 12,822 കേസുകൾ റിപ്പോർട്ട് ചെയ്തതാണ് മഹാരാഷ്ട്രയിലെ ഏറ്റവും ഉയർന്ന പ്രതിദിന വർധന. സംസ്ഥാനത്ത് രണ്ടാമത്തെ ഉയർന്ന പ്രതിദിന വർധനയാണ് അവസാന 24 മണിക്കൂറിൽ. 3.81 ലക്ഷം പേരാണ് ഇതുവരെ രോഗമുക്തരായത്. 1.26 ലക്ഷം രോഗബാധിതരുള്ള മുംബൈയിൽ ഇപ്പോൾ ചികിത്സയിലുള്ളത് 19,047 പേർ.

5,871 പുതിയ കേസുകളാണു തമിഴ്നാട്ടിൽ. മഹാരാഷ്ട്രയ്ക്കു പിന്നിൽ രണ്ടാം സ്ഥാനത്തുള്ള സംസ്ഥാനത്ത് മൊത്തം രോഗബാധിതർ 3.14 ലക്ഷമാണ്. 119 മരണം കൂടി 24 മണിക്കൂറിനിടെ സംസ്ഥാനത്തുണ്ടായി. ഇതോടെ തമിഴകത്തെ മൊത്തം കൊവിഡ് മരണം 5,278ൽ എത്തിയിട്ടുണ്ട്.

9,597 കേസുകൾ കൂടി കണ്ടെത്തിയ ആന്ധ്രയിൽ മൊത്തം രോഗബാധിതർ രണ്ടര ലക്ഷം കടന്നു. ആന്ധ്രയിലെ അവസാന ദിവസത്തെ മരണസംഖ്യ 93 ആണ്. സംസ്ഥാനത്തു മൊത്തം 2,296 പേർ ഇതുവരെ മരിച്ചിട്ടുണ്ട്. 7,883 രോഗബാധിതരെ പുതുതായി കണ്ടെത്തിയ കർണാടകയിൽ വൈറസ് ബാധിതരുടെ മൊത്തം എണ്ണം 1.96 ലക്ഷം പിന്നിട്ടിട്ടുണ്ട്. പ്രതിദിന വർധനയിൽ റെക്കോഡാണ് സംസ്ഥാനത്ത്. 112 പേർ കൂടി മരിച്ചതോടെ മരണസംഖ്യ 3,510ലെത്തി.

ഡൽഹിയിൽ 1.48 ലക്ഷവും ഉത്തർപ്രദേശിൽ 1.36 ലക്ഷവും പശ്ചിമ ബംഗാളിൽ 1.04 ലക്ഷവും രോഗബാധിതരാണുള്ളത്. ബിഹാറിൽ 90,000 കടന്നു. തെലങ്കാനയിൽ 84,544. ഗുജറാത്തിൽ 74,390 രോഗബാധിതർ. യുപിയിലും പശ്ചിമ ബംഗാളിലും 54 പേർ വീതം 24 മണിക്കൂറിനിടെ മരിച്ചു.

ഡൽഹിയിൽ 14 പേരുടെ മരണമാണു പുതുതായി രേഖപ്പെടുത്തിയത്. ഡൽഹിയിലെ ഇതുവരെയുള്ള കൊവിഡ് മരണസംഖ്യ 4,153. യുപിയിൽ 2230 പേരും പശ്ചിമ ബംഗാളിൽ 2203 പേരുമാണ് വൈറസ് ബാധിച്ച് മരിച്ചിട്ടുള്ളത്. 18 പേരുടെ മരണം കൂടി രേഖപ്പെടുത്തിയ ഗുജറാത്തിലെ ഇതുവരെയുള്ള മരണസംഖ്യ 2,713.

എച്ച്1 ബി വിസ: ഉപാധികളോടെ ഇളവ്

വാഷിങ്ടൺ: നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് മുമ്പുണ്ടായിരുന്ന ജോലികളിൽ തിരികെ പ്രവേശിക്കാനാണെങ്കിൽ എച്ച്1ബി വിസയുള്ളവർക്ക് മടങ്ങിയെത്താമെന്നു യുഎസ്.ഇവരുടെ കുടുംബങ്ങൾക്കും യുഎസിലേക്കു തിരികെയെത്താം. 'വിസ നിരോധനം നിലവിൽ വരുന്നതിന് മുമ്പ് ചെയ്തുകൊണ്ടിരുന്ന ജോലിയിൽ, അതേ തസ്തികയിൽ തിരികെ പ്രവേശിക്കുന്നതിന്' തടസമില്ലെന്നാണു യുഎസ് വിദേശകാര്യ വകുപ്പ് പുറത്തിറക്കിയ പുതിയ മാർഗനിർദേശം. ഇന്ത്യക്കാർക്ക് വലിയ ആശ്വാസമാണ് യുഎസ് പ്രഖ്യാപനം. എച്ച്-1ബി വിസ കൈവശമുള്ള സാങ്കേതിക വിദഗ്ധർ, സീനിയർ ലെവൽ മാനേജർമാർ തുടങ്ങിയ ജോലിക്കാർക്കും തിരികെ വരാം. എന്നാൽ കൊവിഡ് ആഘാതത്തിൽ നിന്ന് തിരിച്ചുവരാനുള്ള അമേരിക്കൻ സമ്പദ്വ്യവസ്ഥയ്ക്ക് അത്യന്താപേക്ഷിതമെന്നുള്ളവരായിരിക്കണം ഇവർ. പുതുതായി എച്ച്1ബി വിസ അനുവദിക്കുന്നത് ഈ വർഷം അവസാനം വരെ നിർത്തിവച്ച് ജൂൺ 22ന് ട്രംപ് ഭരണകൂടം ഉത്തരവിറക്കിയിരുന്നു. മാത്രമല്ല പല മേഖലകളിലും നിലവിലുള്ള എച്ച്-1ബി വിസക്കാരെ ജോലിക്ക് പ്രവേശിപ്പിക്കുന്നതിലും വിലക്ക് വന്നിരുന്നു. ഇന്ത്യൻ വംശജ കമല ഹാരിസിനെ യുഎസ് വൈസ്പ്രസിഡന്റ് സ്ഥാനാർഥിയാക്കിയ ഡെമൊക്രാറ്റിക് പാർട്ടിയുടെ പ്രഖ്യാപനം വന്നതിനു പിന്നാലെയാണ് ഡോണൾഡ് ട്രംപ് ഭരണകൂടം മുൻ തീരുമാനം മാറ്റിയത്. ഇന്ത്യൻ വംശജരായ വോട്ടർമാരിൽ വലിയ സ്വാധീനമുണ്ട് ചെന്നൈയിൽ വേരുകളുള്ള കമലയ്ക്ക്. ഇന്ത്യൻ വോട്ടർമാർ പൊതുവേ റിപ്പബ്ലിക്കൻ പാർട്ടിയോടു ചായ്വുള്ളവരായാണ് കരുതുന്നത്. റിപ്പബ്ലിക്കൻ പാർട്ടിയാണ് പൊതുവേ ഇന്ത്യാ അനുകൂല നിലപാടുകൾ എടുക്കാറുള്ളതും. എന്നാൽ, കമലയുടെ വരവ് വോട്ടെടുപ്പിൽ ഇന്ത്യൻ വോട്ടർമാരുടെ താത്പര്യങ്ങളെയും ബാധിച്ചേക്കാമെന്നിരിക്കെ എച്ച്1ബി വിസ ഇളവിനു രാഷ്ട്രീയ മാനങ്ങളുമുണ്ടെന്ന് വിലയിരുത്തപ്പെടുന്നു.

രാജ്യസഭാ ഉപതിരഞ്ഞെടുപ്പ്: ശ്രേയാംസും കൽപകവാടിയും പത്രിക സമർപ്പിച്ചു

തിരുവനന്തപുരം: രാജ്യസഭാ ഉപതിരഞ്ഞെടുപ്പിലെ എൽഡിഎഫ് സ്ഥാനാർഥി എം. വി ശ്രേയാംസ്കുമാറും യുഡിഎഫ് സ്ഥാനാർഥി ലാൽ വർഗീസ് കൽപകവാടിയും നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ മുൻപാകെ നാമനിർദേശ പത്രിക സമർപ്പിച്ചു. എം.പി. വീരേന്ദ്രകുമാർ അന്തരിച്ചതിനെ തുടർന്ന് ഒഴിവുവന്ന സീറ്റിലേക്കാണു തെരഞ്ഞെടുപ്പ്. മന്ത്രിമാരായ രാമചന്ദ്രൻ കടന്നപ്പള്ളി, കെ. കൃഷ്ണൻകുട്ടി, സി. ദിവാകരൻ എം. എൽ. എ, എൽഡിഎഫ് കൺവീനർ എ. വിജയരാഘവൻ എന്നിവർ ശ്രേയാംസ്കുമാറിനൊപ്പം ഉണ്ടായിരുന്നു. പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല, കെപിസിസി അധ്യക്ഷൻ മുല്ലപ്പള്ളി രാമചന്ദ്രൻ, കെ.സി. ജോസഫ് എംഎൽഎ എന്നിവർ ലാൽ വർഗീസ് കൽപകവാടിയെ അനുഗമിച്ചു. മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ടിക്കാറാം മീണ സന്നിഹിതനായിരുന്നു.

കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചായിരുന്നു പത്രിക സമർപ്പണം. പത്രികയും കെട്ടിവയ്ക്കാനുള്ള പണവും ഉൾപ്പെടെ യുവി സ്കാൻ നടത്തിയ ശേഷമാണ് സ്വീകരിച്ചത്. 20 മിനിട്ട് യുവി സ്കാനറിൽ വച്ച് ഇവ അണുവിമുക്തമാക്കിയിരുന്നു. 24നാണ് വോട്ടെടുപ്പ്. നിലവിലുള്ള സാഹചര്യത്തിൽ ശ്രേയാംസ് കുമാർ നല്ല ഭൂരിപക്ഷത്തോടെ വിജയിക്കും. ജോസ് കെ. മാണി പക്ഷത്തുള്ള കേരളാ കോൺഗ്രസ് യുഡിഎഫ് സ്ഥാനാർഥിക്ക് വോട്ടു ചെയ്യുമോ എന്ന് ഇനിയും വ്യക്തമാക്കിയിട്ടില്ല.

രാജ്യസഭാ ഉപതിരഞ്ഞെടുപ്പിലെ എൽഡിഎഫ് സ്ഥാനാർഥി എം. വി ശ്രേയാംസ്കുമാർ നാമനിർദേശ പത്രിക കൈമാറുന്നു.

കേരള സംസ്ഥാന ഭാഗ്യക്കുറി
ഫോൺ: ഡയറക്ടർ 0471- 2305230, ഓഫീസ് 2305193, ഫാക്സ് 2301740
www.kerala.gov.in www.keralalotteries.com
കാരുണ്യ പ്ലസ് KN-329 നറുക്കെടുപ്പ് Held on 13/08/2020
AT GORKY BHAVAN, NEAR BAKERY, JUNCTION, THIRUVANANTHAPURAM
ഒന്നാം സമ്മാനം 80 ലക്ഷം രൂപ PS 165267 (MALAPPURAM)
സമാശ്വാസ സമ്മാനം 8000 രൂപ
PN 165267 PO 165267 PP 165267 PR 165267
PT 165267 PU 165267 PV 165267 PW 165267
PX 165267 PY 165267 PZ 165267
2-ാം സമ്മാനം 10 ലക്ഷം രൂപ PP 246392 (THRISSUR)
3-ാം സമ്മാനം 1 ലക്ഷം രൂപ
PN 124709 (VAIKKOM) PO 213102 (ERNAKULAM) PP 193535 (PATHANAMTHITTA) PR 510444 (KOLLAM)
PS 553837 (KAYAMKULAM) PT 226855 (KANNUR) PU 518166 (VAIKKOM) PV 176801 (KOZHIKKODE)
PW 516542 (VAIKKOM) PX 305867 (ADIMALY) PY 242931 (MALAPPURAM) PZ 516814 (VAIKKOM)
താഴെ പറയുന്ന നമ്പരുകളിൽ അവസാനിക്കുന്ന ടിക്കറ്റുകൾക്ക്
4-ാം സമ്മാനം 5000 രൂപ
0299 0399 1144 1419 2899 3300 4251 4286 4354 6315
6318 6536 6942 7096 7183 7479 9522 9769
5-ാം സമ്മാനം 1000 രൂപ
0100 0446 0494 0847 0849 1344 1903 2056 2616 3541
3728 3753 4574 5052 5634 6190 6379 6519 6628 7106
7130 7159 7435 7846 7998 8010 8071 8171 8364 8915
9631 9685
6-ാം സമ്മാനം 500 രൂപ
0124 0314 0330 0396 0591 0739 0894 1146 1152 1160
1161 1576 1904 2098 2243 2320 2359 2542 2544 2606
2648 2749 2872 2944 2969 3002 3062 3092 3242 3275
3308 3382 3393 3462 3618 3779 3845 3882 3916 4101
4372 4407 4437 4492 4629 5003 5132 5146 5251 5397
5746 5808 6004 6029 6120 6232 6512 6612 6631 6669
6910 7031 7033 7393 7395 7611 7709 7894 8173 8396
8940 9210 9400 9426 9516 9803
7-ാം സമ്മാനം 100 രൂപ
0201 0238 0384 0660 0693 0697 0824 0870 0934 1115
1224 1293 1325 1383 1392 1436 1565 1643 1726 1844
1889 1899 2064 2067 2122 2126 2288 2326 2390 2441
2577 2639 2687 2709 2728 2748 2848 2855 2898 3001
3136 3166 3280 3399 3629 3686 3751 3789 3796 3964
3983 4006 4058 4090 4096 4124 4329 4367 4609 4624
4717 4736 4743 4810 4891 4924 5044 5223 5261 5409
5534 5545 5566 5622 5927 6015 6074 6197 6244 6440
6496 6565 6804 6820 6850 6994 7080 7196 7375 7497
7502 7632 7643 7692 7699 7717 7762 7919 7940 8119
8454 8509 8570 8943 8979 8980 9001 9034 9043 9163
9212 9274 9302 9376 9384 9396 9442 9548 9874 9895
(ഒപ്പ്) മനോജ് പി., ഡെപ്യൂട്ടി ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് സ്റ്റേറ്റ് ലോട്ടറീസ്, വികാസ് ഭവൻ, തിരുവനന്തപുരം
വിജയികൾ സമ്മാനാർഹമായ ടിക്കറ്റുകൾ കേരള ഗസറ്റിൽ ഒത്തുനോക്കി 30 ദിവസത്തിനുള്ളിൽ ഹാജരാക്കുക
നറുക്കെടുപ്പ് തത്സമയ സംപ്രേഷണം എല്ലാ ദിവസവും കൈരളി, കൗമുദി, ജയ്ഹിന്ദ്, ജീവൻ ചാനലുകളിൽ

മൗണ്ടൻ ലാൻഡ് സ്കേപ്പ് പദ്ധതി അവലോകനം ചെയ്തു

തിരുവനന്തപുരം: ജൈവ വൈവിധ്യ സംരക്ഷണവും പ്രാദേശിക ജനതയുടെ ഉപജീവനമാർഗ വികസനവും ലക്ഷ്യമാക്കി യുഎൻഡിപി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം മുഖേന സംസ്ഥാനത്ത് നടപ്പാക്കുന്ന മൗണ്ടൻ ലാൻഡ് സ്കേപ്പ് പദ്ധതിയുടെ പുരോഗതി മുഖ്യമന്ത്രി പിണറായി വിജയൻ വിലയിരുത്തി.

മൂന്നാർ മേഖലയിൽ അഞ്ചുനാടിനും സമീപ ഭൂവ്യവസ്ഥയ്ക്കും വേണ്ടിയുള്ള പദ്ധതിയാണിത്. 2014 ൽ പദ്ധതി ആരംഭിച്ചെങ്കിലും വേണ്ടത്ര വേഗയില്ലെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ബന്ധപ്പെട്ടവരുമായി മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് വഴി സംസാരിച്ചത്. 2015ൽ ജനപ്രതിനിധികളുടെ ഭാഗത്തുനിന്നുണ്ടായ ആശങ്കകൾ കാരണം പദ്ധതി നിർത്തിവച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2016ൽ ജനങ്ങളുടെ ആശങ്കകൾ ദൂരീകരിച്ച് വിവിധ മേഖലയിലുള്ളവരുമായി നടത്തിയ കൂടിയാലോചനയ്ക്കു ശേഷമാണ് പദ്ധതിയ്ക്ക് വീണ്ടും ജീവൻ വച്ചത്. സംസ്ഥാനതല പദ്ധതി രേഖ അടിയന്തിരമായി തയാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് പത്തു ദിവസത്തിനുള്ളിൽ അയക്കണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു. യുഎൻഡിപി കേന്ദ്ര സർക്കാർ മുഖേന നൽകുന്ന 35 കോടി രൂപ ഗ്രാന്റ് നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കേണ്ടതുണ്ട്. വനം വകുപ്പും ഹരിത കേരള മിഷനും ചേർന്ന് തുടർ നടപടികൾ കൈക്കൊള്ളണം. പദ്ധതി സമയബന്ധിതമായി തീർക്കാൻ ആവശ്യമായ ഇടപെടൽ നടത്തണമെന്ന് ചീഫ് സെക്രട്ടറിയോട് മുഖ്യമന്ത്രി നിർദേശിച്ചു.

ബാലഭാസ്കറിന്റെ മരണം: കലാഭവൻ സോബിയുമായി സിബിഐ തെളിവെടുപ്പ്

തിരുവനന്തപുരം: സംഗീതജ്ഞൻ ബാലഭാസ്കറിന്റെ മരണവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്ന സിബിഐ സംഘം ഇന്നലെ അപകടം നടന്ന സ്ഥലത്തും പരിസരപ്രദേശങ്ങളിലും തെളിവെടുപ്പ് നടത്തി. അപകടകത്തിൽ ദുരൂഹത ആരോപിച്ചു രംഗത്തെത്തിയ കലാഭവൻ സോബിയെ അപകടസ്ഥലത്ത് എത്തിച്ചാണ് അന്വേഷണ സംഘം നിർണായകമായ തെളിവ് ശേഖരം നടത്തിയത്.

സോബി കാർ നിർത്തിയിട്ടിരുന്ന പെട്രോൾ പമ്പിന് സമീപവും അപകടസ്ഥലത്തും മംഗലപുരം പൊലീസ് സ്റ്റേഷനിലുമാണ് പ്രധാനമായും തെളിവെടുപ്പ് നടത്തിയത്. പമ്പിന് സമീപം കാർ നിർത്തി വിശ്രമിക്കുമ്പോൾ ബാലഭാസ്കറിന്റെ ഇന്നോവ കാർ ഒരു സംഘം അടിച്ചുതകർത്തെന്നായിരുന്നു സോബിയുടെ മൊഴി. പമ്പിലെ ജീവനക്കാരിൽ നിന്നും സിബിഐ വിവരങ്ങൾ ശേഖരിച്ചു.

അപകടം ആസൂത്രിതമാണെന്ന സോബിയുടെ വെളിപ്പെടുത്തലിൽ ശാസ്ത്രീയ തെളിവെടുപ്പാണ് നടത്തുന്നത്. ക്രൈം ബ്രാഞ്ചിന് നൽകാത്ത പുതിയൊരു മൊഴിയും സോബി സിബിഐക്ക് നൽകി. ഇതിന്റെ ആധികാരികതയും പരിശോധിക്കുന്നു. രാത്രി 11 മണി വരെ മാത്രമേ പമ്പ് പ്രവർത്തിക്കാറുള്ളൂ എന്നാണ് ജീവനക്കാർ സിബിഐയ്ക്ക് മൊഴി നൽകിയത്. സംഭവം നടന്നതിന്റെ പിറ്റേദിവസം റോഡിൽ വാഹനത്തിന്റെ ചില്ല് കഷണങ്ങളോ മറ്റോ കണ്ടിരുന്നില്ലെന്നും ജീവനക്കാർ പറഞ്ഞു.

ബാലഭാസ്കറിന്റെ കാർ മംഗലപുരം പൊലീസ് സ്റ്റേഷനിലായതിനാൽ അവിടെയെത്തി കാർ പരിശോധിച്ചു. തുടർന്ന് സോബിയിൽ നിന്ന് വ്യക്തത വരുത്തി. തിരുനെൽവേലിക്കുള്ള യാത്രയ്ക്കിടെ പമ്പിൽ കാർ നിർത്തി വിശ്രമിക്കുമ്പോൾ ദേശീയപാതയിൽ വച്ച് ബാലഭാസ്കറും കുടുംബവും സഞ്ചരിച്ച വാഹനത്തെ ഒരു സംഘം ആക്രമിച്ചുവെന്നും പിൻ ഗ്ലാസ് ഇരുമ്പ് ദണ്ഡുപയോഗിച്ചു അടിച്ചു തകർക്കുന്നത് താൻ കണ്ടെന്നും സോബി സിബിഐ സംഘത്തിന് മൊഴി നൽകി. അതിനു ശേഷം ഒരു കിലോമീറ്റർ മാറിയുള്ള സ്ഥലത്ത് കൃത്രിമമായി അപകടം സൃഷ്ടിക്കുകയായിരുന്നുവെന്നുമാണ് സോബിയുടെ മൊഴി.

പമ്പിൽ നിന്നും വാഹനമെടുത്ത് പോകും വഴിയാണ് ബാലഭാസ്കറും കുടുംബവും സഞ്ചരിച്ച വാഹനം അപകടത്തിൽപ്പെട്ടതായി കണ്ടത്. അവിടെ വാഹനം നിർത്തിയപ്പോൾ ചിലർ ആക്രോശിച്ച് പാഞ്ഞടുത്തു. കാറുമായി വേഗം സ്ഥലം വിടാൻ ആവശ്യപ്പെട്ടു. ഇതിനിടെ റോഡിന് അരികിലൂടെ രണ്ടു പേർ ബൈക്ക് തള്ളി പോകുന്നത് കണ്ടു- സോബി പറഞ്ഞിരുന്നു. അവിടെവെച്ചാണ് സ്വർണക്കടത്ത് കേസിലെ പ്രതിയ സരിത്തിനെ കണ്ടതെന്നും സോബി അടുത്തിടെ വെളിപ്പെടുത്തിയിരുന്നു.

അപകട സ്ഥലത്തും പൊലീസ് സ്റ്റേഷനിലും തെളിവെടുത്ത ശേഷം സോബിയെ അക്രമികളിൽ നിന്നും രക്ഷപെട്ടു മറഞ്ഞു നിന്നു എന്ന് പറഞ്ഞ സ്ഥലത്തും എത്തിച്ച് അന്വേഷണ സംഘം വിവരങ്ങൾ ശേഖരിച്ചു. അതേസമയം വാഹനത്തിന്റെ ഗ്ലാസുകൾ തകർന്നിരുന്നില്ലെന്നും രക്ഷാപ്രവർത്തന വേളയിൽ തങ്ങളാണ് ഗ്ലാസുകൾ തകർത്തതെന്നുമാണ് രക്ഷാപ്രവർത്തനം നടത്തിയവർ അന്വേഷണ സംഘത്തിന് നൽകിയ മൊഴി.

നൃത്യ ഗോപാൽ ദാസിനു കൊവിഡ്

മഥുര: അയോധ്യ രാമക്ഷേത്ര നിർമാണ ട്രസ്റ്റ് അധ്യക്ഷൻ മഹന്ത് നൃത്യ ഗോപാൽ ദാസിനു കൊവിഡ് സ്ഥിരീകരിച്ചു. ഓഗസ്റ്റ് അഞ്ചിന് അയോധ്യയിലെ ഭൂമിപൂജ- ശിലാസ്ഥാപന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമായി വേദി പങ്കിട്ടതാണ് നൃത്യ ഗോപാൽ ദാസ്. ഉത്തർപ്രദേശ് ഗവർണർ ആനന്ദി ബെൻ പട്ടേൽ, മുഖ്യമന്ത്രി യോഗി ആദിത്യനാഥ്, ആർഎസ്എസ് മേധാവി മോഹൻ ഭഗവത് എന്നിവരും അന്നു വേദിയിലുണ്ടായിരുന്നു.

അയോധ്യയിൽ ഭൂമിപൂജാ ചടങ്ങു നടക്കുന്നതിന് ഏതാനും ദിവസം മുൻപ് പുരോഹിതനായിരുന്ന പ്രദീപ് ദാസിനും ഡ്യൂട്ടിയിലുണ്ടായിരുന്ന 14 പൊലീസുകാർക്കും കൊവിഡ് സ്ഥിരീകരിച്ചിരുന്നു. ഇതേത്തുടർന്ന് ശക്തമായ കൊവിഡ് പ്രതിരോധ നടപടികൾ സ്വീകരിച്ചാണ് ചടങ്ങു നടത്തിയത്.

രോഗം സ്ഥിരീകരിക്കുമ്പോൾ മഥുരയിലായിരുന്നു എൺപതുകാരനായ മഹന്ത്. അദ്ദേഹത്തെ ഗുരുഗ്രാമിലെ മേദാന്ത ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. പനിയുണ്ടായിരുന്ന നൃത്യ ഗോപാൽ ദാസിനെ പരിശോധിക്കാൻ ഒരു സംഘം ഡോക്റ്റർമാരെ അയയ്ക്കുകയായിരുന്നുവെന്നും അവർ പനിക്കു മരുന്നു നൽകിയെന്നും കൊവിഡ് ടെസ്റ്റ് പോസിറ്റീവായെന്നും മഥുര ജില്ലാ മജിസ്ട്രേറ്റ് സർവാഗ്യ രാം മിശ്ര പറഞ്ഞു. ചെറിയ ശ്വാസതടസവും അദ്ദേഹത്തിനുണ്ട്. എന്നാൽ, ഗൗരവമായ ആരോഗ്യ പ്രശ്നങ്ങളൊന്നുമില്ലെന്നും മിശ്ര.

മുഖ്യമന്ത്രി യോഗി ആദിത്യനാഥിന്റെ നിർദേശ പ്രകാരമാണ് മേദാന്ത ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. മിശ്രയുമായും മേദാന്ത ആശുപത്രി സിഎംഡിയുമായും മുഖ്യമന്ത്രി ഫോണിൽ സംസാരിച്ചു. സമീപകാലത്ത് നൃത്യ ഗോപാൽ ദാസുമായി സമ്പർക്കം പുലർത്തിയവരെ കണ്ടെത്താനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും മിശ്ര വ്യക്തമാക്കി.

ശ്രീകൃഷ്ണ ജന്മഭൂമി ന്യാസ് പ്രസിഡന്റ് കൂടിയാണ് നൃത്യ ഗോപാൽ ദാസ്. ശ്രീകൃഷ്ണ ജന്മാഷ്ടമി പ്രമാണിച്ച് മഥുരയിലെ ശ്രീകൃഷ്ണ ജന്മസ്ഥാനിലെത്തിയതാണ് അദ്ദേഹം. കഴിഞ്ഞ ദിവസം രാത്രി 11 മുതൽ ഒരു മണി വരെ ഭഗവത് ഭവനിലെ പ്രതിഷ്ഠയിൽ അദ്ദേഹം അഭിഷേകം നടത്തി.

അപ്പോഴൊന്നും അദ്ദേഹത്തിന് ആരോഗ്യ പ്രശ്നങ്ങളൊന്നുമുണ്ടായിരുന്നില്ലെന്ന് ശ്രീകൃഷ്ണ ജന്മസ്ഥാൻ സേവാ സൻസ്ഥാൻ അംഗമായ ഗോപേശ്വർ നാഥ് ചതുർവേദി പറഞ്ഞു.

കെ.കെ. ദേവസി

ശ്രീമൂലനഗരം: അകവൂർ ഹൈസ്ക്കൂൾ റിട്ടയേർഡ് ജീവനക്കാരൻ കൂട്ടാല കെ.കെ. ദേവസി (80) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ഐരൂർ ചിറയ്ക്കൽ മണവാളൻ പരേതയായ അന്നം. മക്കൾ: ബേബി, ജോയി, ആന്റു, ജോർജ്.

കൃഷ്ണൻകുട്ടിനായർ

ചേർത്തല: ചേർത്തല തെക്ക് കുറുപ്പൻകുളങ്ങര തയ്യിൽ കൃഷ്ണൻകുട്ടിനായർ (83) അന്തരിച്ചു. ഭാര്യ: രുഗ്മിണിയമ്മ. മക്കൾ: ശിവകുമാർ, പ്രസന്നകുമാരി. മരുമക്കൾ: സുധ, ജയപ്രകാശ്.

ബേബി

മുഹമ്മ: മണ്ണഞ്ചേരി പഞ്ചായത്ത് എട്ടാം വാർഡിൽ അയ്യൻകുളങ്ങര ബേബി (64) അന്തരിച്ചു.ഭാര്യ: സോമിനി. മക്കൾ: ജിഷ്ണു, നയന. മരുമക്കൾ: ആശ, ബൈജു.

ആന്റണി

കൊമ്പൊടിഞ്ഞാമാക്കൽ: കടമ്പാട്ടുപറമ്പിൽ ആന്റണി (92) അന്തരിച്ചു. ഭാര്യ: മേരി. മക്കൾ: ജോർജ്ജ്, ജോസഫ്. മരുമക്കൾ: നിഷ, വോൾഗ. സംസ്കാരം ഇന്ന് രാവിലെ 10ന് കാരൂർ സെന്റ് മേരീസ് റോസറി ദേവാലയത്തിൽ.

പാത്തുമ്മക്കുട്ടി

മമ്പാട്: പന്തലിങ്ങൽ കാട്ടുപൊയിലെ പരേതനായ മേപ്പാടൻ മുഹമ്മദിന്റെ ഭാര്യ പാത്തുമ്മക്കുട്ടി (70) അന്തരിച്ചു. മക്കൾ: അബ്ബാസ്(പുത്തനത്താണി), സക്കീന, ആഷിഖ്. മരുമക്കൾ: ആമിന (കുട്ടിപ്പാറ), ഹസീന (ബീമ്പുങ്ങൽ). സഹോദരങ്ങൾ: ആസ്യ (മാരമംഗലം), കുഞ്ഞിമുഹമ്മദ് (കരിന്താർ), അബൂബക്കർ, പരേതനായ ഇബ്രാഹിം (നടുവക്കാട്).

കെ.വി. ജോയി

പനങ്ങാട്: കോഴുവള്ളിൽ കെ.വി. ജോയി (74) അന്തരിച്ചു. സംസ്കാരം നടത്തത്തി. ഭാര്യ: പരേതയായ റോസി. മക്കൾ: ജാൻസി (ബംഗളൂരു), ജാസ്മിൻ. മരുമക്കൾ: ആന്റോസ് ആന്റണി (ബംഗളൂരു), എ.പി. വർഗീസ്.

സരൽ കുമാർ

ഇത്തിത്താനം: മലകുന്നം കുരവേലിൽ (ആക്കാട്ട്)സോമൻ നായരുടേയും ശാന്തമ്മയുടെയും മകൻ സരൽ കുമാർ (39) അന്തരിച്ചു. സംസ്കാരം ഇന്ന് വൈകിട്ട് 4 ന് വീട്ടുവളപ്പിൽ. സഹോദരി: സോമലത.

രത്നമ്മ

മുഹമ്മ: പാതിരപ്പള്ളി ശാന്തി ഭവനിൽ പരേതനായ ബാഹുലേയന്റെ (മുൻ ജില്ലാ സപ്ലൈ ഓഫീസർ) ഭാര്യ രത്നമ്മ (74) അന്തരിച്ചു. പിഡബ്ല്യുഡി റിട്ട. സീനിയർ സൂപ്രണ്ടായിരുന്നു. മക്കൾ: ബി സിന്ധു , ബി. സജീവ്. മരുമക്കൾ: ഡോ. സലീം ചെല്ലപ്പൻ , സുനിത.

ഗിരിജ സദാനന്ദൻ

കടുത്തുരുത്തി: വാലാച്ചിറ കണ്ണംപുഞ്ചയിൽ കെ.പി സദാനന്ദന്റെ ഭാര്യ ഗിരിജ സദാനന്ദൻ (54) അന്തരിച്ചു. മക്കൾ: ആരതി, അഖിൽ . മാതാവ്: നളിനി. സഹോദരങ്ങൾ: ഇ.കെ വിജയൻ, ഗീത. കോട്ടയം ചുങ്കം ഇളംപള്ളിയിൽ കുടുംബാംഗമാണ്.

ആനന്ദൻ

മുളയം: പരേതനായ പാറകതൈ ആനന്ദൻ (51) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: തിലക. മക്കൾ: ശ്രീകുമാർ (പോലീസ്), ശ്രീജിത്ത്. മരുമകൾ: ദിവ്യ.

ഷാബിത്ത്

ചങ്ങനാശേരി: ഫാത്തിമാപുരം കുന്നക്കാട് കുടകശ്ശേരി വീട്ടിൽ സിയാദിന്റെ മകൻ ഷാബിത്ത് (15) അന്തരിച്ചു. സംസ്ക്കാരം ഇന്ന് രാവിലെ 11ന് പഴയപള്ളി കബർസ്ഥാനിൽ. മാതാവ്: ഷെഹന. സഹോദരങ്ങൾ: ഷിയാസ്, അൽത്താഫ്. ഷാബിത്ത് ചങ്ങനാശേരി എസ് ബി ഹയർ സെക്കൻഡറി പത്താം ക്ലാസ്സ് വിദ്യാർത്ഥി.

അന്ന

പൂളക്കടവ്: സെന്റ് ആന്റണീസ് യു.പി സ്കൂൾ റിട്ട. അധ്യാപിക ചാലിപുരക്കൽ ഇലഞ്ഞിക്കൽ വീട്ടിൽ ബേബി ആന്റണിയുടെ ഭാര്യ ഐ.എസ്. അന്ന (56) അന്തരിച്ചു. മകൻ: അബിൻ പാട്രിക് ഇലഞ്ഞിക്കൽ. സഹോദരങ്ങൾ: വില്യംസ് (ജെ.എം.ജെ പ്രിന്റേഴ്സ് എറണാകുളം), ലോറൻസ് ബാബു (ഈന പ്രിന്റേഴ്സ് പാറോപ്പടി), ജെയിംസ് (വിജയ മാർക്കറ്റിങ്).

സഹദേവൻ

മുഹമ്മ: മുഹമ്മ വലിയവീട് വേലിയകത്ത് സഹദേവൻ (84) അന്തരിച്ചു.ഭാര്യ: രത്നമ്മ. മക്കൾ: ഷാജി, ഗീത. മരുമക്കൾ: ബിജിമോൾ, മാധവദാസ്.

മനോജ്കുമാർ

ചേമഞ്ചേരി: തിരുവങ്ങൂർ മാനംകുളങ്ങരയിൽ പരേതനായ കൃഷ്ണൻകുട്ടിയുടെ മകൻ ശ്രീകൃഷ്ണയിൽ മനോജ്കുമാർ (50) അന്തരിച്ചു അമ്മ മാധവി.ഭാര്യ: മീര. മക്കൾ: രമൽരാജ്, ആര്യ. മരുമക്കൾ: ഷനു, അക്ഷയ. സഹോദരൻ: മഹേഷ്.

ഉണ്ണികൃഷ്ണൻ

മണലൂർ വെസ്റ്റ്: ഓവാട്ട് ഉണ്ണികൃഷ്ണൻ (59) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സുമതി. മക്കൾ: അശ്വതി, അമ്പാടി. മരുമക്കൾ: ബിജു, രേഷ്മ.

ജോസഫ്

മാമംഗലം: പള്ളത്ത് വീട്ടിൽ ജോസഫ് (88) അന്തരിച്ചു. സംസ്കാരം ഇന്ന് വൈകിട്ട് 4 ന് മാമംഗലം മൗണ്ട് കാർമ്മൽ പള്ളി സെമിത്തേരിയിൽ. ഭാര്യ: പരേതയായ രജീന കോളരിക്കൽ. മക്കൾ: മേരി, ജോർജ്ജ്,തോമസ്. മരുമക്കൾ: ജേക്കബ് മൂഞ്ഞപ്പിള്ളി, ആനിയ സിന്ധു മാവേന, ഷിജി ചായിക്കോടത്ത്.

കെ. വി. സുരേന്ദ്രനാഥൻ

കൊച്ചി: എറണാകുളം കോമ്പാറ ജംഗ്ഷനിൽ വോൾട്ടാസ് റിട്ട. ഉദ്യോഗസ്ഥൻ കെ. വി. സുരേന്ദ്രനാഥൻ (85) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: പ്രേമചന്ദ്രിക. മക്കൾ: സജിത, നിഷ.

ജോർജ്ജ് ജോസഫ്

പറവൂർ: വടക്കേക്കര മുറവൻതുരുത്ത് പൈനേടത്ത് ജോർജ്ജ് ജോസഫ് (75) അന്തരിച്ചു. കേരളവിഷൻ കേബിൾ ടി വി ഓപ്പറേറ്റർ പി.ജെ. ജോബിയുടെ പിതാവാണ്. ഭാര്യ: ലൂസി ജോസഫ് മറ്റുമക്കൾ: ജോളി, ജെസ്സി. മരുമക്കൾ: ജോബി, ജോൺസൺ, ഷീബ.

എം.കെ. പ്രകാശ്

കുമരകം: പത്തുപങ്കിൽ പുതുവൽ വീട്ടിൽ എം.കെ. പ്രകാശ് (ബാബു-50) അന്തരിച്ചു. ഭാര്യ: രാധിക പ്രകാശ് ആലപ്പുഴ കണ്ടങ്കരി കരിമ്പുംതറ കുടുംബാംഗം. മക്കൾ: നയന പ്രകാശ്, നിതിൻ പ്രകാശ്. സംസ്കാരം നടത്തി.

സോമനാഥൻ. ആർ

മാവേലിക്കര: പൊന്നാരംതോട്ടം വാഴയിൽ റിട്ട. പൊലീസ് ഹെഡ് കോൺസ്റ്റബിൾ സോമനാഥൻ.ആർ (69) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സുജാത സോമൻ. മക്കൾ: അരുൺ സോമൻ, അരവിന്ദ്സോമൻ. മരുമക്കൾ: ഡോ. വിദ്യാ അരുൺ, രജനി അരവിന്ദ്.



മൊയ്തീൻ കുട്ടി

തിരൂരങ്ങാടി: മൂന്നിയൂർ ആലിൻ ചുവട് ചോനാരി മൊയ്തീൻ കുട്ടി എന്ന കുഞ്ഞിപ്പ (66) അന്തരിച്ചു. ഭാര്യ: ജമീല. മക്കൾ: അബ്ദുസലീം (സൗദി), ഹസീന, ഹനീശ. മരുമക്കൾ: ഫവാസ്, മുഹ്സിൻ, ഖമറുന്നിസ.

എം.വി. ശ്രീധരൻ

തലോർ: മുളങ്ങിൽ വാരിയത്ത് എം.വി. ശ്രീധരൻ (57) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: ഉഷദേവി (കുട്ടൻകുളങ്ങര വാരിയം). മക്കൾ: അജിത്ത്, അഞ്ജുഷ. മരുമകൻ: സതീഷ്.

പുഷ്കരൻ

ചേർത്തല: കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് എട്ടാം വാർഡിൽ കൂട്ടേഴത്ത് പുഷ്കരൻ (60) അന്തരിച്ചു. ഭാര്യ:പ്രീതി. മക്കൾ: പ്രജീഷ, ബിജീഷ. മരുമകൻ: സുകേഷ്.

ചിദംബരൻ

ചേർത്തല:പട്ടണക്കാട് പൂപ്പാത്തുച്ചിറ (ചൂപ്രത്ത്)യിൽ ചിദംബരൻ (74) അന്തരിച്ചു. ഭാര്യ: ശ്യാമള. മക്കൾ: രാജേഷ്, രഞ്ജി, രശ്മി. മരുമക്കൾ: റോഷ്നി, മധു, ദിലീപ്.

ജയമോഹനൻ

മാവേലിക്കര: സിപിഐഎം തെക്കേമങ്കുഴി 16-ബി ബ്രാഞ്ച് മുൻ സെക്രട്ടറി ഭരണിക്കാവ് തെക്കേമങ്കുഴി ആമ്പാടി ജയമോഹനൻ (72) അന്തരിച്ചു. കട്ടച്ചിറ മങ്കുഴി 330 നമ്പർ എസ്എൻഡിപി ശാഖയുടെ മുൻ സെക്രട്ടറിയാണ്. സംസ്കാരം നടത്തി. ഭാര്യ: സുശീല. മക്കൾ: സഞ്ജീവ് (ബംഗളൂരു), രാജീവ് (ചെന്നൈ), റാണി. മരുമക്കൾ: രശ്മി, ധന്യ, ദീപക്.

സുരേഷ് ബാബു

തിരുവനന്തപുരം: വട്ടിയൂർക്കാവ് പ്രഭാമന്ദിരം വീട്ടിൽ പി.ജി. സുരേഷ് ബാബു (61) അന്തരിച്ചു. ഭാര്യ: ഡോ. രാജലക്ഷ്മി കുഞ്ഞമ്മ (വിദ്യാദിരാജാ ഹോമിയോ കൊളേജ് നേമം). മക്കൾ: പി.എസ് ഗോപീകൃഷ്ണൻ (ഇന്ത്യാ ടുഡേ ടി വി), ആർ. ഗോപികാ സുരേഷ്., സംസ്കാരം നടത്തി.

മേരി

അഞ്ചേരി: ആയൂർധാരക്ക് സമീപം ആലപ്പാട്ട് പൊന്തേക്കൻ റപ്പായിയുടെ ഭാര്യ മേരി (85) അന്തരിച്ചു. സംസ്ക്കാരം പീന്നിട്. മക്കൾ ഫ്രാൻസിസ്, മേഴ്സി, ആന്റോ. മരുമക്കൾ: അൽഫോൻസ, ജെയിംസ്, ജിംസി.

മത്തായി ജോസഫ്

കുന്നോന്നി: ചാത്തംപുഴയിൽ മത്തായി ജോസഫ് (ഓസേപ്പ്-88) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11.30ന് കുന്നോന്നി സെന്റ് ജോസഫ് പള്ളി സെമിത്തേരിയിൽ.ഭാര്യ: റോസമ്മ ഏന്തയാർ കാവുംകുളത്ത് കുടുംബാംഗം. മക്കൾ: അപ്പച്ചൻ, ബേബി, മേരി, എൽസി, ജോയി (മീനച്ചിൽ ഈസ്റ്റ് ബാങ്ക് അരുവിത്തുറ), സണ്ണി, ബാബു, സാബു (കെഎസ്എഫ്ഇ ഈരാറ്റുപേട്ട). മരുമക്കൾ: മേരി, കുട്ടിയമ്മ, ജോസ്, സീമ, ജാൻസി, രമ്യ, പരേതനായ ബേബി.

അബ്ദുള്ള

എടവണ്ണ: പാലപ്പെറ്റ മണ്ണുങ്ങച്ചാലിൽ അബ്ദുള്ള (63) അന്തരിച്ചു. ഭാര്യ: ഫാത്തിമ (വടശ്ശേരി). മക്കൾ: സുബൈദ, ശിഹാബ് സഖാഫി, സജീന, സൗദത്ത്, നബീൽ, സഹ്ല, ഷാഹിദ്, ശിഫാന, ഷംല. മരുമക്കൾ: അബ്ദുൽ ഗഫൂർ (വല്ലപ്പുഴ), ഫാത്തിമ(ഇരിവേറ്റി), അബ്ദുൾ സമദ് അശ്റഫി (കാരകുന്ന്), ശരീഫ് ബാഖവി (കാരകുന്ന്), സഹ്ല (ചിറപ്പാലം), റിയാസ്(ഷാപ്പിൻകുന്ന്), ശഹർബാനു (ചിറപ്പാലം), അഫ്സൽ (തുറക്കൽ). ശിഹാബ് (വടശ്ശേരി).

സുഹറ

ആലുവ: കുന്നത്തേരി, കളരിക്കൽ വീട്ടിൽ കബീറിന്റെ ഭാര്യ സുഹറ (61) അന്തരിച്ചു. കബറടക്കം നടത്തി. മക്കൾ: ഹാരിസ്, നവാസ്. മരുമക്കൾ: ഫെമീന ഹാരിസ് (ചൂർണ്ണിക്കര പഞ്ചായത്ത് വാർഡ് മെമ്പർ), ജെസ്ന.

സുലോചന

ബാലുശ്ശേരി: നിർമ്മല്ലൂർ കൈതോയിൽ ഗോപാലന്റെ (റിട്ട. സബ് ഇൻസ്പെകർ) ഭാര്യ സുലോചന (55) അന്തരിച്ചു. മക്കൾ: ലിനീഷ് (ദുബായ്), സതീഷ് ഗോപാൽ (ദുബായ്). മരുമകൾ: അനശ്വര. സഹോദരങ്ങൾ: സജിൽ സന്ദീപ് (ആർഇസി), സീതാമണി (അത്താണിക്കൽ), സത്യഭാമ (തലക്കുളത്തൂർ), ശകുന്തള (ക്രാക്കൂർ), ശശികല (കുന്നമംഗലം).

കൊച്ചുത്രേസ്യ

മൂവാറ്റുപുഴ: രാജീവ് നഗറിൽ പരേതനായ രാമപുരം കൂട്ടിയാനിയിൽ മാണിയുടെ ഭാര്യ കൊച്ചുത്രേസ്യ (77) അന്തരിച്ചു. എൽഐസി ഉദ്യോഗസ്ഥയായിരുന്നു. ശ്രീമൂലനഗരം വടക്കുഞ്ചേരി കുടുംബാംഗമാണ്. സംസ്കാരം ഇന്ന് രാവിലെ 10.30 ന് മൂവാറ്റുപുഴ ഹോളി മാഗി പള്ളി സെമിത്തേരിയിലെ കുടുംബ കല്ലറയിൽ. മക്കൾ: സഖറിയ (തമ്പി), ആന്റണി, ഷീബ. മരുമക്കൾ: ടെസ്സി പതിയിൽ (പൊൻകുന്നം), ജീന ഞള്ളമ്പുഴ (തീക്കോയി), എബിസൺ ആലാനിക്കൽ (പാല).

വേലായുധൻ

ചാലക്കുടി: പരിയാരം: പണിക്കാശേരി വേലായുധൻ (73) അന്തരിച്ചു. ഭാര്യ: ചന്ദ്രിക. മക്കൾ: രഞ്ജു, രെജി, രജീഷ് (ദുബായ്). മരുമക്കൾ: നിമ രഞ്ജു, രമേഷ് (കാലടി പ്ലാന്റേഷൻ അതിരപ്പിള്ളി എസ്റേറ്റ്), വീണ രജീഷ്.

അഡ്വ. സി.കെ. സീതാറാം

തിരുവനന്തപുരം: മുൻ തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡണ്ടും നഗരസഭാ കൗൺസിലറുമായിരുന്ന അഡ്വ. സി.കെ.സീതാറാം (79) അന്തരിച്ചു. വിദ്യാർത്ഥിയായിരിക്കെ അദ്ദേഹം രാഷ്ട്രീയത്തിൽ പ്രവേശിച്ചു.നിരവധി ട്രേഡ് യൂണിയനുകളുടെ നേതാവായിരുന്നു. വിവിധ ഭാഷകളിൽ പ്രസംഗിക്കാനുള്ള അദ്ദേഹത്തിന്റെ കഴിവ് ഏറെ പ്രസിദ്ധമാണ്. സിപിഐഎം നേതാവായിരിക്കെ 1968ൽ അമ്പലത്തറ കൗൺസിലറായി. മൂന്ന് തവണ തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡണ്ടായിരുന്നു. തലസ്ഥാനത്ത് ഹൈക്കോടതി ബെഞ്ച് സമരം തുടങ്ങിയതിന് ചുക്കാൻ പിടിച്ചത് സിതാറാമാണ്. ഭാര്യ: പ്രാഫ.അംബികാമണി (റിട്ട. പെരിങ്ങമ്മല ഇക്ബാൽ കോളേജ്). മക്കൾ: കിരൺ റാം (സീനിയർ ഷെഫ്) അരുൺ റാം (ടൈംസ് ഓഫ് ഇന്ത്യാ ചെന്നൈ), ഡോ.സന്ധ്യാ റാം (ലോ കോളേജ്, ഗോവ). മരുമക്കൾ: ശ്രീദേവി, എസ്.വിനോദ്. സംസ്ക്കാരം ഇന്ന് ഉച്ചക്ക് 12ന് മുട്ടത്തറ എസ്എൻഡിപി ശ്മശാനത്തിൽ.

വി. തമ്പിപിള്ള

കോട്ടയം: കച്ചേരിക്കടവ് പാലാമ്പടം നഗർ മോഹൻ വില്ലയിൽ വി തമ്പിപിള്ള (73) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ബേബി. മക്കൾ: റെജിമോഹൻ, രാജ്മോഹൻ, ശ്രീജമോൾ. മരുമക്കൾ: ഹരി, ചിഞ്ചുലക്ഷ്മി, ശ്രീജമോൾ.

കൃഷ്ണൻകുട്ടി

ഹരിപ്പാട്: പിലാപ്പുഴ വടക്ക് സുരേന്ദ്ര ഭവനത്തിൽ കൃഷ്ണൻകുട്ടി (77) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: കുഞ്ഞമ്മ. മക്കൾ: ഉഷ, ഗീത, സുരേന്ദ്രൻ. മരുമക്കൾ: ചന്ദ്രൻ, അശ്വതി, പരേതനായ അശോകൻ.

സോമൻ

അന്തിക്കാട്: അഞ്ചങ്ങാടി ചേർത്തേടത്ത് വേലായുധന്റെ മകൻ സോമൻ (73) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സതി. മകൾ: സവിത.

മറിയാമ്മ

മാള: മടത്തുംപടി പഞ്ഞിക്കാരൻ ചാക്കപ്പന്റെ ഭാര്യ മറിയാമ്മ (85) അന്തരിച്ചു. മക്കൾ: ജോസ്, സിസ്റ്റർ റോസിലി രാജസ്ഥാൻ. സിസ്റ്റർ ഗ്രേസി പാലാ. ഫാദർ: റാഫേൽ പഞ്ഞിക്കാരൻ, ഫാ. ആന്റണി പഞ്ഞിക്കാരൻ, മേഴ്സി, ജോൺസൻ, വിൽസൺ , ഷീബ. മരുമക്കൾ: ഡെയ്സി, ജോൺസൻ, ജോസ്, ഷിജി

ജോയ്

അന്തിക്കാട്: ആൽ സെന്ററിന് കിഴക്ക് കുറുതുകുളങ്ങര അന്തോണി മകൻ ജോയ് (62) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 10.30 ന് അന്തിക്കാട് സെന്റ് ആന്റണീസ് പള്ളി സെമിത്തേരിയിൽ. സഹോദരങ്ങൾ: ഗ്രേയ്സി, വിൻസൻ, പരേതരായ ജോസ്, മേരി, ലില്ലി.

പൊന്നമ്മ രാജൻ

മാവേലിക്കര: കറ്റാനം കാട്ടുമുക്കിൽ രാജ നിലയത്തിൽ വി.ടി രാജൻ കുട്ടിയുടെ ഭാര്യ പൊന്നമ്മ രാജൻ (84) അന്തരിച്ചു. സംസ്കാരം ഇന്ന് ഉച്ചകഴിഞ്ഞ് 2 ന് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് പള്ളിയിൽ. മക്കൾ: ഡോ. സുരേഷ് രാജൻ, രാജേഷ് രാജൻ, ബിജേഷ് രാജൻ, സതീഷ് രാജൻ, ഷൈനി രാജൻ. മരുമക്കൾ: ഡോ. ഉഷ , സുജ, മിനി, റീന , നിബു ജേക്കബ്.

ബൈക്ക് അപകടത്തിൽ പരിക്കേറ്റ ചികിത്സയിലായിരുന്നയാൾ മരിച്ചു

വടക്കാഞ്ചേരി: റോഡ് അപകടത്തിൽ പരിക്കേറ്റ് ചികിത്സയിൽ കഴിഞ്ഞിരുന്ന ഗൃഹനാഥൻ മരിച്ചു. മങ്ങാട് കോട്ടപ്പുറം പുത്തൂർ പരേതനായ അന്തോണിയുടെ മകൻ ജോൺസൻ(55) അണ് മരിച്ചത്. കഴിഞ്ഞ 10ന് വെളപ്പായ റോഡിൽ വച്ചുണ്ടായ ബൈക്ക് അപകടത്തിൽ ഗുരുതരമായി പരിക്കേറ്റ് മുളങ്കുന്നത്തുകാവ് ഗവ. മെഡിക്കൽകോളേജ് ആശുപത്രിയിൽ ചികിത്സയിലാരുന്നു. ഇന്നലെ പുലർച്ചെയാണ് മരിച്ചത്. സംസ്ക്കാരം നടത്തി. ഭാര്യ: ഗ്രേസി. മക്കൾ: ജോമോൻ, ജോമോൾ.

കോവിഡ് ബാധിച്ചു മരിച്ചയാളുടെ മൃതശരീരം സംസ്ക്കരിച്ചു

പറവൂർ: കോവിഡ് ബാധിച്ച് മരണമടഞ്ഞ കൈതാരം വടക്കേച്ചുള്ളിയാങ്കര വീട്ടിൽ തങ്കപ്പന്റെ മൃതദേഹം സംസ്ക്കരിച്ചു. ഇന്നലെ ഉച്ചകഴിഞ്ഞ് മൂന്നരയോടെയാണ് സംസ്ക്കാരം നടന്നത്. എതിർപ്പുകൾ പ്രതീക്ഷിച്ച് റവന്യൂ, പോലീസ് ഉദ്യോഗസ്ഥർ സ്ഥലത്തുണ്ടായിരുന്നു. എന്നാൽ പ്രദേശവാസികളുടെ യാതൊരുഎതിർപ്പും ഉണ്ടായില്ല. തങ്കപ്പന്റെ സഹോദരി പുത്രന്മാരായ മഹേഷ്, മധു എന്നിവർ പിപിഇ കിറ്റ് ധരിച്ച് സംസ്ക്കാരക്രിയകൾ നടത്തി. തഹസിൽദാർ എം.എച്ച്. ഹാരീഷ്,ഡെപ്യൂട്ടി തഹസിൽദാർ, ടി.എ ഫ്. ജോസഫ്, വില്ലേജ്ഓഫീസർ ആർ. ഗോപകുമാർ, സബ്ബ് ഇൻസ്പെക്ടർമാരായ എം.വി. അരുൺദേവ്, പി.ഡി. ജയകുമാർ, ഗ്രാമപഞ്ചായത്ത് അംഗം ആശ സിന്തിൽ, ഹെൽത്ത് ഇൻസ്പെക്ടർ കെ.ടി. സന്തോഷ്, ജൂനിയർഹെൽത്ത് ഇൻസ്പെക്ടർ ഇ.ബി. ബിജു തുടങ്ങിയവർ ചടങ്ങുകൾക്ക് ആവശ്യമായ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

ചികിത്സയിലിരിക്കെ മരിച്ച കൊവിഡ് രോഗിയുടെ സംസ്കാരം നടത്തി

ചാലക്കുടി: നഗരസഭ ക്രിമിറ്റോറിയത്തിൽ ആദ്യമായി കൊറോണ രോഗിയുടെ സംസ്ക്കാരം നടത്തി. കഴിഞ്ഞ ദിവസം ചികിത്സയിലിരികെ മരണപ്പെട്ട കോട്ടാറ്റ് കൊട്ടോക്കാട്ടു പറമ്പിൽ രാമകൃഷ്ണൻ (68) എന്നയാളുടെ മൃതദേഹമാണ് കൊറോണ പ്രോട്ടോകോൾ പ്രകാരം സംസ്ക്കരിച്ചത്. അപ്പോള ആശുപത്രിയിൽ നിന്ന് ചാലക്കുടി നഗരസഭയിലെ ആരോഗ്യ വിഭാഗം പ്രവർത്തകർ ഏറ്റുവാങ്ങിയ ശേഷം നഗരസഭ ക്രിമിറ്റോറിയത്തിൽ എത്തിക്കുകയായിരുന്നു. ഹെൽത്ത് സൂപ്പർ വൈസർ പോൾ തോമാസ്, ഹെൽത്ത് ഇൻസ്പെകടർമാരായനിധീഷ്, രതീഷ് എ.,എം., റോഷൻ വി. എ, മനോജ് കുമാർ, നീധിഷ് ടി. എസ് . ജീവനക്കാരായ നൗഷാദ്, റഫീക്ക്, മനീഷ് എന്നിവരുടെ നേതൃത്വത്തിലാണ് സംസ്ക്കാരം നടത്തിയത്. ചൊവ്വഴ്ച വീട്ടിൽ ടിവി കണ്ടിരിക്കുമ്പോൾ കുഴഞ്ഞ വീണ ഇദ്ദേഹത്തെ ചാലക്കുടിയിലും പിന്നീട് അപ്പോള ആശുപത്രിയിലും എത്തിക്കുകയായിരുന്നു അവിടെ വെച്ച് ആരോഗ്യ നില വഷളാവുകയും ശക്തമായ നിമോണിയ കൂടി വന്നതോടെ കൊറോണ പരിശോധന നടത്തിയപ്പോഴാണ് പോസ്റ്റീവ് ആണെന്നറിഞ്ഞത്. കോട്ടാറ്റ് ചായക്കട നടത്തുന്ന ഇദ്ദേഹവുമായി വലിയ തോതിലുള്ള സമ്പർക്കമുണ്ടായതായി പറയുന്നു.

കൊവിഡ് ചികിത്സയിലായിരുന്നയാൾ മരിച്ചു

കൊച്ചി: കൊവിഡ് പൊസിറ്റീവായി എറണാകുളം മെഡിക്കൽ കോളെജിൽ ചികിത്സയിലായിരുന്ന ആലുവ തായ്ക്കാട്ടുകര കുന്നുംപുറം മനയ്ക്കപറമ്പിൽ അബ്ദുൽ ഖാദർ (73) മരിച്ചു. മരണം കൊവിഡ് മൂലമാണെന്ന് സ്ഥിരീകരിക്കുന്നതിന് സ്രവം ആലപ്പുഴ എൻഐവി ലാബിലേക്കയച്ചു. ഇദ്ദേഹത്തിന് ഹൃദ്രോഗവും രക്തസമ്മർദ്ദവും ഉണ്ടായിരുന്നു.

ബൈക്ക് അപകടം: ചികിത്സയിലായിരുന്ന യുവാവ് മരിച്ചു

മണ്ണുത്തി: ബൈക്ക് നിയന്ത്രണം വിട്ടുമതിലിൽ ഇടിച്ച് തുടർന്ന് വൈദ്യുതി തുണിലിടിച്ച് പരിക്കേറ്റ് ചികിത്സയിലായിരുന്ന യുവാവ് മരിച്ചു. മണ്ണുത്തി മേത്തിൽവീട്ടിൽ സനലിന്റെ മകൻ അശ്വിൻ മേത്തിൽ (31) ആണ് മരിച്ചത്. ബുധനാഴ്ച രാത്രി പത്തോടെ നെല്ലങ്കരയിലാരുന്നു അപകടം. ഇയാൾ സഞ്ചരിച്ചിരുന്ന ബൈക്ക് നിയന്ത്രണം വിട്ട് മതിലിൽ ഇടിച്ച് തുടർന്ന് വൈദ്യുതി തൂണിൽ ഇടിക്കുകയായിരുന്നു. തലയ്ക്ക് ഗുരുതര പരിക്കേറ്റ ഇയാളെ തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ഇന്നലെ മരിച്ചു. ദുബായിൽ ജോലിചെയ്തിരുന്ന അശ്വിൻ നാട്ടിൽ എത്തി ക്യാറന്റയിനിൽ പ്രവേശിച്ചിരിക്കുകയായിരുന്നു. ബുധനാഴ്ച ക്വാറന്റെൻകാലാവധി പൂർത്തീകരിച്ച് ടൗണിലേക്ക് പോയതായി തിരികേ വരുമ്പോഴായിരുന്നു അപകടം. മൃതദേഹം കോവിഡ് പരിശോധനക്ക് ശേഷം പോസ്റ്റ്മാർട്ടം നടത്തി വൈകിട്ട് സംസാക്കാരിച്ചു. ഭാര്യ: ശ്രുതി. അമ്മ: കൈരളി. സഹോദരി: ഓർമ്മ.

ബൈക്ക് ടാങ്കർ ലോറിയിൽ ഇടിച്ച് യുവാവ് മരിച്ചു

തലയോലപ്പറമ്പ്: ബൈക്ക് ടാങ്കർ ലോറിയിൽ ഇടിച്ച് ബൈക്ക് യാത്രികനായ യുവാവ് മരിച്ചു. മറവൻതുരുത്ത് മണലേൽ കോളനിയിൽ പ്രകാശൻ (40) ആണ് മരിച്ചത്. ഇന്നലെ രാവിലെ 11ന് മറവൻതുരുത്ത് എസ്എൻ എൽപി സ്കൂളിനു സമീപമായിരുന്നു അപകടം. പാലാംകടവിൽ നിന്ന് ചുങ്കം ഭാഗത്തേക്ക് ബൈക്കിൽ പോകുന്നതിനിടയിൽ നിയന്ത്രണം വിട്ട ബൈക്ക് എതിരെ ഗ്യാസ് സിലിണ്ടറുകളുമായി വന്ന ടാങ്കർ ലോറിയിൽ ഇടിക്കുകയായിരുന്നു. നാട്ടുകാർ ചേർന്ന് ഉടൻ തന്നെ ഇയാളെ തലയോലപ്പറമ്പ് ഗവ. ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല. തലയോലപ്പറമ്പ് പോലീസ് സ്ഥലത്തെത്തി മേൽ നടപടികൾ സ്വീകരിച്ചു. പോസ്റ്റുമോർട്ടത്തിനും കോവിഡ് പരിശോധനയ്ക്കും ശേഷം മൃതദേഹം ബന്ധുക്കൾക്ക് വിട്ട് നൽകും. ഭാര്യ: ഗിരിജ. മകൻ: കൃഷ്ണജിത്ത്. അമ്മ: ഭാഗ്യലക്ഷ്മി.

ട്രഷറി തട്ടിപ്പ്: പ്രതി കൂടുതൽ തിരിമറി നടത്തിയതായി കണ്ടെത്തൽ

തിരുവനന്തപുരം: വഞ്ചിയൂർ ട്രഷറിയിൽ തട്ടിപ്പ് നടത്തി കോടികൾ തട്ടിയ കേസിലെ പ്രതി ബിജുലാൽ കൂടുതൽ പണം തിരിമറി നടത്തി സ്വന്തം അക്കൗണ്ടിലേക്ക് മാറ്റിയതായും കണ്ടെത്തൽ. ഇയാളുമായി അന്വേഷണസംഘം നടത്തിയ തെളിവെടുപ്പിലാണ് ഇക്കാര്യങ്ങൾ വ്യക്തമായത്. ഇതേക്കുറിച്ച് ബാങ്ക് അക്കൗണ്ടുകൾ ഉൾപ്പെടെ പരിശോധിച്ച് വ്യക്തത വരുത്താനാണ് തീരുമാനം.

തട്ടിപ്പ് നടത്തിയെടുത്ത പണം ബിജുലാൽ ആദ്യം ട്രഷറി അക്കൗണ്ടുകളിലേക്ക് മാറ്റി. അതിന് ശേഷമാണ് സ്വന്തം ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയത്. ആദ്യം ട്രഷറി അക്കൗണ്ടിലേക്കാണ് പണം മാറ്റിയത് എന്നതിനാൽ അന്ന് തട്ടിപ്പ് കണ്ടെത്തിയില്ല. ബിജുലാലിനെ വഞ്ചിയൂർ സബ് ട്രഷറിയിലും ജില്ലാ ട്രഷറിയിലും എത്തിച്ച് തെളിവെടുത്തു. ഒളിവിൽ പോകുന്നതിന് മുമ്പ് ബിജുലാൽ ഉപേക്ഷിച്ച ചില രേഖകളും ട്രഷറിക്ക് സമീപത്ത് നിന്നും കണ്ടെത്തി. കരമനയിലെ വീട്ടിലും വഴയിലയിലെ സഹോദരിയുടെ വീട്ടിലും ബിജുലാലിനെ എത്തിച്ചു. ഇവിടെ നിന്നും കണ്ടെത്തിയ ചില രേഖകളിൽ തട്ടിപ്പിനെ സംബന്ധിച്ച് കൂടുതൽ തെളിവുകൾ ലഭിച്ചതായി പൊലീസ് അറിയിച്ചു.

സംഭവത്തിൽ ബിജുവിന്റെ ഭാര്യ സിമിക്കും പങ്കുണ്ടെന്ന സംശയത്തിലാണ് അന്വേഷണസംഘം.സിമിയുടെ ട്രഷറി അക്കൗണ്ടിലും പൂവാറിലെ ബാങ്ക് അക്കൗണ്ടിലുമാണ് തട്ടിപ്പിലൂടെ ലഭിച്ച പണം ബിജുലാൽ നിക്ഷേപിച്ചിരുന്നത്. പണമിടപാട് സംബന്ധിച്ച് ബാങ്കിൽ നിന്നും അയച്ചിരുന്ന എസ്എംഎസ് സന്ദേശങ്ങൾ സിമിയുടെ മൊബൈലിലേയ്ക്കാണോ ലഭിച്ചിരുന്നതെന്നും പരിശോധിക്കും. ഇടപാടുകൾ സിമി അറിഞ്ഞിരുന്നോ എന്നാണ് അന്വേഷണ സംഘം നോക്കുന്നത്. ബാങ്കിൽ നിന്നും വിവരങ്ങൾ ശേഖരിക്കും. ബിജുലാലിന്റെ കാറും സ്വർണ്ണാഭരണങ്ങളും ജില്ലാ ക്രൈംബ്രാഞ്ച് ഡിവൈഎസ്പി എം.ജെ. സുൽഫിക്കറിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം പിടിച്ചെടുത്തു. തെളിവെടുപ്പ് പൂർത്തിയായതോടെ ബിജുലാലിനെ ഇന്നലെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

വഞ്ചിയൂർ സബ് ട്രഷറിയിൽ നിന്നും രണ്ടു കോടി 75 ലക്ഷം രൂപ ബിജുലാൽ തട്ടിയെടുത്തുവെന്നാണ് കേസ്.'മെട്രോ വാർത്ത' യാണ് തട്ടിപ്പ് പുറത്തുകൊണ്ടുവന്നത്. ട്രഷറിയിൽനിന്ന് വിരമിച്ച ഓഫീസറുടെ പാസ് വേഡും യൂസർനെയിമും ഉപയോഗിച്ചായിരുന്നു തട്ടിപ്പ്. അതിനിടെ, വഞ്ചിയൂർ ട്രഷറിയിലെ വെട്ടിപ്പിനെ തുടർന്ന് വകുപ്പ് തല അന്വേഷണം നടത്തിയ സമിതിയുടെ നിർദേശങ്ങൾ നടപ്പിലാക്കാൻ സ്പെഷ്യൽ ഓഫീസറെ നിയമിച്ച് ധനവകുപ്പ് ഉത്തരവായി. ധനവകുപ്പിലെ ഐ.ടി ഡിവിഷൻ ഇൻഫർമേഷൻ സിസ്റ്റം ഡയറക്റ്റർ കോശി വൈദ്യനെയാണ് നിയമിച്ചത്. ട്രഷറികളിലെ സോഫ്റ്റ് വെയറിന്റെ സുരക്ഷാ സംവിധാനം ആറുമാസത്തിനുള്ളിൽ പുനസംഘടിപ്പിക്കാനാണ് നിർദേശം.

അന്വേഷണ കമ്മിറ്റി നിർദേശിച്ചതുപോലെ സർവീസിൽ നിന്ന് വിരമിക്കുന്നവരുടെയും സ്ഥലം മാറുന്നവരുടെയും നടപടിയെടുക്കപ്പെടുന്നവരുടെയും ലീവെടുക്കുന്നവരുടെയും പാസ് വേഡ് മരവിപ്പിക്കണം. ഇതിനുള്ള സംവിധാനം സോഫ്റ്റ് വെയറിൽ ഉണ്ടാക്കണം. ഡാഷ് ബോർഡിൽ ഇതുസംബന്ധിച്ച അലെർട്ടുകൾ നൽകണം. ലോഗിൻ ചെയ്യാൻ ബയോ മെട്രിക് അല്ലെങ്കിൽ ആധാർ ഉപയോഗിക്കുന്ന സംവിധാനം ഉണ്ടാക്കണം. ട്രഷറി വകുപ്പിലെ ഫങ്ഷണൽ, പെർഫോമൻസ് ,സെക്യൂരിറ്റി ഓഡിറ്റുകൾ ഉടൻ നടത്തണം. അപ്ലിക്കേഷൻ സെക്യൂരിറ്റി ഓഡിറ്റ് ബാഹ്യ ഏജൻസിക്ക് നൽകണം.

ഫൈസലിനെ എൻഐഎ ചോദ്യംചെയ്തു

കൊച്ചി: യുഎഇയിൽ കഴിയുന്ന സ്വർണക്കടത്തു കേസിലെ പ്രധാന പ്രതികളിലൊരാളായ തൃശൂർ കൈപ്പമംഗലം സ്വദേശി ഫൈസൽ ഫരീദിനെ ചോദ്യം ചെയ്ത എൻഐഎക്ക് സുപ്രധാന വിവരങ്ങൾ കിട്ടി. വിവരങ്ങൾ വരും ദിവസങ്ങളിലെ കേസന്വേഷണത്തിൽ നിർണായകമാകുമെന്നാണ് വിലയിരുത്തൽ.

എൻഐഎ സർക്കാരിന്റെ പ്രോട്ടോക്കോൾ ഓഫീസറുടെ മൊഴിയെടുത്തതും നയതന്ത്ര ചാനൽ വഴിയെത്തിയ പാഴ്സലുകളുടെ വിവരം ചോദിച്ചറിഞ്ഞതും മറ്റും യുഎഇയിലെ ചോദ്യം ചെയ്യലിൽ ലഭിച്ച നിർണായക വിവരങ്ങളുടെ അടിസ്ഥാനത്തിലാണെന്നും സൂചനകളുണ്ട്. സ്വർണക്കടത്തു കേസിൽ ഇന്നുവരെ അരങ്ങത്തുവരാത്ത ചിലരുടെ പേരുകൾ കൂടി ഫൈസൽ വെളിപ്പെടുത്തിയെന്നും സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളുണ്ട്. ഫൈസലിൽനിന്നു ലഭിച്ച വിവരങ്ങൾ അതീവ രഹസ്യമായാണ് വച്ചിരിക്കുന്നത്. ഇത് പുറത്തുവിട്ടാൽ കേസിലെ പല പ്രധാന തെളിവുകളും ഇല്ലാതാകുമെന്നതുകൊണ്ടു തന്നെ തുടർനടപടികൾ വേഗത്തിലാക്കാനാണ് എൻഐഎയുടെ നീക്കം. ഫൈസലിനെ ചോദ്യം ചെയ്തത് വീഡിയോയിൽ പകർത്തിയിട്ടുണ്ട്.

തിരുവനന്തപുരത്തെ യുഎഇ കോൺസുലേറ്റിലേക്ക് പാഴ്സലുകൾ ഫൈസലിന്റെ വിലാസത്തിൽ നിന്നാണ് അയച്ചതെന്ന വിവരങ്ങൾ സംബന്ധിച്ചും നിർണായക തെളിവുകൾ കിട്ടിയിട്ടുണ്ട്. കഴിഞ്ഞവർഷം മുതൽ വന്ന പാഴ്സലുകളുടേയും സാക്ഷ്യപത്രങ്ങളുടേയും വിശദാംശങ്ങൾ തേടി പ്രോട്ടോക്കോൾ ഓഫീസർക്ക് കത്തു നൽകിയതും ഈ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് .

ഗൾഫിലെത്തിയ എൻഐഎ സംഘം കുറഞ്ഞ സമയം കൊണ്ട് പരമാവധി തെളിവുകളും നിർണായക വിവരങ്ങളും ശേഖരിച്ചാണ് മടങ്ങിയിരിക്കുന്നത്.

ഫൈസലിനെ ഇന്ത്യയിലേക്ക് വിട്ടുകിട്ടിയാൽ സ്വർണക്കടത്തിലെ ഇനിയും മറനീക്കിയിട്ടില്ലാത്ത പല രഹസ്യങ്ങളും പുറത്തുവരുമെന്നാണ് എൻഐഎ കരുതുന്നത്. അധ്യാപകന്റെ കൈവെട്ടു കേസിലെ പിടികിട്ടാപുള്ളിയെ കുറിച്ചുള്ള അന്വേഷണവും ഗൾഫിലെത്തിയ എൻഐഎ സംഘം നടത്തിയിട്ടുണ്ട്. ഇയാളെക്കുറിച്ചും ഫൈസലിനോട് സംഘം ചോദിച്ചിട്ടുണ്ട്.

'കിലോമീറ്റേഴ്സ് ആൻഡ് കിലോമീറ്റേഴ്സ് ' ഗാനം പുറത്തിറങ്ങി

ടൊവിനോ തോമസ് ചിത്രം കിലോമീറ്റേഴ്സ് ആൻഡ് കിലോമീറ്റേഴ്സ്ന്റെ ഓഡിയോ ജൂക്ബോക്സ് പുറത്തിറങ്ങി .ചിത്രം ഡിജിറ്റൽ റിലീസിന് തയ്യാറെടുക്കുകയാണ് . പാട്ടുകൾ യുട്യൂബിലൂടെ ഒരുമിച്ച് പുറത്തു വിട്ടിരിക്കുന്നത്. ഓണത്തിന് റിലീസ് ചെയ്യുമെന്നാണ് സൂചന. രണ്ട് പെൺകുട്ടികൾ, കുഞ്ഞുദൈവം എന്നീ ചിത്രങ്ങൾക്ക് ശേഷം ജിയോ ബേബി സംവിധാനം ചെയ്യുന്ന ചിത്രമാണിത്. ടൊവിനോ ആദ്യമായി നിർമാണരംഗത്തേക്ക് കടക്കുന്ന ചിത്രം കൂടിയാണ് 'കിലോമീറ്റേഴ്സ് ആൻഡ് കിലോമീറ്റേഴ്സ്'. ടൊവിനോയ്ക്ക് ഒപ്പം റംഷി അഹമ്മദ്, ആന്റോ ജോസഫ്, സിനു സിദ്ധാർഥ് എന്നിവർ ചേർന്നാണ് നിർമ്മാണം. ചിത്രത്തിൽ ടൊവിനോയ്ക്ക് നായികയായി എത്തുന്നത് ഇന്ത്യ ജാർവിസ് എന്ന അമേരിക്കൻ നടിയാണ്.ബുള്ളറ്റിൽ ഇന്ത്യ മുഴുവനും ചുറ്റി സഞ്ചരിക്കണമെന്ന മോഹവുമായി അമേരിക്കയിൽ നിന്ന് എത്തുന്ന കാതറിൻ എന്ന വിദേശ വനിതയുടെ കഥയാണ് കിലോമീറ്റേഴ്സ് ആൻഡ് കിലോമീറ്റേഴ്സ്. കാതറിനായി ഇന്ത്യ ജാർവിനാണ് വേഷമിടുന്നത്. കാതറിനെ സഹായിക്കാനെത്തുന്ന ജോസ് മോൻ എന്ന കഥാപാത്രമാണ് ടോവിനോയുടേത്. സൂരജ് എസ്. കുറുപ്പാണ് ചിത്രത്തിന് സംഗീതമൊരുക്കിയത്. പശ്ചാത്തല സംഗീതം സുഷിൻ ശ്യാം. സിനു സിദ്ധാർഥാണ് ഛായാഗ്രഹണം നിർവഹിച്ചത്.

രണ്ടാമത്തെ കുഞ്ഞിനെ വരവേൽക്കാനൊരുങ്ങി സെയ്ഫും കരീനയും

രണ്ടാമത്തെ കുഞ്ഞിന്റെ വരവിനായി കാത്തിരിക്കുകയാണ് ബോളിവുഡ് താരദമ്പതികളായ കരീന കപൂറും സെയ്ഫ് അലി ഖാനും. വാർത്താകുറിപ്പിലൂടെയാണ് ദമ്പതികൾ സന്തോഷവാർത്ത പങ്കുവച്ചിരിക്കുന്നത്. കുടുംബത്തിലേക്ക് ഒരാൾ കൂടി വരുന്നു എന്ന വിവരം സന്തോഷത്തോടെ അറിയിക്കുകയാണ്. സ്നേഹത്തിനും പിന്തുണയ്ക്കും നിങ്ങൾക്ക് നന്ദി.- ഇരുവരും പറയുന്നു.മൂന്ന് വയസുകാരൻ തൈമൂറാണ് ഇരുവരുടേയും ആദ്യമകൻ. അച്ഛനേയും അമ്മയേയും പോലെ തൈമൂറിനും ആരാധകർ ഏറെയാണ്. 2012 ലായിരുന്നു സെയ്ഫ് കരീന വിവാഹം. ആമിർ ഖാൻ നായകനായെത്തുന്ന ലാൽ സിങ് ഛദ്ദയാണ് കരീനയുടെ പുറത്തിറങ്ങാനുള്ള ചിത്രം. ഡിസംബറിലാണ് ചിത്രത്തിന്റെ റിലീസ് പ്രഖ്യാപിച്ചിരുന്നത്. എന്നാൽ കൊവിഡിനെ തുടർന്ന് 2021 ഡിസംബറിലേക്ക് നീട്ടുകയായിരുന്നു. ഭൂത് പൊലീസ്, ബണ്ടി ഓർ ബബ്ലി 2 എന്നിവയാണ് സെയ്ഫിന്റെ പുതിയ ചിത്രങ്ങൾ.

കിക്ക് 2 ഒരുങ്ങുന്നു

സൂപ്പർ ഹിറ്റായ ബോളിവുഡ് ആക്ഷൻ ചിത്രമായിരുന്നു കിക്ക്.സൽമാൻ ഖാൻ നായകനായെത്തിയ ചിത്രം പ്രമുഖ നിർമ്മാതാവ് സാജിദ് നദിയാദ് വാലയുടെ സംവിധായക അരങ്ങേറ്റ സിനിമ കൂടിയായിരുന്നു . ജാക്വലിൻ ഫെർണാണ്ടസ് ആയിരുന്നു നായിക. ഇപ്പോഴിതാ ചിത്രത്തിന്റെ രണ്ടാംഭാഗവും പുറത്തെത്തുന്നു. രണ്ടാംഭാഗത്തിലും സൽമാൻ ഖാനും ജാക്വലിനുമാണ് പ്രധാന കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്. ജാക്വലിൻ ഫെർണാണ്ടസിന്റെ പിറന്നാൾ ദിനത്തിലാണ് കിക്ക് 2ന്റെ പ്രഖ്യാപനം വന്നിരിക്കുന്നത്.ഡെവിൾ എന്നറിയപ്പെടുന്ന ദേവി ലാൽ സിംഗ് എന്ന മോഷ്ടാവായിരുന്നു കിക്ക് എന്ന ചിത്രത്തിൽ സൽമാൻ ഖാന്റെ കഥാപാത്രം. ഒരു മനോരോഗവിദഗ്ധയായിരുന്നു ചിത്രത്തിൽ ജാക്വലിന്റെ കഥാപാത്രം. രൺദീപ് ഹൂദ, നവാസുദ്ദീൻ സിദ്ദിഖി, മിഥുൻ ചക്രവർത്തി തുടങ്ങി വലിയ താരനിരയും അണിനിരന്നിരുന്നു ആദ്യഭാഗത്തിൽ. ഇവരിൽ ആരൊക്കെ പുതിയ ചിത്രത്തിൽ ഉണ്ടാവുമെന്ന് പുറത്തുവിട്ടട്ടില്ല

പുതിയ പരീക്ഷണയുമായി 18+

ഡ്രീം ടീം അമിഗോസിന്റെ ബാന്നറിൽ എ കെ വിജുബാലിനെ നായകനാക്കി നവാഗതനായ മിഥുൻ ജ്യോതി എഴുതി സംവിധാനം ചെയ്യുന്ന ത്രില്ലർ ഡ്രാമ ചിത്രമാണ് 18+.

പൂർണമായും ഒരു നടനെ വെച്ച് ചിത്രീകരിക്കുന്ന 18+ മലയാളത്തിൽ പുതിയ അവതരണ ശൈലി ഒരുക്കാനുള്ള ശ്രമമാണെന്ന് അണിയറ പ്രവർത്തകർ പറയുന്നു .

മലയാളത്തിലെ തന്നെ ഏറ്റവും പ്രായം കുറഞ്ഞവരാണ് ഈ ചിത്രത്തിനു പിന്നിൽ പ്രവർത്തിക്കുന്നതെന്ന് മറ്റൊരു പ്രത്യേകതയാണ്.ഛായാഗ്രഹണം-ഷാനിസ് മുഹമ്മദ്,സംഗീതം-സഞ്ജയ് പ്രസന്നൻ,എഡിറ്റിംങ്.അർജ്ജുൻ സുരേഷ്,ഗാനരചന-ഭാവന സത്യകുമാർ,സെപ്റ്റംബർ ആദ്യവാരം ചിത്രീകരണം ആരംഭിക്കും.വാർത്ത പ്രചരണം-എ എസ് ദിനേശ്

അർണബ് ചിത്രത്തിന്റെ മോഷൻ പോസ്റ്റർ പുറത്തുവിട്ട് ആർജിവി

മാധ്യമപ്രവർത്തകൻ അർണബ് ഗോസ്വാമിയെക്കുറിച്ച് സിനിമയെടുക്കാനുള്ള തയാറെടുപ്പിലാണ് താനെന്ന് സംവിധായകൻ രാം ഗോപാൽ വർമ നേരത്തെ വെളിപ്പെടുത്തിയിരുന്നു. ഇപ്പോഴിത ചിത്രത്തിന്റെ ആദ്യത്തെ മോഷൻ പോസ്റ്റർ അദ്ദേഹം പുറത്തുവിട്ടിരിക്കുകയാണ്. ന്യൂസ് പ്രൈം ടൈമിന് തൊട്ടു മുൻപാണ് അർണബ്: ദ് ന്യൂസ് പ്രോസ്റ്റിറ്റ്യൂട്ട് എന്ന ചിത്രത്തിന്റെ ഫസ്റ്റ്ലുക്ക് മോഷൻ പോസ്റ്റർ ആർജിവി പുറത്തുവിട്ടത്.ഒരു വാർത്താ ചർച്ചയ്ക്കിടയിൽ നടൻ സുശാന്ത് സിങ് രജ്പുത്തിന്റെ ആത്മഹത്യയുമായി ബന്ധപ്പെടുത്തി ക്രിമിനൽ ബന്ധമുള്ള മേഖലയാണ് ബോളിവുഡെന്ന് അർണബ് പറഞ്ഞിരുന്നു. ഇതിന് പിന്നാലെയാണ് സിനിമ പ്രഖ്യാപനവുമായി ആർജിവി രംഗത്തെത്തിയത്

ഫിലിപ്പീൻസിൽ കുടുങ്ങിയവരെ തിരിച്ചെത്തിക്കാൻ സോനു സൂദ്

ലോക്ക്ഡൗണിൽ നടൻ സോനു സൂദിന്റെ ഇടപെടൽ രാജ്യം മുഴുവൻ പ്രശംസിച്ചിരുന്നു. ഇത്തവണ കൊവിഡ് കാരണം ഫിലിപ്പീൻസിൽ ഒറ്റപ്പെട്ടവരെ ഇന്ത്യയിൽ തിരിച്ചെത്തിക്കാനുള്ള സൗകര്യമൊരുക്കിയിരിക്കുകയാണ് സോനു സൂദ്.

ഓഗസ്റ്റ് 14ന് മനിലയിൽ നിന്ന് ദില്ലിയിലേക്ക് വിമാനം എത്തുമെന്ന് സോനു ടിറ്ററിലൂടെ അറിയിച്ചു. "നിങ്ങൾ നിങ്ങളുടെ കുടുംബത്തിനൊപ്പം ചേരാൻ തയ്യാറെന്ന് കരുതുന്നു..." സോനു ടിറ്ററിൽ കുറിച്ചു. ഫിലിപ്പീൻസിൽ നിന്ന് ആളുകളെ ഇന്ത്യയിലെത്തിക്കാൻ ഇത് രണ്ടാം തവണയാണ് സോനു വിമാന സൗകര്യം ഒരുക്കുന്നത്.

ഫിലിപ്പീൻസിൽ നിന്ന് മാത്രമല്ല, കസാക്കിസ്ഥാനിൽ കുടുങ്ങിയ ഇന്ത്യക്കാരെ തിരിച്ചെത്തിക്കാനുള്ള സംവിധാനവും ഒരുക്കിയതായി മറ്റൊരു ടിറ്റിലൂടെ അദ്ദേഹം അറിയിച്ചു. "നിങ്ങളുടെ ബാഗുകൾ ഒരുക്കി വയ്ക്കൂ. നിങ്ങളുടെ കുടുംബത്തെ കാണാനുള്ള കാത്തിരിപ്പ് അവസാനിക്കാൻ പോകുന്നു" - സോനു ടീറ്റ് ചെയ്തു.



സാറായുടെ പിറന്നാൾ ആഘോഷം

കേദർനാഥ് എന്ന ചിത്രത്തിലൂടെയാണ് നടൻ സെയ്ഫ് അലിഖാന്റെ മകൾ സാറാ അലിഖാൻ ബോളിവുഡിൽ എത്തുന്നത്. വളരെ പെട്ടെന്ന് തന്നെ യുവതാരങ്ങളിൽ പ്രധാനിയായി മാറുകയായിരുന്നുതാരം .കഴിഞ്ഞ ദിവസം 25ാം പിറന്നാൾ ആഘോഷിച്ചിരുന്നു സാറ. സോഷ്യൽ മീഡിയയിൽ വൈറലാണ് താരപുത്രിയുടെ പിറന്നാൾ ആഘോഷച്ചിത്രങ്ങൾ. പിറന്നാൾ ബലൂണുകൾക്കൊപ്പമുള്ള ചിത്രവും കേക്കിന്റെ ചിത്രവും ആരാധകർക്ക് വേണ്ടി സാറ സോഷ്യൽ മീഡിയയിൽ പങ്കുവെച്ചിട്ടുണ്ട്. ഹാപ്പി ബെർത്ത് ഡേ എന്ന് ആലേഖനം ചെയ്തിരിക്കുന്ന കേക്കും പിറന്നാൾ ആശംസ നേർന്നിരിക്കുന്ന മറ്റൊരു കേക്കുമാണ് ബെർത്ത് ഡേ സ്പെഷലായി കട്ട് ചെയ്തിരിക്കുന്നത്. താരപുത്രിയുടെ പിറന്നാൾ ആഘോഷത്തിന്റെ ചിത്രങ്ങൾ ആരാധകർ ഏറ്റെടുത്തിരിക്കുകയാണ്. കൂടാതെ സാറയ്ക്ക് ആശംസയുമായി ആരാധകരും സഹപ്രവർത്തകരും സുഹൃത്തുക്കളും രംഗത്തെത്തിയിട്ടുമുണ്ട്.തന്റെ പിറന്നാൾ ദിനത്തിൽ അമ്മയ്ക്ക് ആശംസ നേർന്ന് കൊണ്ട് സാറ രംഗത്തെത്തിയിട്ടുണ്ട്. തന്റെ വളർത്തു നായകൾക്കൊപ്പമിരിക്കുന്ന അമൃത സിങ്ങിന്റെ ചിത്രം പങ്കുവച്ച് സാറ ഇങ്ങനെ കുറിച്ചു..'ക്വാർട്ടർ സെഞ്ചറി ആയി.. പട്ടിക്കുഞ്ഞുങ്ങളുടെ അമ്മയിൽ മനുഷ്യ കുഞ്ഞിന്റെ അമ്മയിലേക്ക് .. ഒരുപാട് ഇഷ്ടം അമ്മ സാറ ഇൻസ്റ്റഗ്രാമിൽ ചിത്രം പങ്കുവെച്ച് കൊണ്ട് കുറിച്ചു. സാറയുടെ ആശംസ പ്രേക്ഷകർ ഏറ്റെടുത്തിട്ടുണ്ട്. അമ്മയ്ക്കും സഹോദരനും ഒപ്പം ഗോവയിലാണ് സാറ ഇപ്പോഴുള്ളത്. സെയ്ഫ് അലിഖാന്റെയും അമൃത സിങ്ങിന്റെയും മകളാണ് സാറ.സാറയുടെ കുട്ടിക്കാലത്തെ ചിത്രം പങ്കുവെച്ച് കൊണ്ടായിരുന്നു കരീന കപൂർ ആശംസ നേർന്നത്. സെയ്ഫിന്റെ കയ്യിലിരുന്ന് ഭക്ഷണം കഴിക്കുന്ന സാറയുടെ ചിത്രമായിരുന്നു ഇത്. ഹാപ്പി ബെർത്ത് ഡേ മനോഹരിയായ സാറ. ഇനിയും ഒരുപാട് പിസ്സ കഴിക്കൂ... എന്നും കരീന കുറിച്ചു.

കാളിചരൺ നർസാരി ഹൈദരാബാദിൽ

ഹൈദരാബാദ്: കേരള ബ്ലാസ്റ്റേഴ്സ് താരമായിരുന്ന കാളിചരൺ നർസാരിയെ ഐ എസ് എൽ ടീമായ ഹൈദരാബാദ് എഫ് സി സൈൻ ചെയ്തു. ഇന്നലെ ഹൈദരാബാദ് ഔദ്യോഗികമായി ഹാളിചരന്റെ സൈനിംഗ് പ്രഖ്യാപിച്ചു.

താരം ഹൈദരബാദുമായി രണ്ട് വർഷത്തെ കരാറിലാണ് ഒപ്പുവെച്ചത്. ആസാം വിങ്ങർ കാളിചരൺ രണ്ട് വർഷം മുമ്പാണ് കേരള ബ്ലാസ്റ്റേഴ്സ് ടീമിലേക്ക് എത്തിയത്.

ഈ കഴിഞ്ഞ സീസണിൽ നർസാരിക്ക് കൂടുതൽ അവസരങ്ങൾ ലഭിച്ചിരുന്നു. ഷറ്റോരിക്ക് കീഴിൽ 14 മത്സരങ്ങൾ കളിച്ച നർസാരി രണ്ട് അസിസ്റ്റും ഒരു ഗോളും കേരള ബ്ലാസ്റ്റേഴ്സിനായി നേടി.

മുമ്പ് എഫ് സി ഗോവയ്ക്കു വേണ്ടിയും നോർത്ത് ഈസ്റ്റ് യുണൈറ്റഡിനും വേണ്ടി ഐ എസ് എല്ലിൽ കളിച്ചിട്ടുണ്ട് നർസാരി. ഐ ലീഗിൽ ഡി എസ് കെ ശിവജിയൻസിനു വേണ്ടിയും നർസാരി ബൂട്ട് കെട്ടിയിട്ടുണ്ട്.

ബാഴ്സ താരത്തിനു കൊവിഡ്

ബാഴ്സലോണ: ലാലിഗ സൂപ്പർ ക്ലബ്ബ് ബാഴ്സലോണയുടെ ഒരു താരത്തിന് കോവിഡ് 19 സ്ഥിരീകരിച്ചു. പുതിയ സീസണിന് മുന്നോടിയായുള്ള പരിശീലനത്തിനായി ക്ലബ്ബിലേക്കെത്തിയ ഒമ്പത് താരങ്ങളിൽ ഒരാൾക്കാണ് കോവിഡ് സ്ഥിരീകരിച്ചത്. എന്നാൽ താരത്തിന്റെ പേരോ മറ്റ് വിവരങ്ങളോ ക്ലബ്ബ് പുറത്തുവിട്ടിട്ടില്ല. രോഗം സ്ഥിരീകരിച്ച് ക്ലബ്ബ് തങ്ങളുടെ ഔദ്യോഗിക ഇൻസ്റ്റഗ്രാം അക്കൗണ്ടിൽ പോസ്റ്റിട്ടിട്ടുണ്ട്. യാതൊരു രോഗ ലക്ഷണവും താരത്തിനുണ്ടായിരുന്നില്ലെന്നും താരം വീട്ടിൽ ഐസൊലേഷനിലാണെന്നും ക്ലബ്ബ് അറിയിച്ചിട്ടുണ്ട്. ചാമ്പ്യൻസ് ലീഗിൽ പങ്കെടുക്കുന്ന താരങ്ങളുമായി ഈ താരം ബന്ധപ്പെട്ടിട്ടില്ലെന്നും അതിനാൽ ചാമ്പ്യൻസ് ലീഗിന്റെ കാര്യത്തിൽ ആശങ്ക വേണ്ടെന്നും ക്ലബ്ബ് അറിയിച്ചിട്ടുണ്ട്. 15ന് രാത്രിക്കാണ് യുവേഫ ചാമ്പ്യൻസ് ലീഗിൽ ആരാധകർ കാത്തിരിക്കുന്ന മത്സരമായ ബാഴ്സലോണ-ബയേൺ മ്യൂണിക്ക് ക്വാർട്ടർ ഫൈനൽ അരങ്ങേറുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ ലിസ്ബണിലാണ് ഇത്തവണ ക്വാർട്ടർ ഫൈനൽ മത്സരം നടക്കുന്നത്. ഇതിനായി താരങ്ങലെല്ലാം ലിസ്ബണിലേക്ക് പോയിട്ടുണ്ട്. പുതിയ സീസണിനായുള്ള തയ്യാറെടുപ്പുകൾ ക്ലബ്ബുകൾ ആരംഭിച്ച് കഴിഞ്ഞതിനാൽ വരും ദിവസങ്ങളിൽ കൂടുതൽ താരങ്ങൾ ക്ലബ്ബുകളിലേക്ക് മടങ്ങിയെത്താൻ സാധ്യതയുണ്ട്.

വീട്ടിൽ നിന്ന് വരുന്ന താരങ്ങളിൽ കോവിഡ് സാധ്യത കൂടുതലായതിനാൽ ഇവർ മറ്റ് താരങ്ങളുമായി യാതൊരു കാരണവശാലും സമ്പർക്കം പുലർത്തരുതെന്ന നിർദേശം നേരത്തെ തന്നെ നൽകിയിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ കർശന സുരക്ഷയാണ് താരങ്ങൾക്കായി ഒരുക്കിയിരിക്കുന്നത്. ബയോ ബബിൾ സുരക്ഷയോടൊപ്പം സാമൂഹിക അകലം ഉൾപ്പെടെ എല്ലാ സുരക്ഷാ ക്രമീകരണങ്ങളും താരങ്ങൾക്കായി ഒരുക്കിയിട്ടുണ്ട്. പരസ്പരം കെട്ടിപ്പിടിച്ച് ആഘോഷം നടത്തുന്നതിനും ഹസ്തദാനം ചെയ്യുന്നതിനുമെല്ലാം നിയന്ത്രണമുണ്ട്. ബയോ ബബിൾ സുരക്ഷയിൽ നിന്ന് താരങ്ങൾ പുറത്തുപോകാനും പാടില്ലെന്ന് നിർദേശം നൽകിയിട്ടുണ്ട്.

നേരത്തെ ബാഴ്സലോണ സൂപ്പർ താരം ലയണൽ മെസ്സി കോവിഡിൽനിന്ന് രക്ഷനേടാൻ വൈറസുകളെ നശിപ്പിക്കുന്ന പ്രത്യേക കിടക്കിയിലാണ് ഉറങ്ങുന്നതെന്ന റിപ്പോർട്ടും പുറത്തുവന്നിരുന്നു.

വൈറസ്,ബാക്ടീരിയ ആക്രമണത്തെ ഫലപ്രദമായി ചെറുക്കുന്ന കിടക്ക അത്ലറ്റികോ മാഡ്രിഡിലെ കമ്പനിയാണ് പുറത്തിറക്കിയത്. പുതിയ സീസൺ ആരംഭിക്കാനിരിക്കെ കൂടുതൽ സുരക്ഷാ മുൻകരുതലുകൾ ടീമുകൾ സ്വീകരിക്കേണ്ടി വരുമെന്നുറപ്പ് കോവിഡ് കാര്യമായിത്തന്നെ ബാധിച്ച രാജ്യങ്ങിലൊന്നാണ് സ്പെയിൻ. നിരവധി മരണങ്ങളും കോവിഡ് മൂലം സംഭവിച്ചിരുന്നു. ഇപ്പോഴും കോവിഡ് വ്യാപനം ശക്തമായുള്ളതിനാൽ കാണികളെ ഉൾപ്പെടുത്താതെ അടച്ചിട്ട സ്റ്റേഡിയത്തിലാണ് ഇത്തവണത്തെ ലാലിഗ ടൂർണമെന്റ് പൂർത്തിയാക്കിയത്

ജോക്കോവിച്ച് യുഎസ് ഓപ്പണിൽ കളിക്കും

ബൽഗ്രേഡ്: കൊവിഡ് കാല യുഎസ് ഓപ്പൺ കളിക്കുമെന്ന് സ്ഥിരീകരിച്ച് ലോക ഒന്നാം നമ്പർ ടെന്നീസ് താരം നൊവാക് ജോക്കോവിച്ച്. ടിറ്ററിലൂടെയാണ് 17 ഗ്രാൻസ്ലാമുകൾ നേടിയിട്ടുള്ള സെർബിയൻ താരം ഇക്കാര്യം അറിയിച്ചത്. കൊവിഡ് മഹാമാരി തുടങ്ങിയ ശേഷം നടക്കുന്ന ആദ്യ ഗ്രാൻസ്ലാം ടൂർണമെന്റാണ് യുഎസ് ഓപ്പൺ. ന്യൂയോർക്കിൽ ഓഗസ്റ്റ് 31 മുതൽ അടച്ചിട്ട കോർട്ടിലാണ് യുഎസ് ഓപ്പൺ നടക്കുക. ജോക്കോവിച്ച് ഇറങ്ങുന്നത് മുൻനിര താരങ്ങളുടെ പിൻമാറ്റത്തിനിടെ യുഎസ് ഓപ്പണിന് കരുത്തുപകരും. നാല് തവണ ചാമ്പ്യനായ റാഫേൽ നദാൽ, വനിത ലോക ഒന്നാം നമ്പർ താരം ആഷ്ലി ബാർട്ടി എന്നിവരടക്കമുള്ള താരങ്ങൾ നേരത്തെ ടൂർണമെന്റിൽ നിന്ന് പിന്മാറിയിരുന്നു. കൊവിഡ് മുക്തനായാണ് നൊവാക് ജോക്കോവിച്ച് ടെന്നീസ് കളത്തിലേക്ക് മടങ്ങിയെത്തുന്നത്. ജൂണിൽ ചാരിറ്റി ടെന്നീസ് ടൂർണമെന്റ് നടത്തി വലിയ വിമർശനം നേരിട്ടിരുന്നു ജോക്കോ. ടൂർണമെന്റിൽ പങ്കെടുത്ത നിരവധി താരങ്ങൾക്ക് കൊവിഡ് പിടിപെട്ടതോടെയാണിത്. ജോക്കോവിച്ചിനെതിരെ മുൻതാരങ്ങൾ ഉൾപ്പടെയുള്ളവർ രംഗത്തെത്തിയിരുന്നു.

ചാംപ്യൻസ് ലീഗ്: പിഎസ്ജി സെമിയിൽ

നെയ്മർ മാജിക്

അറ്റ്ലാന്റയെ പരാജയപ്പെടുത്തി

ലിസ്ബൺ: തോൽവിയുടെ വക്കിൽ നിന്നും അവിശ്വസനീയ തിരിച്ചുവരവ് നടത്തി ഫ്രഞ്ച് വമ്പൻമാരായ പിഎസ്ജി യുവേഫ ചാംപ്യൻസ് ലീഗിന്റെ സെമി ഫൈനലിലേക്കു മുന്നേറി. ഇറ്റാലിയൻ ടീം അറ്റലാന്റയെയാണ് പോർച്ചുഗലിൽ നടന്ന ആവേശകരമായ മൽസരത്തിൽ പിഎസ്ജി ഒന്നിനെതിരേ രണ്ടു ഗോളുകൾക്കു മറികടന്നത്. ബ്രസീലിയൻ സൂപ്പർ താരം നെയ്മറുടെ അവിശ്വസനീയ മികവാണ് പിഎസ്ജിക്ക് കരുത്തായത്. 0-1ന്റെ തോൽവിക്കരികിൽ നിന്നായിരുന്നു പിഎസ്ജിയുടെ ഉജ്ജ്വല തിരിച്ചുവരവ്. അവസാന മൂന്നു മിനിറ്റിനിടെ രണ്ടു ഗോളുകൾ നേടി പിഎസ്ജി എതിരാളികളെ സ്തബ്ധരാക്കുകയായിരുന്നു. 27ാം മിനിറ്റിൽ മരിയോ പസാലിക്ക് നേടിയ ഗോളിൽ അറ്റലാന്റ അട്ടിമറി വിജയവും ഉറപ്പിച്ചതായിരുന്നു. എന്നാൽ 90ാം മിനിറ്റിൽ ഡിഫൻഡർ മാർകിഞ്ഞോസിലൂടെ പിഎസ്ജി സമനില പിടിച്ചുവാങ്ങി. അധിക സമയത്തിന്റെ മൂന്നാം മിനിറ്റിൽ പകരക്കാരനായി ഇറങ്ങിയ എറിക്ക് ചോപ്പോ മോട്ടിങിന്റെ ഗോൾ പിഎസ്ജിക്കു അവിസ്മരണീയ ജയം സമ്മാനിക്കുകയും ചെയ്തു.

1995നു ശേഷം ആദ്യമായാണ് പിഎസ്ജി ചാംപ്യൻസ് ലീഗിന്റെ സെമി ഫൈനലിലെത്തിയത്. കളിയിലുടനീളം പിഎസ്ജിക്കു തന്നെയായിരുന്നു മേൽക്കൈ. എന്നാൽ ഈ ആധിപത്യം ഗോളാക്കി മാറ്റുന്നതിൽ അവർ പരാജയപ്പെട്ടു. ബ്രസീലിയൻ സൂപ്പർ താരം നെയ്മർ ഒന്നാംപകുതിയിൽ ഗോളവസരങ്ങൾ പാഴാക്കിയെങ്കിലും കളിയുടെ അവസാനത്തിൽ നെയ്മർ അതിനു പ്രായച്ഛിത്തം ചെയ്തു. മൂന്നാംമിനിറ്റിൽ നെയ്മർക്കു ലഭിച്ച അവസരം മികച്ചതായിരുന്നു. തുടക്കത്തിൽ അറ്റലാന്റയുടെ അവസരം പി എസ് ജി കീപ്പർ കെയ്ർ നവാസ് തടഞ്ഞു. .മത്സരത്തിന്റെ 27ആം മിനിറ്റിൽ ആണ് പി എസ് ജിയെ ഞെട്ടിച്ച ഗോൾ അറ്റലാന്റ നേടിയത്. പസാലിച് ആയിരുന്നു സ്കോറർ. പസാലിചിന്റെ സീസണിലെ 12ആം ഗോളായിരുന്നു ഇത്. ഈ ഗോളിന് ശേഷം അറ്റലാന്റ അവരുടെ പതിവ് ശൈലി മാറ്റി ഡിഫൻസിലേക്ക് തിരിഞ്ഞു. അത് പി എസ് ജിക്ക് ഒരുപാട് അവസരങ്ങൾ നൽകി എങ്കിലും അവസരങ്ങൾ ഒന്നും വലയ്ക്ക് അകത്ത് എത്തിക്കാൻ അവർക്കായില
പരുക്ക് ഭേദമായ സൂപ്പർ താരം കിലിയൻ എംബാപ്പെ പിഎസ്ജിയുടെ പ്ലെയിങ് ഇലവനിൽ ഇല്ലായിരുന്നു. 60ാം മിനിറ്റിലായിരുന്നു താരം കളത്തിലിറങ്ങിയത്.

ആദ്യപകുതിയിൽ ഇരുടീമുകളും അറ്റാക്കിങ് ഫുട്ബോളായിരുന്നു കാഴ്ചവച്ചത്. ടീമിനെ മുന്നിലെത്തിക്കാനുള്ള ചില മികച്ച അവസരങ്ങൾ ആദ്യ പകുതിയിൽ നെയ്മർ നഷ്ടപ്പെടുത്തി. മറുഭാഗത്ത് അറ്റലാന്റയും പിഎസ്ജി ഗോൾമുഖത്തെ സമ്മർദ്ദത്തിലാക്കുന്ന ചില നീക്കങ്ങൾ നടത്തി. എന്നാൽ ഗോളി കെയ്ലർ നവാസിന്റെ ഇടപെടൽ അവരെ രക്ഷിച്ചു. ഹാൻസ് ഹറ്റെബോർ, മാറ്റിയ കാൽഡറ എന്നിവരുടെ ഗോളെന്നുറപ്പിച്ച രണ്ടു തകർപ്പൻ ഹെഡ്ഡറുകളാണ് മിന്നുന്ന സേവിലൂടെ നവാസ് രക്ഷപ്പെടുത്തിയത്. എന്നാൽ 27ാം മിനിറ്റിൽ ഫസ്റ്റ് ടൈം ഫിനിഷിലൂടെ പസാലിക്ക് അറ്റ്ലാന്റയ്ക്കു ലീഡ് നേടിക്കൊടുത്തു. ഇതേ സ്കോറിനു തന്നെ കളി അവസാനിക്കാനിരിക്കെയായിരുന്നു 90ാം മിനിറ്റിൽ പിഎസ്ജിയുടെ സമനില ഗോൾ. നെയ്മറുടെ അസാമാന്യ പ്രതിഭ തെളിയിക്കുന്ന ക്രോസ് മാർകിഞ്ഞോസ് വലയിലേക്കു വഴി തിരിച്ചുവിടുകയായിരുന്നു. അധിക സമയത്തിന്റെ മൂന്നാം മിനിറ്റിൽ പിഎസ്ജിയുടെ വിജയഗോളും പിറന്നു. നെയ്മറുടെ പാസിൽ നിന്നും എംബാപ്പെ ബോക്സിനു കുറുകെ നൽകിയ പന്ത് മോട്ടിങ് അനായാസം ലക്ഷ്യത്തിലെത്തിക്കുകയായിരുന്നു. ഇതോടെ പിഎസ്ജിയുടെ സെമി ബെർത്തും ഉറപ്പായി. അത്ലറ്റികോ മാഡ്രിഡും ലെയ്പ്ഷിഗും തമ്മിലുള്ള ക്വാർട്ടറിലെ വിജയികളാണ് സെമിയിൽ പിഎസ്ജിയുടെ എതിരാളികൾ. റയൽ മാഡ്രിഡ്, യുവന്റസ് തുടങ്ങിയ വമ്പന്മാർ ചാംപ്യൻസ് ലീഗ് സെമി കാണാതെ പുറത്തായിരുന്നു.

ല. രണ്ടാം പകുതിയിലാണ് എമ്പപ്പെയെയും ടൂഹലും കളത്തിൽ ഇറങ്ങിയത്. എമ്പപ്പെയും ലക്ഷ്യം കാണാതെ വിഷമിച്ചു.പക്ഷെ ഫൈനൽ വിസിൽ വരെ ആ ഒരു ഗോൾ ലീഡിൽ കടിച്ചു തൂങ്ങാൻ അറ്റലാന്റയ്ക്കായില്ല. ഡിഫൻസീവ് തന്ത്രങ്ങൾ ഇഞ്ചുറി ടൈമിൽ പിഴച്ചു.



ചാംപ്യൻസ് ലീഗ് ക്വാർട്ടറിൽ അറ്റ്ലാന്റയെ പരാജയപ്പെടുത്തിയ ശേഷം പിഎസ്ജി താരം നെയ്മറുടെ ആഹ്ലാദം.

മഴമുടക്കി രണ്ടാം ടെസ്റ്റും

സതാംപ്ടൺ: പാക്കിസ്ഥാനും ഇംഗ്ലണ്ടും തമ്മിലുള്ള പരമ്പരയിലെ രണ്ടാം ടെസ്റ്റിൽ മഴ ആദ്യ ദിവസത്തെ കളി തടസ്സപ്പെടുത്തി. രണ്ടാം സെഷനിൽ മഴ വീണ്ടുമെത്തിയപ്പോൾ പാക്കിസ്ഥാൻ 33.5 ഓവറിൽ രണ്ടിന് എന്ന നിലയിലാണ്. ഇന്നലെ വീണ ഇരു വിക്കറ്റുകളും നേടിയത് ജെയിംസ് ആൻഡേഴ്സൺ ആണ്. 49 റൺസുമായി ആബിദ് അലിയും 7 റൺസ് നേടി ബാബർ അസമുമാണ് ക്രീസിലുള്ളത്. ഇംഗ്ലണ്ടിനെതിരേയുള്ള നിർണായകമായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ പാക്കിസ്ഥാന് ഭേദപ്പെട്ട തുടക്കം. ടോസിനു ശേഷം ബാറ്റിങ് തിരഞ്ഞെടുത്ത പാക് പട ആദ്യ ദിനം ലഞ്ച് ബ്രേക്കിനു പിരിയുമ്പോൾ 23.4 ഓവറിൽ ഒരു വിക്കറ്റിന് 62 റൺസെടുത്തിരുന്നു. അപ്പോൾ ആബിദ് അലിയും (33*) ക്യാപ്റ്റൻ അസ്ഹർ അലിയുമായിരുന്നു (20*) ക്രീസിൽ. ഒന്നാം ടെസ്റ്റിൽ ആദ്യ ഇന്നിങ്സിൽ സെഞ്ചുറിയുമായി തിളങ്ങിയ ഷാൻ മസൂദിന് ഇത്തവണ ഫോം തുടരാനായില്ല.

ഒരു റൺ മാത്രമെടുത്ത് താരം പുറത്തായി. ജെയിംസ് ആൻഡേഴ്സന്റെ ബൗളിങിൽ മസൂദ് വിക്കറ്റിനു മുന്നിൽ കുരുങ്ങുകയായിരുന്നു. മസൂദ് മടങ്ങുമ്പോൾ പാക് സ്കോർ ബോർഡിൽ ആറു റൺസ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. രണ്ടാം വിക്കറ്റിൽ അലി സഖ്യം ചേർന്ന് 56 റൺസ് ടീം സ്കോറിലേക്കു കൂട്ടിച്ചേർത്ത് പാക്കിസ്ഥാനെ കരകയറ്റി. ആദ്യ സെഷനിൽ രണ്ടു ക്യാച്ചുകൾ ഇംഗ്ലണ്ട് നഷ്ടപ്പെടുത്തി. രണ്ടു തവണയും രക്ഷപ്പെട്ടത് ആബിദ് അലിയാണ്. സ്ലിപ്പിൽ സിബ്ലിയും ബേൺസും ക്യാച്ചുകൾ കൈവിടുകയായിരുന്നു.മത്സരത്തിൽ ഷാൻ മസൂദ്(1), അസ്ഹർ അലി(20) എന്നിവരുടെ വിക്കറ്റുകളാണ് പാക്കിസ്ഥാന് നഷ്ടമായത്.

ലോറ മാർഷ് വിരമിച്ചു

കളിക്കളം വിട്ടത് രണ്ട് ലോകകപ്പ് നേടിയ താരം

ലണ്ടൻ: പ്രൊഫഷണൽ ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച് ഇംഗ്ലീഷ് ഓഫ് സ്പിന്നർ ലോറ മാർഷ്. മുപ്പത്തിമൂന്നുകാരിയായ ലോറ ഒൻപത് ടെസ്റ്റുകൾ, 103 ഏകദിനങ്ങൾ, 67 ടി20 എന്നിവയിൽ നിന്നായി 217 വിക്കറ്റ് വീഴ്ത്തിയിട്ടുണ്ട്. അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് കഴിഞ്ഞ ഡിസംബറിൽ വിരമിച്ച ലോറ ദ് ഹണ്ട്രഡ് ലീഗിന്റെ ഉദ്ഘാടന സീസണിൽ കളിക്കുമെന്ന് നേരത്തെ അറിയിച്ചിരുന്നു. എന്നാൽ കൊവിഡ് മഹാമാരി കാരണം ലീഗ് ഉപേക്ഷിച്ചതോടെ ക്രിക്കറ്റ് കരിയറിനോട് വിടപറയാൻ ലോറ മാർഷ് തീരുമാനിക്കുകയായിരുന്നു. വിരമിക്കാനുള്ള തീരുമാനം കൃത്യസമയത്ത് എടുത്തതാണ്. കരിയറിൽ പ്രതിനിധീകരിച്ച എല്ലാ ടീമുകൾക്കും ആരാധകർക്കും നന്ദിയറിക്കുന്നതായി ലോറ ടിറ്ററിൽ കുറിച്ചു. കെന്റ്, സസെക്സ് ടീമുകൾക്കായി കളിച്ച് കരിയർ തുടങ്ങിയ ലോറ സറേ സ്റ്റാർസ്, സിഡ്നി സിക്സേർസ്, എൻഎസ്ഡബ്ല്യൂ ബ്രേക്കേഴ്സ്, ഒട്ടാഗോ സ്പാർക്സ് ടീമുകൾക്കായും പന്തെറിഞ്ഞുഒട്ടേറെ നേട്ടങ്ങൾ സ്വന്തമാക്കിയാണ് 13 വർഷം നീണ്ട കരിയറിനൊടുവിൽ ലോറ മാർഷ് വിരമിക്കുന്നത്. ഇംഗ്ലീഷ് കുപ്പായത്തിൽ 2009ലും 2017ലും ഐസിസി വനിത ലോകകപ്പും 2009ൽ ടി20 ലോകകപ്പും നേടി. 2006ൽ ടെസ്റ്റിൽ പേസറായി അരങ്ങേറ്റം കുറിച്ച താരം പിന്നീട് സ്പിന്നറായി ചുവടുമാറി നേട്ടങ്ങൾ കൊയ്യുകയായിരുന്നു

റോണാൾഡോയും മെസിയും ഒന്നിക്കുമോ?

റൊണാൾഡോയെ കൈമാറാൻ തയാറെന്ന് യുവന്റസ്

ടുറിൻ: റെക്കോഡ് തുകയ്ക്ക് റയൽ മാഡ്രിഡിൽ നിന്ന് ടീമിലെത്തിച്ച പോർച്ചുഗീസ് സൂപ്പർ താരം ക്രിസ്റ്റ്യാനോ റൊണാൾഡോയെ കൈവിടാനൊരുങ്ങി യുവന്റസ്. കൊറോണയെത്തുടർന്ന് ടീമുകൾക്കെല്ലാം കടുത്ത സാമ്പത്തിക ബാധ്യതയാണ് ഉണ്ടായിരിക്കുന്നത്. റൊണാൾഡോയ്ക്ക് ഉയർന്ന പ്രതിഫലം നൽകേണ്ടി വരുന്നത് നിലവിലെ സാഹചര്യത്തിൽ ടീമിന് ബാധ്യതയായിരിക്കുന്നതിലാണ് യുവന്റസ് റൊണാൾഡോയെ ഒഴിവാക്കുന്നതടക്കമുള്ളവ ആലോചിക്കുന്നതടക്കമുള്ളത് പരിഗണിക്കുന്നത്.

ക്ലബ്ബ് ഔദ്യോഗികമായി ഇക്കാര്യം പുറത്തുവിട്ടിട്ടില്ലെങ്കിലും റൊണാൾഡോയുടെ ഏജന്റ് ഇത് സംബന്ധിച്ച സൂചന നൽകിയിട്ടുണ്ട്. ഇറ്റാലിയൻ മാധ്യമങ്ങളും ഇതിന്റെ റിപ്പോർട്ട് പുറത്തുവിട്ടിട്ടുണ്ട്. റൊണാൾഡോയെ ടീമിലെത്തിക്കാൻ ലാലിഗ ചാമ്പ്യന്മാരായ ബാഴ്സലോണ ശ്രമിക്കുന്നതായി റിപ്പോർട്ടുകളുണ്ട്. സ്പാനിഷ് മാധ്യമ പ്രവർത്തകനായ ഗുയില്ലം ബലാഗ്യുവാണ് ഇതിന്റെ വാർത്തകൾ പുറത്തുവിട്ടത്. 'എല്ലായിടത്തും നിന്നും റൊണാൾഡോയ്ക്ക് ഓഫറുകളുണ്ട്. ബാഴ്സലോണയിൽ നിന്നും ഓഫറുണ്ട്. എന്നാൽ ഇത്രയും ഉയർന്ന തുകയ്ക്ക് റൊണാൾഡോയെ വാങ്ങുകയെന്നത് എളുപ്പമല്ല. ഇത്രയും പണം മുടക്കാൻ ആരാണ് തയ്യാറാവുക?'-ബലാഗ്യു പറഞ്ഞു.

വാർത്തകൾ പുറത്തുവന്നതോടെ ലയണൽ മെസി-ക്രിസ്റ്റ്യാനോ റൊണാൾഡോ എന്നീ ഫുട്ബോൾ ഇതിഹാസങ്ങൾ ഒരു കുടക്കീഴിൽ കളിക്കുന്നത് കാണാൻ ഭാഗ്യം ലഭിക്കുമോയെന്നറിയാനുള്ള ആകാംക്ഷയിലാണ് ആരാധകർ.

എന്നാൽ ഇത് നടക്കാനുള്ള സാധ്യത കുറവാണ്. കാരണം മെസിക്ക് തുല്യമായ പ്രതിഫലം തന്നെ റൊണാൾഡോയ്ക്കും നൽകേണ്ടി വരും. ഇത് ടീമിനെ സംബന്ധിച്ച് കടുത്ത ബാധ്യതയാണ്. അതിനായി താരങ്ങളെ ഒഴിവാക്കിയാൽ അത് ബാഴ്സയ്ക്ക് തിരിച്ചടിയായി മാറും.

കൊറോണയെത്തുടർന്ന് വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സമയത്ത് ഇത്തരമൊരു നീക്കത്തിന് ബാഴ്സ മുതിരാനിടയില്ല. കൂടാതെ ബാഴ്സലോണയുടെ ചിരവൈരികളായ റയൽ മാഡ്രിഡിനൊപ്പം ഒമ്പതു വർഷത്തോളം റൊണാൾഡോ കളിച്ചതാണ്. അതിനാൽത്തന്നെ ബാഴ്സലോണ താരങ്ങളുമായി മികച്ച ബന്ധമല്ല റൊണാൾഡോയ്ക്കുള്ളത്.

ഇതും റൊണാൾഡോയുടെ ബാഴ്സലോണയിലേക്കുള്ള വരവിനെ തടുക്കുമെന്നുറപ്പ്. അവസാന രണ്ട് സീസണിലും യുവന്റസിന് പ്രതീക്ഷിച്ച നേട്ടം സമ്മാനിക്കാൻ റൊണാൾഡോയ്ക്കായില്ല. ചാമ്പ്യൻസ് ലീഗ് കിരീടം പ്രതീക്ഷിച്ചാണ് റൊണാൾഡോയെ റാഞ്ചിയതെങ്കിലും രണ്ട് സീസണിലും നിരാശപ്പെടുത്തി. യുവന്റസ് കൈവിട്ടാൽ റൊണാൾഡോയുടെ പുതിയ തട്ടകം ഏതെന്ന് കാത്തിരുന്ന് തന്നെ നമുക്ക് കാണാം.

പിഎസ്ജിയിലേക്ക് റൊണാൾഡോയ്ക്ക് നോട്ടമുണ്ടെങ്കിലും താരത്തിന്റെ ഉയർന്ന പ്രതിഫലം താങ്ങാൻ ക്ലബ്ബിന് സാധിച്ചേക്കില്ല. 35കാരനായ റൊണാൾഡോ ഇത്തവണയും മികച്ച പ്രകടനം തന്നെയാണ് കാഴ്ചവെച്ചത്.

സുബാഷിഷ് ബോസ് എടികെ മോഹൻബഗാനിൽ

കോൽക്കത്ത: മുംബൈ സിറ്റി വിടുകയാണ് എന്ന് ഇന്നലെ അറിയിച്ച സുഭാഷിഷ് ബോസ് എ ടി കെ മോഹൻ ബഗാനിൽ കരാർ ഒപ്പുവെച്ചു. ഡിഫൻഡറായ സുഭാഷിഷ് ബോസ് അഞ്ച് വർഷത്തെ ദീർഘമായ കരാറിലാണ് ഒപ്പുവെച്ചത്. 2025 സീസൺ വരെ സുഭാഷിഷ് മോഹൻ ബഗാനിൽ ഉണ്ടാകും. ചാമ്പ്യന്മാർ കൂടിയായ എ ടി കെ മോഹൻ ബഗാൻ എ എഫ് സി കപ്പിൽ കളിക്കേണ്ടതിനാൽ ടീം ശക്തമാക്കുന്നതിന്റെ തിരക്കിലാണ്. നേരത്തെ തന്നെ സുഭാഷിഷ് എ ടി കെയിൽ എത്തും എന്ന് അഭ്യൂഹങ്ങൾ ഉണ്ടായിരുന്നു.അവസാന രണ്ടു സീസണുകളിലായി മുംബൈ സിറ്റിയുടെ താരമായിരുന്നു സുഭാഷിഷ്. അതിന് മുമ്പ് ബെംഗളൂരു എഫ് സിക്കു വേണ്ടിയും പഴയ മോഹൻ ബഗാനും വേണ്ടിയും കളിച്ചിട്ടുണ്ട്. കരിയറിന്റെ തുടക്കത്തിൽ പൂനെ എഫ് സി, ചർച്ചിൽ ബ്രദേഴ്സ് എന്നീ ക്ലബുകളുടെയും ഭാഗമായിട്ടുണ്ട്. ഇന്ത്യൻ ദേശീയ ടീമിലെയും സ്ഥിരാംഗമാണ് സുഭാഷിഷ്.

ധോണി കൊവിഡ് നെഗറ്റീവ്: ടീമിനൊപ്പം ചേരും

ചെന്നൈ: ചെന്നൈ സൂപ്പർ കിങ്സ് നായകൻ എം എസ് ധോണിയുടെ കോവിഡ് ഫലം നെഗറ്റീവ്. ഐപിഎല്ലിന് മുന്നോടിയായി ചെന്നൈയിൽ മിനി ക്യാംപ് ഒരുക്കുന്നതിന് മുന്നോടിയായി നടത്തിയ പരിശോധനയിലാണ് ധോണിയുടെ ഫലം നെഗറ്റീവായത്. ഇതോടെ നാളെ ചെന്നൈ ടീമിനോടൊപ്പം ധോണി ചേരുമെന്നാണ് വിവരം. ടീമുകൾ ഈ മാസം 20ന് ശേഷം യുഎഇയിലേക്ക് പോകുമെന്നാണ് വിവരം. ആദ്യം പോകുന്നത് ധോണി നായകനായുള്ള ചെന്നൈ സൂപ്പർ കിങ്സായിരിക്കും. ചാർട്ടേർഡ് വിമാനത്തിലാവും ധോണിയുടേയും സംഘത്തിന്റേയും യാത്ര. ഇതിന് മുന്നോടിയായി ചെന്നൈ ടീം അഞ്ച് ദിവസത്തെ ക്യാംപും ചെന്നൈയിൽ നടത്തുന്നുണ്ട്. സൂപ്പർ താരങ്ങളെ അടക്കം ഉൾക്കൊള്ളിച്ച് ഈമാസം 15 മുതൽ അഞ്ച് ദിവസം നീണ്ടുനിൽക്കുന്നതാണ് ക്യാംപ്.

അതിന് ശേഷമാവും ടീം യുഎഇയിലേക്ക് പോവുക. സൂപ്പർ താരം രവീന്ദ്ര ജഡേജ വ്യക്തിപരമായ കാരണങ്ങളാൽ ക്യാംപിൽ പങ്കെടുക്കുന്നത്. 2019ലെ ഏകദിന ലോകകപ്പിന് ശേഷം ക്രിക്കറ്റിൽ നിന്ന് വിട്ടുനിൽക്കുന്ന ധോണിക്ക് ഇത്തവണത്തെ ഐപിഎൽ നിർണ്ണായകമാണ്. ധോണിയുടെ ഇന്ത്യൻ ടീമിലേക്കുള്ള മടങ്ങിവരവ് തീരുമാനിക്കുന്നത് ഇത്തവണത്തെ ഐപിഎല്ലാകും. താരങ്ങളുടെ കോവിഡ് പരിശോധന ഏറെക്കുറെ പൂർത്തിയാകാറായെന്നും ആഗസ്റ്റ് 21ന് ചെന്നൈ ടീം യുഎഇയിലേക്ക് പോകുമെന്നും ചെന്നൈ ടീം വൃത്തങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്.

ഇവിടുത്തെ കോവിഡ് പരിശോധന കൂടാതെ യുഎഇയിൽ താരങ്ങൾക്ക് 6 ദിവസത്തെ ക്വാറൻ്റൈനും അനുവദിക്കും. ബയോബബിളിനുള്ളിൽ ശക്തമായ സുരക്ഷയൊരുക്കിയാവും താരങ്ങളെ പാർപ്പിക്കുക.

ഡൽഹിയിൽനിന്ന് ഐ ലീഗ് ക്ലബ് വരുന്നു, സുദേവ എഫ്സി

ന്യൂഡൽഹി: ഡൽഹിയിൽ നിന്ന് ഐ ലീഗ് കളിക്കാനൊരുങ്ങുന്ന ആദ്യത്തെ ക്ലബ്ബായ സുദേവ എഫ്സി. വരുന്ന സീസണിൽ ഐ ലീഗിൽ കളിക്കാൻ ഓൾ ഇന്ത്യ ഫുട്ബോൾ ഫെഡറേഷൻ (എ ഐഎഫ്ഫ്) അനുമതി നൽകിയിട്ടുണ്ട്. ഐ ലീഗിലേക്ക് നേരിട്ട് യോഗ്യതായാണ് എഐഎഫ്എഫ് നൽകിയിരിക്കുന്നത്. ഐ ലീഗിൽ കളിക്കുന്ന ഡൽഹിയിൽ നിന്നുള്ള ഏക ക്ലബ്ബും സുദേവ എഫ്സിയാണ്. നേരത്തെ മൂൺലൈറ്റ് എഫ്സിയെന്ന പേരിൽ അറിയപ്പെട്ടിരുന്ന ക്ലബ്ബിനെ 2016ൽ പുതിയ മാനേജ്മെന്റ് ഏറ്റെടുത്ത് സുദേവ എഫ്സിയെന്ന പേര് നൽകുകയായിരുന്നു. 1960 മുതൽ ഡൽഹിയിൽ പ്രവർത്തിച്ചിരുന്ന മൂൺലൈറ്റ് എഫ്സി ഡൽഹി ലീഗ് കിരീടവും സ്വന്തമാക്കിയിട്ടുണ്ട്. 'ഡൽഹി ഫുട്ബോളിന്റെ ചരിത്രത്തിൽ ചുവന്ന ലിപികളാൽ എഴുതിവെക്കേണ്ട കാര്യമാണിത്. ഐ ലീഗിന്റെ ഭാഗമാകാൻ ദേശീയ തലസ്ഥാനത്ത് നിന്ന് ഒരു ടീമിന് അനുമതി ലഭിച്ചിരിക്കുന്നു. എഐഎഫ്എഫിന്റെ അനുമതി ഡൽഹിയിലെ ഫുട്ബോളിന്റെ മുഖഛായ മാറ്റും'-ഡൽഹി ഫുട്ബോൾ പ്രസിഡന്റ് ഷാജി പ്രഭാകരൻ പറഞ്ഞു.

SENSEX: 38,310.49 (-59.14)

NIFTY: 11,300.45 (-7.95)

വിനിമയ നിരക്ക്

ഡോളർ	74.89
യൂറോ	88.63
പൗണ്ട്	98.09
സ്വിസ്ഫ്രാങ്ക്	82.29
സിംഗപ്പൂർ ഡോളർ	54.62
ഓസ്ട്രേലിയൻ	53.75
കനേഡിയൻ	56.63
ബഹറിൻ ദിനാർ	198.58
കുവൈറ്റ് ദിനാർ	244.62
ഒമാനി റിയാൽ	193.91
സൗദി റിയാൽ	19.95
യു എ ഇ ദിർഹം	20.36
ഖത്തർ	20.40

വാങ്ങാൻ ആളില്ല; ഒരു കിലോ ഉള്ളിക്ക് 1 രൂപ

കൊച്ചി: കനത്ത മഴയെത്തുടർന്ന് മഹാരാഷ്ട്രയിലെ മൊത്ത വിപണിയിൽ ഉള്ളിവില കുത്തനെ ഇടിഞ്ഞു. ഒരു കിലോ ഉള്ളിക്ക് ഒരു രൂപയാണ് വില. വാങ്ങാൻ ആളില്ലാത്തതും ഡിമാൻഡ് കുറഞ്ഞതുമാണ് ഉള്ളിവില ഇടിയാൻ കാരണം. മഹാരാഷ്ട്രയിലെ ഈ സീസണിലെ ഏറ്റവും താഴ്ന്ന നിരക്കാണിത്.

ചെറിയ ഉള്ളിക്ക് കിലോഗ്രാമിന് ഒരു രൂപ മുതൽ 4 രൂപ വരെയാണ് വില. ഇടത്തരം ഉള്ളിയ്ക്ക് 5 മുതൽ 7 രൂപ വരെയും സവാളയ്ക്ക് കിലോയ്ക്ക് മൊത്ത വിപണിയിൽ 8 മുതൽ 10 രൂപ വരെയുമാണ് വില. എന്നാൽ ചില്ലറ വിപണിയിൽ ഉള്ള വില മാറ്റമില്ലാതെ തുടരുകയാണ്. കിലോയ്ക്ക് 20 മുതൽ 30 രൂപ വരെയാണ് ഉപഭോക്താക്കളിൽ നിന്ന് ചില്ലറ വ്യാപാരികൾ ഉള്ളിയ്ക്ക് ഈടാക്കുന്നത്.

മഴക്കാലത്ത് വിള നാശിക്കുമെന്ന് ഭയന്ന് കൂടുതൽ കാലം സ്റ്റോക്കുകൾ കരുതാനാകില്ലെന്ന് വ്യാപാരികൾ പറയുന്നു. ഗോഡൗണിൽ സൂക്ഷിച്ചുവച്ച ഉള്ളികൾ നശിക്കുന്നത് ഒഴിവാക്കാനാണ് കുറഞ്ഞ വിലയ്ക്ക് വിൽക്കുന്നതെന്നും വ്യാപാരികൾ വ്യക്തമാക്കി. അനുകൂല കാലാവസ്ഥയും ഉത്പാദനം വർധിച്ചതും വില കുറയാൻ കാരണമായി.

ഉള്ളിവില ഇടിയാൻ കാരണം വാങ്ങാൻ ആളില്ലാത്തതും ഡിമാൻഡ് കുറഞ്ഞതും.

അതേസമയം ഉള്ളിവില താഴ്ന്നതോടെ ഏറ്റവും കൂടുതൽ പ്രതിസന്ധിയിലായിരിക്കുന്നത് കർഷകരാണ്. മൊത്ത വിപണിയിൽ ഉള്ളി വില കുറയുന്നത് ഇവരെ ദുരിതത്തിലാക്കുകയാണ്. കൊറോണ വൈറസ് പടർന്ന് പിടിക്കുന്നത് മുമ്പ് ഉള്ളിയുടെ വില കിലോക്ക് 200 രൂപ കടന്നിരുന്നു. ഉത്പാദനക്കുറവും കൃഷി നശിച്ചതുമാണ് അന്ന് വില കുത്തനെ ഉയരാൻ കാരണമായത്. വില നിയന്ത്രിക്കുന്നതിനായി തുർക്കിയിൽ നിന്ന് ഇന്ത്യ ഉള്ളി ഇറക്കുമതി ചെയ്തിരുന്നു.

'സുതാര്യ നികുതി പിരിവ് - സത്യസന്ധരെ ആദരിക്കൽ' സംവിധാനത്തെ സ്വാഗതം ചെയ്യുന്നു: എം.പി. അഹമ്മദ്

കോഴിക്കോട്: ആദായ നികുതി പിരിവ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി കേന്ദ്ര സർക്കാർ കൊണ്ടുവന്ന 'സുതാര്യ നികുതി പിരിവ് - സത്യസന്ധരെ ആദരിക്കൽ' സംവിധാനത്തെ പൂർണമായി സ്വാഗതം ചെയ്യുന്നതായി മലബാർ ഗ്രൂപ്പ് ചെയർമാൻ എം.പി. അഹമ്മദ് പറഞ്ഞു. കൃത്യമായി നികുതി നൽകുന്നവരെ സഹായിക്കുന്നതിനും നടപടി ക്രമങ്ങൾ ലളിതമാക്കി നികുതി പിരിവ് ഊർജിതമാക്കുന്നതിനുമായി കൊണ്ടുവന്ന ഈ സംവിധാനം രാജ്യത്തിന്റെ പുരോഗതിക്ക് വലിയ തോതിൽ ആക്കം കൂട്ടും. നികുതി വെട്ടിപ്പിനും കള്ളക്കടത്തിനുമെതിരെയുള്ള ശക്തമായ നടപടികളുണ്ടാകേണ്ടത് വളരെ അത്യാവശ്യമാണ്. അതിലേക്കുള്ള ആദ്യപടിയായി സർക്കാരിന്റെ ഈ നടപടിയെ കണക്കാക്കാമെന്നും അദ്ദേഹം പറഞ്ഞു. ഇത് സർക്കാരിന്റെ നികുതി വരുമാനം വർധിക്കാൻ ഇടയാക്കും.

നികുതി വെട്ടിപ്പിനെതിരെ ജനങ്ങൾക്കിടയിൽ ശക്തമായ ബോധവത്കരണം ആവശ്യമാണ്. നികുതി അടയ്ക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് സ്കൂളുകളിലും കോളെജുകളിലുമെല്ലാം വിദ്യാർഥികളെ പഠിപ്പിക്കണം. കൃത്യമായി നികുതി അടയ്ക്കുന്നതിലൂടെ ഒരാൾ രാജ്യപുരോഗതിയുടെ ഭാഗമാകുകയാണ് ചെയ്യുന്നത്. ഇതിന് വലിയ പ്രചാരണം നൽകാൻ സർക്കാരും രാഷ്ട്രീയ പാർട്ടികളും മാധ്യമങ്ങളും തയാറാകണം. ഇ -ഗവേണൻസിലൂടെയും ഫേസ്‌ലെസ് ഇ-അസസ്മെന്റിലൂടെയും ഉദ്യോഗസ്ഥരെ നേരിട്ട് ഇടപെടുത്താതെ നികുതി പിരിക്കാനായി ഇപ്പോൾ കൊണ്ടുവന്ന സംവിധാനം നികുതി പിരിവിലെ അഴിമതിയെ വലിയൊരു പരിധി വരെ തടയാൻ സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. നികുതി വെട്ടിപ്പിനെതിരെ ഇനിയും കൂടുതൽ ശക്തമായ നടപടികൾ സർക്കാരിന്റെ ഭാഗത്ത് നിന്ന് പ്രതീക്ഷിക്കുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു.

ഓഹരി സൂചികകൾ നഷ്ടത്തിൽ

മുംബൈ: തുടക്കത്തിലെ നേട്ടം ഓഹരി സൂചികകൾക്ക് നിലനിർത്താനായില്ല. തുടർച്ചയായി രണ്ടാംദിവസവും ഓഹരി വിപണി നഷ്ടത്തിൽ ക്ലോസ്ചെയ്തു. സെൻസെക്സ് 59.14 പോയിന്റ് നഷ്ടത്തിൽ 38,310.49ലും നിഫ്റ്റി 7.95 പോയിന്റ് താഴ്ന്ന് 11,300.45ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

ബിഎസ്ഇയിലെ 1564 കമ്പനികളുടെ ഓഹരികൾ നേട്ടത്തിലും 1128 ഓഹരികൾ നഷ്ടത്തിലുമായിരുന്നു. 136 ഓഹരികൾക്ക് മാറ്റമില്ല. ബാങ്ക്, ഫാർമ എന്നീ സൂചികകൾ ഒഴികെയുള്ളവ നേട്ടത്തിലായിരുന്നു. ബിഎസ്ഇ മിഡ്ക്യാപ്, സ്മോൾ ക്യാപ് സൂചികകൾ യഥാക്രമം 1.6ശതമാനവും 0.7ശതമാനവും ഉയർന്നു.

ഗാന്ധിഭവന് വീണ്ടും 40 ലക്ഷത്തിന്റെ സഹായഹസ്തവുമായി എം.എ. യൂസഫലി

പത്തനാപുരം: ഇന്ത്യയിൽ ഏറ്റവുമധികം അഗതികൾ ഒരുമിച്ചു വസിക്കുന്ന പത്തനാപുരം ഗാന്ധിഭവന് വീണ്ടും ആശ്വാസം പകർന്ന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലിയുടെ സഹായം. ഭിന്നശേഷിക്കാരും മനസും ശരീരവും തകർന്ന് കിടപ്പായവരും കൈക്കുഞ്ഞു മുതൽ വയോജനങ്ങൾ ഉൾപ്പെടെ ആയിരത്തോളം അഗതികളടക്കം ഇരുനൂറിലധികം പരിചാരകരും ഗാന്ധിഭവൻ കുടുംബത്തിലുണ്ട്.

വിവിധ ദേശങ്ങളിൽ നിന്നും ഗാന്ധിഭവൻ സന്ദർശിക്കാനെത്തുന്ന അനേകരുടെ കൊച്ചു സഹായങ്ങളാണ് ഗാന്ധിഭവനെ നിലനിർത്തിവന്നത്. ആഹാരവും ചികിത്സയും സേവന പ്രവർത്തകരുടെ ഹോണറേറിയവും മറ്റ് ദൈനംദിന കാര്യങ്ങളുമായി പ്രതിദിനം മൂന്നുലക്ഷം രൂപയോളം ചെലവുകളാണ് ഗാന്ധിഭവന് വേണ്ടിവരുന്നത്. കൊവിഡ് കാലത്ത് എല്ലാ സഹായങ്ങളും പരിമിതപ്പെട്ടു. രണ്ട് കോടിയോളം കടബാധ്യതയിലുമായി.

ഈ സാഹചര്യത്തിലാണ് ലുലു ഗ്രൂപ്പ് റീജ്യണൽ ഡയറക്റ്റർ ജോയി ഷഡാനന്ദൻ, മീഡിയ കോ-ഓർഡിനേറ്റർ എൻ.ബി. സ്വരാജ് എന്നിവർ ഗാന്ധിഭവനിലെത്തി 40 ലക്ഷത്തിന്റെ ഡിമാൻഡ് ഡ്രാഫ്റ്റ് കൈമാറിയത്. കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കുവേണ്ടി കഴിഞ്ഞ ഏപ്രിൽ മാസത്തിലും യൂസഫലി ഗാന്ധിഭവന് 25 ലക്ഷം സഹായം നൽകിയിരുന്നു.

പതിനഞ്ചുകോടിയിലേറെ ചെലവിൽ ആധുനിക സൗകര്യങ്ങളോടെ എം.എ. യൂസഫലി ഗാന്ധിഭവനിലെ അഗതികൾക്കായി നിർമിച്ചുനൽകുന്ന മനോഹരമന്ദിരത്തിന്റെ പണികൾ നടക്കുകയാണ്. ഈ വർഷം തന്നെ ഉദ്ഘാടനം നടത്താനാണ് തീരുമാനം.

പത്തനാപുരം ഗാന്ധിഭവന് ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ. യൂസഫലി നൽകുന്ന 40 ലക്ഷം രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് ലുലു ഗ്രൂപ്പ് റീജ്യണൽ ഡയറക്റ്റർ ജോയി ഷഡാനന്ദൻ, മീഡിയ കോ-ഓർഡിനേറ്റർ എൻ.ബി. സ്വരാജ് എന്നിവർ ചേർന്ന് ഗാന്ധിഭവൻ സെക്രട്ടറി ഡോ. പുനലൂർ സോമരാജന് കൈമാറുന്നു.

സ്വർണം
39,480

വെളിച്ചെണ്ണ : മില്ലിങ്	16,400	മുതിര	3700
വെളിച്ചെണ്ണ	15,000	എള്ള്	13,000- 14,000
കൊപ്ര	10,070-10,500	മല്ലി	7400-19,000
പിണ്ണാക്ക് എക്സ്പെല്ലർ	2400	പച്ചരി നമ്പർ 2	2600-3400
പിണ്ണാക്ക് റോട്ടറി	3100	പുഴുക്കലരി (ജയ)	3400- 3500
കുരുമുളക് അൺഗാർബിൾഡ്	31,500	ജാതിക്ക തൊണ്ടൻ (കിലോ)	180-200
പുതിയ കുരുമുളക്	30,500	ജാതിക്ക തൊണ്ടില്ലാത്തത് (കിലോ)	360-390
കുരുമുളക് ഗാർബിൾഡ്	33,500		
ചുക്ക് മീഡിയം	25,500	ജാതിപത്രി മഞ്ഞ-ചുവപ്പ് (കിലോ)	900-1000
ചുക്ക് ബെസ്റ്റ്	27,500		
മഞ്ഞൾ നാടൻ	ഇല്ല	ഗ്രാമ്പൂ (കിലോ)	550
സേലം - ഈറോഡ്	7200-7700		
കാഞ്ഞിരക്കുരു	1850	റബർആർ എസ് എസ് 5 ഗ്രേഡ്	12,200 -12,900
അടയ്ക്ക ന്യൂ	ഇല്ല		
അടയ്ക്ക ഓൾഡ്	28,000- 29,000	റബർആർ എസ് എസ് 4 ഗ്രേഡ്	13,200
പഞ്ചസാര	3720	ഒട്ടുപാൽ	8000
മുളക്	13,000-24,000	ലാറ്റക്സ്	8200
ഉഴുന്ന്	9,000-10,000		
ചെറുപയർ	9,000-10,000	സ്വർണം	39,480
കടല	5400-6500	പാം ഓയിൽ	8350

വ്യവസായ ഉത്പാദനത്തിൽ 16.6 ശതമാനം ഇടിവ്

മുംബൈ: രാജ്യത്ത് വ്യവസായ ഉത്പാദന മുരടിപ്പ് തുടരുന്നു. ജൂണിലെ വ്യവസായ ഉത്പാദന സൂചികയിൽ (ഐഐപി) 16.6 ശതമാനം ഇടിവാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതേസമയം, മേയ് മാസത്തിലുണ്ടായ 33.9 ശതമാനം ഇടിവുമായി തട്ടിച്ചുനോക്കുമ്പോൾ വ്യവസായരംഗം തിരിച്ചുവരവിലാണെന്നാണ് വിലയിരുത്തൽ. ഐഐപിയുടെ 40 ശതമാനം വരുന്ന കാതൽ മേഖലാ വ്യവസായ ഉത്പാദനവും ജൂണിൽ തിരിച്ചുവരവിന്റെ ലക്ഷണങ്ങൾ കാട്ടിയിരുന്നു. ജൂണിൽ അവസാനിച്ച ഒന്നാം പാദത്തിലെ മൊത്തം വ്യവസായ ഉത്പദാനത്തിലുള്ള ഇടിവ് 35.9 ശതമാനമാണ്.

കൂടിയും കുറഞ്ഞും സ്വർണ വില

ഇന്ന് പവന് കൂടിയത് 280 രൂപ; ചാഞ്ചാട്ടം തുടരുമെന്നു സൂചന

കൊച്ചി: തുടർച്ചയായ കുതിപ്പിനു മാറ്റം വന്നശേഷം സംസ്ഥാനത്ത് സ്വർണ വില ഇന്നലെ ഉയർന്നു. പവന് 39,480 രൂപയായി. അതേസമയം, ലാഭമെടുപ്പ് തുടരുന്നതിനാൽ അടുത്ത ദിവസങ്ങളിലും ചാഞ്ചാട്ട സാധ്യതയുണ്ടെന്ന് വിപണി വൃത്തങ്ങൾ പറയുന്നു. ദീർഘകാലാടിസ്ഥാനത്തിൽ സ്വർണ വില മെച്ചപ്പെട്ടുനിൽക്കുമെന്ന വിദഗ്ധരുടെ അനുമാനത്തിന് അടിവരയിട്ടാണ് നാലു ദിവസം കൊണ്ട് പവന് 2,800 രൂപ കുറഞ്ഞതിനു പിന്നാലെ ഇന്ന് 280 രൂപ കൂടിയത്. 4935 രൂപയാണ് ഇന്ന് ഗ്രാമിന്റെ വില. പവന് കഴിഞ്ഞ ദിവസം 1,600 രൂപയുടെ ഇടിവുണ്ടായിരുന്നു.

ആഗോള വിപണിയിൽ ചൊവാഴ്ച സ്പോട്ട് ഗോൾഡിന് ആറു ശതമാനം ഇടിവുണ്ടായതിനു പിന്നാലെ ഇന്ന് ഒരു ശതമാനം വില ഉയർന്നു. ഔൺസിന് 1,936.29 നിലവാരത്തിലാണ് വ്യാപാരം നടക്കുന്നത്. ഡോളറിന്റെ മൂല്യം ഉയർന്നതാണ് കഴിഞ്ഞ ദിവസങ്ങളിലുണ്ടായ വില ഇടിവിന് കാരണം. പ്രതിസന്ധിഘട്ടത്തിൽ സ്വർണത്തെ ആശ്രയിച്ച നിക്ഷേപകർ സ്വർണം വിറ്റ് ലാഭം എടുക്കുന്നതും വില താഴാൻ ഇടയാക്കി. എന്നാൽ ഇത് ശാശ്വതമല്ല. ദീർഘകാലാടിസ്ഥാനത്തിൽ വില ഉയരുമെന്നു തന്നെയാണ് വിദഗ്ധരുടെ നിരീക്ഷണം

രാജ്യാന്തര സ്വർണ വിലയിലെ റെക്കോഡ് വർധനയാണ് ആഭ്യന്തര വിപണിയിലും വില കുത്തനെ ഉയർത്തിയത്. സുരക്ഷിത നിക്ഷേപം എന്ന നിലയിൽ സ്വർണത്തെ ആശ്രയിക്കുന്നവർ കൂടുകയാണ്. ഓഗസ്റ്റ് ഏഴിന് 42,000 രൂപയായിരുന്നു കേരളത്തിൽ പവന് വില. ഒരു ഗ്രാമിന് 5,250 രൂപയും. ഈ മാസത്തെ ഏറ്റവും ഉയർന്ന നിരക്കായിരുന്നു ഇത്.

ഇന്ത്യയിലെ കൂടുതൽ നഗരങ്ങളിലേക്ക് ആമസോൺ

ന്യൂഡൽഹി: ഇന്ത്യയിലെ എല്ലാ നഗരങ്ങളിലേക്കും പ്രവർത്തനം വ്യാപിപ്പിക്കാനൊരുങ്ങി ആമസോൺ. ഇതിന്റെ ഭാഗമായി ബംഗളൂരു, ചെന്നൈ, മുംബൈ നഗരങ്ങളിൽ ഓഫിസ് തുറക്കും. ഇതിനായി കമ്പനി 28 ലക്ഷത്തോളം സ്ക്വയർ ഫീറ്റ് വരുന്ന ഓഫിസുകൾ വാടകയ്ക്ക് എടുത്തു കഴിഞ്ഞു.

ഇന്ത്യയിലെ ഓൺലൈൻ ഷോപ്പിങ് ഉയരുന്ന സാഹചര്യത്തിലാണ് കൂടുതൽ ഒഫ്‌ലൈൻ സ്റ്റോറുകൾ രാജ്യത്ത് പ്രവർത്തിപ്പിക്കാൻ ആമസോൺ ഒരുങ്ങുന്നത്. ഇതിനായി ദീർഘകാല വാടകക്കരാറുകൾ വൻകിട കെട്ടിട ഉടമകളുമായി ഉൾപ്പെടെ ആമസോൺ ഒപ്പിട്ടു കഴിഞ്ഞു. രാജ്യത്തെ വിവിധ ലൊക്കേഷനുകളിൽ പ്രോപ്പർട്ടികൾ സ്വന്തമാക്കുകയാണ് ഇപ്പോൾ ആമസോൺ. ഈ സ്പേസുകൾ ഉപയോഗിച്ച് ഇന്ത്യയിലെ പ്രവർത്തനങ്ങൾ വിപുലീകരിയ്ക്കുകയാണ് ലക്ഷ്യം. ബംഗളൂരുവിൽ ഒൻപത് ലക്ഷം സ്ക്വയർഫീറ്റ് സ്ഥലമാണ് ആമസോൺ വാടകയ്ക്ക് എടുത്തിരിക്കുന്നത്.

കഴിഞ്ഞ മൂന്ന് മാസങ്ങൾക്കുള്ളിൽ 11 ദശലക്ഷം ചതുരശ്ര അടിയോളം ഓഫിസ് സ്പേസുകൾ ആസസോൺ സ്വന്തമാക്കിക്കഴിഞ്ഞു. 80 ലക്ഷം സ്ക്വയർ ഫീറ്റ് സ്ഥലത്തിനായി നൽകിയിരിക്കുന്ന പ്രപ്പോസലിന് പിന്നാലെയാണിത്.

എനർജിയോൺ സീലിങ് ഫാനുകളുമായി ക്രോംപ്ടൺ

കൊച്ചി: ആക്റ്റീവ് ബിഎൽഡിസി സാങ്കേതിക വിദ്യയോടുകൂടിയ, എനർജിയോൺ ശ്രേണി സീലിങ് ഫാനുകൾ, ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് വിപണിയിലെത്തിച്ചു.

50 ശതമാനം വരെ വൈദ്യുതി ലാഭിക്കാം എന്നതാണ് ഇതിന്റെ പ്രത്യേകത. സാധാരണ ഫാനുകൾ 70 വാട്ട് വൈദ്യുതി ഉപയോഗിക്കുമ്പോൾ പുതിയ ഫാൻ 35 വാട്ട് വൈദ്യുതി മാത്രമാണ് ഉപയോഗിക്കുക. ആക്റ്റീവ് ബിഎൽഡിസി സാങ്കേതിക വിദ്യയോടുകൂടിയ ക്രോംപ്ടൺ എനർജിയോൺ ഫാൻ ഉപയോഗിക്കുമ്പോൾ ഓരോ വർഷവും ഒരു ഫാനിന് 1500 രൂപ വരെയോ വീടുകളിൽ ശരാശരി നാല് ഫാനുകൾ ഉപയോഗിക്കുമ്പോൾ 6000 രൂപ വരെയോ ലാഭിക്കാൻ കഴിയുന്നു.

ആക്റ്റീവ് ബിഎൽഡിസി മോട്ടോർ സാങ്കേതിക വിദ്യയിൽ 98 ശതമാനം ഊർജഘടകവും 90 മുതൽ 300 വരെയുള്ള വോൾട്ടേജ് റേഞ്ചുമാണുള്ളത്. ബിഇഇ ഫൈവ് സ്റ്റാർ റേറ്റിങ്ങുള്ള ഫാൻ ആർഎഫ് സാങ്കേതികവിദ്യയോടു കൂടിയ സ്മാർട്ട് റിമോട്ട് സഹിതമാണെത്തുന്നത്. ഇത് ഫാനിലേക്ക് ചൂണ്ടാതെ തന്നെ അനായാസം ഫാൻ പ്രവർത്തിപ്പിക്കാം. പുതുമയുടെയും ചാരുതയുടെയും മികച്ച സംയോജനമായ ഫാനുകൾക്ക് അഞ്ചു വർഷത്തെ വാറന്റിയുമുണ്ട്. സീലിങ് ഫാനുകൾ വൃത്തിയായി സൂക്ഷിക്കാനുള്ള ഉപഭോക്താക്കളുടെ അസൗകര്യം കണക്കിലെടുത്ത് ആന്റി-ഡസ്റ്റ് ഫീച്ചറും ഫാനിൽ അവതരിപ്പിച്ചിട്ടുണ്ട്. എനർജിയോൺ എച്ച്എസ്, എനർജിയോൺ ജൂറ, എനർജിയോൺ ഓറ എന്നീ മൂന്ന് വേരിയന്റുകളിലാണ് ക്രോംപ്ടൺ എനർജിയോൺ പുറത്തിറങ്ങുന്നത്. 2800 രൂപ മുതൽ 4000 രൂപ വരെയാണ് വില.

ഊർജസംരക്ഷണം മനസിൽക്കണ്ട് ആവശ്യമായ മാറ്റങ്ങളോടെ ഏറ്റവും പുതിയ ബിഎൽഡിസി ശ്രേണിയിലുള്ള ഫാനുകളായ എനർജിയോൺ അവതരിപ്പിക്കുകയാണ് ക്രോംപ്ടൺ. ഊർജ ഉപഭോഗം കുറയ്ക്കുക മാത്രമല്ല മറിച്ച് വൈദ്യുതി ചെലവ് പരമാവധി കുറയ്ക്കുകയും ചെയ്യുന്നതാണ് പുതിയ ഫാൻ ശ്രേണിയെന്ന് കമ്പനി വൈസ് പ്രസിഡന്റ് രംഗരാജൻ ശ്രീറാം പറഞ്ഞു.

ടിക് ടോക്കിൽ റിലയൻസ് നിക്ഷേപം നടത്തിയേക്കും

മുംബൈ: ചൈന വിരുദ്ധ വികാരം മൂലം ഇന്ത്യയിൽ പ്രവർത്തന നിരോധനം വന്ന ടിക് ടോക്കിന് പുനർജന്മമേകാൻ മുകേഷ് അംബാനിയുടെ റിലയൻസ് ഇൻഡസ്ട്രീസുമായി ചർച്ച നടത്തുന്നതായി സൂചന. എന്നാൽ റിലയൻസും ടിക് ടോക്കിന്റെ മാതൃ കമ്പനിയായ ബൈറ്റ്ഡാൻസും സഹകരണ നീക്കത്തെക്കുറിച്ച് പ്രതികരിച്ചില്ല. അതേസമയം, ബൈറ്റ്ഡാൻസ് പ്ലാറ്റ്ഫോമിൽ നിക്ഷേപിക്കാനുള്ള റിലയൻസിന്റെ പദ്ധതിയെക്കുറിച്ച് ചില വിവരങ്ങൾ ലഭ്യമായതായി വിദേശ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു.

ടെലികോം ഭീമനായ ജിയോ പ്ലാറ്റ്ഫോമിന്റെ മാതൃസ്ഥാപനമായ റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡുമായി ബൈറ്റ്ഡാൻസ് നേരത്തെ തന്നെ ചില ചർച്ചകളിൽ ഏർപ്പെട്ടിരുന്നെന്ന് റിപ്പോർട്ടിൽ പറയുന്നു. 200 ദശലക്ഷത്തിലധികം ഉപയോക്താക്കൾ രാജ്യത്തുള്ളപ്പോഴാണ് ജൂൺ അവസാനത്തോടെ മറ്റ് 58 ചൈനീസ് ആപ്ലിക്കേഷനുകൾക്കൊപ്പം രാജ്യത്ത് ടിക്ക് ടോക്കിനു നിരോധനം വന്നത്. കഴിഞ്ഞ മാസം റിലയൻസും ബൈറ്റ്ഡാൻസും ഇടപാടിനെക്കുറിച്ച് സംഭാഷണം ആരംഭിച്ചതായും ഇതുവരെ കരാറിലെത്തിയിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. ഇതിനിടെ, അനിശ്ചിതത്വങ്ങൾക്കിടയിൽ ടിക് ടോക് മാതൃ കമ്പനിയായ ബൈറ്റ്ഡാൻസ് ഇന്ത്യയിലെ എല്ലാ നിയമന പ്രക്രിയകളും മരവിപ്പിച്ചു. കമ്പനിക്ക് നിലവിൽ ഇന്ത്യയിൽ 2000ഓളം ജീവനക്കാരുണ്ട്. നിരോധനത്തിനു ശേഷം മറ്റ് ജോലികൾ കണ്ടെത്താൻ ജീവനക്കാർ കമ്പനിയിൽ നിന്ന് പിരിഞ്ഞു പോകാൻ ശ്രമിക്കുകയാണെന്ന് റിപ്പോർട്ടിൽ പറയുന്നു. എന്നാൽ ഔപചാരിക പിരിച്ചുവിടലുകളൊന്നും കമ്പനിയിൽ നടക്കുന്നില്ല.

സ്ഥിതി സുസ്ഥിരമാണെന്ന് കമ്പനി ആഭ്യന്തര ആശയവിനിമയത്തിലൂടെ ജീവനക്കാരോട് പറഞ്ഞു. കഴിഞ്ഞ മാസം, ടിക് ടോക് സിഇഒ കെവിൻ മേയർ, ഇന്ത്യൻ ടിക് ടോക് ജീവനക്കാരെ അഭിസംബോധന ചെയ്ത് എഴുതിയ കത്തിൽ 2,000ത്തിലധികം വരുന്ന ജീവനക്കാർക്കും തൊഴിൽ ഉറപ്പ് നൽകുന്നുവെന്ന് വ്യക്തമാക്കിയിരുന്നു. ഡിജിറ്റൽ ഇന്ത്യയുടെ മെയിൻഫ്രെയിമിൽ സജീവമായ പങ്ക് തുടരാൻ ആഗ്രഹിക്കുന്നുവെന്നും കമ്പനി വ്യക്തമാക്കി.

ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച ഇ-പാസ്പോർട്ടുകൾ; അടുത്ത വർഷം മുതൽ ലഭ്യമാക്കും

ന്യൂഡൽഹി: പുതിയ പാസ്പോർട്ടിന് അപേക്ഷിക്കുകയോ നിലവിലെ പാസ്പോർട്ട് പുതുക്കുകയോ ചെയ്യുന്നവർക്ക് അടുത്തവർഷം മുതൽ ഇലക്ട്രോണിക് മൈക്രോപ്രൊസസർ ചിപ്പ് ഘടിപ്പിച്ച ഇ-പാസ്പോർട്ടുകൾ ലഭ്യമാക്കും. പൈലറ്റ് പ്രൊജക്റ്റിന്റെ ഭാഗമായി 20,000 ഓദ്യോഗിക, നയതന്ത്ര ഇ-പാസ്പോർട്ടുകൾ സർക്കാർ ഇതിനകം ഇഷ്യു ചെയ്തിട്ടുണ്ട്. രാജ്യത്തെ മുഴുവൻ പൗരന്മാർക്കും ഇ-പാസ്പോർട്ടുകൾ വിതരണം ചെയ്യുന്നതിനുള്ള പ്രക്രിയകൾ ആരംഭിച്ചതായി റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

ഇലക്ട്രോണിക് ചിപ്പ് ഘടിപ്പിച്ച ഇ-പാസ്പോർട്ടുകൾ പുറത്തിറക്കുന്നതിലൂടെ തട്ടിപ്പുകളും വ്യാജ പാസ്പോർട്ട് നിർമിക്കുന്നതും തടയാനാകും. അന്താരാഷ്ട്ര യാത്രക്കാർക്ക് വേഗത്തിൽ കുടിയേറ്റം സാധ്യമാക്കാനും ഇ-പാസ്പോർട്ടുകൾ സഹായകമാണ്. പദ്ധതി നടപ്പാക്കുന്നതിന് ഒരു ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. ന്യൂഡൽഹി,ചെന്നൈ എന്നിവിടങ്ങളിൽ പല യൂണിറ്റുകളായി തിരിഞ്ഞാണ് പദ്ധതിയുടെ പ്രക്രിയകൾ ആരംഭിക്കുക. മണിക്കൂറിൽ 10,000 മുതൽ 20,000 വരെ വ്യക്തിഗത ഇ-പാസ്പോർട്ടുകൾ ഏജൻസി ഇഷ്യു ചെയ്യുമെന്നും റിപ്പോർട്ടിൽ പറയുന്നു.

ഇ-പാസ്പോർട്ട് പുറത്തിറക്കാൻ അനുയോജ്യമായ ഏജൻസി തെരഞ്ഞെടുക്കന്നതിന് ഏജൻസി ബുധനാഴ്ച പ്രൊപ്പോസൽ പുറത്തിറക്കിയിരുന്നു. എംഇഎ ആസ്ഥാനത്തെ സിപിവി ഡിവിഷനിൽ നിന്ന് മാത്രമാണ് ഇതുവരെ നയതന്ത്ര, ഔദ്യോഗിക ഇ-പാസ്പോർട്ടുകൾ വിതരണം ചെയ്തിരുന്നത്. പുതിയ പദ്ധതി നടപ്പിലാകുന്നതോടെ ഇന്ത്യയിലെ 36 പാസ്പോർട്ട് ഓഫിസുകളിൽനിന്ന് ഇ-പാസ്പോർട്ട് ലഭിക്കും. അതായത് രാജ്യത്തെ എല്ലാ പാസ്പോർട്ട് ഓഫിസുകളിലും നിലവിലുള്ള പാസ്പോർട്ട് ഇഷ്യു സംവിധാനത്തിനൊപ്പം ഇ-പാസ്പോർട്ട് സംവിധാനം നിലവിൽ വരുന്നതോടെ ഇത് സാധ്യമാകും. ഇന്റർനാഷണൽ സിവിൽ ഏവിയേഷൻ ഓർഗനൈസേഷൻ (ഐസിഎഒ) മാനദണ്ഡത്തെ അടിസ്ഥാനമാക്കിയായിരിക്കും ഇ-പാസ്പോർട്ടുകൾ പുറത്തിറക്കുക.

മോഷണക്കേസിൽ അറസ്റ്റിൽ

അങ്കമാലി: വേങ്ങൂരിൽ കട കുത്തിത്തുറന്ന് മോഷണം ; രണ്ടു പേർ പിടിയിൽ.തിരുവനന്തപുരം സ്വദേശി ബിജുരാജ് (51)
കോതമംഗലം നെല്ലിക്കുഴി ആലക്കുടി വീട്ടിൽ ബാലകൃഷ്ണൻ (48)എന്നിവരാണ് അങ്കമാലി പോലീസിന്റെ പിടിയിലയത്. പുലർച്ചെ രണ്ടു മണിയോടെ കടയുടെ ഷട്ടർ തകർത്ത് മോഷണം നടത്താനുള്ള ശ്രമത്തിനിടെയാണ് ഇരുവരും പിടിയിലായത്. മോഷണ ശ്രമം ശ്രദ്ധയിൽ പെട്ട് സമീപത്തു താമസിക്കുകയായിരുന്ന കടയുടമ അയൽക്കാരെയും പോലീസിനെയും വിവരം അറിയിക്കുകയായിരുന്നു.മാസങ്ങളായി പ്രദേശത്ത് മോഷണങ്ങൾ പതിവായിരുന്നു.

ടെലിവിഷൻ നൽകി

മുളന്തുരുത്തി: എടയ്ക്കാട്ടുവയൽ യുപി സ്ക്കൂൾ ഓൺ ലൈൻ പഠന സൗകര്യമില്ലാത്ത വിദ്യാർഥിക്ക് യുകെയിലെ പ്രവാസികളായ സിൽവി തോമസ് ജോർജും സുഹൃത്തുക്കളും സ്പോൺസർ ചെയ്ത ടിവി. മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ടി.എൻ.വിജയകുമാർ വിതരണം ചെയ്തു. സ്കൂൾ മാനെജർ വർഗീസ് കെ. അമ്പാടൻ അധ്യക്ഷനായി. വിജു മൈലാടിയിൽ, ശ്രീജിത് പാഴൂർ ജോളി.വി.വർഗ്ഗീസ്.ബോബി പോൾ ,സ്കൂൾ ഹെഡ്മിസ്ട്രസ് സബിത മാത്യു , സൂസൻ വർഗീസ് എന്നിവർ പ്രസംഗിച്ചു.

പൂർവ വിദ്യാർഥികൾ ടിവി നൽകി

വൈപ്പിൻ: ചെറായി രാമവർമ യൂണിയൻ ഹൈസ്കൂളിലെ 2002 എസ്എസ്എൽസി ബാച്ച് മൂന്ന് ടെലിവിഷൻ സംഭാവന നൽകി. പ്രഥമ അധ്യാപിക കെ.ബി.ഷീബ, അധ്യാപകൻ ദീപക്, പൂർവ വിദ്യാർഥികളായ ആൽവിൻ ജോർജ്, അമ്പാടി രാജേന്ദ്രൻ, അജേഷ്കുമാർ ബാബു, സംജത്ത്, റോബിൻ, ശ്രീമോൻ തുടങ്ങിയവർ പങ്കെടുത്തു.

പരിസ്ഥിതി സംരക്ഷണ ദൗത്യ സേന

കൊച്ചി: കരിപ്പൂർ വിമാനദുരന്തത്തിലും മൂന്നാർ രാജമലയിലുണ്ടായ പ്രകൃതി ദുരന്തത്തിലും മരിച്ചവർക്ക് പരിസ്ഥിതി സംരക്ഷണ ദൗത്യ സേന ആദരാഞ്ജലികൾ അർപ്പിച്ചു. മരിച്ചവരുടെ കുടുംബങ്ങൾക്കും പരിക്കേറ്റവർക്കും അടിയന്തിരമായി ധനസഹായവും ജോലിയും നൽകണമെന്നു സംസ്ഥാന ജനറൽ സെക്രട്ടറി വിജീഷ് നെടുമ്പ്രക്കാട് അവശ്യപ്പെട്ടു.

വൈദ്യുതി മുടങ്ങും

പറവൂർ: ഇന്ന് രാവിലെ 8 മുതൽ ഉച്ചക്ക് വരെ പുല്ലംകുളം , ചിത്രാഞ്ജലി , കെ എസ് ആർ ടി സി , അംബേദ്കർ പാർക്ക്, കനാൽ റോഡ് , മാക്സ് ന്യൂയോർക്ക് ട്രാൻസ്ഫോർമർ എന്നീ ഭാഗങ്ങളിൽ വൈദ്യുതി മുടങ്ങും.

പ്രതിരോധ മരുന്ന്

മരട്: കൊപ്പാണ്ടിശേരി റോഡ് റെസിഡൻസ് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ എല്ലാ കുടുംബാംഗങ്ങൾക്കും ഹോമിയോ പ്രതിരോധ മരുന്ന് വിതരണം ചെയ്തു. കൗൺസിലർ ബിന്ദു പ്രശാന്ത് ഉദ്ഘാടനം ചെയ്തു. അസോസിയേഷൻ പ്രസിഡന്റ് പി.ജി.തോമസ്, സെക്രട്ടറി ആർ. അനിൽ, ട്രഷറർ പി.ജെ.അഗസ്റ്റിൻ ,കെ ഡി.ജോസഫ് ,അനീഷ് നായർ നേതൃത്വം നൽകി.

വ്യാപാരിയുടെ നഗ്നദൃശ്യങ്ങൾ പകർത്തി കവർച്ച

യുവതിയും കാമുകനും അറസ്റ്റിൽ

കൊച്ചി: എറണാകുളം നഗരത്തിലെ ഇലക്ട്രോണിക്സ് കടയുടമയെ പ്രലോഭിപ്പിച്ചു നഗ്നദൃശ്യങ്ങൾ പകർത്തിയ ശേഷം പണവും മൊബൈൽ ഫോണും തട്ടിയെടുത്ത കേസിൽ യുവതിയുൾപ്പെടെ രണ്ടു പേർ അറസ്റ്റിൽ. ഫോർട്ട് കൊച്ചി അധികാരിവളപ്പിൽ കെ.എ.നസ്നി (24), കാമുകൻ കോഴിക്കോട് കൊടുവള്ളി കാഞ്ഞിരാട്ട് കുന്നുമ്മേൽ കെ.സാജിദ് (24) എന്നിവരാണ് തൃക്കാക്കര ക്രൈംസ്ക്വാഡിന്റെ പിടിയിലായത്.

കെ.എ. നസ്നി

കെ. സാജിദ്

പള്ളിമുക്കിലെ ഇലക്ട്രോണിക്സ് കടയുടമയുടെ മൊബൈൽ ഫോൺ നമ്പർ തരപ്പെടുത്തി നസ്നി സൗഹൃദം സ്ഥാപിക്കുകയായിരുന്നു. തുടർന്നു തൃക്കാക്കര മുണ്ടംപാലത്തെ വാടക വീട്ടിലേക്ക് ഇയാളെ വിളിച്ചു വരുത്തി. ജൂലൈ 26ന് ഉച്ചയ്ക്ക് ഇവിടെയെത്തിയ കടയുടമയെ നസ്നിയും സാജിദുമുൾപ്പെട്ട നാലംഗ സംഘം വീട്ടിനകത്ത് പൂട്ടിയിട്ട ശേഷം കത്തി കാണിച്ചു ഭീഷണിപ്പെടുത്തി വിവസ്ത്രനാക്കുകയായിരുന്നു.

തുടർന്നു നസ്നിയ്ക്കൊപ്പം നിർത്തി മൊബൈൽ ഫോണിൽ നഗ്ന ദൃശ്യങ്ങൾ പകർത്തി. ഇത് സമൂഹമാധ്യമങ്ങളിൽ പ്രചരിപ്പിക്കാതിരിക്കാനും ഭാര്യയ്ക്ക് അയച്ചു കൊടുക്കാതിരിക്കാനും കടയുടമയോട് പണം ആവശ്യപ്പെടുകയായിരുന്നു.

കൈവശം 7000 രൂപ മാത്രമാണുള്ളതെന്ന് പറഞ്ഞതിനെ തുടർന്ന് ഇയാളുമായി സമീപത്തെ എടിഎമ്മിൽ പോയി 32000 രൂപ പിൻവലിച്ചു. കൂടാതെ, ഗൂഗിൾ പേ വഴി 45000 രൂപ കൂടി കൈക്കലാക്കി. കൈയിലുണ്ടായിരുന്ന എടിഎമ്മുകൾ വാങ്ങിയ ശേഷമാണ് വിട്ടയച്ചത്.

സംഘം പിന്നീട് പള്ളിമുക്കിലെ കടയിലെത്തി രണ്ട് ലക്ഷം രൂപ കൂടി ആവശ്യപ്പെട്ടതോടെയാണ് കടയുടമ തൃക്കാക്കര പൊലീസിൽ പരാതിപ്പെട്ടത്. പൊലീസ് അന്വേഷിക്കുന്നതറിഞ്ഞു നസ്നിയും സാജിദും കോഴിക്കോടേക്ക് കടന്നിരുന്നു. എസിപി ജിജിമോൻ, സിഐ ഷാബു, എസ്ഐമാരായ സുരേഷ്, മധുസൂദനൻ, ജോസി, എഎസ്ഐ ബിനു, അനിൽ, എസ്സിപിഒമാരായ ഡിനിൽ, ഹരികുമാർ എന്നിവരടങ്ങിയ സംഘം കോഴിക്കോട് മിഠായിത്തെരുവിലെ ലോഡ്ജിൽ നിന്നാണ് ഇരുവരെയും കഴിഞ്ഞ ദിവസം കസ്റ്റഡിയിലെടുത്തത്.

2019ൽ കോഴിക്കോട് താമരശേരി പൊലീസ് രജിസ്റ്റർ ചെയ്ത പോക്സോ കേസിൽ പ്രതിയായ സാജിദ് ഗൾഫിലേക്ക് മുങ്ങിയിരുന്നു. നാലു മാസം മുൻപു തിരിച്ചെത്തിയ ശേഷം ഇൻഫോപാർക്കിലെ ഒരു ഹോട്ടലിൽ ജീവനക്കാരനായി ഒളിവിൽ കഴിയുകയായിരുന്നു.

ഇതിനിടെയാണ് എറണാകുളത്തെ ഒരു സ്വകാര്യ ഇൻഷ്വറൻസ് സ്ഥാപനത്തിൽ ജീവനക്കാരിയായ നസ്നിയുമായി പരിചയപ്പെടുന്നതും ദമ്പതികളെന്ന വ്യാജേന മുണ്ടംപാലത്ത് താമസം തുടങ്ങിയതും. കവർച്ചാ സംഘത്തിലെ മറ്റു രണ്ടു പേരെ തിരിച്ചറിഞ്ഞിട്ടുണ്ട്. നഗ്നദൃശ്യങ്ങൾ പകർത്തിയ ഫോണും പണവും പൊലീസ് വീണ്ടെടുത്തു.

സെഹിയോൻ ഊട്ടുശാലയ്ക്കുള്ള ധനസഹായം പ്രൊഫ. കെ.വി. തോമസ് കൈമാറുന്നു.

സെഹിയോൻ ഊട്ടുശാലയ്ക്ക് സഹായവുമായി പ്രൊഫ. കെ.വി.തോമസ് വിദ്യാധനം ട്രസ്റ്റ്

കൊച്ചി: നിരാശ്രയരായി തെരുവിൽ കഴിയുന്ന നൂറ് കണക്കിനു ആൾക്കാർക്കു ഭക്ഷണവും സാന്ത്വനവും നല്കി വരുന്ന സെഹിയോൻ ഊട്ടുശാലയ്ക്ക് പ്രൊഫ. കെ.വി.തോമസ് വിദ്യാധനം ട്രസ്റ്റ് പതിനായിരം രൂപയുടെ അടിയന്തിര സാമ്പത്തിക സഹായം നല്കി. കൊവിഡ് വ്യാപന നിയന്ത്രണങ്ങൾ കർക്കശമായതിനാൽ സെഹിയോൻ ഊട്ടുശാല സൗജന്യമായി വിതരണം ചെയ്യുന്ന പൊതിച്ചോറിന് ആവശ്യക്കാരേറിയതിനാലാണ് സാമ്പത്തിക സഹായം നൽകുന്നതെന്ന് വിദ്യാധനം ട്രസ്റ്റ് മാനെജിംഗ് ട്രസ്റ്റി പ്രൊഫ.കെ.വി.തോമസ് പറഞ്ഞു. ഊട്ടുശാലയുടെ പ്രവർത്തനങ്ങളുമായി ഏറെ നാളായി പ്രൊഫ.കെ.വി.തോമസ് വിദ്യാധനം ട്രസ്റ്റ് സഹകരിച്ചു വരികയാണെന്ന് സാമ്പത്തിക സഹായം സ്വീകരിച്ച സെഹിയോൻ ഊട്ടുശാല ട്രസ്റ്റി ജൂഡ്സൺ പറഞ്ഞു.

ആനിക്കാട് ചിറയിൽ 2.28 കോടി രൂപയുടെ നവീകരണം

മൂവാറ്റുപുഴ: ആവോലി പഞ്ചായത്തിൽ നവീകരണം പൂർത്തിയാക്കിയ ആനിക്കാടു ചിറയുടെ ഉദ്ഘാടനം മന്ത്രി വി. എസ്.സുനിൽകുമാർ വീഡിയോ കോൺഫറൻസിലൂടെ നിർവഹിച്ചു. എൽദോ എബ്രഹാം എംഎൽഎ അധ്യക്ഷത വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ജോർഡി.എൻ.വർഗീസ് സ്വാഗതം പറഞ്ഞു. കേരള ലാൻഡ് ഡവലപ്മെന്റ് കോർപ്പറേഷൻ ചെയർമാൻ പി.വി.സത്യനേശൻ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡോളി കുര്യാക്കോസ് തുടങ്ങിയവർ പങ്കെടുത്തു.

ആനിക്കാട് ചിറയുടെ നവീകരണത്തിനായി 2.28 കോടി രൂപയാണ് ചെലവഴിച്ചത്. നബാർഡ് നൽകിയ ഫണ്ടാണിത്. ഏക്കറോളം വരുന്ന ആനിക്കാട് ചിറയുടെ ആദ്യഘട്ടം നവീകരണ ജോലികളാണ് ഇപ്പോൾ പൂർത്തീയായിയിരിക്കുന്നത്. കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷനാണ് നവീകരണ ജോലികൾ നടപ്പാക്കിയത്.

ചിറയിലേയ്ക്ക് ഇറങ്ങുന്നതിനായി കിഴക്കുഭാഗത്ത് വീതിയേറിയ റാമ്പ് നിർമിച്ചിട്ടുണ്ട്. നാലു വശങ്ങളിലും ചിറയിലിറങ്ങുന്നതിനായി നടക്കല്ലുകളും സജ്ജീകരിച്ചിട്ടുണ്ട്. നിറഞ്ഞു കിടന്ന ആഫ്രിക്കൻ പായലും ചെളിയും കോരി നീക്കിയ ശേഷം ചിറയുടെ മൂന്ന് വശങ്ങളും കരിങ്കല്ലുകൊണ്ട് പാർശ്വഭിത്തി കെട്ടി ബലപ്പെടുത്തി. സംസ്ഥാന പാതയോടു ചേർന്നുള്ള ഭാഗത്ത് കോൺക്രീറ്റ് ചെയ്തു. ചിറയുടെ ചുറ്റും മൂന്നു മീറ്ററോളം വീതിയിൽ നടപ്പാത നിർമിച്ചു. നടപ്പാതയിൽ ടൈലുകൾ വിരിച്ച് മനോഹരമാക്കിയിട്ടുണ്ട്. ചിറയോട് ചേർന്ന് ഹാൻഡ് റെയിലുകളും പിടിപ്പിക്കും. ചിറയിൽ നിന്നും വെള്ളം ഒഴുക്കിക്കളയുന്നതിനായി ഓവ് നിർമിച്ചിട്ടുണ്ട്. പായൽ ശല്യം കുറയ്ക്കുന്നതിനായി പായൽ ആഹാരമാക്കുന്ന ആയിരത്തോളം മത്സ്യക്കുഞ്ഞുങ്ങളെ ചിറയിൽ നിക്ഷേപിച്ചു.

രണ്ടാം ഘട്ടത്തിൽ ജില്ലാ പഞ്ചായത്ത് ഫണ്ടും എംഎൽഎ ഫണ്ടും ഉപയോഗിച്ച് ഔഷധ സസ്യോദ്യാനവും, വിനോദ സഞ്ചാര വകുപ്പുമായി സഹകരിച്ച് ബോട്ടിങ്ങുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. ചിറയുടെ സൗന്ദര്യവത്ക്കരണത്തിനായി ആവോലി പഞ്ചായത്ത് അഞ്ചു ലക്ഷം രൂപ അനുവദിച്ചിട്ടുണ്ടെന്നും വാർഡ് മെംബർ എം.കെ.അജി പറഞ്ഞു.

115 കൊവിഡ് രോഗികളിൽ 113 സമ്പർക്കം

ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 1359 ആയി

രോഗ മുക്തി നേടിയത് 109 പേർ

കൊച്ചി: ജില്ലയിൽ ഇന്നലെ 115 പേർക്ക് രോഗം സ്ഥിരീകരിച്ചതിൽ രണ്ടെണ്ണമൊഴികെ 113 പേർക്കും സമ്പർക്കത്തിലൂടെ. ജില്ലയിലെ ആശുപത്രികളിൽ കൊവിഡ് രോഗം സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 1359 ആയി. 109 പേർ രോഗമുക്തി നേടി. എറണാകുളം ജില്ലക്കാരായ 103 പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള രണ്ടു പേരും മറ്റു ജില്ലകളിൽ നിന്നുള്ള നാലു പേരും ഇതിലുൾപ്പെടും.737 പേരെ കൂടി ജില്ലയിൽ പുതുതായി വീടുകളിൽ നിരീക്ഷണത്തിലാക്കി. നിരീക്ഷണ കാലയളവ് അവസാനിച്ച 469 പേരെ നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി. നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 12554 ആണ്. ഇതിൽ 10830 പേർ വീടുകളിലും, 154 പേർ കൊവിഡ് കെയർ സെന്റകളിലും 1570 പേർ പണം കൊടുത്തുപയോഗിക്കാവുന്ന സ്ഥാപനങ്ങളിലുമാണ്. 94 പേരെ പുതുതായി ആശുപത്രിയിൽ/ എഫ്എൽറ്റിസി പ്രവേശിപ്പിച്ചു.

വിദേശം / ഇതര സംസ്ഥാനത്ത് നിന്നെത്തിയവർ (2)

1. ആന്ധ്രാ പ്രദേശിൽ നിന്നെത്തിയ നെല്ലിക്കുഴി സ്വദേശി (36)2. ദുബൈയിൽ നിന്നെത്തിയ വെങ്ങോല സ്വദേശി (53)

സമ്പർക്കം വഴി രോഗം സ്ഥിരീകരിച്ചവർ

3. ആയവന സ്വദേശി (30)4.ആയവന സ്വദേശി (48)5. ആയവന സ്വദേശി (6)6.ആയവന സ്വദേശി(21)7. ആയവന സ്വദേശി(66)8.ആയവന സ്വദേശി(77)9.ആയവന സ്വദേശിനി (19)10.ആയവന സ്വദേശിനി (25)11.ആയവന സ്വദേശിനി (44)12.ആയവന സ്വദേശിനി (50)13. ആയവന സ്വദേശിനി (57)14. ആയവന സ്വദേശിനി (64)15. ആയവന സ്വദേശിനി (67)16. ആയവന സ്വദേശിനിയായ 2 വയസ്സുള്ള കുട്ടി17. ആയവന സ്വദേശിയായ 27 ദിവസം പ്രായമുള്ള കുട്ടി18.ആലങ്ങാട് സ്വദേശി(28)19.ആവോലി സ്വദേശി (27)20.ഇടക്കൊച്ചി സ്വദേശി (56)21.എടക്കാട്ടുവയൽ സ്വദേശി (45)22. എടത്തല സ്വദേശി(70)23. ഏരൂർ സ്വദേശിനി (11)24. കിഴക്കമ്പലം സ്വദേശിനി (35)25. കുന്നത്ത്നാട് സ്വദേശിനി (12)26. കുന്നത്ത്നാട് സ്വദേശിനി(22)27. കുന്നത്ത്നാട് സ്വദേശിനി(30)

28. കുമ്പളം സ്വദേശിനി (50)29. കോട്ടപ്പടി സ്വദേശി (27)30. കോട്ടപ്പടി സ്വദേശി (37)31. കോട്ടപ്പടി സ്വദേശി (62)32. കോട്ടപ്പടി സ്വദേശി(40)33. കോട്ടുവള്ളി സ്വദേശി (43)34. കോട്ടുവള്ളി സ്വദേശിനി (42)35. കോട്ടുവള്ളി സ്വദേശിനി (43)36. ചെല്ലാനം സ്വദേശി(34)37. കടയിരിപ്പ് സ്വദേശി (57)38. തമ്മനം സ്വദേശി (27)39. തമ്മനം സ്വദേശിനി (74)40. തിരുവാങ്കുളം സ്വദേശി (37)41. തിരുവാങ്കുളം സ്വദേശിനി (31)42. തിരുവാണിയൂർ സ്വദേശി (6)43. തിരുവാണിയൂർ സ്വദേശി(26)44. തിരുവാണിയൂർ സ്വദേശിനി (27)45. തിരുവാണിയൂർ സ്വദേശിനി (49)46.തൃക്കാക്കര കരുണാലയം കോൺവെന്റ് (24)47. തൃക്കാക്കര കരുണാലയം കോൺവെന്റ് (31)48. തൃക്കാക്കര കരുണാലയം കോൺവെന്റ്(50)49. തൃക്കാക്കര സ്വദേശി (62)50. തൃക്കാക്കര സ്വദേശിനി(11)51.തൃക്കാക്കര സ്വദേശിനി(6)52. നാവിക സേന ഉദ്യോഗസ്ഥൻ(20) 53. നാവികസേന ഉദ്യോഗസ്ഥൻ(20)54.നാവികസേന ഉദ്യോഗസ്ഥൻ(20)55. നാവിക സേന ഉദ്യോഗസ്ഥൻ(27)56. നിലവിൽ ചോറ്റാനിക്കരയിൽ താമസിക്കുന്ന കണ്ണൂർ സ്വദേശി (24)57. നിലവിൽ തിരുവാണിയൂർ താമസിക്കുന്ന കാസർഗോഡ് സ്വദേശി (25)58.നിലവിൽ തിരുവാണിയൂർ താമസിക്കുന്ന കോഴിക്കോട് സ്വദേശി (27)59. നിലവിൽ തൃക്കാക്കരയിൽ താമസിക്കുന്ന തൃശ്ശൂർ സ്വദേശി (41)60. നിലവിൽ മുളംതുരുത്തിയിൽ താമസിക്കുന്ന കണ്ണൂർ സ്വദേശി (27)61. നിലവിൽ മുളംതുരുത്തിയിൽ താമസിക്കുന്ന കണ്ണൂർ സ്വദേശി (30)62. നെല്ലിക്കുഴി സ്വദേശിനി (11)63. പട്ടിമറ്റം സ്വദേശിനി(40)64.പുത്തൻവേലിക്കര സ്വദേശി (35)65. പൂതൃക്ക സ്വദേശി (11)66. പൂതൃക്ക സ്വദേശി (80)67. ഫോർട്ട് കൊച്ചി സ്വദേശി (31)68. ഫോർട്ട് കൊച്ചി സ്വദേശി (41)69. ഫോർട്ട് കൊച്ചി സ്വദേശി (52)70. ഫോർട്ട് കൊച്ചി സ്വദേശിനി (16)71.ഫോർട്ട് കൊച്ചി സ്വദേശിനി (9)72. ഫോർട്ട് കൊച്ചി സ്വദേശിനിയായ ഒരു വയസ്സുള്ള കുട്ടി73. മട്ടഞ്ചേരി സ്വദേശിനി (33)74. മട്ടാഞ്ചേരി സ്വദേശി (21)75 മട്ടാഞ്ചേരി സ്വദേശി (36)76. മട്ടാഞ്ചേരി സ്വദേശി (64)77. മട്ടാഞ്ചേരി സ്വദേശി(31)8.മട്ടാഞ്ചേരി സ്വദേശി(43)79. മട്ടാഞ്ചേരി സ്വദേശിനി (28)80. മട്ടാഞ്ചേരി സ്വദേശിനി (41)81. മഴുവന്നൂർ സ്വദേശി(26)82. മഴുവന്നൂർ സ്വദേശി(27)83.മഴുവന്നൂർ സ്വദേശി(36)84. മഴുവന്നൂർ സ്വദേശിനി(60)85. മുളന്തുരുത്തി സ്വദേശി (24)86. മുളവുകാട് സ്വദേശി (69)87. മൂക്കന്നൂർ സ്വദേശിനി (46)88. വടുതല സ്വദേശി (13)89. വടുതല സ്വദേശി (40)90. വടുതല സ്വദേശി (8)91. വടുതല സ്വദേശിനി (53)92. വടുതല സ്വദേശിനി (59)93. വാഴക്കുളം സ്വദേശി (20)94.വാഴക്കുളം സ്വദേശി (23)95. വാഴക്കുളം സ്വദേശി (28)96. വാഴക്കുളം സ്വദേശി (28)97.വാഴക്കുളം സ്വദേശി (34)98. വാഴക്കുളം സ്വദേശി (46)99.വാഴക്കുളം സ്വദേശി (54)100. വാഴക്കുളം സ്വദേശി (67)101.വാഴക്കുളം സ്വദേശിനി (17)102.വാഴക്കുളം സ്വദേശിനി (25)103. വാഴക്കുളം സ്വദേശിനി (55)104.വെങ്ങോല സ്വദേശി(29)105. വെണ്ണല സ്വദേശി (34)106.തൃക്കാക്കര സ്വദേശി (75)107. തൃക്കാക്കര സ്വദേശിനി(34)

108.കുമ്പളം സ്വദേശിനി (24)109. കവളങ്ങാട് സ്വദേശി(54)110. വെങ്ങോല സ്വദേശി (59)111. വെണ്ണല സ്വദേശി (37)112. തൃക്കാക്കര സ്വദേശി (67)113കോട്ടുവള്ളി സ്വദേശിനി (27)114. വടവുകോട് സ്വദേശി (20)115. വെണ്ണല സ്വദേശി

കഞ്ചാവുമായി കളമശേരി പോലീസ് പിടികൂടിയ നൗഫൽ, വിനോദ് എന്നിവർ.

കഞ്ചാവ് വിൽപന കേന്ദ്രത്തിൽ റെയ്ഡ്; നാല് പേർ അറസ്റ്റിൽ

കളമശേരി : രഹസ്യ വിവരത്തെ തുടർന്ന് കളമശേരി പൊലീസ് നടത്തിയ റെയ്ഡിൽ കഞ്ചാവ് വിൽപന കേന്ദ്രത്തിൽ നിന്നും രണ്ട് കിലോ കഞ്ചാവുമായി നാല് പേർ അറസ്റ്റിൽ. കഞ്ചാവ് വിൽപ്പനക്കിടെയാണ് ഇവർ പിടിയിലായത്. ബുധനാഴ്ച വൈകിട്ടോടെയാണ് റെയ്ഡ് നടത്തിയത്. മണക്കാട്ട് മുഹമ്മദ് നിയാസിന്റെ വാടക മുറിയിൽ താമസിക്കുന്ന മലപ്പുറം സ്വദേശികളായ കാലിക്കറ്റ് യൂണിവേഴ്സിറ്റി സരോവരം വീട്ടിൽ നൗഫൽ (30), പൊന്നാനി കാഞ്ഞിരമുക്ക് കീഴ്ക്കുളത്തിൽ വീട്ടിൽ വിനോദ് (25), കഞ്ചാവ് വാങ്ങാനെത്തിയ ചേർത്തല സ്വദേശികളായ പുത്തൻപുരക്കൽ ഷൈമോൻ, തണ്ടാശേരി ശ്യാം എന്നിവരെയാണ് കളമശേരി എസ്എച്ച്ഒ പി. ആർ. സന്തോഷിന്റെ നേതൃത്വത്തിലുള്ള സംഘം അറസ്റ്റ് ചെയ്തത്.

മുറിയിൽ നിന്ന് രണ്ട് ഇലക്ട്രോണിക്ക് തുലാസ്, 50 ഗ്രാം പൊതികളാക്കിയ കഞ്ചാവ്, കൂടാതെ ഒളിപ്പിച്ച നിലയിലുള്ള കഞ്ചാവ് പാക്കറ്റ് എന്നിവയും പിടികൂടി. മുറിയിൽ വിൽപനയും പുകവലിക്കാനെത്തുന്നവർക്കുള്ള സൗകര്യവും ഒരുക്കിയിരുന്നു.കൺട്രോൾ റൂം വെഹിക്കിളിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് സ്ഥലത്തെത്തിയ കൺട്രോൾ റൂം വെഹിക്കിൽ സബ് ഇൻസ്പെക്റ്റർ ഇന്ദുചൂഡൻ, സിപിഒമാരായ ജിജോ രതീഷ്, കളമശേരി സബ് ഇൻസ്പെക്റ്റർമാരായ ഏലിയാസ് ജോർജ്, പ്രസാദ് എന്നിവരുടെ നേതൃത്വത്തിൽ എസ്സിപിഒ ബിനു, സിപിഒമാരായ മിഥുൻ ബാബു, സൽമോൻ, മഹേഷ്, ശ്രീജിത്ത് എന്നിവരുടെ നേതൃത്വത്തിലെത്തിയ കളമശേരി പോലീസും ചേർന്നാണ് പ്രതികൾ വാടകക്ക് താമസിച്ചിരുന്ന വീട്ടിൽ നിന്നും കഞ്ചാവ് കണ്ടെടുത്തത്.

നൗഫൽ ഗൾഫിൽ ജോലി ചെയ്തിരുന്നപ്പോൾ പരിചയപ്പെട്ട തമിഴ്നാട് സ്വദേശിയാണ് ഇവർക്ക് കഞ്ചാവ് എത്തിച്ചു നൽകിയിരുന്നത്. എറണാകുളം ജില്ലയിൽ വിവിധ ജോലികൾ ചെയ്തിരുന്ന വിനോദിന്റെ എറണാകുളത്തുള്ള പരിചയങ്ങൾ ഉപയോഗപ്പെടുത്തിയാണ് ഇവർ കഞ്ചാവ് വിൽപ്പന നടത്തിയിരുന്നത്. ഓൺലൈനിലൂടെ നൗഫലുമായി പരിചയപ്പെട്ട് കഞ്ചാവ് വാങ്ങാനെത്തിയതായിരുന്നു ഷൈമോനും,ശ്യാമും.

മരട് നഗരസഭയിൽ സെക്രട്ടറി രാജ്, ജനപ്രതിനിധികൾ നോക്കുകുത്തി

സാംസൺ അറക്കൽ

മരട്: നഗരസഭയിൽ നാളുകളായി ഉദ്യോഗസ്ഥ ഭരണം നിലനിൽക്കുന്നതായി പരാതി. ജനപ്രതിനിധികളായ കൗൺസിലർമാർക്കു പോലും വില കൽപ്പിക്കാതെയുള്ള ഉദ്യോഗസ്ഥ ഭരണമാണു നാളുകളായി നടക്കുന്നത്. മരടിലെ ഫ്ലാറ്റ് വിഷയവുമായി ബന്ധപ്പെട്ട് ഇതു മറനീക്കി പുറത്ത് വന്നതോടെ വീണ്ടും വിവാദം ആളിക്കത്തുകയാണ്.മരടിലെ ഫ്ലാറ്റ് പൊളിക്കുമ്പോൾ സമീപവാസികൾ താമസിക്കുന്ന വീടുകൾക്കുണ്ടായ നഷ്ടങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകാമെന്നുമുള്ള നഗരസഭ അധികൃതരുടെ ഉറപ്പിലാണ് പരിസരവാസികൾ അന്ന് സമരങ്ങൾഅവസാനിപ്പിച്ചത്. എന്നാൽ സമീപം താമസിക്കുന്നവരുടെ കെട്ടിടങ്ങൾക്ക് യാതൊരു വിധത്തിലുമുള്ള കേടുപാടുകൾ സംഭവിച്ചില്ലെന്നു കാണിച്ചു നഗരസഭ സെക്രട്ടറി സർക്കാരിന് കത്ത് കൊടുത്തതു വിനയായി. ഇക്കാര്യത്തിൽ നഗരസഭ കൗൺസിലർമാർ തന്നെ സെക്രട്ടറിക്കെതിരെ രംഗത്ത് വന്നിരിക്കുകയാണ് .

നെട്ടൂരിലെ ഫ്ലാറ്റ് പൊളിച്ചപ്പോൾ സമീപവാസികൾക്കും കായലിൽ മത്സ്യ കൂട് കൃഷി നടത്തിയിരുന്ന സംഘത്തിനും നൽകാമെന്നേറ്റ ഇൻഷർ പരിരക്ഷയ്ക്ക് വേണ്ടി ദിവസങ്ങളോളം ഓഫീസുകൾ കയറിയിറങ്ങിയെങ്കിലും ഫലമില്ലാതായതോടെ നഗരസഭ കൗൺസിൽ അടിയന്തിര യോഗം ചേർന്നു നഷ്ടപരിഹാരം നൽകണമെന്ന് തീരുമാനമെടുത്തു സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു.പൊളിച്ച ഫ്ലാറ്റിന്റെ കായലിൽ വീണ അവശിഷ്ടം മാറ്റിയെന്നും ആർക്കും ഒരു കുഴപ്പവുമില്ലെന്നു സർക്കാരിനെ തെറ്റിദ്ധരിപ്പിച്ചു കൊണ്ടുള്ള രേഖകൾ ഹാജരാക്കിയത് തിരുത്തണമെന്നാവശ്യപ്പെട്ട് രാഷ്ട്രീയ ഭേദ്യമന്യേ കൗൺസിലർമാർ സെക്രട്ടറിക്കെതിരെ രംഗത്ത് വന്നിട്ടുണ്ട്.

നടപടി വേണം: സിപിഐ

മരട്: മരടിലെ അനധികൃത ഫ്ലാറ്റുകൾ പൊളിച്ചുമാറ്റിയപ്പോൾ പരിസരവാസികൾക്കുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കണമെന്ന് മരട് മുനിസിപ്പൽ കൗൺസിൽ ഏകകണ്ഠമായി എടുത്ത തീരുമാനത്തിനെതിരെ സർക്കാരിനെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ റിപ്പോർട്ടു കൊടുത്ത മരട് മുനിസിപ്പൽ സെക്രട്ടറിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സിപിഐ മരട് ലോക്കൽ കമ്മറ്റി ആവശ്യപ്പെട്ടു.

ബിനാ കോളനിയിൽ പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു

കൂത്താട്ടുകുളം : കേരള ഗ്രാമശക്തിയുടെ ഭാഗമായ കൂത്താട്ടുകുളം ജയ്ഹിന്ദ് മുന്നേറ്റ വേദിയുടെയും വർണിഭ കലാ സാംസ്കാരിക പഠനകേന്ദ്രത്തിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ മഴക്കെടുതി ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ചോരക്കുഴി ബീനാ കോളനിയിൽ താമസിക്കുന്ന കുടുംബങ്ങൾക്ക് പച്ചക്കറി കിറ്റുകൾ വിതരണം ചെയ്തു. ജയ്ഹിന്ദ് മുന്നേറ്റ വേദിയുടെ ജനറൽ കൺവീനറും സമാജവാദി ജനപരിഷത്ത് സംസ്ഥാന പ്രസിഡന്റുമായ എബി ജോൺ വൻനിലം വിതരണോദ്ഘാടനം നിർവ്വഹിച്ചു . കൂത്താട്ടുകുളം നഗരസഭാ കൗൺസിലർ എ.എസ് രാജൻ അധ്യക്ഷനായിരുന്നു.

അണക്കെട്ടുകളും പാലങ്ങളും നിർമിക്കാൻ നൂതന സാങ്കേതിക വിദ്യയുമായി ക്രഷർ ബിസിനസുകാരൻ

കൊച്ചി: പ്രകൃതിക്ഷോഭങ്ങളേയും കാലപ്പഴക്കത്തേയും അതിജീവിക്കാൻ കഴിയുന്ന അണക്കെട്ടുകളും പാലങ്ങളും നിർമിക്കാൻ വികസിപ്പിച്ചെടുത്ത പുത്തൻ സാങ്കേതിക വിദ്യയുമായി ക്രഷർ ബിസിനസുകാരനും ചെറുകിട വ്യവസായിയുമായ കാലടി കൈപ്പട്ടൂർ സ്വദേശി തങ്കച്ചൻ തോട്ടത്തിൽ.

കാലപ്പഴക്കത്തെ അതിജീവിക്കാനും ഭൂമികുലുക്കത്തെ ചെറുത്തുനിൽക്കാനും കഴിയുന്ന ഡാമുകളും പാലങ്ങളും ഇതുവരെ കേരളത്തിൽ നിർമിച്ചിട്ടില്ലെന്ന തിരിച്ചറിവാണ് ഇത്തരമൊരു സാങ്കേതിക വിദ്യ വികസിപ്പിച്ചെടുക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

2018 ലെ പ്രളയാനുഭവങ്ങളുടെ വെളിച്ചത്തിൽ നടത്തിയ നിരന്തര പഠനങ്ങളുടെയും ഈ മേഖലയിലെ വിദഗ്ധരുമായി നടത്തിയ നിരവധി ചർച്ചകളുടേയും അടിസ്ഥാനത്തിലാണ് സാങ്കേതിക വിദ്യ ഉരുത്തിരിഞ്ഞത്.

ഇതുപ്രകാരം വിവിധ ഗ്രേഡുകളിലുള്ള കരിങ്കൽ കല്ലുകളും മറ്റനുബന്ധ ക്രഷർ മെറ്റീരിയലുകളും ചേർത്ത കരിങ്കൽ മിശ്രിതമാണു നിർമാണത്തിനു മുഖ്യമായും ഉപയോഗിക്കുക. സിമന്റും കമ്പിയും ആവശ്യമില്ല. നിർമാണത്തിന്റെ ആദ്യപടിയായി ജലാശയത്തിന്റെ അടിത്തട്ടിലെ ചെളിയും മറ്റുമാലിന്യങ്ങളും നീക്കം ചെയ്യണം. തുടർന്നു കരിങ്കൽ ഉൽപ്പന്നങ്ങൾ ഗ്രേഡ് ചെയ്തു വെള്ളത്തിൽ നിക്ഷേപിച്ചു വൈബ്രേറ്ററിന്റെ സഹായത്തോടെ ഉറപ്പിക്കും.

കരിങ്കൽ ബ്ലോക്കുകളിൽ അതിന്റെ തൻമാത്രകൾ ചേർന്നു നിന്നു നിർമാണത്തെ ബലപ്പെടുത്തും. അതിനാൽ ഏതു പ്രതികൂല കാലാവസ്ഥയിലും ഭൂമികുലക്കത്തെപ്പോലും ഈ സാങ്കേതിക വിദ്യ കൊണ്ടുള്ള നിർമാണം അതിജീവിക്കുമെന്നു തങ്കച്ചൻ പറയുന്നു.

തങ്കച്ചൻ തോട്ടത്തിൽ

ഭാവിയിലെ അറ്റകുറ്റ പണികളും ശേഷിവർദ്ധിപ്പിക്കലും കുറഞ്ഞ ചെലവിൽ എളുപ്പത്തിൽ നടത്താമെന്നതും പ്രത്യേകതയാണ്. ഈ സാങ്കേതിക വിദ്യ ഉപയോഗിച്ച് മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമിക്കുന്ന രീതി ആനിമേഷൻ ചിത്രത്തിലൂടെ തയ്യാറാക്കിയിട്ടുണ്ട്. ഐഐടി പാലക്കാട്, കുസാറ്റ് എറണാകുളം, ഡാം കൺസൽട്ടൻസി പാലക്കാട് എന്നിവയുടെ സാങ്കേതിക സഹായത്തോടെയും അഭിപ്രായങ്ങളുടേയും അടിസ്ഥാനത്തിലാണ് ആനിമേഷൻ ചിത്രം തയ്യാറാക്കിയത്.

നിലവിലുള്ള മുല്ലപ്പെരിയാർ ഡാമിൽ നിന്നും ഒരു നിശ്ചിത അകലത്തിൽ ജലാശത്തിനുള്ളിൽ തന്നെ ഇരുകരകളേയും ബന്ധിപ്പിച്ചു ജലാശയത്തിന് കുറകെ ഒരു ഡാം ഭിത്തി നിർമ്മിക്കുകയെന്നയാണ് തങ്കച്ചൻ തോട്ടത്തിലിന്റെ ആശയം. ഏകദേശം 150 കോടി രൂപ മാത്രമാണു ചെലവ്. നിലവിലുള്ള മുല്ലപ്പെരിയാർ ഡാമിന്റെ നീളം 365.85 മീറ്ററും ബേസ് വീതി 42.2 മീറ്ററും മുകളിലെ വീതി 3.6 മീറ്ററും, ഉയരം 53.66 മീറ്ററുമാണ്.

ജലാശയത്തിനകത്ത് പുതിയതായി നിർമിക്കുവാൻ ഉദ്ദേശിക്കുന്ന ഡാം ഭിത്തിയുടെ നീളം ഗൂഗിൾ മാപ്പ് അനുസരിച്ച് ഏകദേശം 500 മീറ്റർ നീളവും 50 മീറ്റർ ഉയരവും ബേസ് വീതി 255 മീറ്ററും ടോപ്പിലെ വീതി 15 മീറ്ററുമാണ്. ഇതനുസരിച്ച് ഒരു മീറ്റർ നീളത്തിൽ ഡാം ഭിത്തി നിർമിക്കുന്നതിന് ഏകദേശം 3450 ക്യൂബിക് മീറ്റർ പാറ മാത്രമാണു ആവശ്യം. മറ്റ് കോൺക്രീറ്റ് ഡാമുകൾ നിർമിക്കുന്നതുപോലെ സിമന്റ്, കമ്പി എന്നിവ ആവശ്യമില്ല. അതിനാൽ സർക്കാരിന്റെ തന്നെ പാറ ലഭ്യമായ പ്രദേശങ്ങളും, മെഷിനറി സ്ഥാപിക്കുവാൻ അനുയോജ്യമായ സ്ഥലവും അനുബന്ധ ചെലവുകളും മാത്രമാണ് വരാവുന്നതെന്നും തങ്കച്ചൻ പറഞ്ഞു.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.221 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from Vaartha News Network Pvt. Ltd, Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

ഓണക്കിറ്റ് വിതരണം ആരംഭിച്ചു

തിരുവനന്തപുരം: ഓണത്തിനോടനുബന്ധിച്ച് സർക്കാർ നൽകുന്ന സൗജന്യ ഭക്ഷ്യക്കിറ്റ് വിതരണത്തിന്റെ വർക്കല താലൂക്കുതല ഉദ്ഘാടനം വി. ജോയ് എംഎൽഎ നിർവഹിച്ചു. അഞ്ഞൂറു രൂപയോളം വിലവരുന്ന 11 ഇനം പലവ്യഞ്ജനങ്ങൾ ഉൾപ്പെടുന്നതാണ് കിറ്റ്. ആദ്യഘട്ടത്തിൽ താലൂക്കിലെ 714 എ.എ.വൈ കാർഡുടമകൾക്ക് കിറ്റു ലഭിക്കും. സപ്ലൈകോയുടെ നേതൃത്വത്തിൽ വിവിധ കേന്ദ്രങ്ങളിൽ പാക്ക് ചെയ്യുന്ന കിറ്റുകൾ റേഷൻ കട വഴിയാണ് വിതരണം ചെയ്യുന്നത്. പാക്കിങ് കേന്ദ്രങ്ങളിൽത്തന്നെ ഗുണനിലവാരവും തൂക്കവും പരിശോധിച്ച് ഉറപ്പുവരുത്തും. ജൂലൈയിൽ റേഷൻ വാങ്ങിയ അതേ കടയിൽ നിന്നുതന്നെ ഗുണഭോക്താക്കൾക്ക് സൗജന്യ ഭക്ഷ്യക്കിറ്റ് ലഭിക്കും. വർക്കല നഗരസഭ ചെയർപേഴ്സൻ ബിന്ദു ഹരിദാസ്, വൈസ് ചെയർമാൻ അനിജോ, താലൂക്ക് സപ്ലൈ ഓഫീസർ രാജീവ്, ഭക്ഷ്യ വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

ഓണത്തോടനുബന്ധിച്ച് ഉള്ള സൗജന്യ ഭക്ഷ്യക്കിറ്റ് വർക്കല താലൂക്ക് തലത്തിലുള്ള വിതരണം ഉദ്ഘാടനം അഡ്വ.വി ജോയ് എംഎൽഎ നിർവഹിക്കുന്നു.

സുരക്ഷാ ജീവനക്കാരനെ കീഴ്പ്പെടുത്തി മുങ്ങിയ രോഗിയെ കണ്ടെത്തി

തിരുവനന്തപുരം: മാനസികാസ്വാസ്ഥ്യത്തിന് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയ്ക്കെത്തിയ രോഗി സുരക്ഷാ ജീവനക്കാരനെ ബലപ്രയോഗത്തിലൂടെ കീഴ്പ്പെടുത്തി ഇറങ്ങിപ്പോയ രോഗിയെ വീട്ടിൽ നിന്നും കണ്ടെത്തി. പൊലീസ് നടത്തിയ അന്വേഷണത്തിൽ ഇയാളെ വീട്ടിൽ നിന്നും കണ്ടെത്തി. മര്യനാട് സ്വദേശിയായ 32 കാരനാണ് ആശുപത്രിയിൽ നിന്നും കടന്നത്. ഇയാളുടെ കൊവിഡ് പരിശോധനാഫലം പോസിറ്റീവാണെന്നു കണ്ടെത്തിയിരുന്നു. വ്യാഴാഴ്ച പുലർച്ചെ ഒന്നരയോടെയായിരുന്നു സംഭവം. കണ്ടെയ്മെന്റ് സോണിൽ നിന്നുള്ള രോഗികൾക്കായി പുതുതായി തുടങ്ങിയ ചികിത്സാകേന്ദ്രത്തിലാണ് സംഭവം. ഭാര്യയ്ക്കൊപ്പം ആശുപത്രിയിലെത്തിയ രോഗിയെ മാനസിക രോഗവിദഗ്ധൻ പരിശോധിച്ച ശേഷം വാർഡിലേയ്ക്കു മാറ്റുന്നതിനിടെയാണ് ഇയാൾ കടന്നു കളഞ്ഞത്. ആശുപത്രി സൂപ്രണ്ട് ഡോ എം.എസ്. ഷർമ്മദ് നൽകിയ പരാതിയെ തുടർന്ന് മെഡിക്കൽ കോളേജ് പൊലീസ് നടത്തിയ അന്വേഷണത്തിൽ ഇയാളെ വീട്ടിൽ നിന്നും കണ്ടെത്തുകയായിരുന്നു.

വിദ്യാർത്ഥികൾക്കായി മത്സരം

തിരുവനന്തപുരം: മാലിന്യം തരംതിരിച്ച് സംസ്കരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കായി ജില്ലാ ശുചിത്വ മിഷൻ വിവിധ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. മാലിന്യമില്ലാത്ത എന്റെ ഗ്രാമം എന്ന വിഷയത്തിൽ ഉപന്യാസ മത്സരവും പെയിന്റിങ് മത്സരവുമാണ് സംഘടിപ്പിക്കുന്നത്. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഗസ്റ്റ് 14 രാവിലെ 11 മണിക്കു മുൻപ് tsctrivandrum@yahoo.co.in എന്ന ഇമെയിൽ വിലാസത്തിലോ 9562687114 എന്ന മൊബൈൽ നമ്പരിലോ അവരവരുടെ സൃഷ്ടികൾ അയക്കണം. ഒപ്പം സ്കൂളിന്റെ പേര്, പങ്കെടുക്കുന്ന വിദ്യാർത്ഥിയുടെ പേര്, ക്ലാസ് എന്നിവ സ്വന്തം കയ്യെക്ഷരത്തിൽ രേഖപ്പെടുത്തി അയക്കണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ശുചിത്വ മിഷൻ ഓഫീസുമായി ബന്ധപ്പെടുക.

'ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി തുറന്ന് പ്രവർത്തിക്കണം'

കൊല്ലം: ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി തുറന്ന് പ്രവർത്തിക്കാനും നിയമവിരുദ്ധമായി ഫാക്ടറി അടച്ചുപൂട്ടിയ മാനേജ്മെന്റിനെതിരെ ശക്തമായ നിമയനടപടി സ്വീകരിക്കാനും തൊഴിൽ വകുപ്പ് മന്ത്രി ഇടപെടണമെന്ന് യുടിയുസി സംസ്ഥാന പ്രസിഡന്റ് ബാബു ദിവാകരൻ ആവശ്യപ്പെട്ടു. ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി തുറന്ന് പ്രവർത്തിക്കുക, ബോണസ് വിതരണം ചെയ്യുക, ശമ്പളം കുടിശിക തീരത്ത് നൽകുക, റഫറണ്ടം നടത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് കമ്പനി പടിക്കൽ കൊവിഡ് പ്രോട്ടോക്കോൾ മാനദണ്ഡം പാലിച്ച് ഇംഗ്ലീഷ് ഇന്ത്യൻ ക്ലേ ഫാക്ടറി എംപ്ലോയീസ് യൂണിയൻ (യുടിയുസി) ആരംഭിച്ച അനിശ്ചിതകാല സത്യാഗ്രഹം ഉത്ഘാടനം ചെയ്യുകയായിരുന്നു ബാബു ദിവാകരൻ. യൂണിയൻ വർക്കിംഗ് പ്രസിഡന്റ്, അഡ്വ: കെ.ജി. സുരേഷ് ബാബു, യു.ടി.യു.സി സംസ്ഥാന വൈസ് പ്രസിഡന്റ്കെ. ജയകുമാർ, യു.ടി.യു.സി ജില്ലാ പ്രസിഡന്റ് എം. പോൾ, യൂണിയൻ ജനറൽ സെക്രട്ടറി സി. രാജേന്ദ്രൻ, പ്രസിഡന്റ് എം.ഷാജഹാൻ എന്നിവർ സംസാരിച്ചു. സുധി.കെ. പ്രസാദ്, ദിലീപ് കുമാർ എന്നീ നേതാക്കളാണ് കമ്പനി പടിക്കൽ സത്യാഗ്രഹം ആരംഭിച്ചത്
സി.ഐ.ടി.യു, ഐ.എൻ.ടി.യു, ബി.എം.എസ് എന്നീ മൂന്ന് സംഘടനകളിലെ നേതാക്കൾ പരസ്പരം സഹകരിച്ച് സംയുക്തമായി തൊഴിലാളികളെ വഞ്ചിക്കുകയാണ്.

കൊട്ടാരക്കരയിലെ വ്യാപാരികൾ ദുരിതത്തിൽ

കൊട്ടാരക്കര: കൊട്ടാരക്കരയിലെ വ്യാപാരികളെ ബുദ്ധിമുട്ടിക്കുന്ന നടപടകളിൽ നിന്നും അധികൃതർ പിൻതിരിയണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. വ്യാപാരികളും ജീവനക്കാരും കട തുറക്കാനെത്തുമ്പോഴും പൊലീസ് തടയുന്ന സ്ഥിതിവിശേഷമാണ്. ടൗണിൽ നോർ പാർക്കിംഗ് ഏരിയ വേണ്ടതിലും അധികമുണ്ടെങ്കിലും പാർക്കിംഗിന് സ്ഥലമില്ല. കടയിൽ നിന്നും സാധനങ്ങൾ വാങ്ങാനായി വാഹനം നിർത്തിയാലുടൻ പൊലീസ് സ്റ്റിക്കർ ഒട്ടിച്ച് പെറ്റി അടിയ്ക്കുന്നത് പതിവാണ്. കൊവിഡ് രോഗം പടർന്നതോടെ പട്ടണത്തിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവരുടെ എണ്ണം കുറവാണ്. വ്യാപാരത്തെയും ഇത് കാര്യമായി ബാധിച്ചു. ഇതിനിടയിലാണ് പൊലീസിന്റെ പീഡനവും. ഇരുപതിലധികം വ്യാപാര സ്ഥാപനങ്ങൾ അടുത്തിടെ അടച്ചുപൂട്ടി. ബാക്കിയുള്ളവരും വലിയ പ്രതിസന്ധിയെ നേരിടുകയാണ്. ഓണം അടുക്കുമ്പോഴും അധികൃതർ വ്യാപാരികളുടെ ദുരിതം മനസിലാക്കിയില്ലെങ്കിൽ അത് വലിയ ബുദ്ധിമുട്ടായി മാറും. വ്യാപാരികളുടെ അഭിപ്രായം കൂടി മാനിച്ച് പാർക്കിംഗ് ഏരിയാകൾ തിരിച്ച് പരിഹാരം കണ്ടെത്തണമെന്ന് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി ആവശ്യപ്പെട്ടു യോഗത്തിൽ പ്രസിഡന്റ് എം ഷാഹുദീൻ, വർക്കിങ് പ്രസിഡന്റ് സി.എസ്.മോഹൻദാസ്, വൈ. സാമുവൽകുട്ടി, കെ.കെ.അലക്സാണ്ടർ, റെജി നിസ, ദുർഗ ഗോപാലകൃഷ്ണൻ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

വിമാനങ്ങൾക്ക് ഭീഷണിയായി മാലിന്യകൂമ്പാരം: നഗരസഭക്ക് നോട്ടീസ്

തിരുവനന്തപുരം: താഴ്ന്ന് ലാന്റ് ചെയ്യുന്ന വിമാനങ്ങൾക്കും പ്രദേശവാസികൾക്കും ഭീഷണിയായി മാറിയ വള്ളക്കടവ് എയർപോർട്ട് മതിലിനോട് ചേർന്നുള്ള മാലിന്യ കൂമ്പാരം വൃത്തിയാകാത്ത നഗരസഭക്കെതിരെ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസെടുത്ത് സെക്രട്ടറിക്ക് നേട്ടീസയച്ചു. 30 ദിവസത്തിനകം നഗരസഭ സെക്രട്ടറി അടിയന്തിര നടപടികൾ സ്വീകരിച്ച ശേഷം റിപ്പോർട്ട് സമർപ്പിക്കണമെന്ന് കമ്മീഷൻ അധ്യക്ഷൻ ജസ്റ്റിസ് ആന്റണി ഡൊമിനിക് ആവശ്യപ്പെട്ടു. പതിനാറേകാൽ മണ്ഡപത്തിന് സമീപം, എൻ എസ് ഡിപ്പോ, ബംഗ്ലാദേശ് റോഡ് തുടങ്ങിയ സ്ഥലങ്ങളിലും മാലിന്യം കുന്നു കൂടി കിടക്കുന്നുണ്ട്. ഇവിടങ്ങളിൽ നൂറുകണക്കിന് കുടുംബങ്ങളാണ് താമസിക്കുന്നത്. ഇറച്ചിയുടെ അവശിഷ്ടം ഭക്ഷിക്കാനെത്തുന്ന പരുന്തുകൾ വിമാനങ്ങൾക്ക് ഭീഷണിയായി മാറുന്നുന്നത് പതിവാണ് . മാലിന്യം കാരണം പ്രദേശത്ത് ചിക്കുൻ ഗുനിയ പോലുള്ള രോഗങ്ങൾ പടരുന്നുണ്ടെന്നും മനുഷ്യാവകാശ പ്രവർത്തകനായ രാഗം റഹിം സമർപ്പിച്ച പരാതിയിൽ പറയുന്നു.

അഭിഭാഷകയ്ക്ക് എതിർകക്ഷികളുടെ മർദനം; വനിതാ കമ്മിഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു

തിരുവനന്തപുരം: ചവറ കുടുംബകോടതിയിൽ കേസുമായി ബന്ധപ്പെട്ട് പെൺകുട്ടിയെ കൈമാറുന്നതിനെത്തിയ അഭിഭാഷയ്ക്കും കുട്ടിക്കും അമ്മയ്ക്കും മർദനമേറ്റെന്ന പരാതിയിൽ വനിതാ കമ്മിഷൻ റിപ്പോർട്ട് ആവശ്യപ്പെട്ടു.

കമ്മിഷനു ലഭിച്ച പരാതിയിൽ ചവറ സിഐയോട് രണ്ടു ദിവസത്തിനുള്ളിൽ റിപ്പോർട്ട് നൽകാൻ കമ്മിഷൻ അംഗം അഡ്വ. എം.എസ്.താര ആവശ്യപ്പെട്ടു. ഉന്നത പൊലീസ് ഉദ്യോഗസ്ഥന്റെ ബന്ധുക്കളായ പ്രതികൾ കേസ് അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്നാണ് പരാതിക്കാരുടെ ആക്ഷേപം.

നഗരസഭയിൽ മാസ്ക് വെൻഡിങ് മെഷീൻ ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: കൊവിഡ് പ്രതിരോധത്തിനായി നഗരസഭയുടെയും സ്മാർട്ട് സിറ്റിയുടെയും നേതൃത്വത്തിൽ നഗരസഭ മെയിൻ ഓഫീസിൽ സ്ഥാപിച്ച മാസ്ക്,ഗ്ലൗസ്,സാനിറ്റൈസർ എന്നിവ ലഭ്യമാവുന്ന വെൻഡിങ്ങ് മെഷീൻ മേയർ കെ.ശ്രീകുമാർ ഉദ്ഘാടനം ചെയ്തു. 10 രൂപക്ക് മാസ്ക്ക്,15 രൂപക്ക് ഗ്ലൗസ്, 50 രൂപക്ക് സാനിറ്റൈസർ എന്നിവ വെൻഡിങ്ങ് മെഷീൻ വഴി ലഭ്യമാവും.

സുരക്ഷാ ഉൽപ്പന്നങ്ങൾ ലഭിക്കുന്നതിനായി മെഷിനിൽ നേരിട്ട് പണം നിക്ഷേപിക്കാവുന്ന സൗകര്യത്തിന് പുറമെ ഗൂഗിൾ പേ വഴിയോ,ക്യൂ ആർ കോഡ് സ്കാൻ ചെയ്തോ പണം അടയ്ക്കാവുന്നതാണ്.

നഗരസഭാ മെയിൻ ഓഫീസിന് പുറമെ നഗരത്തിലെ അഞ്ച് പ്രധാന കേന്ദ്രങ്ങളിൽ കൂടി കോവിഡ് പ്രതിരോധത്തിനായുള്ള സുരക്ഷാ ഉൽപ്പന്നങ്ങൾ ലഭ്യമാവുന്ന വെൻഡിങ്ങ് മെഷീനുകൾ സ്ഥാപിക്കുമെന്ന് മേയർ പറഞ്ഞു. നഗരസഭ സ്ഥിരം സമിതി അധ്യക്ഷരായ പാളയം രാജൻ,എസ്.പുഷ്പലത,സ്മാർട്ട് സിറ്റി സിഇഒ പി.ബാലകിരൺ, ജനറൽ മാനേജർ സനൂപ് ഗോപീകൃഷ്ണ, നഗരസഭ സൂപ്രണ്ടിങ്ങ് എഞ്ചിനീയർ ഉണ്ണി എന്നിവർ പങ്കെടുത്തു.

മെഡിക്കൽ എൻട്രൻസ് പരിശീലനം

തിരുവനന്തപുരം: മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫിഷറീസ് വകുപ്പ് ഒരുവർഷത്തെ മെഡിക്കൽ എൻട്രൻസ് പരിശീലനം നൽകുന്നു. ഹയർ സെക്കന്ററി/ വൊക്കേഷണൽ ഹയർസെക്കന്ററി തലത്തിൽ ഫിസിക്സ്, കെമിസ്ട്രി, ബയോളജി വിഷയങ്ങൾക്ക് 85 ശതമാനം മാർക്കോടെ വിജയിച്ചതോ മുൻവർഷത്തെ നീറ്റ് പരീക്ഷയിൽ 40 ശതമാനം മാർക്ക് ലഭിച്ചതോ ആയ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. വിദ്യാർത്ഥികളുടെ രക്ഷകർത്താവ് മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471-2450773 അവസാന തീയതി ഓഗസ്റ്റ് 17.

ബൈക്കിലെത്തി വീട്ടമ്മയുടെ മാല പിടിച്ചുപറിച്ച രണ്ട് യുവാക്കൾ അറസ്റ്റിൽ

ശ്രീരാഗ്



അനീഷ്

പാറശാല: ബൈക്കിലെത്തി വീട്ടമ്മയുടെ മാല പിടിച്ചുപറിച്ച രണ്ട് യുവാക്കളെ പാറശാല പൊലീസ് അറസ്റ്റ് ചെയ്തു. ഒറ്റശേഖരമംഗലം വാഴിച്ചൽ വിയ്യൂക്കോണം ബിജുഭവനിൽ കിച്ചുവെന്ന് വിളിക്കുന്ന അനീഷ് (23), ഒറ്റശേഖരമംഗലം വാഴിച്ചൽ പേരെക്കോണം ഗോകുലത്തിൽ സച്ചുവെന്ന് വിളിക്കുന്ന ശ്രീരാഗ് (24). എന്നിവരാണ് പിടിയിലായത്. ഇന്നലെ വൈകിട്ട് 3 .30 നു പ്ലാമൂട്ടുക്കട ,പൊറ്റയിൽക്കട പള്ളിക്ക് സമീപം റോഡിൽ വച്ച് സൊസൈറ്റിയിൽ നിന്ന് പാൽ വാങ്ങി വന്ന തോട്ടത്തുവിള വീട്ടിൽ ശൈലജ(54) യുടെ കഴുത്തിലണിഞ്ഞിരുന്ന അഞ്ചര പവൻ തൂക്കം വരുന്ന മാല ബൈക്കിലെത്തി പ്രതികൾ പൊട്ടിച്ച് കടന്ന് കളയുകയായിരുന്നു.

ഉടനെ പൊലീസിനെ വിവരമറിയിച്ച നാട്ടുകാർ പ്രതികളെ പിൻതുടർന്നെങ്കിലും ബൈക്ക് ഉപേക്ഷിച്ച് പ്രതികൾ മാലയുമായി ഓടി രക്ഷപ്പെടുകയായിരുന്നു. തുടർന്ന് സ്ഥലത്തെത്തിയ പൊലീസ് പ്രതികളെ പിന്തുടർന്നു പിടികൂടുകയായിരുന്നു. പൊട്ടച്ചെടുത്ത മാല പ്രതികളിൽ നിന്ന് കണ്ടെടുത്തു.

പാറശാല എസ്ഐ ശ്രീലാൽ ചന്ദ്ര ശേഖരൻ, 'ഗ്രേഡ് എസ്ഐ ജോസ്, എസ്സിപിഒ അനിൽകുമാർ, സിപിഒ രഞ്ചിത്ത് എന്നിവരടങ്ങുന്ന സംഘമാണ് പ്രതികളെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

ബോട്ടിൽ നിന്നും ഇറക്കിയ മത്സ്യങ്ങൾ . ശക്തികുളങ്ങര ഹാർബറിൽ നിന്നുള്ള ദൃശ്യം

ഹാർബറുകളിൽ ബോട്ടുകൾ എത്തി ; വില കുറവിൽ പരാതി പ്രവാഹം

വർഗീസ് മാർക്കോസ്

കരുനാഗപ്പള്ളി : ട്രോളിംഗ് നിരോധനം കഴിഞ്ഞുള്ള ആദ്യ ദിനം മത്സ്യമേഖലയിൽ പരാതി പ്രവാഹമായിരുന്നു. ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയുടെ പല തീരുമാനങ്ങൾക്കുമെതിരെയാണ് പരാതികൾ പൊട്ടിപുറപ്പെട്ടത്. മത്സ്യങ്ങളുടെ വില കുറവിലും പരാതിയേറെയായിരുന്നു. ഇന്നലെ രാവിലെ 9.30 മുതൽ നീണ്ടകര, ശക്തികുളങ്ങര ,അഴിക്കൽ ഹാർബറുകളിൽ ബോട്ടുകളും വള്ളങ്ങളും മത്സ്യവുമായി ഹാർബറുകളിൽ എത്തിയിരുന്നു.

52 ദിവസം ഏർപ്പെടുത്തിയിരുന്ന ട്രോളിംഗ് നിരോധനം കഴിഞ്ഞെങ്കിലും കൊവിഡും മഴയും കാറ്റും കാരണം ബോട്ടുകൾക്ക് മത്സ്യ ബന്ധനത്തിന് പോകാൻ കഴിഞ്ഞില്ല. ഇന്നലെ ഹാർബറുകളിൽ വിപണനത്തിനായി എത്തിയത് ഇരട്ട നമ്പരുള്ള യാനങ്ങൾ ആയിരുന്നു.

ശക്തികുളങ്ങര ഹാർബറിൽ മത്സ്യങ്ങൾക്ക് വില കിട്ടുന്നില്ലായെന്ന് ആരോപിച്ച് ബോട്ടുകൾ നീണ്ടകര ഹാർബറിൽ എത്തി മത്സ്യ വിപണനം നടത്തി. ലഭ്യമായ മത്സ്യങ്ങൾക്ക് കാര്യമായ വില ലഭ്യമായില്ല. കരിക്കാടി ,കഴുന്തൻ ,കിളിമീൻ എന്നിവ ബോട്ടുകൾക്കും വള്ളങ്ങൾക്ക് കരിക്കാടിയും ലഭിച്ചു . ശക്തികുളങ്ങര, നീണ്ടകര ഹാർബറുകളിൽ മത്സ്യ വിലയിൽ വ്യത്യാസം ഉണ്ടായിരുന്നു. ഇരുഹാർബറുകളിലും വില നിശ്ചയിച്ച് നൽകിയത് ഹാർബർ മാനേജ്മെന്റ് സൊസൈറ്റിയാണ്. ശക്തികുളങ്ങര ഹാർബറിൽ കരിക്കാടിക്ക് ഒരു കിലോയ്ക്ക് 120 രൂപ വരെയും കഴുന്തന് ഒരു കിലോയ്ക്ക് 220 രൂപവരെയും കിളിമീന് 110 രൂപ വരേയും വില വീണു.

എന്നാൽ നീണ്ടകര ഹാർബറിൽ മത്സ്യവിപണനത്തിനായി എത്തിയ ബോട്ടുകൾക്ക് കരിക്കാടിയ്ക്ക് ഒരു കിലോയ്ക്ക് 140രൂപ വരെയും കഴുന്തന് ഒരു കിലോയ്ക്ക് 260 രൂപവരെയും കിളിമീന് 130 രൂപ വരേയും വില വീണു. ട്രോളിംഗ് നിരോധനത്തിന് മുമ്പ് കിട്ടിയ വിലയേക്കാൾ കുറവാണ് ഇതെന്ന് ബോട്ട് ഉടമകളും തൊഴിലാളികളും പറഞ്ഞു.

എണ്ണ കാശ് ലഭിക്കാത്ത ബോട്ടുകളും ഉണ്ടായിരുന്നുവെന്ന് പറയപ്പെടുന്നു .ഇന്നലെ ഇരട്ട അക്ക നമ്പരുകൾ ഉള്ള യാനങ്ങളാണ് ഹാർബറുകളിൽ പ്രവേശിച്ചതെങ്കിൽ ഇന്ന് ഒറ്റയക്ക നമ്പരിലുള്ള യാനങ്ങളാണ് ഹാർബറുകളിൽ പ്രവേശിക്കണ്ടേത്. ഹാർബറുകൾ പൊലീസിനെയും ഉദ്യോഗസ്ഥരുടെയും നിയന്ത്രണത്തിലും നിരീക്ഷണത്തിലുമാണ് പ്രവർത്തിക്കുന്നത്.

2000 ആന്റിജൻ കിറ്റുകൾ കൈമാറി

നെയ്യാറ്റിൻകര : എം എൽഎ ഫണ്ടിൽ നിന്നും 10.80 ലക്ഷം രൂപ ചെലവിൽ 2000 ആന്റിജൻ കിറ്റുകൾ കൂടെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിയ്ക്ക് കൈമാറി. കൊവിഡ് കേസുകൾ നെയ്യാറ്റിൻകരയിലും വർധിച്ചു വരുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് നേരത്തെ 1000 ആന്റിജൻ കിറ്റുകൾ എംഎൽഎ ഫണ്ടുപയോഗിച്ച് നൽകിയിരുന്നു. പെഡൽ ഓപ്പറേറ്റഡ് സാനിറ്റൈസർ ഡിസ്പെൻസർ യൂണിറ്റുകൾ പൊതുജനങ്ങൾ കൂടുതലായി എത്തുന്ന സ്ഥാപനങ്ങൾക്കായി വാങ്ങി നൽകി. അതിന്റെ തുടർച്ചയായി 2000 ആന്റിജൻ ടെസ്റ്റ് കിറ്റുകൾ കൂടെ ഇന്നലെ കൈമാറി. ഇതോടെ ആകെ 3000 ടെസ്റ്റിംഗ് കിറ്റുകളാണ് എം.എൽ.എ ഫണ്ട് വഴി നൽകിയത്. അണുനശീകരണത്തിനായി സ്പ്രേയറുകളും ഇൻഫ്രാ റെഡ് തെർമോമീറ്ററുകളും അടുത്ത ആഴ്ച വിതരണം ചെയ്യും. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ താലൂക്ക് കൊവിഡ് പ്രതിരോധത്തിന്റെ കോഓർഡിനേറ്റർ ഡോക്ടർ ജവഹർ , ആർഎംഒ എന്നിവർ ചേർന്ന് കെ.അൻസലൻ എംഎൽഎയിൽ നിന്നും കിറ്റുകൾ ഏറ്റു വാങ്ങി.

ഉണ്ടൻകോട് സെന്റ് ജോൺസ് സ്കൂളിൽ എൻസിസി അനുവദിച്ചു

വെള്ളറട : ഉണ്ടൻകോട് സെന്റ് ജോൺസ് ഹയർ സെക്കൻഡറി സ്കൂളിൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ എൻസിസി അനുവദിച്ചു. സെൽഫ് ഫിനാൻസിംഗ് വ്യവസ്ഥയിലാണ് യൂണിറ്റ് അനുവദിച്ചിരിക്കുന്നത്. 80 വിദ്യാർഥികളുള്ള ഒരു യൂണിറ്റ് ആണ് ആദ്യവർഷം പ്രവർത്തനം ആരംഭിക്കുന്നത്. ഇപ്പോൾ ഹയർസെക്കൻഡറി വിഭാഗത്തിൽ എൻഎസ്എസ്, എസ്പിസി, ഭാരത് സ്കൗട്ട് ആൻഡ് ഗൈഡ്സ്, അസാപ്പ് എന്നിവയുടെ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. കൊവിഡ് വ്യവസ്ഥകൾ പാലിച്ച് എൻസിസി യൂണിറ്റിന്റെ പ്രവർത്തനോദ്ഘാടനം ഉടൻതന്നെ നടക്കുമെന്ന് പ്രിൻസിപ്പൽ റോസിലന്റ് കുമാരി പറഞ്ഞു.

ഹൈവേ ഹരിതാഭമാക്കാൻ വനംവകുപ്പിന്റെ തണൽവീഥി പദ്ധതി; ആദ്യഘട്ട ഉദ്ഘാടനം ഇന്ന്

പുനലൂർ: സംസ്ഥാനത്തെ മലയോര മേഖലകളെ ബന്ധിപ്പിച്ച് നിർമാണം നടന്നുകൊണ്ടിരിക്കുന്ന മലയോര ഹൈവേയുടെ ഇരുവശങ്ങളിലും മരങ്ങൾ നട്ടു വളർത്തുന്ന പുതിയ പദ്ധതിക്ക് തുടക്കമിടുകയാണ് വനം വകുപ്പ്. "തണൽവീഥി " എന്ന് പേരിട്ടിരിക്കുന്ന പദ്ധതി കൊല്ലം ജില്ലയിലെ അഞ്ചൽകുളത്തൂപ്പുഴ ഭാഗത്താണ് ആദ്യമായി നടപ്പാക്കുക. സാമൂഹ്യവനവത്കരണ വിഭാഗം, തദ്ദേശ സ്വയംഭരണം, പൊതുമരാമത്ത് വകുപ്പുകളുടെ സംയുക്താഭിമുഖ്യത്തിൽ നടപ്പാക്കുന്ന പദ്ധതിയുടെ ആദ്യഘട്ട ഉദ്ഘാടനം അഞ്ചൽ ആലഞ്ചേരി ജംഗ്ഷനിൽ ഇന്നു രാവിലെ 10 ന് വനം വകുപ്പ് മന്ത്രി കെ.രാജു നിർവഹിക്കും.

തൊഴിൽ പരിശീലനം; തീയതി നീട്ടി

തിരുവനന്തപുരം: പിഎംജി സിറ്റി വൊക്കേഷനൽ ഹയർ സെക്കൻഡറി സ്കൂളിൽ എസ്എസ്എൽസി വിജയിച്ചവർക്കായുള്ള തൊഴിൽ പരിശീലനത്തിന്റെ തീയതി നീട്ടി. ടൂർഗൈഡ്, ബിസിനസ് കറസ്പോണ്ടന്റ് ആന്റ് ഫെസിലിറ്റേറ്റർ, ഓഫിസ് ഓപ്പറേഷൻസ് എക്സിക്യൂട്ടീവ് തുടങ്ങിയ മേഖലകളിൽ തൊഴിൽ പരിശീലനം നൽകുന്നു. അവസാന തീയതി ഈ മാസം 20. അപേക്ഷകൾ www.vhscap.kerala.gov.in എന്ന വെബ്സൈറ്റ് വഴി അയക്കാം. കൂടുതൽ വിവരങ്ങൾക്ക് 9447995530, 9847942322 എന്നീ നമ്പരുകളിൽ വിളിക്കാം. കോഴ്സ് വിജയിക്കുന്നവർക്ക് അന്താരാഷ്ട്ര അംഗീകാരമുള്ള സർട്ടിഫിക്കറ്റ് ലഭിക്കും.

Government Of India | Smart City | smart city | Government of Kerala

സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് &
തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ

3 സ്മാർട്ട്
അംഗൻവാടികളുടെ ഉദ്ഘാടനം

2020 ആഗസ്റ്റ് 14, 3 PM - രാജാജിനഗർ അംഗൻവാടി
2020 ആഗസ്റ്റ് 17, 11 AM - സാൻസ്ക്രിറ്റ് സ്കൂൾ ഫോർട്ട് അംഗൻവാടി
2020 ആഗസ്റ്റ് 17, 3 PM - തമ്പാനൂർ UPS അംഗൻവാടി

കെട്ടിട നവീകരണം, മെച്ചപ്പെട്ട കളിപ്പാട്ടങ്ങൾ, സാന്റ് പിറ്റ് ഉൾപ്പടെയുള്ള കളിസ്ഥലങ്ങൾ, കുട്ടികളുടെ സുരക്ഷയ്ക്ക് സി.സി.ടി.വി. സൗകര്യം തുടങ്ങിയവയെല്ലാം ഉൾപ്പെടുത്തി 71 ലക്ഷം രൂപ ചെലവഴിച്ച് സ്മാർട്ട് നിലവാരത്തിലേക്ക് ഉയർത്തിയ അംഗൻവാടികളുടെ ഉദ്ഘാടനം.

കാര്യപരിപാടി

സ്വാഗതം : ശ്രീ. പി. ബാലകിരൺ ഐ.എ.എസ്., CEO, SCTL
അധ്യക്ഷൻ : ശ്രീ. വി.എസ്. ശിവകുമാർ എം.എൽ.എ.
ഉദ്ഘാടനം : ശ്രീ. കെ. ശ്രീകുമാർ, ബഹു. മേയർ, തിരുവനന്തപുരം
മുഖ്യാതിഥി : ഡോ. ശശി തരൂർ, ബഹു. ലോക്സഭ എം.പി.
ഡോ. വിശ്വാസ് മേത്ത, ചീഫ് സെക്രട്ടറി & ചെയർമാൻ, SCTL
നന്ദി : ഡോ. സനൂപ് ഗോപികൃഷ്ണ, ജനറൽ മാനേജർ, SCTL

Maitri.com

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor),Vol 13, Issue No. 230 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd,** TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.

Metro Vaartha

കഥ

സന്യാസിയുടെ ബുദ്ധി



അംബികാദേവി കൊട്ടേക്കാട്ട്.
എടവിലങ്ങ്, കൊടുങ്ങല്ലൂർ

രാമൻ നല്ല പണിക്കാരനാണ്. തനിക്കു കിട്ടുന്ന പണം ധൂർത്തടിക്കാതെ അവൻ സൂക്ഷിച്ചു വച്ചു. അയൽവാസിയായ വാസുവിന് അയാളോട് അസൂയ തോന്നി. എങ്ങിനേയും രാമൻ നശിച്ചു കാണണമെന്ന് വാസു ആഗ്രഹിച്ചു.

ഒരു ദിവസം വാസു ഒരു സന്യാസിയെ കണ്ടുമുട്ടി. മന്ത്ര സിദ്ധിയുള്ള ആളല്ലേ, തന്റെ ആഗ്രഹം സന്യാസി സാധിപ്പിച്ചു തരുമെന്ന് അയാൾ വിചാരിച്ചു. എല്ലാം കേട്ടു കഴിഞ്ഞപ്പോൾ സന്യാസിക്ക് വാസുവിന്റെ അസൂയ ഇല്ലാതാക്കണമെന്ന് തോന്നി. എന്നാൽ ഉപദേശം കൊണ്ട് അവൻ നന്നാവില്ല എന്നു മനസിലക്കി ഒരു സൂത്രം പ്രയോഗിച്ചു.

ഒരു ചുവന്ന പൊതി വാ സുവിന്റെ കൈയിൽ കൊടുത്തു കൊണ്ട് സന്യാസി പറഞ്ഞു

'ഈ പൊതി രാമന്റെ വീട്ടിൽ രാത്രി പന്ത്രണ്ടു മണിക്ക് കുഴിച്ചിടണം. അപ്പോൾ നിന്റെ ആഗ്രഹം സാധിക്കും. എന്നാൽ ശ്രദ്ധിക്കണം, ഇത് എവിടെ വച്ചാലും അവിടം നശിക്കും. നീ ഇത് നിന്റെ വീട്ടിലെ മാവിൻ ചുവട്ടിൽ വക്കുക.സമയമാകുമ്പോൾ എടുത്തു രാമന്റെ വീട്ടിൽ കൊണ്ട് വക്കുക'.

വാസു സന്തോഷത്തോടെ പൊതി വാങ്ങി തന്റെ വീട്ടിലേക്കു പോയി. രാത്രി ആകാൻ കാത്തിരുന്നു. സന്യാസി തന്റെ ശിഷ്യനോട് വാസുവിന്റെ വീട്ടിലെ മാവിൻ ചുവട്ടിൽ നിന്നും ആ പൊതി എടുത്തു കൊണ്ടു വരുവാനും അവന്റെ പുരയിടത്തിലെ രണ്ടു കുല വാഴകൾ മുറിച്ചിടാനും പറഞ്ഞു.

രാത്രി പന്ത്രണ്ടു മണി ആയപ്പോൾ വാസു വേഗം മാവിൻ ചുവട്ടിലെത്തി. പൊതി കാണാതെ അയാൾ നന്നേ വിഷമിച്ചു. ഒരുവിധത്തിൽ നേരം വെളുപ്പിച്ചു. രാമനെ നശിപ്പിക്കാൻ കഴിഞ്ഞുമില്ല താൻ നശിക്കുകയും ചെയ്യുമല്ലോ. ദൈവമേ !അയാൾ വേഗം സന്യാസിയുടെ അടുത്ത് ചെന്ന് തന്നെ രക്ഷിക്കണമെന്ന് കരഞ്ഞു പറഞ്ഞു.

നിന്റെ അസൂയ ആണ് നിന്നെ നശിപ്പിക്കുന്നത്. ഇനി ഒരു വഴിയുണ്ട് നിനക്ക് രക്ഷപ്പെടാൻ. വാസു ആശ്വാസത്തോടെ സന്യാസിയെ നോക്കി.

ഞാൻ പറയുന്നതു പോലെ ചെയ്താൽ നിനക്ക് നല്ലതു വരും.

നിന്റെ വളപ്പിൽ എന്തു ഫലമുണ്ടായാലും അതിൽ നേർ പകുതി രാമന് കൊടുക്കണം. സമ്മതമാണോ?

'കൊടുക്കാം' -വാസു പറഞ്ഞു.

നിനക്ക് നന്നായാൽ പോരെ, മറ്റുള്ളവർ നശിക്കണമെന്ന് വിചാരിച്ചാൽ ദൈവം നിന്നെ തന്നെ നശിപ്പിക്കും. നീ രാമന് ഫലങ്ങൾ വെറുതെ കൊടുത്താൽ നിന്റെ ദോഷം മാറുകയില്ല, സന്തോഷത്തോടെ കൊടുക്കണം. പറ്റുമോ?

വാസു അപ്പോൾ തന്നെ തന്റെ വളപ്പിലെ മുറിഞ്ഞു കിടന്ന വാഴകൾ കണ്ട് ഭയപ്പെട്ടു. വേഗം ഒരു കുല രാമന്റെ വീട്ടിൽ സന്തോഷത്തോടെ കൊണ്ടു കൊടുത്തു.

'അസൂയ ആർക്കും നന്നല്ല'

സന്യാസി ശിഷ്യനോട് പറഞ്ഞു.

Metro Vaartha

കവിത

സ്മിത പ്രമോദ്
രാമപുരം
അങ്ങാടിപ്പുറം

മർമരം

വിടരുവാൻ വെമ്പുന്ന
പൂവിതറിയുന്നുവോ?
കൊഴിയുവാൻ പോവുന്ന
ഇലകൾ തൻ മർമരം.
അന്ത്യമീ രാവിന്റെ
സ്നിഗ്ധമാം മർമരം.

My family page-ൽ ഫോട്ടോകൾ അയയ്ക്കുന്നതിനും, കഥ, കവിത എന്നിവ അയയ്ക്കുന്നതിനുമുള്ള വാട്ട്സ്ആപ് നമ്പർ

7034041234

അയയ്ക്കുന്നവർ പൂർണ്ണവിലാസവും ഫോട്ടോയും അയയ്ക്കാൻ മറക്കരുത്

Metro Vaartha

കവിത

രാജീവ്
മാമ്പുള്ളി
കഞ്ചിക്കോട്,
പാലക്കാട്

സാമീപ്യം

വിരഹതാപത്തിലവൾ-
മണലിൽ കെട്ടിവെച്ച പുഴത്തോണി
സൂര്യകരങ്ങളാൽ പുണർന്നു വറ്റിച്ച മണ്ണുടൽച്ചൂര്
കാറ്റിടർച്ചയിൽ
കരഞ്ഞടഞ്ഞ കിളിവാതിൽ
കദനക്കനൽക്കലത്തിൽ
തിളത്തേട്ടുമത്താഴം
താളം തല്ലിയൊടുങ്ങിയ വാക്ക്
തളിർപാദസ്പർശമേൽക്കാ ശില
കനവുറങ്ങിയ ശിലാഗർഭ വസന്തം
അവൻ -
അവനിയിൽ
മുകിലിറക്കി,
വിരിച്ചിട്ട
മുടിയിഴകൾക്കിടയിലൂടെ
വിരൽത്തോണിയോടിച്ചു,
ഹിമക്കണ്ണാൽ നോക്കി -
ശിലഭേദിച്ചവളഹല്യയായ്
വന്യമാം വേനൽ കുളിർമഴയായ്
ഉടലുയിരൊന്നായൊഴുകി
അവരില്ലാതായി...

Metro Vaartha

കുട്ടി വര

Gayathri Madhu.K
Karayil (H)
Irinjalakuda-Thrissur

AREEKA AMEYA,
1B IZZATH HSS,
KUZHIMANNA,
MALAPPURAM

Metro Vaartha

കുരുന്നു കരവിരുത്

പഴയ പത്രത്തിൽ പുതിയ കളിപ്പാട്ടം

കുഴിമണ്ണ: പഴയ പത്രങ്ങൾ കൊണ്ട് നിർമിച്ച ബൈക്ക്, വീട്, സൈക്കിൾ തുടങ്ങി പാഴ് വസ്തുക്കൾ കൊണ്ട് ഹഫീസ് നിർമിച്ച വസ്തുക്കളെ കണ്ടാൽ ആരും അത്ഭുതപ്പെട്ടു പോകും, ലോക് ഡൗൺ കാലത്തെ ബോറഡി മാറ്റാൻ തുടങ്ങിയ കുസൃതിയിൽ വിരിഞ്ഞത് അതി മനോഹര വിസ്മയങ്ങൾ. കുഴിമണ്ണ (മലപ്പുറം) ഇസ്സത്ത് സ്കൂളിലെ നാലാം ക്ലാസ് വിദ്യാർഥിയായ ഹഫീസ് റഹ്മാൻ, കരകൗശല നിർമാണത്തിൽ വലിയ താൽപര്യമാണ്

പ്രകടിപ്പിക്കുന്നത്.

യൂ ട്യൂബിൽ കണ്ട ചില വീഡിയോകൾ നൽകിയ പ്രചോദനമാണ് വിവിധ രൂപങ്ങൾ ഉണ്ടാക്കുന്ന തലത്തിലേക്ക് എത്തിച്ചത്. പഠനത്തിലും മുന്നിൽ തന്നെ ഈ മിടുക്കൻ.

കുഴിമണ്ണ ഇസ്സത്ത് സൗദി നേഷനൽ കമ്മിറ്റി ട്രഷറർ മുണ്ടമ്പ്ര താഴത്ത് മുറി പെരുവങ്ങാട്ടിൽ ഹനാൻ മൻസിലിൽ മർഹൂം പി മുഹമ്മദിന്റെ നാലു മക്കളിൽ ഏറ്റവും ഇളയവനാണ് ഈ മിടുക്കൻ. റുബീനയാണ് മാതാവ്. അഹമ്മദ് റാഫി, ഫാതിമ ഹന്ന, ഫാതിമ നസ്രീൻ എന്നിവർ സഹോദരരാണ്.

എംബിഎ പ്രവേശനത്തിന് അപേക്ഷിക്കാം

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല നേരിട്ട് നടത്തുന്ന വടകര, കോഴിക്കോട്, കുറ്റിപ്പുറം, തിരൂർ -തൃശൂർ, ജോൺ മത്തായി സെന്റർ തൃശൂർ , പാലക്കാട് എന്നീ കേന്ദ്രങ്ങളിൽ ഒഴിവുള്ള സീറ്റുകളിലേക്കും അഫിലിയേറ്റഡ് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങിയവയിലേക്കും 2020 -21 എം.ബി.എ പ്രവേശനത്തിന് CAT/CMAT/KMATപരീക്ഷകൾ പാസായ വിദ്യാർഥികൾക്ക് ഓഗസ്റ്റ് 21 വരെ കാലിക്കറ്റ് സർവകലാശാല വെബ്സൈറ്റ് (www.uoc.ac.in) വഴി അപേക്ഷിക്കാവുന്നതാണ്.

CAT/CMAT/KMAT പരീക്ഷയ്ക്ക് 15%, 10%, 7.5% സ്കോർ (യഥാക്രമം ജനറൽ, മറ്റ് പിന്നോക്ക വിഭാഗം, പട്ടികജാതി/പട്ടികവർഗം) നേടിയിരിക്കണം. അപേക്ഷയുടെ പ്രിന്റൗട്ട്, ചെലാൻ (എസ് സി/എസ് ടി വിഭാഗങ്ങൾ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് സഹിതം) CAT/CMAT/KMATപരീക്ഷ സ്കോർ കാർഡ്, ഡിഗ്രി സർട്ടിഫിക്കറ്റ് കോപ്പി എന്നിവ സഹിതം ഓഗസ്റ്റ് 25 വൈകുന്നേരം 5 മണിക്ക് മുമ്പായി ഹെഡ് ഓഫ് ദി ഡിപ്പാർട്ട്മെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് കൊമേഴ്സ് ആൻഡ് മാനേജ്മെന്റ് സ്റ്റഡീസ്, യൂണിവേഴ്സിറ്റി ഓഫ് കാലിക്കറ്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി, മലപ്പുറം 673635 എന്ന വിലാസത്തിൽ സമർപ്പിക്കണം. ഫോൺ 0494 2407363.

കോർപ്പറേറ്റുകൾക്കായി മോദി സർക്കാർ പ്രകൃതിയെ ഒറ്റുന്നുവെന്ന്

പേരാമ്പ്ര: വൻകിട കോർപ്പറേറ്റുകൾക്ക് വേണ്ടി പ്രകൃതിയെ തന്നെ ഒറ്റുകൊടുക്കാൻ മോദി സർക്കാർ ശ്രമിക്കുകയാണെന്ന് കിസാൻജനത സംസ്ഥാന ജനറൽ സിക്രട്ടറി വൽസൻ എടക്കോടൻ പറഞ്ഞു. പരിസ്ഥിതി ആഘാത പഠനം കരട് വിജ്ഞാപനത്തിൽ പ്രതിഷേധിച്ച് ലോക് താന്ത്രിക് ജനതാദൾ സംസ്ഥാന കമ്മിറ്റിയുടെ തീരുമാനപ്രകാരം പ്രവർത്തകരുടെ വീടുകളിലും പാർട്ടി ആപ്പീസുകളിലുമായി ഇന്ന് നടന്ന പ്രതിഷേധ സത്യാഗ്രഹത്തിന് ശേഷം ഓൺലൈനിലൂടെ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. പ്രകൃതിയെയും സാധാരണ മനുഷ്യരെയും മറ്റ് ജീവജാലങ്ങളെയുമെല്ലാം മറന്ന് ഏതാനും കുത്തകകളെ മാത്രം തലോടിക്കൊണ്ടുള്ള നിയമനിർമാണത്തിലൂടെ മാപ്പർഹിക്കാത്ത തെറ്റാണ് മോദി സർക്കാർ ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു.

പാലക്കാട് ജില്ലയിൽ ക്ലസ്റ്ററുകൾക്ക് സാധ്യത

പാലക്കാട് : ജില്ലയിൽ പുതിയ ക്ലസ്റ്ററുകൾക്ക് കൂടി സാധ്യത ഉള്ളതായി മന്ത്രി എ. കെ ബാലൻ. കഴിഞ്ഞ ഏഴ് ദിവസങ്ങളിലായി നടത്തിയ 684 പരിശോധനയിൽ 63 പോസിറ്റീവ് കേസുകൾ കണ്ടെത്തിയ സാഹചര്യത്തിൽ പുതുനഗരം മേഖലയിൽ ക്ലസ്റ്റർ സാധ്യതയുള്ളതായി മന്ത്രി പറഞ്ഞു. പാലക്കാട് കെ.എസ്.ഇ.ബി ഐ.ബിയിൽ നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ജൂലൈ 18 മുതൽ നടത്തിയ 10597 ആന്റിജൻ ടെസ്റ്റുകളിൽ 547 പോസിറ്റീവ് കേസുകൾ കണ്ടെത്തിയതിനെ തുടർന്നാണ് പട്ടാമ്പി മേഖല ക്ലസ്റ്ററായി പ്രഖ്യാപിച്ചത്. തുടർന്ന് മുതുതലയിൽ നടത്തിയ 348 ടെസ്റ്റുകളിൽ 69 പോസിറ്റീവ് കേസുകൾ കണ്ടെത്തി. സമാന പ്രവണതയാണ് പുതുനഗരം പഞ്ചായത്തിലും ഉണ്ടായത്.

കോങ്ങാട് മേഖലയിൽ നടത്തിയ 1109 ടെസ്റ്റുകളിൽ 63 രോഗബാധിതരെയാണ് കണ്ടെത്തിയത്. നിലവിൽ ഇവിടെ കണ്ടെയ്മെന്റ് സോണായി തുടരുകയാണ്. പട്ടാമ്പിയിൽ ഉണ്ടായ രോഗവ്യാപന പ്രതിഭാസം ജില്ലയിൽ വ്യാപിക്കാതിരിക്കാൻ പൊതുജനങ്ങൾ പൊലീസ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ആരോഗ്യ വകുപ്പ് അധികൃതരുമായി സഹകരിക്കണമെന്നും മന്ത്രി അറിയിച്ചു

202 പേർക്ക് കൊവിഡ്

പാലക്കാട് : ജില്ലയിൽ ആശങ്കയേറ്റി ഇന്നലെ 202 പേർക്ക് രോഗം സ്ഥിരീകരിച്ചു. ആദ്യമായാണ് ഒറ്റ ദിവസം തന്നെ രോഗികളുടെ എണ്ണം 200 കടക്കുന്നത്. 136 പേർക്ക് സമ്പർക്കത്തിലൂടെയും 23 പേർ ഉറവിടം അറിയാത്ത രോഗബാധിതരുമാണ്. പട്ടാമ്പിയിലും സമീപ പ്രദേശങ്ങളിലുമുള്ള 82 പേരും സമ്പർക്ക രോഗികളിൽ ഉൾപ്പെടും. ആരോഗ്യപ്രവർത്തകർക്കും തടവ് പുള്ളിക്കും രോഗം ബാധിച്ചിട്ടുണ്ട്. രോഗികളിൽ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്ന 22 പേർ, വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന 21 പേർ, ഉറവിടം അറിയാത്ത രോഗബാധ ഉണ്ടായ 23 പേർ , എന്നിവർ ഉൾപ്പെടും. 67 പേർക്ക് രോഗമുക്തിയും ഉണ്ട്. ഇതോടെ ജില്ലയിൽ ചികിത്സയിലുള്ളവരുടെ എണ്ണം 860 ആയി. 2866 പേർക്കാണ് ഇതുവരെ പരിശോധനാഫലം പോസിറ്റീവായത്. ഇതുവരെ 1994 പേർ രോഗമുക്തി നേടി. ഇനി 680 സാമ്പിളുകളുടെ പരിശോധനാ ഫലം കൂടി ലഭിക്കാനുണ്ട്. ഇതുവരെ 96849 പേരാണ് നിരീക്ഷണ കാലാവധി പൂർത്തിയാക്കിയത്. ഇതിൽ ഇന്ന് മാത്രം 615 പേർ ക്വാറന്റൈൻ പൂർത്തിയാക്കി. നിലവിൽ 11232 പേർ ജില്ലയിൽ വീടുകളിൽ നിരീക്ഷണത്തിൽ തുടരുന്നു.

നഴ്സ് രേഷ്മയ്ക്ക് ടോംയാസ് പുരസ്കാരം

തൃശൂർ: സംസ്ഥാനത്തെ മികച്ച നഴ്സിനുള്ള ഒരുലക്ഷം രൂപയുടെ ടോംയാസ് പുരസ്കാരം കോട്ടയം മെഡിക്കൽ കോളെജിലെ നഴ്സ് രേഷ്മ മോഹൻദാസിന് സമ്മാനിക്കും. മെഡിക്കൽ കോളെജിൽ കൊറോണ ചികിത്സയിൽ ഉണ്ടായിരുന്ന റാന്നി സ്വദേശികളായ തോമസ് (93), മറിയാമ്മ (89) ദമ്പതികളെ ശുശ്രൂഷിച്ച് അസുഖം ഭേദമാക്കി ചരിത്രം സൃഷ്ടിച്ച നഴ്സാണ് രേഷ്മ.

ടോംയാസ് ഉടമ തോമസ് പാവറട്ടിയുടെ അമ്മ ട്രീസയുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ളതാണ് ഈ പുരസ്കാരം. ഒക്ടോബർ 2ന് പേരാമംഗലം ടോംയാസ് ഗാർഡനിലെ ചടങ്ങിൽ സ്റ്റാർ പ്ലാസ്റ്റിക്സ് സാരഥികളായ ബോബിപോളും ആന്റിയോ പോളും ചേർന്ന് അവാർഡ് സമ്മാനിക്കുമെന്ന് തോമസ് പാവറട്ടി അറിയിച്ചു. എറണാകുളം തിരുവാങ്കുളം സ്വദേശിയാണ് രേഷ്മ.

സ്വാശ്രയ അധ്യാപക -ജീവനക്കാർക്ക് ശമ്പളം നൽകാൻ ഉത്തരവ്

വേലായുധൻ പി മൂന്നിയൂർ

തേഞ്ഞിപ്പലം : കാലിക്കറ്റ് സർവകലാശാലയുടെ കീഴിൽ വരുന്ന സ്വാശ്രയ കോളെജിലെ അധ്യാപകർക്കും ജീവനക്കാർക്കും ലോക് ഡൗൺ കാലത്തു മുടങ്ങിയ ശമ്പളം വിതരണം ചെയ്യാൻ കോളെജ് പ്രിൻസിപ്പൽ മാർക്ക് സർവകലാശാല പ്രത്യേക അടിയന്തര ഉത്തരവ് നൽകി. അഞ്ചു ജില്ലകളിലെ മിക്ക കോളെജുകളും ശമ്പളം മുടക്കം ആയിരുന്നു. ചില മാനേജ്മെന്റുകൾ മുന്നറിയിപ്പില്ലാതെ ശമ്പളം വെട്ടിക്കുറക്കുകയാണുണ്ടായത്. വിദ്യാർഥികളുടെ വാർഷിക ഫീസ് മുൻകൂട്ടി എല്ലാ സ്ഥാപനങ്ങളും സെമസ്റ്റർ ആരംഭത്തിൽ തന്നെ ഈടാക്കിയിരുന്നു. ലോക് ഡൗണ് കാലത്ത് അധ്യാപകർ ഓൺലൈൻ ക്ലാസ്സുകളും മറ്റു പാഠ്യാതര പ്രവർത്തനങ്ങളും അധ്യാപകർ സ്വന്തം ചിലവിലാണ് നിർവഹിച്ചു വരുന്നത്. എന്നാൽ ചില നീതിപൂർവമായി ചില സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടന്നും സംഘടന തുറന്നു പറയുന്നുണ്ട്. സ്വാശ്രയ കോളെജ് ടീച്ചേഴ്സ് ആൻഡ് സ്റ്റാഫ് അസോസിയേഷൻ മുഖ്യമന്ത്രിക്കും സർവകലാശാല രജിസ്ട്രാർ എന്നിവർക്ക് പരാതി നൽകിയിരുന്നു. സർവകലാശാല ഉത്തരവ് നടപ്പിലാക്കി ഉറപ്പുനരുത്താൻ ഓരോ കോളെജുകളുടെയും അഞ്ചുമാസത്തെ ശമ്പള അക്വിറ്റൻസ് യൂണിവേഴ്സിറ്റിക്ക് കൈമാറാനും നിർദ്ദേശമുണ്ട്.

പിണറായി ഭരണം കാർബൺ കോപ്പി: കെ. സുരേന്ദ്രൻ

കോഴിക്കോട്: ഉമ്മൻചാണ്ടി ഭരണത്തിന്റെ കാർബൺ കോപ്പിയാണ് ഇടതുഭരണമെന്ന് കെ. സുരേന്ദ്രൻ ആരോപിച്ചു. ഒരു തൂക്കം കൂടുതലാണ് പിണറായി ഭരണം. നാലരവർഷം ഭരിച്ചിട്ടും ഉമ്മൻചാണ്ടിക്കെതിരേ ഉന്നയിച്ച ആരോപണങ്ങളിൽ എന്തു നടപടിയാണ് സർക്കാർ സ്വീകരിച്ചതെന്ന് വ്യക്തമാക്കണം. സ്വർണക്കടത്തുകേസിൽ ആരോപണങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുകയാണ് മുഖ്യമന്ത്രി. ഒന്നിനും മറുപടിയില്ല. മുഖ്യമന്ത്രിക്ക് മുഖ്യമന്ത്രിയെ തന്നെ അറിയാത്ത നിലയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

പൂക്കോയ തങ്ങൾ ഹോസ്പൈസ് പാലിയേറ്റീവ് ഹോം കെയർ ഫ്ളാഗ് ഓഫ് നാളെ

കോഴിക്കോട്: കോഴിക്കോട് സി.എച്ച് സെന്റർ കേന്ദ്രമായി തുടക്കം കുറിച്ച പൂക്കോയ തങ്ങൾ ഹോസ്പൈസ് എമർജൻസി പാലിയേറ്റീവ് ഹോം കെയറിന്റെ ഔപചാരിക ഉദ്ഘാടനം നാളെ 24 മണിക്കൂറും പ്രവർത്തിക്കുന്ന പാലിയേറ്റീവ് വൊളന്റിയർമാരുടെ സേവനം ലഭ്യമാക്കുന്ന പദ്ധതി വൈകുന്നേരം 4 മണിക്ക് ഓൺലൈൻ ഉദ്ഘാടനം നടത്തി മുസ്ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളാണ് നാടിന് സമർപ്പിക്കുന്നത്. രാത്രികാലങ്ങളിൽ ഡോക്റ്ററുടെ സേവനം കൂടി ലഭ്യമാകുന്ന രീതിയിൽ സംസ്ഥാനത്താദ്യമായാണ് ഇങ്ങനെയൊരു പാലിയേറ്റീവ് പദ്ധതി പ്രഖ്യാപിക്കുന്നത്. പി.കെ കുഞ്ഞാലിക്കുട്ടി എംപി, ഇ.ടി മുഹമ്മദ് ബഷീർ എംപി, കെ.പി.എ മജീദ്, സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ, പി.വി അബ്ദുൽ വഹാബ് എംപി, ഡോ. എം.കെ മുനീർ, മുനവറലി ശിഹാബ് തങ്ങൾ തുടങ്ങിയ നേതാക്കളും ഉദ്ഘാടന പരിപാടിയിൽ സംസാരിക്കും.

പദ്ധതിയുടെ ഭാഗമായി രാത്രികളിൽ ഡോക്റ്ററുടെ സേവനത്തോടെയുള്ള പാലിയേറ്റീവ് ഹോം കെയർ ലഭ്യമാകും. മെയിൽ നഴ്സ്, ഡ്രൈവർ, ഡോക്റ്റർ, വൊളന്റിയർ എന്നിവരാണ് സംഘത്തിലുണ്ടാവുക.

പഞ്ചായത്ത് പ്രസിഡന്റിനെ അക്രമിച്ച കേസിൽ മുസ്‌ലിംലീഗ് പ്രവർത്തകർക്ക് ജാമ്യം

തേഞ്ഞിപ്പലം: പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് പി മിഥുനയെ ആക്രമിച്ചെന്ന കേസിൽ മുസ്ലിം ലീഗ് പ്രവർത്തകർക്ക് ജാമ്യം. പോലീസിനെ ഉപയോഗിച്ച് സിപിഎം സ്വാധീനത്തിൽ കള്ള കേസിൽ കുടുക്കിയ മുസ്ലിം ലീഗ് പ്രവർത്തകർക്ക് ജാമ്യം ലഭിച്ചതെന്ന് ആക്ഷേപം . പഞ്ചായത്ത് പ്രസിഡന്റ് പി. മിഥുനയെ സംഘം ചേർന്ന് ആക്രമിച്ച് സ്ത്രീത്വത്തെ അപമാനിച്ച് ജാതി പേര് വിളിച്ച് അവഹേളിച്ച് എന്ന പേരിൽ തേഞ്ഞിപ്പലം പോലീസ് എടുത്ത കേസിലാണ് മഞ്ചേരി എസ്.സി.- എസ്.ടി (പി.ഒ.എ.) സ്പെഷ്യൽ കോടതി ജഡ്ജി സിജിമോൾ കുരുവിള ജാമ്യം അനുവദിച്ചത് കെ.അബ്ദുൾ ഹമീദ്, കെ.അബ്ദുൽ ലത്തീഫ്, എ യൂനസ് അലി, എൻ. ഫവാസ് എന്നിവർക്കാണ് ജാമ്യം കിട്ടിയത്.

2019 നവംബർ മൂന്നാം തിയതി പള്ളിക്കൽ പഞ്ചായത്ത് ഒന്നാം വാർഡ് ഗ്രാമസഭ ക്വാറം തികയാതെ യോഗം ചേർന്നതിനെ ചോദ്യം ചെയ്ത നാട്ടുകരോട് അന്യായമായി ഗ്രാമ സഭയിലെത്തിയ സി.പി.എം ലോക്കൽ സെക്രട്ടറി തട്ടി കയറുകയും സ്ത്രീകളോട് മോശമായി പെരുമാറുകയും ചെയ്തത് നാട്ടുകാർ ചോദ്യം ചെയ്തതോടെ ഗ്രാമസഭയോഗം പിരിച്ച് വിട്ട് പ്രസിഡന്റ് എൽ.സി സെക്രട്ടറിക്കൊപ്പം സ്ഥലം വിട്ടതായി ആരോപണമുണ്ടായിരുന്നു. . പിന്നീട് ഏറെ കഴിഞ്ഞതിന് ശേഷമാണ് പ്രസിഡന്റിനെ ആശുപത്രിയിൽ സി.പി.എം.- കാർ പ്രവേശിപ്പിച്ചത്. സി.പി.എം ഉന്നത നേതൃത്വത്തിന്റെ നിർദ്ദേശപ്രകാരം എസ്.സി. - എസ്. ടി. നിയമപ്രകാരം കേസ് എടുക്കുകയായിരുന്നു.

മുസ്ലിം ലീഗ് പ്രവർത്തകർ ഹൈക്കോടതിയെ സമീപിച്ചതിനെ തുടർന്ന് അറസ്റ്റ് ചെയ്യരുതെന്ന് ഉത്തരവിട്ടു. ഹൈക്കോടതി നിർദ്ദേശപ്രകാരം എസ്.സി- എസ്.ടി കോടതിയിൽ നലകിയ ജാമ്യാപേക്ഷ പരിഗണിച്ച കോടതി ജാമ്യം നൽകി ഉത്തരവിട്ടു. എസ്.സി. -എസ്.ടി. വകുപ്പുകൾ ദുരുപയോഗം ചെയ്ത് മുസ്ലിം ലീഗ് പ്രവർത്തകരെ ജയിലിലടക്കാൻ ഭരണസ്വാധീനം ഉപയോഗിച്ച സി.പി.എം ന് കനത്ത തിരിച്ചടിയായതായി രാഷട്രീയ വിലയിരുത്തൽ.

കാലമറിയുന്ന യൗവനം ഒപ്പമുണ്ടാകും എവിടേയും

മരിച്ചയാളുടെ മൃതദേഹം പോസ്റ്റ്മാർട്ടത്തിനെത്തിച്ച് സിപിഎം, ഡിവൈഎഫ്ഐ, എസ്എഫ്ഐ പ്രവർത്തകർ

വടക്കാഞ്ചേരി : കാലമറിയുന്ന യൗവനം ഒപ്പമുണ്ടാകും എവിടേയും. വേലൂർ പഞ്ചായത്തിലെ കോടശേരിയിൽ വീട്ടിൽ മരിച്ചു കിടന്ന ഗൃഹനാഥന്റ മൃതശരീരം മുളംകുന്നത്തുകാവ് ഗവ മെഡിക്കൽ കോളെജിലേക്കു മറ്റാൻ സന്നദ്ധരായി ഡിവൈഎഫ്ഐ പ്രവർത്തകർ. കോടശേരി മണ്ണാശേരി ബേബി (65) വ്യാഴാഴ്ച രാവിലെ വീടിനുള്ളിൽ മരിച്ച നിലയിൽ കാണപ്പെട്ടത്. വിവരം അറിഞ്ഞ് പൊലീസ് എത്തി മൃതദേഹം മെഡിക്കൽ കോളെജിലേക്ക് പോസ്റ്റ്മോർട്ടത്തിനായി കൊണ്ടുപോകാൻ നിർദേശിച്ചു.

കൊവിഡ് 19 വ്യാപന ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ മൃതദേഹം ആംബുലൻസിൽ കയറ്റാൻ ആരും തയ്യാറായില്ല. വിവരം അറിഞ്ഞ് ഡിവൈഎഫ്ഐ, സിപിഎം പ്രവർത്തകരായ മൂന്ന് യുവാക്കൾ സേവന സന്നദ്ധരായി മുന്നോട്ടുവന്നു. മൃതദേഹം ആംബുലൻസിൽ കയറ്റി മെഡിക്കൽ കോളെജിൽ എത്തിച്ചു. ഡിവൈഎഫ് ഐ മേഖലാ ട്രഷറർ കിരാലൂർ ടി എസ് വിനിൽ, സിപിഎം കുറുമാൽ ബ്രാഞ്ച് സെക്രട്ടറി പി.ഡി. ഡെയ്സൺ, എസ്എഫ്ഐ ഏരിയാ ജോ. സെക്രട്ടറി ഏ ആർ അജയ് രാജ് എന്നീ മൂന്ന് യുവാക്കളാണ് മൃതദേഹം മെഡിക്കൽ കോളെജിൽ എത്തിച്ചത്.

വേലൂർ കോടശേരി മണ്ണാശേരി ബേബിയുടെ മൃതദേഹം ഡിവൈഎഫ്ഐ പ്രവർത്തകർ ആംബുലൻസിൽ കയറ്റുന്നു

സുരക്ഷമാനദണ്ഡങ്ങൾ പ്രകാരമുള്ള സുരക്ഷാ കവചങ്ങൾ ധരിച്ച് മണിക്കൂറുകളോളം നീണ്ട ത്യാഗപൂർണ ദൗത്യമാണ് നാടിനുവേണ്ടി ഇവർ ഏറ്റെടുത്തത്. വേലൂർ പഞ്ചായത്തിലെ കൊവിഡ് പ്രഥമതല ചികിത്സാ കേന്ദ്രമായ തലക്കോട്ടുകര വിദ്യാ എൻജിനീയറിംഗ് കോളെജിലെ മുഴുവൻ സമയ സന്നദ്ധ പ്രവർത്തകരുമാണ് ഇവർ. മരിച്ച ബേബിയുടെ കൊവിഡ് പരിശോധനാ ഫലം നെഗറ്റീവാണന്നറിഞ്ഞതോടെ മൂവരും സന്നദ്ധ സേവനം തുടരുന്നതിനായി ചികിത്സാ കേന്ദ്രത്തിലേക്കു മടങ്ങി.